# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ



## ജൂലൈ 03 – ദുക്റാന തിരുനാൾ

Vol. LXXI May, June, July 2021 No.2



വൈദികവസ്ത്രം സ്വീകരിച്ചവർ അഭിവന്ദ്യ പിതാവിനോടൊപ്പം




പാലാ ബിഷപ്പ്സ് ഹൗസിൽനിന്ന് രൂപതയിലെ വിവിധ ഇടവകകളിലെ
കോവിഡ് ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്കുവേണ്ടിയുള്ള ഭക്ഷ്യധാന്യക്കിറ്റിന്റെ
വിതരണോദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.

ജൂലൈ 25 ന്
നാമഹേതുകത്തിരുനാൾ
ആഘോഷിക്കുന്ന



അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ
പിതാവിന്
സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ



ശലോം പാസ്റ്ററൽ സെന്ററിന്റെ രജതജൂബിലി ആഘോഷസമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സംസാരിക്കുന്നു.




കെ.സി.എസ്.എൽ – ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പൾസ് ഓക്സീമീറ്ററിന്റെ വിതരണോദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവ്വഹിക്കുന്നു.



PSWS-ന്റെയും SMYM-ന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ച കോവിഡ് സഹായഹസ്തം പരിപാടിയുടെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സദ്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ

MAY, JUNE, JULY 2021
Vol. LXXI No. 2

# CONTENTS

ഇടയലേഖനം 65 ........................................................................203

സർക്കുലർ 283 മാർ സ്ലീവ മെഡിസിറ്റി കോവിഡ് ഫൈറ്റേഴ്സ് ....... 209

സർക്കുലർ 284- കോവിഡ് മഹാമാരിയെ പ്രതിരോധിക്കാം 210

സർക്കുലർ 285 - ..................................................................... 212

സർക്കുലർ 286 ........................................................................ 216

സർക്കുലർ - കെ.സി.ബി.സി കോവിഡ് പ്രതിരോധം ............234

സർക്കുലർ - കെ.സി.ബി.സി. മേയ്ദിന സന്ദേശം ..................239

ഇടയലേഖനം ........................................................................... 248

ദൈവവിളിദിനസന്ദേശം - 2021 ............................................. 258

അറിയിപ്പ് ................................................................................ 268

കച്ചേരിക്കാര്യം ....................................................................... 273

അറിയിപ്പ് ................................................................................275

ലേഖനങ്ങൾ ........................................................................... 284

വാർത്തകൾ ............................................................................ 341

ആദരാഞ്ജലികൾ ...................................................................... 397

വാർത്തകൾ ............................................................................ 402

**ഇടയലേഖനം - 65**

# വിശ്വാസപരിശീലന വർഷാരംഭവും ദുക്റാനത്തിരുനാളും

**മാർ ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും സന്ന്യാസിനീസന്ന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.**

**നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന് കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

ഈശോ തന്റെ സ്വർഗ്ഗാരോഹണത്തിനുമുമ്പ് തന്റെ ശ്ലീഹന്മാരെ ഭരമേല്പിച്ച സുവിശേഷപ്രഘോഷണദൗത്യത്തിന്റെ സമകാലീനരൂപമാണ് സഭയിൽ ഇന്ന് നടത്തുന്ന വിശ്വാസപരിശീലനം. ക്രമവൽകൃതവും വിശ്വാസരഹസ്യങ്ങളെ ഉൾക്കൊള്ളുന്നതും ദൈവാരാധനയെ കേന്ദ്രീകരിച്ചുള്ളതും ക്രിസ്തീയജീവിതത്തിലേക്കു സമഗ്രമായ ഉൾപ്രവേശം നൽകുന്നതുമാണിത്. ശ്ലീഹന്മാരെ ഈശോ ശക്തിപ്പെടുത്തിചുമതലപ്പെടുത്തിയത് താൻ പഠിപ്പിച്ചവ, തന്റെ വാക്കുകളും പ്രവൃത്തികളും അടയാളങ്ങളും കല്പനകളും, അധികാരത്തോടെ വ്യാഖ്യാനിച്ചു വിശദീകരിക്കാനാണ്. വഴിയും സത്യവും ജീവനുമായ ഈശോമിശിഹായുടെ സുവിശേഷമാകുന്ന വലിയ നിധി ശ്ലീഹന്മാരുടെ പ്രഘോഷണത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും സ്വന്തമാക്കിയവർ ഈശോയോടുള്ള വലിയ സ്നേഹത്താൽ ഉത്തേജിതരായി. തങ്ങൾക്കു കിട്ടിയ ഈ വലിയ നിക്ഷേപം അവർ വിശ്വസ്തതയോടെ പരിരക്ഷി

ക്കുകയും തലമുറതലമുറകളിലേക്കു പകർന്നുകൊടുക്കുകയും ചെയ്തു. തങ്ങളുടെ വിശ്വാസം പരസ്യമായി ഏറ്റുപറഞ്ഞു കൊണ്ടും സാഹോദര്യത്തിന്റെ പങ്കുവയ്ക്കലിലൂടെ അത് ജീവിച്ചുകൊണ്ടും ദൈവാരാധനയിലും പ്രാർത്ഥനകളിലും അത് ആഘോഷിച്ചുകൊണ്ടുമാണ് ഈ പകർന്നുകൊടുക്കൽ അവർ സാധ്യമാക്കിയത്. സഭ ഇന്ന് നടത്തുന്ന വിശ്വാസ പരിശീലനപരിപാടികളിലെല്ലാം ഈ ഘടകങ്ങൾ സന്നിഹിത മാണ്.

സഭയുടെ വിശ്വാസപരിശീലനപ്രവർത്തനങ്ങളുടെ യെല്ലാം കേന്ദ്രം ഇശോമിശിഹായാണ്. മിശിഹാരഹസ്യത്തെ യാണ് വിശ്വാസപരിശീലനത്തിലൂടെ വെളിപ്പെടുത്തിക്കൊടു ക്കുന്നത്. ഈശോയുടെ സുവിശേഷത്തെക്കുറിച്ചാണ്, ഈശോ തന്നെയായ സത്യത്തെക്കുറിച്ചാണ് ഓരോ വിശ്വാസപരിശീല കനും അറിയിപ്പു കൊടുക്കുന്നത്. 'കർത്താവിന്റെ മാർഗ്ഗത്തെ ക്കുറിച്ച്' (ശ്ലീഹ. പ്രവ. 18, 25) ഉപദേശിക്കുകയാണ് വിശ്വാസ പരിശീലകന്റെ ധർമ്മം. അതുവഴിയായി ഓരോരുത്തരെയും ഈശോയോടു ബന്ധപ്പെടുത്തുക മാത്രമല്ല, അവിടുത്തോടു ഗാഢമായി ഐക്യപ്പെടുത്തുകയുമാണു ചെയ്യുന്നത്. അങ്ങനെ പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിലേക്ക് ഒരുവൻ ആനയി ക്കപ്പെടുന്നു.

ഒരുവനെ മിശിഹാനുഭവത്തിലേക്കു നയിക്കാൻ ലക്ഷ്യം വച്ചുള്ളതാണ് വിശ്വാസപരിശീലനം. നല്ല ഇടയനായ ഈശോയുടെ ആട്ടിൻപറ്റത്തിലേക്ക് എല്ലാവരെയും ചേർക്കാൻ ഉതകുംവിധമാണ് വിശ്വാസപരിശീലനം നടത്തേണ്ടത്. ഒരു നല്ല വിശ്വാസപരിശീലകൻ തന്റെ പ്രബോധനങ്ങളിലും ജീവിത ത്തിലും ഈശോയെ പ്രതിധ്വനിപ്പിക്കുന്നവനാകണം. അതി നാൽ, ദൈവപുത്രനും അവതരിച്ച വചനവുമായ ഇശോമിശി ഹായെത്തന്നെയാണ് വിശ്വാസപരിശീലനത്തിൽ നാം വിഷയ മായി പഠിപ്പിക്കുന്നത്. മറ്റുള്ളതെല്ലാം അവിടുത്തോടു ബന്ധ പ്പെടുത്തി പഠിപ്പിക്കുന്നു.

കൂദാശകളുടെ ആഘോഷവും വിശ്വാസപരിശീലനവും തമ്മിൽ വേർപെടുത്താനാവാത്ത ബന്ധമാണുള്ളത്. കാരണം, വിശ്വാസത്തിന്റെ ആഘോഷം സഭ നടത്തുന്നത് കൂദാശകളുടെ ആഘോഷത്തിലൂടെയാണ്, ദൈവാരാധനയിലൂടെയാണ്. പ്രാർത്ഥനയുടെ നിയമം വിശ്വാസത്തിന്റെ നിയമം (lex orandi, lex credendi) എന്ന ചൊല്ല് നമുക്കു പരിചിതമാണല്ലോ. കൂദാശകളും ഈശോയെ നൽകുന്നതാണ്, ഈശോയെക്കുറിച്ചു സംസാരിക്കുന്നവയാണ്. പൗരസ്ത്യസുറിയാനി പാരമ്പര്യത്തിൽ കൂദാശകളെ രഹസ്യങ്ങൾ എന്നാണല്ലോ വിളിക്കുന്നത്. കൂദാശകളെക്കുറിച്ചുള്ള പഠനം ഈശോയെക്കുറിച്ചുള്ള പഠനമാണ്, പരിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള പഠനമാണ്. ആദിമസഭയിലെ പിതാക്കന്മാർ വിശ്വാസപരിശീലനപ്രബോധനങ്ങൾ നൽകിയത് കൂദാശകളുടെ (രഹസ്യങ്ങളുടെ) ആഘോഷത്തിലൂടെ വെളിവാക്കപ്പെട്ട മിശിഹാരഹസ്യത്തെക്കുറിച്ചാണ്. രഹസ്യങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ മിശിഹാരഹസ്യത്തെക്കുറിച്ചു, സത്യത്തെക്കുറിച്ചു നവീനമായ ചിന്തകളും വെളിപ്പെടുത്തലുകളും നമുക്കു നൽകുന്നു. വിശ്വാസപരിശീലനം സജീവത്തായി നിലനിറുത്തുവാൻ കൂദാശകളുടെ ആഘോഷവും അവയിലൂടെ അനുഭവവേദ്യമാകുന്ന മിശിഹാരഹസ്യത്തെക്കുറിച്ചുള്ള പാഠങ്ങളും പഠനങ്ങളും കൂടിയേ തീരൂ. ഈശോയെ അടുത്തറിഞ്ഞ് അവനെ അനുഗമിക്കുവാനും (Sequela Christi) അങ്ങനെ ക്രിസ്തീയജീവിതം ഫലവത്തായി നടത്തുന്നതിനും ഒരുവനെ പ്രാപ്തനാക്കുന്നതും ഇവയൊക്കെയാണ്. അവിടെ വിശ്വാസപരിശീലനത്തിന്റെ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നു.

വിശ്വാസപരിശീലനം സഭയുടെ പ്രവൃത്തിയാണ്. പ്രാരംഭകൂദാശകളുടെ സ്വീകരണത്തിലൂടെ ഒരുവനിൽ വിതയ്ക്കപ്പെടുന്ന വിശ്വാസവിത്തിനെ വളർത്തുന്ന കാര്യമാണിത്. ഇത് സഭയിലെ ഒരു ശുശ്രൂഷയാണ്, സഭയ്ക്കുവേണ്ടിയുള്ള ശുശ്രൂഷയാണ്, സഭാംഗങ്ങളിൽ നിർവ്വഹിക്കപ്പെടുന്ന

ഒരു ശുശ്രൂഷയാണ്. ഈ ശുശ്രൂഷയുടെ പ്രഥമവും പ്രാധാന്യമേറിയതുമായ പ്രവർത്തനങ്ങൾ നടക്കുന്നത്, നടക്കേണ്ടത് കുടുംബങ്ങളിലാണ്. മാതാപിതാക്കന്മാരാണ് കുടുംബമെന്ന പ്രഥമ വിശ്വാസപരിശീലനക്കളരിയിലെ പരിശീലകർ. ഈശോയെക്കുറിച്ചു കുഞ്ഞുങ്ങളോട് ആദ്യം സംസാരിക്കുന്നതു അവരാണ്. വിശ്വാസത്തിന്റെ തലമുറക്കൈമാറ്റത്തിന്റെ ആദ്യപടി നടക്കുന്ന ഇടമെന്ന നിലയിൽ വിശ്വാസപരിശീലന പ്രക്രിയയിൽ കുടുംബങ്ങൾക്ക് വലിയ പങ്കും പ്രാധാന്യവുമുണ്ട്. കുടുംബാംഗങ്ങൾ ഒന്നിച്ചുള്ള പ്രാർത്ഥനയും ഭക്ഷണവും അധ്വാനവും വിനോദവും വിശേഷങ്ങൾ പങ്കുവയ്ക്കലുമെല്ലാം വിശ്വാസവളർച്ചയ്ക്കു തുണയ്ക്കുന്ന കാര്യങ്ങളാണ്. ദൈവവചനം വായിക്കാൻ കുട്ടികളെ നിരന്തരം പ്രോത്സാഹിപ്പിക്കണം. സഭയുടെ ഔദ്യോഗികപ്രാർത്ഥനയായ യാമപ്രാർത്ഥനകൾ വീടുകളിൽ കുടുംബാംഗങ്ങൾ ഒന്നിച്ചു ചെല്ലുന്നത് കുഞ്ഞുങ്ങളിൽ മിശിഹാകേന്ദ്രിതജീവിതശൈലി രൂപപ്പെടുന്നതിനു വലിയ സഹായമാണ്. സഭാത്മകവിശ്വാസപരിശീലനം വീടുകളിൽ നടക്കുന്നതിനു അത് ഉപകരിക്കും. ശരിയായ വിശ്വാസജീവിതശൈലി കുഞ്ഞുങ്ങൾ പിന്തുടരുന്നു എന്നുറപ്പുവരുത്തുന്നതിൽ  നമ്മുടെ പഴയ തലമുറ കാണിച്ചിരുന്ന ശ്രദ്ധയും ജാഗ്രതയും നാം കൈമോശം വരുത്തരുത്. പ്രബോധനങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും പ്രചോദനങ്ങളിലൂടെയും വിശ്വാസപരിശീലനമെന്ന സഭയുടെ പ്രവൃത്തിയിൽ കുടുംബങ്ങളും തങ്ങളുടെ പങ്ക് ഉചിതമായി നിർവഹിക്കണം. തെറ്റായ ആശയങ്ങളുടെയും ബന്ധങ്ങളുടെയും ശീലങ്ങളുടെയും പിടിയിൽ നമ്മുടെ കുട്ടികൾ പെടാതിരിക്കുവാൻ വലിയ ജാഗ്രത നമുക്ക് ആവശ്യമായ ഒരു കാലമാണിത് എന്ന് എല്ലാവരും ഓർക്കണം. വിശ്വാസപരിശീലനം ലഘുവായ ഒരു കാര്യമായി ആരും കരുതരുത്.

വിശ്വാസപരിശീലനത്തിന്റെ മറ്റൊരു പ്രധാന സ്ഥലം ഇടവകദൈവാലയമാണ്. അവിടെ ആഘോഷിക്കപ്പെടുന്ന

കൂദാശകളും അവിടെനിന്നു നൽകപ്പെടുന്ന വിശ്വാസപരിശീല നക്ലാസ്സുകളും കുടുംബതലപരിശീലനത്തിന്റെ തുടർച്ചയും വികസിതരൂപവുമാണ്. ഇടവകദൈവാലയത്തിൽ ആഘോഷി ക്കുന്ന വിശുദ്ധ കുർബാനയും ഇതര കൂദാശകളും വിശ്വാസ ത്തിന്റെ ആഘോഷത്തിലേക്ക് നമ്മെ നയിക്കുന്നു. ഇടവകതല വിശ്വാസപരിശീലനത്തിന്റെ കാര്യക്കാരായ ഇടവകവികാരി മാരോട് ചേർന്ന് പ്രവർത്തിക്കുന്നവരാണ് വിശ്വാസപരിശീലകർ. മാതൃകാപരമായ ക്രൈസ്തവജീവിതം നയിക്കുന്നവരും പൊതുസ്വീകാര്യതയുള്ളവരുമായിരിക്കണം ഈ ദൗത്യത്തി നായി നിയോഗിക്കപ്പെടുന്നവർ. സഭയിലെ ശ്രേഷ്ഠമായ ഒരു ശുശ്രൂഷാനിർവ്വഹണമാണ് തങ്ങൾ നടത്തുന്നത് എന്ന ബോധ്യം അവർക്കുണ്ടാകണം. വിശ്വാസകാര്യങ്ങളിൽ സാമാന്യമായ അറിവ് ഉള്ളവരും കൂദാശകളുടെ ആഘോഷ ത്തിൽ സജീവമായി പങ്കെടുക്കുന്നവരും മിശിഹാരഹസ്യത്തെ ക്കുറിച്ചുള്ള അറിവിൽ ആഴപ്പെടാൻ നിരന്തരം പരിശ്രമിക്കുന്ന വരുമായിരിക്കണം അവർ. കോവിഡ് മഹാമാരി സൃഷ്ടിച്ചിരി ക്കുന്ന പ്രതിസന്ധികൾ നമുക്കുണ്ട്. പക്ഷേ, ലഭ്യമായ സാങ്കേ തികവിദ്യയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടു കുട്ടികളുടെ വിശ്വാസപരിശീലനത്തിനു ഒരു കുറവും വരാതിരിക്കാൻ നാം ശ്രദ്ധിക്കണം. ഇടവകവികാരിമാരും കൊച്ച ച്ചന്മാരും വിശ്വാസപരിശീലകരും മാതാപിതാക്കന്മാരും ഈ കാര്യത്തിൽ വലിയ ശ്രദ്ധയും കരുതലും കാണിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. പൗലോസ് ശ്ലീഹ തിമോത്തേയോസിനോട് പറഞ്ഞ വാക്കുകൾ നമുക്ക് ഓർക്കാം: 'വചനം പ്രസംഗിക്കുക; സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗരൂകതയോടെ വർത്തിക്കുക; മറ്റുള്ളവരിൽ ബോധ്യം ജനി പ്പിക്കുകയും അവരെ ശാസിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്യുക; ക്ഷമ കൈവിടാതിരിക്കുകയും പ്രബോധനത്തിൽ ശ്രദ്ധിക്കുകയും ചെയ്യുക' (2 തിമോത്തെയോസ് 4,2).

മാർ ഫ്രാൻസിസ് പാപ്പാ കുടുംബവർഷം പ്രഖ്യാപി ച്ചിരിക്കുകയാണല്ലോ. കോവിഡ് മഹാമാരിയുടെ പശ്ചാത്ത

ലത്തിൽ കുട്ടികൾ വീടുകളിലിരുന്നുകൊണ്ടാണ് ഇടവകതലത്തിൽ ക്രമീകരിക്കുന്ന വിശ്വാസപരിശീലനക്ലാസ്സുകളിൽ പങ്കെടുക്കുന്നത്. കുട്ടികളോടൊപ്പം മാതാപിതാക്കന്മാരും ഒന്നിച്ചിരുന്നു ഈ ക്ലാസ്സുകളിൽ പങ്കെടുക്കാൻ ശ്രദ്ധിച്ചാൽ അത് കുട്ടികൾക്ക് വലിയ പ്രോത്സാഹനവും പ്രചോദനവുമായിരിക്കും. അങ്ങനെയായാൽ ഈ കുടുംബവർഷത്തിൽ പുതുമയാർന്ന ഒരു വിശ്വാസപരിശീലനാനുഭവം എല്ലാവർക്കും ലഭിക്കും. ഞായറാഴ്ചകൾ പൂർണ്ണമായും കൂദാശകളിൽ പങ്കുചേരുന്നതിനും പരസ്നേഹപ്രവൃത്തികൾ ചെയ്യുന്നതിനും വിശ്വാസപരിശീലനത്തിനുമായി മാറ്റിവച്ചുകൊണ്ടു 'കർത്താവിന്റെ ദിവസത്തിന്റെ' ശരിയായ ആചരണം നമുക്ക് നടത്താം. രൂപതയിൽനിന്ന് നൽകുന്ന നിർദേശങ്ങൾക്കനുസരിച്ചു ചിട്ടയായി വിശ്വാസപരിശീലനരംഗം ഇടവകകളിൽ ക്രമീകരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. നമ്മുടെ പിതാവായ മാർ ത്തോമ്മാ ശ്ലീഹായുടെ ഓർമ്മദിനത്തിൽ, ദുക്റാനാത്തിരുനാൾ ദിനത്തിൽ നമ്മുടെ രൂപതയിൽ പുതിയ വിശ്വാസപരിശീലന വർഷം ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. ജൂലൈ 3, നമ്മുടെ സഭാദിനമാണ്; വിശ്വാസപരിശീലനദിനമാണ്. നല്ല ഉണർവ്വോടെ, താത്പര്യപൂർവ്വം വിശ്വാസപരിശീലനപ്രവർത്തനങ്ങളിൽ നമുക്ക് പങ്കാളികളാകാം. എല്ലാ വിശ്വാസപരിശീലകരെയും മാതാപിതാക്കന്മാരെയും കുട്ടികളെയും പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 02-07-2021

NB: 2021 ജൂലൈ 2-ാം തീയതി നൽകപ്പെട്ട ഇടയലേഖനം

സർക്കുലർ - 283

# മാർ സ്ലീവാ മെഡിസിറ്റി
# കോവിഡ് ഫൈറ്റേഴ്സ്

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ,

കോവിഡ് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഒരു സാന്ത്വനസ്പർശമായി, മാർ സ്ലീവാ മെഡിസിറ്റി കോവിഡ് ഫൈറ്റേഴ്സ് പ്രവർത്തനസജ്ജമായിരിക്കുന്നു. മാർ സ്ലീവാ മെഡിസിറ്റി കോവിഡ് ഫൈറ്റേഴ്സ് ടീമിൽ ഡോക്ടർമാർ, നഴ്സുമാർ എന്നിവരോടൊപ്പം സാമൂഹികപ്രവർത്തകരും എസ്.എം.വൈ.എം. - കുടുംബകൂട്ടായ്മ അംഗങ്ങളും ഉൾപ്പെടുന്നു. കോവിഡ് ബാധിച്ച് വീട്ടിൽ കഴിയുന്നവരുടെയും അവരുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നവരുടെയും ക്വാറന്റെനിൽ കഴിയുന്നവരുടെയും ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിന് കോവിഡ് ഫൈറ്റേഴ്സ് ഭവനസന്ദർശനം നടത്താനാണ് ഉദ്ദേശിക്കുന്നത്.

പെരിയ ബഹു. ഫൊറോന വികാരിമാർ ഈ സംരംഭത്തിൽ വിവിധ ഇടവകകളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കുമല്ലോ! മാർസ്ലീവാ മെഡിസിറ്റിയിൽ അറിയിപ്പ് ലഭിക്കുന്നതനുസരിച്ച് 7-ാം തീയതി വെള്ളിയാഴ്ചമുതൽ ഈ ടീമിന്റെ സേവനം ലഭ്യമാണ്. ബഹുമാനപ്പെട്ട വികാരിമാർ തങ്ങളുടെ ഇടവകയിൽ ഈ സേവനം ആവശ്യമായിട്ടുള്ളവരുടെ വിവരം ബഹു. ജോർജ് വേളൂപ്പറമ്പിലച്ചനെ (ഫോൺ 9188525941, 6235175990) അറിയിക്കേണ്ടതാണ്.

കോവിഡ് മഹാമാരിയെ നേരിടുന്നതിന് നമുക്ക് തീക്ഷ്ണതയോടെ പ്രാർത്ഥിക്കുകയും ഈ സേവനം പ്രയോജനപ്പെടുത്തുകയുംചെയ്യാം.

മിശിഹായിൽസ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 04.05.2021

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

NB: 4.5.2021 ൽ നല്കപ്പെട്ട സർക്കുലർ

**സർക്കുലർ - 284**

## കോവിഡ് മഹാമാരിയെ പ്രതിരോധിക്കാം

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരങ്ങളേ,

കോവിഡ് മഹാമാരി സംജാതമാക്കിയിരിക്കുന്ന അനിശ്ചിതത്വത്തിന്റെ ദിവസങ്ങളിലൂടെ നാം കടന്നുപോയിക്കൊണ്ടിരിക്കുകയാണല്ലോ. കഴിഞ്ഞ വർഷം 30-03-2020 ലെ സർക്കുലർ നമ്പർ 266 ൽ നല്കിയിട്ടുള്ളതുപോലെ നമ്മുടെ സഹോദരങ്ങളിലേക്ക് നമ്മുടെ ശുശ്രൂഷകൾ സമയോജിതമായും അടിയന്തരമായും എത്തിക്കണമെന്ന് രൂപതയിലെ എല്ലാ ബഹു. വൈദികരോടും സമർപ്പിതരോടും അല്മായസഹോദരങ്ങളോടും വീണ്ടും അഭ്യർത്ഥിക്കുകയാണ്. എതാനും കാര്യങ്ങൾകൂടി ശ്രദ്ധിക്കുമല്ലോ.

1. ഇടവകകളിലെ പാരിഷ്ഹാളുകൾ, മറ്റു സംവിധാനങ്ങൾ എന്നിവ രൂപതാകേന്ദ്രത്തിന്റെ അറിവോടെ നിർലോഭം കൊടുത്ത് സഹകരിക്കാൻ സാധിക്കണം.

2. മാർ സ്ലീവാ മെഡിസിറ്റിയിൽ **Tele-Medicine** സംവിധാനം രണ്ട് ആഴ്ചയ്ക്കുള്ളിൽ പ്രവർത്തനസജ്ജമാകും. രോഗികളായവർക്ക് വീടുകളിലിരുന്നുതന്നെ ഡോക്ടർമാരെ Video Call വഴി കണ്ട് രോഗവിവരങ്ങൾ അറിയിക്കുന്നതിനും വേണ്ട നിർദേശങ്ങൾ ഡോക്ടർമാരിൽനിന്ന് സ്വീകരിക്കുവാനും സാധിക്കുന്ന സംവിധാനമാണിത്. ആവശ്യക്കാർക്ക് മരുന്നുകൾ വീടുകളിൽ എത്തിച്ചു നല്കുന്നതിനുള്ള ക്രമീകരണവും ഏർപ്പെടുത്തുന്നുണ്ട്. **Tele-Medicine** സംവിധാനത്തെക്കുറിച്ചുള്ള വിശദവിവരങ്ങൾ തുടർന്നു നല്കുന്നതാണ്.

3. മാർ സ്ലീവാ കോവിഡ് ഫൈറ്റേഴ്സ് പ്രവർത്തനം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് വീണ്ടും ഓർമ്മിപ്പിക്കുന്നു.

4. പാലാ ഗുഡ് സമരിറ്റൻസ് കോവിഡ് ടാസ്ക് ഫോഴ്സിന്റെ

സേവനങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ. ഈ സംവിധാനവും ഇവരുടെ ശുശ്രൂഷയും വേണ്ടവിധം പ്രയോജനപ്പെടുത്തണം.

5. തീക്ഷ്ണമായ പ്രാർത്ഥന മുടങ്ങാതെയും അതീവ ജാഗ്രത കൈവിടാതെയും രൂക്ഷമായി കൊണ്ടിരിക്കുന്ന ഈ കൊറോണാ വൈറസ് ബാധയെ നമുക്ക് പ്രത്യാശയോടെ പ്രതിരോധിക്കാം.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 14.05.2021

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

---

NB: 14.5.2021 ൽ നല്കപ്പെട്ട സർക്കുലർ

**സർക്കുലർ - 285**

# രോഗം പാൻഡെമിക് ആകുമ്പോൾ ശുശ്രൂഷകളും പാൻഡെമിക് ആകണം

ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, അല്മായ സഹോദരങ്ങളേ,

കോവിഡ് മഹാമാരിയെക്കുറിച്ച് ഇതിനുമുമ്പ് നല്കിയ സർക്കുലറുകളുടെ ഓർമ്മപ്പെടുത്തലും തുടർച്ചയുമായി ഏതാനും കാര്യങ്ങൾകൂടി അറിയിക്കട്ടെ. ആദ്യമേതന്നെ നിങ്ങളെ എല്ലാവരെയും അഭിനന്ദിക്കുന്നു. ഈ കോവിഡ്-19 കാലഘട്ടത്തിൽ നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷ കൾ വളരെ വിലപ്പെട്ടതാണ്. രോഗാവസ്ഥയും ലോക്ക് ഡൗണും നീളുന്നതിനാൽ ജനങ്ങൾ ഏറെ കഷ്ടപ്പെടുന്നുണ്ട്. രോഗാവസ്ഥയിലും വിശപ്പിലും ദാരിദ്ര്യത്തിലും കഴിയുന്ന വരുടെ എണ്ണം കൂടിവരികയാണ്. സാമ്പത്തികമാന്ദ്യവും ആത്മീയമാന്ദ്യവും ജനങ്ങൾ ഒരുപോലെ അനുഭവിക്കുക യാണ്. രോഗം പാൻഡെമിക് ആകുമ്പോൾ നമ്മുടെ ശുശ്രൂഷ കളും പാൻഡെമിക് ആകണം. (pan - എല്ലാവരിലേക്കും, demos - ജനങ്ങൾ). എല്ലാ ജനങ്ങളിലേക്കും വ്യാപിക്കുന്ന ശക്തമായ നോട്ടവും ഇടപെടലുകളും നമ്മുടെ ഓരോരുത്തരുടെയും ഭാഗത്തുനിന്ന് ഇനിയും ഉണ്ടാകേണ്ടതുണ്ട്. ഓരോ വൈദിക ന്റെയും സമർപ്പിതന്റെയും പക്കൽനിന്ന് കരുണയുടെ കരവും വചനത്തിന്റെ സ്വരവും കാണാനും കേൾക്കാനും ഇപ്പോഴും അനേകർ കാത്തിരിക്കുകയാണ്. ക്രിസ്ത്വാനുകരണം എന്നത് ജനങ്ങളുടെ ദാരിദ്ര്യത്തെക്കുറിച്ചും രോഗങ്ങളെക്കുറിച്ചും ഒറ്റപ്പെടലിനെക്കുറിച്ചും അറിവും അനുഭവവും ഉള്ളവരാ യിരിക്കുക എന്നുകൂടിയാണ്. നമ്മൾ നമ്മിലേക്കുതന്നെ ചുരുങ്ങുന്നവരാകരുത്. "മറ്റുള്ളവർ സഹിക്കുമ്പോൾ നമ്മൾ നിശ്ശബ്ദരും നിസ്സംഗരുമായി മാറിനില്ക്കരുത്. എവിടെ കാരു

ണ്യമുണ്ടോ അവിടെ മിശിഹായുടെ അരൂപിയുണ്ട്; എവിടെ കാർക്കശ്യം മാത്രം നിലനില്ക്കുന്നുവോ അവിടെ ശുശ്രൂഷക രുടെ നിലവാരം കുറയുന്നു" (വി. അംബ്രോസ്). "രോഗീപരി ചരണം ഒന്നാമതായും എല്ലാറ്റിനും ഉപരിയായും പരിഗണി ക്കണം" (വി. ബനഡിക്റ്റ്).

ഒരു സമൂഹത്തിന്റെ ഗുണമേന്മ നിശ്ചയിക്കപ്പെടുന്നത് ആ സമൂഹം അതിലെ സാധാരണക്കാരെയും അവശത അനുഭവിക്കുന്നവരെയും എപ്രകാരം കാണുന്നു എന്നതിലാണ്. വിധവകൾ, ദരിദ്രർ, രോഗികൾ, അനാഥർ, അംഗവൈകല്യ മുള്ളവർ, പരദേശികൾ തുടങ്ങിയവരെല്ലാം നമ്മുടെ സ്വന്തം കുടുംബത്തിൽ, രൂപതയിൽ ഉള്ളവരാണ്. സംസ്കാരങ്ങൾ നിലനിൽക്കുന്നതും വളരുന്നതും ശക്തികൊണ്ടല്ല; ശക്തി യില്ലാത്തവരെ എപ്രകാരം നമ്മൾ പരിഗണിക്കുന്നു എന്നതുവ ഴിയാണ്. നമുക്കുചുറ്റുമുള്ള ബലഹീനന്മാർക്ക് എപ്രകാരം ശക്തി പകർന്നു നൽകുന്നു എന്നതായിരിക്കണം സർവ്വപ്രധാന മായ കാര്യം. അധികാരംകൊണ്ടല്ല അധികാരമില്ലാത്ത വരോടുള്ള കരുതൽകൊണ്ടാണ് സമൂഹം ശക്തിപ്പെടേണ്ടത്. ക്രൈസ്തവികതയുടെ തത്ത്വങ്ങൾ വളരെ ഉയർന്നതാണ്. പക്ഷേ, അതിന്റെ ഉത്തരവാദിത്വങ്ങൾ നമ്മുടെ കരങ്ങളിലും തൊട്ടുമുമ്പിലുമാണ്. കരങ്ങൾ നീട്ടിയാൽ മതി, കണ്ണുകൾ തുറന്നു നോക്കിയാൽ മതി. പലവിധ കാരണങ്ങളാൽ മുറിവേറ്റ വരെ സൗഖ്യപ്പെടുത്തിക്കൊണ്ട് മാത്രമേ ആരോഗ്യമുള്ള ഒരു സമൂഹമായി നമുക്ക് മുന്നോട്ടു പോകാനാവൂ. "നിങ്ങൾ സ്നേഹം എന്ന പുണ്യത്തിൽ എന്നു കത്തിജ്വലിക്കാത്തവരാ കുന്നുവോ അന്നുമുതൽ അനേകർ തണുപ്പേറ്റു മരിക്കും" (വി. ബെനവെഞ്ചർ). നമ്മുടെ വാക്കുകളല്ല ഹൃദയമാണ് ദൈവം കേൾക്കുന്നത്.

നമ്മുടെ രൂപതയിലെ ഓരോ വ്യക്തിയും നല്ല സമരിയാക്കാരനെപ്പോലെ, സൈറിൻക്കാരനായ ശിമോനെ

പ്പോലെ പെരുമാറാൻ തയ്യാറാകണം. രോഗാവസ്ഥയിലും മരണാവസ്ഥയിലും സഹായിക്കണം. ആവശ്യക്കാരിലേക്കു കുനിഞ്ഞ് അവരെ താങ്ങിയെടുത്ത് തോളിലേറ്റണം. അപ്പോൾ സുവിശേഷം നാം ജീവിച്ചുകൊണ്ട് വ്യാഖ്യാനിക്കുകയാണ്. മർത്തായും മറിയവും (ശുശ്രൂഷയും പ്രാർത്ഥനയും) നമ്മിൽ ഒരുമിക്കുകയാണ്. എല്ലാ വിശ്വാസസത്യങ്ങളും അതിന്റെ ലളിതരൂപത്തിൽ ആദ്യം പഠിപ്പിക്കുന്നത് വീടുകളിലാണ്. സഭയുടെ വിശ്വാസം ജീവിക്കുന്നത് കുടുംബങ്ങളിലാണ്. നമ്മുടെ സന്തോഷം നമുക്ക് എത്രമാത്രം സമ്പാദിക്കാൻ സാധിച്ചു എന്നതിലായിരിക്കരുത്. മറിച്ച് എത്രമാത്രം കൊടുക്കാൻ സാധിച്ചു എന്നതിലാവണം. സമ്പാദിക്കുന്നതല്ല – നൽകുന്നതാണ്, കൊടുക്കുന്നതാണ് ക്രിസ്തീയത.

എല്ലാ വിപ്രവാസത്തിനുശേഷവും ഒരു തിരിച്ചു വരവുണ്ട്. എല്ലാ നാശങ്ങൾക്കുംശേഷം ഒരു നവസൃഷ്ടിയുണ്ട്. ഏത് അരക്ഷിതാവസ്ഥയിൽനിന്നും ഒരു കരേറ്റമുണ്ട്. സുവിശേഷത്തിന് എല്ലാം മാറ്റിമറിക്കാൻ കഴിയും. ആദ്യമേ സൂചിപ്പിച്ചതുപോലെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിലും വചനവ്യാഖ്യാനരീതികളിലും മൂല്യാധിഷ്ഠിതചിന്തകൾ പങ്കു വയ്ക്കുന്നതിലും ഒട്ടേറെപ്പേർ, വൈദികരും മറ്റു സഹോദര ങ്ങളും നമ്മുടെ രൂപതയിൽ സജീവമായി രംഗത്തുണ്ട്. ഏറ്റവും അഭിമാനകരമായ കാര്യവുമാണ്. ഇനിയും നമ്മൾ ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. പാലാ രൂപതയിലെ ഓരോ ഇടവകയും ഓരോ മഠവും ഓരോ ആശുപത്രിയും ഓരോ വിദ്യാഭ്യാസ സ്ഥാപനവും ഓരോ സന്നദ്ധസംഘടനയും സജീവമായി പ്രവർത്തിക്കാൻ തയ്യാറാവണം. കുട്ടികൾ ഉറങ്ങുമ്പോൾ മാതാ പിതാക്കൾ നിശ്ശബ്ദരാകുന്നത് നല്ലതാണ്. ഉണരുമ്പോൾ ശ്രദ്ധ യോടെ കാത്തിരിക്കുന്ന മാതാപിതാക്കൾ അവർ നശിക്കാൻ തുടങ്ങുമ്പോൾ ചാടിയെഴുന്നേൽക്കണം. ഓരോ കുടുംബ ത്തിനും ഇതിലുള്ള ഉത്തരവാദിത്വം വീണ്ടും ഓർമിപ്പിക്കുക യാണ്. മറ്റുള്ളവർ വേദനിക്കുമ്പോൾ നമ്മൾ നിസ്സംഗരാ

വുകയോ ഉറങ്ങിപ്പോവുകയോ അരുത്. ഏതാനും ദിവസങ്ങളി ലേക്കു മാത്രം പോരാ. ഈ മാരകമായ സാഹചര്യം തരണം ചെയ്യുന്നതുവരെ നമ്മൾ സുവിശേഷത്തിൽനിന്ന് ശക്തി ധരിച്ച് കർമ്മോത്സുകരാവണം. ഇത്തരമൊരു സാഹചര്യത്തിൽ രൂപതാകേന്ദ്രവും രൂപതയുടെ വിവിധ ഡിപ്പാർട്ടുമെന്റുകളും എപ്പോഴും കൂട്ടത്തിൽ ഉണ്ടായിരിക്കും. ഉചിതമായ രീതിയിൽ മാനദണ്ഡങ്ങൾ പാലിച്ച് കോവിഡ് ബാധിത കുടുംബങ്ങളെ സഹായിക്കുവാൻ രൂപതയുടെ വിവിധ ഡിപ്പാർട്ടുമെന്റുകൾ എപ്പോഴും സന്നദ്ധമാണ്. കൗൺസലിംഗ് ഉൾപ്പെടെയുള്ള സഹായങ്ങൾ ചെയ്യുന്നതിനും രൂപത സജ്ജീകരണങ്ങൾ ചെയ്യു ന്നതാണ്. ശുശ്രൂഷാരംഗത്ത് ഇറങ്ങാത്ത ഒരു ഇടവകയും നമ്മുടെ രൂപതയ്ക്കുള്ളിൽ ഉണ്ടാവാൻ പാടില്ലയെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. കോവിഡ് മാനദണ്ഡങ്ങൾ മാനിച്ചുകൊണ്ടുള്ള കൂടിവരവുകളേ ആകാവൂ എന്നും ഓർമ്മിപ്പിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 25.05.2021

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

NB: 25.5.2021 ൽ നല്കപ്പെട്ട സർക്കുലർ

**സർക്കുലർ - 286**

# കോശി കമ്മീഷന് നിവേദനങ്ങൾ സമർപ്പിക്കുന്നതു സംബന്ധിച്ച്

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, അല്മായസഹോദരങ്ങളേ,

കേരളത്തിലെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥയെപ്പറ്റിയും ഈ സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ളവർക്കുവേണ്ടിയുള്ള ക്ഷേമപദ്ധതികളെപ്പറ്റിയും പഠിച്ചു റിപ്പോർട്ടു സമർപ്പിക്കുവാൻ കേരള ഗവൺമെന്റിന്റെ ആഭ്യന്തരവകുപ്പ് 2020 നവംബർ അഞ്ചാം തീയതി നിയമിച്ച റിട്ട. ജസ്റ്റിസ് ജെ.ബി. കോശി അദ്ധ്യക്ഷനായുള്ള കമ്മീഷനെ സംബന്ധിച്ച് മുമ്പ് സർക്കുലർ, സാന്ത്വനപ്രകാശം, പാലാദൂത് എന്നിവവഴി സൂചിപ്പിച്ചിരുന്നല്ലോ. കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ നിശ്ചയിച്ച് ആഭ്യന്തരവകുപ്പിൽനിന്ന് അഡീഷണൽ ചീഫ് സെക്രട്ടറി റ്റി.കെ. ജോസ് ബഹു. ഗവർണറുടെ ഉത്തരവിൻപ്രകാരം 2021 ഫെബ്രുവരിമാസം ഒൻപതാം തീയതി പരിഗണനാവിഷയങ്ങൾ (TOR - Terms of Reference) പുറപ്പെടുവിച്ചു. ഇതു സംബന്ധിച്ച് അടിസ്ഥാനവിവരങ്ങൾ എല്ലാ കുടുംബങ്ങളെയും അറിയിക്കാൻ കഴിഞ്ഞ ലക്കം പാലാദൂതിലൂടെ നമ്മൾ ശ്രമിച്ചു. വിദ്യാഭ്യാസം, സാമ്പത്തികം, ക്ഷേമം എന്നീ മേഖലകളിലൂന്നി ക്രൈസ്തവ പിന്നാക്കാവസ്ഥ പഠിക്കാനാണ് കമ്മീഷന് സർക്കാർ നല്കിയിരിക്കുന്ന നിർദ്ദേശം.

പരിഗണനാവിഷയങ്ങൾ (Terms of Reference) ഒരിക്കൽക്കൂടി ചുരുക്കമായി ഓർമ്മിപ്പിക്കട്ടെ.

## I വിദ്യാഭ്യാസം

1. വിദ്യാഭ്യാസമേഖലയിൽ ക്രിസ്തീയ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ഏതൊക്കെ?

2. മറ്റു ന്യൂനപക്ഷങ്ങൾക്കു ലഭിക്കുന്ന സഹായങ്ങളും ആനുകൂല്യങ്ങളും ക്രിസ്ത്യൻ ന്യൂനപക്ഷത്തിനു ന്യായമായും പക്ഷപാതമില്ലാതെയും ലഭിക്കുന്നുണ്ടോ? വിവേചനമുണ്ടെങ്കിൽ ഏതൊക്കെ രീതിയിൽ എങ്ങനെ പരിഹരിക്കാം?
3. പൊതുവിദ്യാഭ്യാസമേഖലയിലും ഉന്നതവിദ്യാഭ്യാസമേഖലയിലും അനുഭവിക്കുന്ന പ്രശ്നങ്ങൾ... അവ എങ്ങനെ പരിഹരിക്കാം?

II **സാമ്പത്തികം**

1. ക്രിസ്ത്യൻ ന്യൂനപക്ഷത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ പിന്നാക്കാവസ്ഥ സംബന്ധിച്ച വിവരങ്ങൾ.
2. ഏതെങ്കിലും ക്രൈസ്തവവിഭാഗങ്ങൾക്ക് സ്പെഷ്യലായ കരുതലുകൾ ആവശ്യമുണ്ടോ?
3. സാമ്പത്തികവും സാമൂഹികവുമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ സർക്കാർ അടിയന്തരമായി എന്താണു ചെയ്യേണ്ടത്?

III **ക്ഷേമം**

1. മത്സ്യത്തൊഴിലാളികൾ, തീരദേശവാസികൾ, കർഷകർ, ദളിതർ എന്നിവർക്ക് സ്പെഷ്യൽ ആയ ക്ഷേമപ്രവർത്തനങ്ങൾ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം?
2. ദളിത് ക്രിസ്ത്യാനികളുടെ അവസ്ഥ എന്താണ്? അവരുടെ ക്ഷേമത്തിന് എന്തെല്ലാം ചെയ്യണം?
3. ക്രിസ്ത്യൻ ന്യൂനപക്ഷത്തിന് സർക്കാർ/പൊതുമേഖലാ ഉദ്യോഗങ്ങളിൽ ജനസംഖ്യാനുപാതികമായി പ്രാതിനിധ്യമുണ്ടോ? ഇല്ലെങ്കിൽ എന്തു നടപടികൾ എടുക്കണം?

ക്രൈസ്തവന്യൂനപക്ഷത്തിന്റെ അവസ്ഥ തെളിയിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനു സർക്കാരിനെ പ്രേരിപ്പിക്കുന്നതിനും ഈ

സമയത്തുള്ള നമ്മുടെ ഇടപെടലുകൾ അത്യന്താപേക്ഷിതമാണ്. ഇന്ത്യൻ ജനസംഖ്യയിൽ വെറും 2.3%വും കേരളത്തിലെ ജനസംഖ്യയിൽ 18.38%വും വരുന്ന ക്രിസ്ത്യാനികൾ പൊതുവേ നമ്മുടെ നാട്ടിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സത്യസന്ധവും സാധിക്കുന്നിടത്തോളം ശാസ്ത്രീയവുമായി അവതരിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതുണ്ട്. സീറോ മലബാർ സഭാതലത്തിലും കെ.സി.ബി.സി. തലത്തിലും കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടു. ബിഷപ് ജേക്കബ് മുരിക്കൻ കൺവീനറായി രൂപതാതലത്തിൽ ഒരു പബ്ലിക് അഫയേഴ്സ് കമ്മിറ്റിയെ ഈ ഉദ്ദേശ്യത്തിനുവേണ്ടി രൂപതക്കച്ചേരിയിൽ ചർച്ചചെയ്ത് രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി വിവിധ സിറ്റിംഗുകൾ നടത്തുകയും രൂപതാതലത്തിൽ സ്ഥിതിവിവരങ്ങളുടെ സാമ്പിൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനായി നിശ്ചയിക്കപ്പെട്ട 12 ഇടവകകളുടെ സർവ്വേ നടത്തിവരികയും ചെയ്യുന്നു. പ്രാതിനിധ്യസ്വഭാവത്തിൽ ബഹു. ഫൊറോനാ വികാരിമാരും എല്ലാ സംഘടനകളുടെയും ഡിപ്പാർട്ടുമെന്റുകളുടെയും രൂപത ഫൊറോനാ ഡയറക്ടറച്ചന്മാരും ഉൾപ്പെടെയുള്ള നൂറോളം വൈദികരും സന്ന്യാസികളും സന്ന്യാസിനികളുമായി നൂറോളം സമർപ്പിതരും അല്മായസംഘടനകളുടെ രൂപതാതല നേതാക്കന്മാരായി നൂറോളം അല്മായപ്രമുഖരും പങ്കെടുത്ത ഒരു സൂം കോൺഫറൻസ് പബ്ലിക് അഫയേഴ്സ് കമ്മിറ്റി നടത്തുകയുണ്ടായി. വിവിധ സംഘടനകളും ഫൊറോനകളും അവരവരുടെ തലങ്ങളിൽ ഓൺലൈൻ മീറ്റിംഗുകൾ സംഘടിപ്പിച്ചുകഴിഞ്ഞു. എല്ലാവരും ഇക്കാര്യത്തിൽ വീഴ്ച വരുത്താതെ ശ്രദ്ധിക്കണം.

രൂപതാതലത്തിലും ഫൊറോനാ, ഇടവകതലങ്ങളിലും കുടുംബക്കൂട്ടായ്മ യൂണിറ്റ് തലങ്ങളിലും, കൂടാതെ, വ്യക്തിപരമായും നിവേദനങ്ങളും ക്ഷേമപദ്ധതികളെക്കുറിച്ചുള്ള നിർദ്ദേശങ്ങളും കമ്മീഷന്റെ മുമ്പിൽ സമർപ്പിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. രൂപതാഘടകങ്ങളും ഫൊറോനാഘടകങ്ങളും ഇടവക യൂണിറ്റ് ഘടകങ്ങളും പൊതുനിവേദന

ങ്ങളും സമർപ്പിക്കുവാൻ ശ്രദ്ധിക്കണം. പ്രത്യേക വിഷയങ്ങൾ സംബന്ധിച്ച് വ്യത്യസ്തമായ നിവേദനങ്ങളും വ്യക്തികൾക്കും സംഘടനകൾക്കും സമർപ്പിക്കാവുന്നതാണ്. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടുതന്നെ നേരിട്ടോ അതിനു സാധ്യമല്ലെങ്കിൽ ഓൺലൈൻ മാർഗ്ഗങ്ങളിലൂടെയോ താമസി ക്കാതെതന്നെ ഇത്തരം കാര്യങ്ങൾ പ്രാവർത്തികമാക്കുവാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കാനാണ് ഈ സർക്കു ലർ നല്കുന്നത്.

എ.കെ.സി.സി., കുടുംബക്കൂട്ടായ്മ, വിശ്വാസപരിശീലനം, ഫാമിലി അപ്പോസ്തലേറ്റ്, പിതൃവേദി, മാതൃവേദി, ഇവാഞ്ചെ ലൈസേഷൻ, മിഷൻലീഗ്, കെ.സി.എസ്.എൽ., എസ്.എം.വൈ. എം.-കെ.സി.വൈ.എം., ഡി.സി.എം.എസ്., പി.എസ്.ഡബ്ല്യു. എസ്., കർഷകദളങ്ങൾ, ഇൻഫാം, പ്രോ-ലൈഫ്, ഹോം മിഷൻ, കൗൺസലിംഗ് സെന്റർ, അഡാർട്ട്, മദ്യവിരുദ്ധസ മിതി, പ്രിസൺ മിനിസ്ട്രി, സാരഥി, ദീപനാളം സൊസൈറ്റി, ബൈബിൾ അപ്പോസ്തലേറ്റ്, അൽഫോൻസിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സയൻസസ്, ജീസസ് യൂത്ത്, ഫ്രാൻസി സ്കൻ അല്മായ സഭ, വിൻസെന്റ് ഡി പോൾ സൊസൈറ്റി, ലീജിയൻ ഓഫ് മേരി, ദീപിക ഫ്രണ്ട്സ് ക്ലബ്, കെയർ ഹോംസ്, കേരള ലേബർ മൂവ്മെന്റ്, പ്രവാസി അപ്പോസ്തലേറ്റ്, ഡയ ലോഗ് ആൻഡ് എക്യുമെനിസം, വൊക്കേഷൻ ബ്യൂറോ, തിരു ബാലസഖ്യം തുടങ്ങി എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും രൂപത, ഫൊറോനാ, ഇടവക ഘടകങ്ങൾ ഇക്കാര്യങ്ങൾ നട പ്പാക്കാൻ ശ്രദ്ധിക്കണം.

നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ, എയ്ഡഡ് & സെൽഫ് ഫിനാൻസിംഗ് കോളജുകൾ, കോർപ്പ റേറ്റ് അദ്ധ്യാപകർ, സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട്, കാരുണ്യ സ്ഥാപനങ്ങൾ, സന്യാസഭവനങ്ങൾ, കൂടാതെ, മറ്റെല്ലാ സഭാസ്ഥാപനങ്ങളും ന്യൂനപക്ഷസംബന്ധമായ പരാതികളും ക്ഷേമപദ്ധതികളെക്കുറിച്ചുള്ള നിർദ്ദേശങ്ങളും പഠിച്ചും ചർച്ച

ചെയ്തും കമ്മീഷനു മുമ്പാകെ സമർപ്പിക്കാൻ ശ്രദ്ധിക്കണം.

**നിവേദനങ്ങളിലും പരാതികളിലും ഉന്നയിക്കാവുന്ന വിഷയങ്ങൾ**

Terms of Reference ൽ സൂചിപ്പിച്ചിരിക്കുന്ന മേഖലകളോടു ബന്ധപ്പെടുന്നവിധത്തിൽ ക്രിസ്ത്യൻ ന്യൂനപക്ഷമായ നമ്മൾ വ്യക്തിപരമായി അനുഭവിക്കുന്നതും പിന്നാക്കാവസ്ഥയിലേക്കു നയിക്കുന്നതുമായ തൊഴിലില്ലായ്മ, വർദ്ധിച്ച കടബാധ്യത, ന്യൂനപക്ഷക്ഷേമം, സർക്കാർജോലി കിട്ടാത്ത ദുരവസ്ഥ, തൊഴിൽതേടി അന്യനാടുകളിലേക്കു പോകേണ്ടിവരുന്ന അവസ്ഥ, സംവരണം, കർഷകരുടെ വിവിധ പ്രശ്നങ്ങൾ, ദളിത്, നാടാർ ക്രൈസ്തവരുടെ വിഷയങ്ങൾ, വിദ്യാഭ്യാസമേഖലയിലുള്ള എയ്ഡഡ്, അൺ എയ്ഡഡ്, സ്വാശ്രയ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ, മെഡിക്കൽ വിദ്യാഭ്യാസം, ആരോഗ്യക്ഷേമം, സ്പെഷ്യൽ സ്കൂളുകൾ, ഓർഫനേജുകൾ, കെയർ ഹോമുകൾ, പ്രവാസിക്ഷേമം, ചെറുകിട കച്ചവടക്കാർ, നഴ്സിംഗ് മേഖല, പൊതുവിലുള്ള സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പിന്നാക്കാവസ്ഥ, ക്രിസ്ത്യൻ പഠനത്തിനായി പൊതുവിദ്യാഭ്യാസത്തിലും ഉന്നതവിദ്യാഭ്യാസത്തിലും സുറിയാനിയും മറ്റു ക്രൈസ്തവപഠനങ്ങളും ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത, വാസയോഗ്യമായ വീടില്ലാത്ത അവസ്ഥ, ഉണ്ടായിരുന്ന ഭൂമി കൂടി വിൽക്കുകയോ പണയപ്പെടുത്തുകയോ ചെയ്യേണ്ടിവരുന്ന അവസ്ഥ എന്നീ വിഷയങ്ങൾ സംബന്ധിച്ചുള്ള സുതാര്യവും സത്യസന്ധവുമായ അവതരണങ്ങളായിരിക്കണം നമ്മുടെ നിവേദനങ്ങൾ. പ്രസക്തവും പ്രധാനപ്പെട്ടതുമെന്നു തോന്നുന്ന മറ്റേതൊരു വിഷയവും പരിഗണിക്കാവുന്നതും ഉൾപ്പെടുത്താവുന്നതുമാണ്.

**പ്രാദേശികവിഷയങ്ങൾ ഉൾപ്പെടുത്തുക**

ഫൊറോനകൾ, സംഘടനകളുടെ ഫൊറോനാ സമിതികൾ, ഇടവകകൾ, ഇടവകയുടെ പ്രതിനിധിയോഗം, കുടും

ബക്കൂട്ടായ്മകൾ എന്നിവ എല്ലാ വിഷയങ്ങളുമുൾക്കൊള്ളുന്ന പൊതുനിവേദനങ്ങൾ തയ്യാറാക്കി അയയ്ക്കുന്നത് ഉചിതമാണ്. ഇപ്രകാരം തയ്യാറാക്കുന്ന പൊതുനിവേദനങ്ങളിൽ പ്രാദേശികമായ വിഷയങ്ങൾ വേണ്ടത്ര ചർച്ച ചെയ്ത് ഉദാഹരണങ്ങളും കൂട്ടിച്ചേർത്താൽ നന്നായിരിക്കും.

**സമൂഹത്തിലെ പ്രധാനപ്പെട്ട വ്യക്തികളുടെ സാക്ഷ്യങ്ങൾ**

കോളജുകൾ, സ്കൂളുകൾ എന്നിവിടങ്ങളിലെ അദ്ധ്യാപകർ, നിയമവിദഗ്ദ്ധർ, നിയമപാലകർ, ജനപ്രതിനിധികൾ, വ്യത്യസ്ത രാഷ്ട്രീയപ്പാർട്ടികളിൽ പ്രവർത്തിക്കുന്ന പൊതുപ്രവർത്തകർ, മറ്റ് പ്രമുഖവ്യക്തികൾ എന്നിവരെക്കൊണ്ടും പൊതുനിവേദനങ്ങളും ക്രൈസ്തവപിന്നാക്കാവസ്ഥ സംബന്ധിക്കുന്ന അവരുടെ വിലയിരുത്തലുകളും കമ്മീഷന് അയപ്പിക്കാൻവേണ്ട നടപടികൾ ഓരോ ഫൊറോനാതലത്തിലും ഇടവകാതലത്തിലും സ്വീകരിക്കേണ്ടതാണ്.

**സമയബന്ധിതമായി നിവേദനങ്ങൾ അയയ്ക്കുക**

ജൂലൈമാസം അവസാനത്തോടെ ഫൊറോനാ, ഇടവക, കുടുംബക്കൂട്ടായ്മ, തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾ എന്നിവരുടെ ഭാഗത്തുനിന്നുള്ള നിവേദനങ്ങൾ കമ്മീഷന് അയച്ചുവെന്നത് യഥാക്രമം ഫൊറോനാവികാരിമാർ, കോർഡിനേറ്റർമാർ, ഇടവകവികാരിമാർ, ഇടവക കോർഡിനേറ്റർമാർ എന്നിവർ ഉറപ്പാക്കുകയും അത് രൂപതാഓഫീസിൽ റിപ്പോർട്ടു ചെയ്യുകയും വേണ്ടതാണ്.

**സംഘടനകളുടെയും ഡിപ്പാർട്ട്മെന്റുകളുടെയും സഹകരണം: രൂപതയിലെ എല്ലാ സംഘടനകളും ഡിപ്പാർട്ട്മെന്റുകളും പൊതുനിവേദനങ്ങൾ തയ്യാറാക്കണം.**

രൂപത, ഫൊറോന, ഇടവക തലങ്ങളിൽ രണ്ടു നിവേദനങ്ങൾവീതം തയ്യാറാക്കാവുന്നതാണ്. എല്ലാ വിഷയങ്ങളുമുൾക്കൊള്ളുന്ന ഒരു പൊതുനിവേദനവും ആവശ്യമായ പ്രാദേശിക ഉദാഹരണങ്ങളോടെ ഓരോ സംഘടനയും ഡിപ്പാർട്ട്

മെന്റും അവരവരുടെ പ്രത്യേക വിഷയത്തിലധിഷ്ഠിതമായ നിവേദനവും. സംഘടനകളുടെയും ഡിപ്പാർട്ടുമെന്റുകളുടെയും ഫൊറോനാ, ഇടവക ഘടകങ്ങൾ പൊതുനിവേദനവും അതാത് സംഘടനകളുടെ ഉദ്ദേശ്യത്തോടു ചേർന്നുപോകുന്ന പ്രത്യേ കനിവേദനങ്ങളും തയ്യാറാക്കി കമ്മീഷന് അയയ്ക്കുന്നുവെന്ന് ഉറപ്പുവരുത്തണം. ജൂലൈ അവസാനത്തോടെ ഇത് പൂർത്തി യാക്കിയതിന്റെ വിശദമായ റിപ്പോർട്ട് രൂപതാ പബ്ലിക് അഫ യേഴ്സ് കമ്മിറ്റിയുടെ ഓഫീസിലേക്ക് (ഷലോം പാസ്റ്ററൽ സെന്ററിൽ–എസ്.എം.വൈ.എം. ഓഫീസ്) നല്കേണ്ടതാണ്.

**വ്യക്തിഗതപരാതികൾ**

വിഷയാധിഷ്ഠിതമായി തയ്യാറാക്കപ്പെടുന്ന നിവേദന ങ്ങൾക്ക് എല്ലാ കുടുംബങ്ങളിൽനിന്നും കൂടാതെ, വ്യക്തിപര മായും പരാതികളും ബുദ്ധിമുട്ടുകളും കമ്മീഷന് അയയ്ക്കാ നുള്ള നടപടികളും ഇടവകതലത്തിൽ സ്വീകരിക്കാവുന്ന താണ്. അതിനാവശ്യമായ തീരുമാനങ്ങൾ ഫൊറോനാതലത്തി ലുള്ള വെബിനാറുകളിലൂടെ നല്കാൻ ഫൊറോനാകേന്ദ്രങ്ങ ളിലെ ബഹു. വികാരിയച്ചന്മാരും കൊച്ചച്ചന്മാരും ശ്രദ്ധിക്കു മല്ലോ. കുടുംബങ്ങൾക്കും വ്യക്തികൾക്കും നല്കാൻ കഴിയുന്ന നിവേദനങ്ങളുടെ/പരാതികളുടെ ചില ഉദാഹരണങ്ങൾ താഴെ ക്കൊടുക്കുന്നു:

- സാമ്പത്തികപിന്നാക്കാവസ്ഥ
- റബർ കർഷകരുടെയും മറ്റു കാർഷികമേഖലയിലെയും ആശങ്കകൾ
- റബറിന് കിലോ മൂന്നൂറു രൂപ എന്ന വിലസ്ഥിരതാപദ്ധതി കാര്യക്ഷമമായി നടപ്പാക്കുക.
- പട്ടയം, പരസ്ഥിതിലോലം (ESA), ഇക്കോ സെൻസിറ്റീവ് സോൺ (ESZ), പുരയിടം, തോട്ടം വിഷയം എന്നിവയിൽ വേണ്ട തിരുത്തലുകൾ ഉണ്ടാകണം.

- സിയാൽ മോഡൽ റബർ കമ്പനി ആരംഭിച്ച് റബർ കർഷകരെ രക്ഷിക്കണം.
- റബറിനെ കാർഷികവിളയായി പ്രഖ്യാപിക്കുക
- റബർ ഇറക്കുമതി നിയന്ത്രിക്കുകയും ഇറക്കുമതിച്ചുങ്കം ഉയർത്തുകയും ചെയ്യുക
- റബർ ബോർഡ് പഴയ നിലയിൽ പുനഃസ്ഥാപിക്കുക
- കുടിവെള്ളം, ജലക്ഷാമം പോലെയുള്ള പ്രാദേശിക പ്രശ്നങ്ങൾ
- വഴിസൗകര്യം, വൈദ്യുതി, ഇന്റർനെറ്റ് മുതലായവയുടെ പരിമിതികൾ
- മലയോരകർഷകരുടെയും കുടിയേറ്റക്കർഷകരുടെയും പ്രശ്നങ്ങൾ
- ഇടത്തരം കർഷകരുടെ വിഷമങ്ങൾ
- കാർഷികമേഖലയിലെ തകർച്ചമൂലം ഉണ്ടാകുന്ന കടബാദ്ധ്യതകൾ
- വന്യജീവി ആക്രമണവും പരിഹാരത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങളും
- പട്ടയഭൂമിയിലെ വാണിജ്യനിർമ്മാണനിരോധനം പിൻവലിക്കുന്നതിനെപ്പറ്റി
- പരിസ്ഥിതി സംവേദകമേഖലകളിൽനിന്ന് (EWZ) കൃഷിയിടങ്ങളും ജനവാസകേന്ദ്രങ്ങളും ഒഴിവാക്കുക
- എല്ലാ പ്രധാനപ്പെട്ട കാർഷികവിളകൾക്കും ഉത്പാദന ച്ചെലവും ന്യായമായ ലാഭവും കണക്കിലെടുത്ത് താങ്ങുവില പ്രഖ്യാപിക്കുകയും കൃത്യമായി നടപ്പാക്കുകയും ചെയ്യുക.
- കുട്ടികളുടെ വിദ്യാഭ്യാസത്തിന് അനുഭവപ്പെടുന്ന പ്രയാസങ്ങൾ

- 'ഏകജാലകം' മൂലം ന്യൂനപക്ഷാവകാശങ്ങൾ തന്ത്രപൂർവം കവർന്നെടുത്ത രാഷ്ട്രീയസാഹചര്യങ്ങൾ, ഇതു മൂലം സ്വന്തം ഇടവകയുടെ സ്കൂളിൽ പഠിക്കാൻ പറ്റാതെ വളരെ ദൂരെ പോയി പഠിക്കേണ്ടിവരുന്നതും ഇഷ്ടമുള്ള വിഷയം തിരഞ്ഞെടുക്കാൻ പറ്റാത്തതുമായ ദുരവസ്ഥ
- സാമ്പത്തികപ്രതിസന്ധിമൂലം പഠനം തുടരാനാവാത്ത സാഹചര്യം
- മതിയായ പഠനമുണ്ടായിട്ടും നാട്ടിൽ ജോലി ലഭിക്കാത്ത അവസ്ഥ
- പഠനവും ജോലിയും ഉണ്ടായിട്ടും വിവാഹം നടക്കാത്ത അവസ്ഥകൾ
- ഉന്നതപഠനത്തിനും തൊഴിലിലും ജനറൽ സീറ്റിലെ മത്സരത്തിലുണ്ടാകുന്ന അനീതികൾ
- എന്തെങ്കിലും ജോലിക്കായി നാടുവിട്ട് പ്രവാസികളായി കഴിയേണ്ട അവസ്ഥ
- ഇ.ഡബ്ല്യു.എസ്. സംവരണത്തിന് ന്യായമായും അർഹതയുണ്ടായിട്ടും കേന്ദ്രത്തിലെയും കേരളത്തിലെയും വ്യവസ്ഥകളിലെ അമിതനിയന്ത്രണങ്ങൾമൂലം പാവപ്പെട്ടവർ അവഗണിക്കപ്പെട്ട അവസ്ഥ (ഇ.ഡബ്ല്യു. എസ്. സംവരണത്തെക്കുറിച്ച് വിശദമായി പാലാ ദൂത് ഡിസംബർ-ഫെബ്രുവരി ലക്കത്തിൽ നൽകിയിട്ടുണ്ട്)
- വീടില്ലാത്ത സാഹചര്യം
- ദളിത് ക്രൈസ്തവരുടെ ആശങ്കകൾ
- ദളിത് ക്രൈസ്തവർക്കും ഇ.ഡബ്ല്യു.എസ്. വിഭാഗങ്ങൾക്കും മാർക്ക്, ഫീസ്, പ്രായപരിധി എന്നിവയിൽ ഒ.ബി.സി. വിഭാഗങ്ങൾക്കുള്ള ഇളവ് നൽകണം.
- ഒ.ഇ.സി. വിഭാഗത്തിന്റെ ക്ഷേമത്തിനായി സ്പെഷ്യൽ ഡയറക്ടറേറ്റ് ആരംഭിക്കുക

- ദളിത് ക്രൈസ്തവരുടെ കുടിശ്ശികക്കടങ്ങളും പട്ടികജാതിക്കാരുടേതുപോലെതന്നെ എഴുതിത്തള്ളുക
- ജോലിക്കായുള്ള ഒ.ഇ.സി. സംവരണം നിലവിൽ ക്ലാസ് 4 ൽ 2%, മറ്റു ജോലികളിൽ 1% എന്നത് റൊട്ടേഷൻ ക്രമ പ്രകാരം നിലവിലെ ടേൺ 48 എന്നത് 20 നുള്ളിൽ ആക്കുക.
- ദളിത് ക്രൈസ്തവരെ പട്ടികജാതിയിൽ ഉൾപ്പെടുത്താൻ കേന്ദ്രത്തിന് ശുപാർശ നല്കുക.
- സ്വാശ്രയകോഴ്സുകൾക്കു പഠിക്കുന്ന ക്രൈസ്തവവിദ്യാർത്ഥികൾക്കും സ്റ്റൈപ്പന്റുൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും നല്കുക.
- ദളിത് ക്രൈസ്തവർക്കും ന്യൂനപക്ഷവിഭാഗങ്ങളിലെ എല്ലാ വിദ്യാർത്ഥികൾക്കും പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ മതിയായ വിധത്തിൽ ലഭ്യമാക്കുക.
- ഉന്നതവിദ്യാഭ്യാസത്തിന് നൽകുന്ന എല്ലാ സ്കോളർഷിപ്പുകളും ദളിത് ക്രൈസ്തവർക്കുകൂടി നല്കുക.
- എല്ലാ കോഴ്സുകൾക്കും അഡ്മിഷന് പട്ടികജാതിക്കാരുടെ അതേ സംവരണം ദളിത് ക്രൈസ്തവർക്കും നല്കുക.
- എയ്ഡഡ് സ്ഥാപനങ്ങളിൽ മാനേജ്മെന്റ് ക്വോട്ടായിൽ അഡ്മിഷൻ ലഭിക്കുന്ന ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ നിർത്തലാക്കിക്കൊണ്ടുള്ള 01.02.2020 ലെ ഉത്തരവ് ഭേദഗതി ചെയ്യുക.
- നമ്മുടെ സ്കൂളുകളിൽ നിയമനം, അഡ്മിഷൻ, അഡ്മിനിസ്ട്രേഷൻ, ഗ്രാന്റ്, ന്യൂനപക്ഷാവകാശ ലംഘനങ്ങൾ, സിലബസിൽ കടന്നുകൂടിയ ക്രൈസ്തവവിരുദ്ധത, വിശ്വാസവിരുദ്ധ ആശയങ്ങൾ, ആനുകൂല്യങ്ങളിലെ വിവേചനം എന്നിവയെക്കുറിച്ചുള്ള പരാതികൾ.

- ക്രൈസ്തവർ നടത്തുന്ന നേഴ്സിംഗ് കോളജുകളിൽ ക്രൈസ്തവർക്ക് ആവശ്യത്തിന് പ്രവേശനം ലഭിക്കത്തക്ക വിധത്തിൽ സീറ്റുകൾ വർദ്ധിപ്പിക്കണം. 20% കമ്മ്യൂണിറ്റി ക്വോട്ടാ സ്വാശ്രയ മെഡിക്കൽ, നേഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ, സ്ഥാപനം നടത്തുന്ന സമുദായത്തിന് അനുവദിക്കണം.
- കേരളത്തിനു പുറത്തു നേഴ്സിംഗ് പഠിച്ചവർക്കും പുറത്തു ജോലി ചെയ്യുന്നവർക്കും പി.എസ്.സി. സ്റ്റാഫ് നേഴ്സ് പരീക്ഷയെഴുതാൻ അനുവദിക്കുക.
- പ്രവാസികൾ തിരിച്ചുവന്നുകഴിയുമ്പോൾ ഉപജീവനത്തിനായി വിഷമിക്കുന്ന സാഹചര്യം
- പ്രവാസികളുടെ മാതാപിതാക്കൾ ഒറ്റയ്ക്കു താമസിക്കുന്ന സാഹചര്യത്തിൽ സർക്കാർതലത്തിൽ ജനമൈത്രി പോലീസിന്റെ സേവനം സുരക്ഷയ്ക്കായി ഉറപ്പാക്കുക.
- പ്രവാസികളിൽ താഴ്ന്ന വരുമാനക്കാർക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കുക.
- അഭ്യസ്തവിദ്യരായ സമുദായാംഗങ്ങൾക്ക് സംരംഭകത്വ പരിശീലനം നല്കുക.
- പ്രായമായവരുടെയും അവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെയും വിവിധ പ്രശ്നങ്ങൾ
- ഉറ്റവരും ഉടയവരും നഷ്ടപ്പെടുമ്പോഴുള്ള ദയനീയ അവസ്ഥ
- ശാരീരികമോ മാനസികമോ ആയ കുറവുകളുള്ള കുട്ടികളെ പരിപാലിക്കുന്നതിലും പഠിപ്പിക്കുന്നതിലും ഉള്ള ബുദ്ധിമുട്ടുകളും അതിനായുള്ള സ്ഥാപനങ്ങളുടെ പരിമിതികളും
- സ്പെഷ്യൽ സ്കൂളുകൾക്കും ഓർഫനേജുകൾക്കും

സർക്കാർ ഗ്രാന്റ് വർദ്ധിപ്പിക്കുകയും എയ്ഡഡ് പദവി നൽകുകയും മതിയായ സ്റ്റാഫിനെ നിയമിക്കാൻ സഹായിക്കുകയും ചെയ്യുക.

- കെയർ ഹോമുകളിലെ അന്തേവാസികൾക്ക് മരുന്ന്, ലാബുപരിശോധന, ചികിത്സ, ഭക്ഷണം മുതലായവ സൗജന്യമായി നൽകുക.
- ഇത്തരം മേഖലകളിലെ അമിത കാർക്കശ്യങ്ങൾ ഒഴിവാക്കുക.
- അന്തേവാസികൾക്ക് സാമൂഹികക്ഷേമപെൻഷൻ നല്കുക.
- ക്രൈസ്തവർ ബിസിനസ് നടത്തുമ്പോഴുള്ള ബുദ്ധിമുട്ടുകൾ
- സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാക്കം പോകുന്നതിനെക്കുറിച്ചുള്ള പരാതികൾ

ഇത്തരം കാര്യങ്ങളിൽ കുടുംബങ്ങളും വിശ്വാസികളും അവബോധമുള്ളവരാകാൻ സഹായകമാകുന്ന നിർദ്ദേശങ്ങൾ ഫൊറോനാ, ഇടവക തലത്തിൽ കോർഡിനേറ്റ് ചെയ്യുന്നവരും ബഹുമാനപ്പെട്ട വൈദികരും കുടുംബങ്ങൾക്കും വ്യക്തികൾക്കും നല്കേണ്ടതാണ്.

**നിവേദനങ്ങൾ തയ്യാറാക്കേണ്ട രീതി**

ക്രൈസ്തവസമുദായം നേരിടുന്ന വിവിധങ്ങളായ പ്രതിസന്ധികളെ തിരിച്ചറിയുക. അവയെ വിദ്യാദ്യാസം, സാമ്പത്തികപിന്നാക്കാവസ്ഥ, ക്ഷേമം എന്നീ മേഖലകളിൽ ഉൾപ്പെടുത്തി നിവേദനങ്ങൾ തയ്യാറാക്കുക. പുതിയ നിർദ്ദേശങ്ങൾ, മറ്റു സംസ്ഥാനങ്ങളിൽ നല്കിക്കൊണ്ടിരിക്കുന്ന ക്ഷേമപദ്ധതികൾ ഉൾപ്പെടെയുള്ളവ പരിഗണനാവിഷയങ്ങളാണ്. ക്രിയാത്മകമായി പുതിയ നിർദ്ദേശങ്ങൾ ഗവൺമെന്റിനുമുമ്പിൽ സമർപ്പിക്കാൻ നമുക്ക് സാധിക്കണം.

**തെളിവുകൾ**

അവതരിപ്പിക്കുന്ന വിഷയങ്ങൾക്കു തെളിവുകൾകൂടി സമർപ്പിക്കുന്നത് നമ്മുടെ നിലപാടുകൾ ശരിയാണെന്നു തെളിയിക്കാൻ കൂടുതൽ ഉപകരിക്കും. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, വിവരാവകാശരേഖകൾ, പത്രവാർത്തകൾ, ചിത്രങ്ങൾ, സ്റ്റാറ്റിസ്റ്റിക്സ്, മറ്റ് ആധികാരികരേഖകൾ, ഗവ. വെബ്സൈറ്റ് രേഖകൾ എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്.

**റിപ്പോർട്ട്, വീഡിയോ, ഇന്റർവ്യൂ**

പ്രാദേശികമായ വിഷയങ്ങളിൽ സംഘടനകൾ, പൊതുപ്രവർത്തകർ എന്നിവരെക്കൊണ്ടോ അവരെ ഉൾപ്പെടുത്തിയോ റിപ്പോർട്ട്, വീഡിയോ, ഇന്റർവ്യൂ എന്നിവ തയ്യാറാക്കി കമ്മീഷന് അയയ്ക്കുന്നതും നല്ലതാണ്.

**റിപ്പോർട്ടുകളും നിവേദനങ്ങളും പരാതികളും അയയ്ക്കേണ്ട വിലാസം**

ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന് നിവേദനങ്ങളുടെ മൂന്നു പകർപ്പുകൾ അയക്കണം. ഇ-മെയിലായും അയയ്ക്കേണ്ടതാണ്. അയയ്ക്കേണ്ട വിലാസം - സെക്രട്ടറി, ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ, സെക്കന്റ് ഫ്ളോർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, പനമ്പള്ളി നഗർ, കൊച്ചി - 682036. E-mail: christianminoritycommission@gmail.com

**പകർപ്പ് രൂപതാകേന്ദ്രത്തിലേക്കും അയയ്ക്കുക**

രൂപതാതല റിപ്പോർട്ടിംഗിനും മറ്റും ഉപകാരപ്പെടുത്തുന്നതിനായി ഒരു പകർപ്പ് രൂപതയുടെ പബ്ലിക് അഫയേഴ്സ് കമ്മറ്റിയുടെ ഇ-മെയിലിലേക്ക് അയയ്ക്കേണ്ടതാണ്. അയയ്ക്കേണ്ട വിലാസം - സെക്രട്ടറി, പബ്ലിക് അഫയേഴ്സ് കമ്മിറ്റി, ഷലോം പാസ്റ്ററൽ സെന്റർ, പാലാ - 686 575, ഇ-മെയിൽ - smympalai@gmail.com

**ഫൊറോനാതല പ്രവർത്തനപദ്ധതി**

ബഹുമാനപ്പെട്ട ഫൊറോനാ വികാരിയച്ചന്മാരുടെയും ഫൊറോനകളിലെ ബഹു. കൊച്ചച്ചന്മാരുടെയും നേതൃത്വത്തിൽ വിശദമായി ചർച്ച ചെയ്തു പഠിച്ച് ജൂലൈ 31 ന് മുമ്പായി എല്ലാ തലങ്ങളിൽനിന്നും നിവേദനങ്ങൾ അയച്ചു എന്ന് ഉറപ്പാക്കുന്നതിനായി പദ്ധതി രൂപീകരിക്കണം. എല്ലാ ഫൊറോനകളിലും ഉടൻതന്നെ ഓൺലൈൻ മീറ്റിംഗുകൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി രൂപതയുടെ പബ്ലിക് അഫയേഴ്സ് കമ്മിറ്റിയിലെ റിസോഴ്സ് പേഴ്സൺസിന്റെ സേവനം ലഭ്യമാണ്. എല്ലാ വൈദികരുടെയും സംഘടനകളുടെ ഫൊറോനാ സമിതിയംഗങ്ങളുടെയും കൂടാതെ, മതാദ്ധ്യാപകർ, കൈക്കാരന്മാർ, ഫൊറോനയിലെ എല്ലാ സന്ന്യാസഭവനങ്ങളുടെയും മറ്റെല്ലാ പ്രസ്ഥാനങ്ങളുടെയും പ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. വാട്സ് ആപ് പോലുള്ള സമൂഹമാധ്യമങ്ങൾ ഉപയോഗിക്കാറില്ലാത്ത വൈദികരും അല്മായരും ഉൾപ്പെടെയുള്ളവരിലേക്ക് ഈ സർക്കുലറിന്റെയും ജെ.ബി. കോശി കമ്മീഷനുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളുടെയും വിവരങ്ങൾ എത്തിക്കുവാൻ ഫൊറോന കേന്ദ്രങ്ങളിലെ ബഹു. വൈദികർ പ്രത്യേകം ശ്രദ്ധിക്കണം.

- സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വ്യക്തികളെയോ ഗ്രൂപ്പുകളെയോ ഏല്പിക്കാവുന്നതാണ്.
- സംഘടനകളുടെ ഫൊറോനാതല സമിതികൾക്ക് വിഷയങ്ങൾ വീതിച്ചു നല്കുന്നതാണ്.
- ഫൊറോനയിലെ ത്രിതലപഞ്ചായത്തു പ്രതിനിധികൾ, രാഷ്ട്രീയപ്രതിനിധികൾ, സുപ്രധാന വ്യക്തികൾ എന്നിവരെക്കൊണ്ട് ക്രൈസ്തവപിന്നാക്കാവസ്ഥയെ സംബന്ധിച്ച് നിവേദനങ്ങളെഴുതിക്കാൻ പ്രാദേശികതലങ്ങളിൽ ശ്രദ്ധിക്കണം.
- ഫൊറോനയുടെ ഭൂമിശാസ്ത്രപരിധിക്കുള്ളിലെ പ്രത്യേകപ്രശ്നങ്ങൾ ചർച്ച ചെയ്തു കണ്ടെത്തുക.

ഫൊറോനാ, ഇടവക, കുടുംബകൂട്ടായ്മ, വ്യക്തിഗതനിവേദനങ്ങളിൽ പൊതുവിഷയങ്ങളുടെ പ്രാദേശിക ഉദാഹരണങ്ങൾ കൂട്ടിച്ചേർക്കാവുന്നതാണ്. പ്രാദേശികപ്രശ്നങ്ങളെയും ക്രൈസ്തവപിന്നാക്കാവസ്ഥയുടെ കാരണം - തെളിവുകൾ എന്ന നിലയിൽ അവതരിപ്പിക്കാം.

- അവയെ എങ്ങനെ ക്രൈസ്തവപിന്നാക്കാവസ്ഥയുമായി ബന്ധപ്പെടുത്താമെന്ന് ചർച്ച ചെയ്യുക.
- ഇടവകതലത്തിൽനിന്നുള്ള കോ-ഓർഡിനേറ്റേഴ്സിനെ നിശ്ചയിച്ച് തിരഞ്ഞെടുക്കപ്പെട്ടവരെ ഒരുമിച്ചുകൂട്ടി വിവരങ്ങൾ കൈമാറുകയും പരിശീലനം നല്കുകയും ചെയ്യാവുന്നതാണ്.
- എല്ലാ ഇടവകകളിൽനിന്നും വ്യക്തിഗതപരാതികൾ പരമാവധി പോകുന്നുവെന്ന് ഉറപ്പാക്കുക. ഫൊറോനാ വികാരിയുടെ അറിവോടെ ഫൊറോനകളിലെ കൊച്ചച്ചന്മാർ എല്ലാം സമയബന്ധിതമായി പൂർത്തിയാകുന്നുവെന്ന് ഉറപ്പാക്കുക.
- എല്ലാ നിവേദനങ്ങളുടെയും കോപ്പി രൂപതാസമിതിക്ക് അയച്ചുവെന്ന് ഉറപ്പാക്കുക.
- ഇടവക കോ-ഓർഡിനേറ്റർമാരെ ഉൾപ്പെടുത്തി ചർച്ചകൾ നടത്തുകയും ആഴ്ചയിൽ ഒരു വിലയിരുത്തൽ മീറ്റിംഗ് സംഘടിപ്പിക്കുകയും ചെയ്യുന്നത് ഉചിതമാണ്.
- ഇടവകതലത്തിലെ പ്രവർത്തനങ്ങൾ ഫൊറോനയിൽ നിന്ന് നടത്തുന്ന കോ-ഓർഡിനേഷൻ പ്രോഗ്രാമുകളാട് സഹകരിച്ചുകൊണ്ട് സമയബന്ധിതമായി നിവേദനങ്ങൾ (പൊതുവായതും വ്യക്തിപരമായതും) അയച്ചുവെന്ന് ഉറപ്പുവരുത്താൻ ഇടവകകളും പരിശ്രമിക്കേണ്ടതാണ്.

**ഇടവകകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ**

- ഇടവകയിൽനിന്നുള്ള അംഗങ്ങളെ ഫൊറോനാതല മീറ്റിംഗിൽ പങ്കെടുപ്പിക്കുക.

- ഇടവകപ്രതിനിധിയോഗമോ ഇക്കാര്യങ്ങൾക്കുവേണ്ടി പ്രത്യേകസമിതിയോ സമ്മേളിച്ച് വിഷയങ്ങൾ ചർച്ച ചെയ്യുക. (നേരിട്ടു സാധിക്കുന്നില്ലെങ്കിൽ ഓൺലൈൻ പ്ളാറ്റ്ഫോമിലൂടെ കൂടണം. രൂപതയിലെ പബ്ലിക് അഫയേഴ്സ് കമ്മിറ്റിയിൽനിന്നുള്ള റിസോഴ്സ് പേഴ്സൺസിന്റെ സേവനം ആവശ്യപ്പെടാവുന്നതാണ്.)
- ഇടവകതലത്തിൽ യോഗപ്രതിനിധികളുടെയും കുടുംബകൂട്ടായ്മകളുടെയും സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ബോഡി രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് നല്ലതാണ്. ഇടവകയുടേതായി പൊതുനിവേദനം തയ്യാറാക്കുന്നതിനായി ആരെയെങ്കിലും ചുമതലപ്പെടുത്തുക.
- എല്ലാ ഇടവകകളിലും എല്ലാ അല്മായസംഘടനകളും ഉണ്ടെന്ന് ഉറപ്പുവരുത്തുകയും അവയുടെ മീറ്റിംഗുകൾ നേരിട്ടോ ഓൺലൈൻ വഴിയോ നടത്തുകയും വിവിധ വിഷയങ്ങൾ ചർച്ചചെയ്യുകയും സംഘടനകൾക്കും വ്യക്തികൾക്കുമായി അവ വീതിച്ചു നല്കുകയും ചെയ്യണം
- ഇടവകയിലെ ത്രിതലപഞ്ചായത്തു പ്രതിനിധികൾ, രാഷ്ട്രീയപ്രതിനിധികൾ, സുപ്രധാന വ്യക്തികൾ എന്നിവരെക്കൊണ്ട് ക്രൈസ്തവപിന്നാക്കാവസ്ഥയെ സംബന്ധിച്ച് നിവേദനങ്ങളെഴുതിക്കാൻ പ്രാദേശികതലങ്ങളിൽ ശ്രദ്ധിക്കണം.
- ഇടവകയിലെ ഭൂമിശാസ്ത്രപരിധിക്കുള്ളിലെ പ്രത്യേക പ്രശ്നങ്ങൾ ചർച്ച ചെയ്തു കണ്ടെത്തുക. ഇടവക, കുടുംബകൂട്ടായ്മ, വ്യക്തിഗതനിവേദനങ്ങളിൽ പൊതുവിഷയങ്ങളുടെ പ്രാദേശിക ഉദാഹരണങ്ങൾ കൂട്ടിച്ചേർക്കാവുന്നതാണ്. പ്രാദേശികപ്രശ്നങ്ങളും പൊതുപ്രശ്നങ്ങളും കണ്ടെത്തി അവയെ എങ്ങനെ ക്രൈസ്തവപി

ന്നാക്കാവസ്ഥയുമായി ബന്ധപ്പെടുത്താമെന്ന് ചർച്ച ചെയ്ത് പരാതികൾ തയ്യാറാക്കി അയയ്ക്കണം.

- ഓരോ കുടുംബയൂണിറ്റിൽനിന്നു പൊതുവായും ഓരോ കുടുംബത്തിൽനിന്നു ഏറ്റവും കുറഞ്ഞത് ഒരു പരാതിയെങ്കിലും പോകുന്നുവെന്ന് ഉറപ്പാക്കുക.
- ഓരോ കുടുംബത്തിൽനിന്നും നിവേദനം അയയ്ക്കത്തക്കവിധം കേന്ദ്രീകൃതമായ രീതിയിൽ ഇടവകതലത്തിൽ A4 സൈസ് പേപ്പറുകളും കവറുകളും സ്റ്റാമ്പുകളും വീടുകളിൽ എത്തിക്കുകയും കളക്ട് ചെയ്ത് പോസ്റ്റു ചെയ്യുന്നതിനു സഹായിക്കുകയും ചെയ്യുന്നത് ഉചിതമാണ്. ഇ-മെയിൽ അയയ്ക്കുന്നതിന് യുവാക്കളുടെ ടീമിന്റെ സഹായം തേടാവുന്നതാണ്. ആവശ്യമെങ്കിൽ നേരിട്ടും കത്തുകൾ ശേഖരിച്ച് കമ്മീഷന്റെ ഓഫീസിൽ എത്തിക്കുവാൻ എഴുതിമേടിക്കുന്നതും പരിഗണിക്കാവുന്നതാണ്.
- ഇടവകവികാരിയുടെ അറിവോടെ ഇടവക കോ-ഓർഡിനേറ്റർ എല്ലാം സമയബന്ധിതമായി ചെയ്യുന്നുവെന്ന് ഉറപ്പാക്കുക. അവർ ഫൊറോനാ തലത്തിലുള്ള ഫോളോ അപ് മീറ്റിംഗുകളിൽ പങ്കെടുക്കണം.
- എല്ലാ നിവേദനങ്ങളുടെയും ഒരു കോപ്പി രൂപതാസമിതിക്കും അയച്ചുവെന്ന് ഉറപ്പാക്കുക.

ഇടവകതലത്തിൽ കുടുംബക്കൂട്ടായ്മകൾ ഉൾപ്പെടെ ഇടവകാംഗങ്ങൾക്കുവേണ്ടിയുള്ള ബോധവത്കരണ പ്രോഗ്രാമുകൾ വികാരിയച്ചന്മാർ ആവശ്യപ്പെടുന്ന മുറയ്ക്ക് ഓൺലൈനായി നടത്താവുന്നതാണ്.

ഇപ്പറഞ്ഞ വിഷയങ്ങളിലുള്ള സംശയദൂരീകരണത്തിനും വ്യക്തതയ്ക്കുമായി ബന്ധപ്പെടേണ്ടത് പാലാ രൂപതയുടെ പബ്ലിക് അഫയേഴ്സ് വിജിലൻസ് കമ്മറ്റിയെയാണ് (Contact Persons: ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ - 9447661326, ഫാ. ജോസ് കുറ്റിയാങ്കൽ - 8078154099, ഫാ. സിറിൽ തയ്യിൽ -

9496542361, പ്രൊഫ. റ്റി.റ്റി. മൈക്കിൾ തെക്കേകുരുവിനാൽ - 9447807847, ശ്രീ സിജു സെബാസ്റ്റ്യൻ കൈമനാൽ - 8848815449, പ്രൊഫ. കെ.കെ. ജോസ് കണിച്ചുകാട്ട് - 9446560608).

ഭാരതത്തിൽ വിജ്ഞാപിത ന്യൂനപക്ഷമായ ക്രൈസ്തവസമുദായത്തെ സംബന്ധിച്ചിടത്തോളം അതിന്റെ നിലനില്പും അതിജീവനവുമായി ബന്ധപ്പെട്ടു നിൽക്കുന്ന സർക്കാർ തീരുമാനങ്ങൾക്കും ക്ഷേമപദ്ധതികൾക്കും ഇതുപോലുള്ള കമ്മീഷൻ പഠനങ്ങൾ ഗുണം ചെയ്യുന്നതാണ്. ആയതിനാൽ, ക്രൈസ്തവപിന്നാക്കാവസ്ഥ പഠിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന കമ്മീഷൻ മുമ്പാകെ സത്യസന്ധവും ശാസ്ത്രീയവുമായ രീതിയിലായിരിക്കണം നമ്മുടെ നിവേദനങ്ങൾ സമർപ്പിക്കപ്പെടേണ്ടത്. ഏവരുടെയും ഗൗരവതരമായ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഫൊറോനാകളിലും ഇടവകകളിലും ആവശ്യമെങ്കിൽ 500 പേർക്കുവരെ പങ്കെടുക്കാവുന്ന സൂം കോൺഫറൻസിനുള്ള സൗകര്യം ഈ കമ്മീഷനുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട കമ്മിറ്റി ഒരുക്കിയിട്ടുണ്ട്. സാങ്കേതികസഹായത്തിനും ഓറിയന്റേഷൻ നൽകുന്നതിനും സമിതിയുമായി ബന്ധപ്പെടാവുന്നതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് മുന്നിട്ടിറങ്ങുകയും നേതൃത്വം നൽകുകയും ചെയ്യുന്ന എല്ലാ സുമനസ്സുകൾക്കും ഹൃദയപൂർവം നന്ദി പറയുകയും തുടർന്നും എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുകയും ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 17.06.2021

NB: 17.06.2021 ൽ നല്കപ്പെട്ട സർക്കുലർ

Ref: 3471/K-5/KCBC/OL/DS 10.05.2021

# കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട, ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ (യോഹ. 14:1). തന്റെ പീഡാസഹനത്തെയും മരണത്തെയുംകുറിച്ചു ശിഷ്യന്മാരെ ഈശോ അറിയിച്ചപ്പോൾ അവർ സ്വാഭാവികമായും അസ്വസ്ഥരായി. അപ്പോഴാണു മേൽപ്പറഞ്ഞ തിരുവചനം കർത്താവ് അവരോടു പറഞ്ഞത്. ഒരിക്കൽ ഗലീലി തടാകത്തിലൂടെ ഈശോയും ശിഷ്യന്മാരും യാത്ര ചെയ്തപ്പോൾ കൊടുങ്കാറ്റ് ഉണ്ടായി, വഞ്ചിയിൽ വെള്ളം കയറി, അപകടത്തിലായി എന്നു ഭയപ്പെട്ട ശിഷ്യന്മാർ അടുത്തുചെന്ന് വഞ്ചിയിൽ ഉറങ്ങുകയായിരുന്ന ഈശോയെ ഉണർത്തി. ഈശോ എഴുന്നേറ്റ് കാറ്റിനെയും തിരകളെയും ശാസിച്ചു. അവ നിലച്ചു; ശാന്തതയുണ്ടായി. അപ്പോൾ അവിടന്നു ചോദിച്ചു: "നിങ്ങളുടെ വിശ്വാസം എവിടെ?" (ലൂക്കാ 8:22 -25). മറ്റൊരിക്കൽ കടലിലൂടെ നടന്നുചെന്ന ഈശോയുടെ അടുത്തേക്ക് അവിടന്നു പറഞ്ഞതനുസരിച്ചു നടന്നുവരാൻ ശ്രമിച്ച പത്രോസ് കാറ്റ് ആഞ്ഞടിക്കുന്നതു കണ്ടു ഭയപ്പെട്ട് അവിടത്തോടു നിലവിളിച്ച് പറഞ്ഞു: "കർത്താവേ രക്ഷിക്കണേ. ഈശോ കൈനീട്ടി പത്രോസിനെ പിടിച്ചുകൊണ്ട് പറഞ്ഞു: അല്പവിശ്വാസീ, നീ സംശയിച്ചതെന്ത്?"

## പ്രാർത്ഥനയുടെ ആവശ്യം

അപകടസന്ദർഭങ്ങളിൽ ശിഷ്യന്മാരെ രക്ഷിക്കാനെത്തുന്ന ഈശോയെയാണു നാം സുവിശേഷങ്ങളിൽ കാണുന്നത്. മനുഷ്യവംശത്തിനുമുഴുവൻ രക്ഷ നൽകിയ ദൈവപുത്രനാണല്ലോ അവിടന്ന്. വിശ്വാസക്കുറവാണ്

അപകടസന്ധികളെ നേരിടാൻ ശിഷ്യന്മാരെ അശക്തരാക്കുന്നതെന്ന് അത്തരം സന്ദർഭങ്ങളിൽ ഈശോ പറയുന്നുണ്ട്. ശിഷ്യന്മാർ നേരിട്ടതിനെക്കാൾ അപകടകരമായ ഒരു സാഹചര്യമാണല്ലോ കോവിഡ് 19-ന്റെ പിടിയിലായിരിക്കുന്ന ലോകജനതയുടെ അവസ്ഥ. അതിനാൽ, വിശ്വാസത്തോടെ ദൈവത്തിലാശ്രയിച്ചു നാം പ്രവർത്തനനിരതരാകേണ്ട അവസരമാണ് ഈ കോവിഡ്-19 പകർച്ചവ്യാധിയുടെ കാലം. പ്രാർത്ഥനയോടെ ഈ മഹാമാരിയെ പ്രതിരോധിക്കുവാനുള്ള ദൈവകൃപ നാം സ്വീകരിക്കണം. പ്രാർത്ഥിക്കുവാൻ നമ്മെ പഠിപ്പിച്ചവനാണ് ഈശോ. തന്റെ ഈലോകജീവിതകാലം മുഴുവൻ പിതാവായ ദൈവത്തോട് പ്രാർത്ഥനാപൂർവ്വം ബന്ധപ്പെട്ടു പരിശുദ്ധാത്മാവിന്റെ ശക്തി സംഭരിച്ചാണല്ലോ ഈശോ തന്റെ വിമോചനദൗത്യം പൂർത്തീകരിച്ചത്. ഈശോയുടെ ഈ മാതൃകയനുസരിച്ച് എല്ലാ ക്രൈസ്തവരും നിരന്തരമായ പ്രാർത്ഥനയിലൂടെ കോവിഡ് 19-ൽനിന്നുള്ള മോചനത്തിനായി പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**പ്രായോഗികതലം**

പ്രാർത്ഥനയോടൊപ്പം നാം ചെയ്യേണ്ട കാര്യങ്ങളുമുണ്ട്. ദൈവത്തോടൊപ്പം മനുഷ്യരുടെയിടയിൽ പ്രവർത്തിക്കുന്നവരായ നാം മറ്റുള്ളവർക്കായി നമ്മുടെ കഴിവുകളെയും ദൈവം നമുക്കു നൽകിയിട്ടുള്ള സവിശേഷദാനങ്ങളെയും വിനിയോഗിക്കേണ്ടതുണ്ട്. കോവിഡ് 19-ന്റെ രണ്ടാം തരംഗത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളട്ടെ:

1. കോവിഡ് ചികിത്സയ്ക്ക് മിനിമം ഫീസ് മാത്രമേ കത്തോലിക്കാ ആശുപത്രികൾ ഈടാക്കുകയുള്ളൂവെന്ന് ഉറപ്പുവരുത്തുക.

2. കെസിബിസി കോവിഡ് പ്രതിരോധ പ്രവർത്തന ഏകോപന സമിതിയുടെ നേതൃത്വത്തിൽ ടെലി-മെഡിസിൻ കൺസൾട്ടേഷൻ സംവിധാനവും, ടെലി-സൈക്കോ - സോഷ്യൽ സേവനവും ഏർപ്പെടുത്തിയിട്ടുണ്ട്.

3. എല്ലാ രൂപതകളും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തേണ്ടതും അതുമായി ബന്ധപ്പെടാൻ ആവശ്യമായ ഫോൺ നമ്പരുകൾ ജനങ്ങൾക്കു ലഭ്യമാക്കേണ്ടതുമാണ്.

4. രൂപതാസമിതികൾ വീടുകളിൽ നിരീക്ഷണത്തിലായിരിക്കുന്ന കോവിഡ് രോഗികളുടെ ആരോഗ്യസ്ഥിതി അറിയുന്നതിനും മെച്ചപ്പെടുത്തുന്നതിനും സഹായകരമായ പൾസ് ഓക്സീമീറ്റർ, ഡിജിറ്റൽ തെർമോമീറ്റർ, സ്റ്റീം ഇൻഹേലർ, മാസ്ക്, സാനിറ്റൈസർ എന്നിവ അടങ്ങിയ കിറ്റ് കുറഞ്ഞ നിരക്കിൽ കെസിബിസി കോവിഡ് പ്രതിരോധ പ്രവർത്തന ഏകോപന സമിതിയുടെ സഹായത്തോടെ ലഭ്യമാക്കേണ്ടതാണ്.

5. കത്തോലിക്കാ സിസ്റ്റേഴ്സ് ഡോക്ടേഴ്സ് ഫോറത്തിന്റെ ടെലെ- മെഡിസിൻ സേവനം കെസിബിസി കോവിഡ് പ്രതിരോധ പ്രവർത്തന ഏകോപന സമിതി വഴി ലഭ്യമാകുന്നതാണ്.

6. കോവിഡ് വ്യാപനം തടയുന്നതിനു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാസ്ക് ധരിക്കൽ, രണ്ടു മീറ്റർ അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗിച്ചുള്ള കൈകളുടെ ശുദ്ധീകരണം എന്നിവ കർശനമായി പാലിക്കുക. ഇതോടൊപ്പം പരിസരശുചിത്വവും ഉറപ്പുവരുത്തുക. ഭവനങ്ങളുടെയും ജോലിസ്ഥലങ്ങളുടെയും സാനിറ്റൈസേഷൻ നടത്തുക.

7. ഡോക്ടർമാർ, നഴ്സ്മാർ, മറ്റ് ആരോഗ്യപ്രവർത്തകർ, നിയമപാലകർ എന്നിവരെ ബഹുമാനിക്കുകയും അവരോട് ആത്മാർത്ഥമായി സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യുക.

8. കേരളസർക്കാരും കേന്ദ്രസർക്കാരും നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ജീവിതശൈലി ക്രമീകരിക്കുക. രോഗവ്യാപനം തടയാനുള്ള മാർഗങ്ങളും അവലംബിക്കുക.

9. സർക്കാർ നിർദ്ദേശിക്കുന്ന ക്രമീകരണങ്ങൾ അനുസരിച്ച് കഴിയുന്നത്ര വേഗത്തിൽ എല്ലാവരും പ്രതിരോധകുത്തിവയ്പ്പ് സ്വീകരിക്കേണ്ടതാണ്.

10. മാധ്യമങ്ങളുടെ സഹായത്തോടെ കോവിഡ് രോഗികൾക്കു ആശ്വാസം പകരുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

**സഭയുടെ പ്രവർത്തനങ്ങൾ**

കോവിഡ്-19 പ്രതിരോധനത്തിനും കോവിഡ് രോഗികളുടെ ചികിത്സയ്ക്കുമായി കെ.സി.ബി.സി.യുടെ ഹെൽത്ത് കമ്മീഷനും കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ കേരളഘടകവും കേരള സോഷ്യൽ സർവീസ് ഫോറവും സിസ്റ്റർ ഡോക്ടേഴ്സ് ഫോറവും ബന്ധപ്പെട്ട മറ്റ് കത്തോലിക്കാപ്രസ്ഥാനങ്ങളും സഹകരിച്ച് ആസൂത്രിതമായ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ മാർഗനിർദ്ദേശങ്ങൾക്കനുസരിച്ചും സർക്കാരിൽ നിന്നുള്ള സഹകരണങ്ങൾ സ്വീകരിച്ചുമാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. നമ്മുടെ ആശുപത്രികളെല്ലാം സജീവമായി രംഗത്തുണ്ട്. നമ്മുടെ ആശുപത്രികളുടെ നെറ്റ്വർക്കുകൾ മേഖലാ അടിസ്ഥാനത്തിൽ നേരത്തേതന്നെ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നതാണ്. എന്നാൽ, കൂടുതൽ സൗകര്യങ്ങളോടെ അവ ഇപ്പോൾ സജ്ജീകരിച്ചിട്ടുമുണ്ട്. മാത്രമല്ല ഇപ്രകാരമുള്ള മേഖലാ നെറ്റ്വർക്കിൽ എല്ലാ ക്രൈസ്തവസഭകളുടെയും ഇതരമതസ്ഥാപനങ്ങളുടെയും സഹകരണത്തോടുകൂടി പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുവാനുള്ള പരിശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. സഭയുടെ ഈവക പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ യഥാസമയം മാദ്ധ്യമങ്ങളിലൂടെ അറിയിക്കുന്നതാണ്. പി.ഒ.സി. കേന്ദ്രീകൃതമായി ഈ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ കെസിബിസി കോവിഡ് പ്രതിരോധ പ്രവർത്തന ഏകോപനസമിതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സമിതിയുമായി ജനങ്ങൾക്കു ബന്ധപ്പെടാവുന്ന ഫോൺ നമ്പറുകൾ ഇവയാണ്: 9072822364, 9072822365, 9072822366, 9072822367, 9072822368, 9072822370,

**ഭയപ്പെടാതിരിക്കാം**

ഈ കത്തിന്റെ ആരംഭത്തിൽ പറഞ്ഞതുപോലെ എല്ലാറ്റിനുമുപരി ദൈവത്തിലാശ്രയിച്ചു നമുക്ക് ഈ മഹാമാരിയെ അതിജീവിക്കുവാൻ അവിടത്തെ പ്രത്യേകമായ അനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിക്കാം. ഭയപ്പെടേണ്ട, ഞാൻ

നിങ്ങളോടുകൂടെ ഉണ്ട് എന്ന വചനം നമുക്കു ശക്തിപകരട്ടെ. ചരിത്രത്തിൽ സംഭവിച്ചിട്ടുള്ള ഭൂകമ്പങ്ങൾ, പ്രളയങ്ങൾ, പകർച്ചവ്യാധികൾ, മറ്റു പ്രകൃതിദുരന്തങ്ങൾ, മഹാമാരികൾ എന്നിവയെ അതിജീവിച്ച മനുഷ്യസമൂഹം ദൈവകൃപയാൽ കോവിഡ്-19 മഹാമാരിയെയും അതിജീവിക്കും. ഇത്തരം ദുരന്തങ്ങളിൽ അനേകരുടെ ജീവഹാനി സംഭവിക്കാറുണ്ട്. വ്യക്തികളുടെ മരണംപോലെ സമൂഹത്തിൽ ഇപ്പോൾ വർദ്ധിച്ചുവരുന്ന മരണങ്ങളെയും വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നമുക്കു മനസ്സിലാക്കാൻ പരിശ്രമിക്കാം. പരേതരുടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കാം. അവരുടെ ബന്ധുമിത്രാദികളെ ആശ്വസിപ്പിക്കാം. പരസ്പരം സഹായവും ആശ്വാസവും ഏറ്റം അധികം ആവശ്യമായിരിക്കുന്ന കാലമാണിത്. സകലത്തെയും ആശീർവദിക്കുന്നവന്റെ അനുഗ്രഹവും സർവത്തെയും സാന്ത്വനപ്പെടുത്തുന്നവന്റെ സമാശ്വാസവും എല്ലാറ്റിലും കൃപ ചൊരിയുന്നവന്റെ കാരുണ്യവും സംരക്ഷണവും നമ്മിലും നമ്മുടെ സമൂഹത്തിലും മനുഷ്യവർഗം മുഴുവനിലും ഉണ്ടായിരിക്കട്ടെ. ദൈവത്തിനു സ്തുതി.

ഈശോയിൽ സസ്നേഹം,

**കർദിനാൾ ജോർജ് ആലഞ്ചേരി,**

കെ. സി. ബി. സി. പ്രസിഡന്റ്

**ബിഷപ് വർഗ്ഗീസ് ചക്കാലയ്ക്കൽ**

കെ. സി. ബി. സി. വൈസ് പ്രസിഡന്റ്

**ബിഷപ് ജോസഫ് മാർ തോമസ്**

കെസിബിസി സെക്രട്ടറി ജനറാൾ.

---

NB. കെ.സി.ബി.സി യിൽനിന്നും നല്കപ്പെട്ട സർക്കുലർ

Ref: 3471/K-5/KCBC/OL/DS 08.04.2021

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മേയ്ദിന സന്ദേശം 2021

"വിശുദ്ധ യൗസേപ്പ്: നീതിയോടെ അദ്ധ്വാനിച്ച മരപ്പണിക്കാരൻ"
(ഫ്രാൻസിസ് പാപ്പ, പാത്രിസ് കോർദെ 6)

ഈശോയിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെയും തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളിന്റെയും മംഗളാശംസകൾ നേരുന്നു. കോവിഡ് മഹാമാരിയുടെ കരിനിഴലിൽനിന്നു ലോകം മുഴുവൻ മോചനം പ്രാപിക്കട്ടെ യെന്നു പ്രാർത്ഥിക്കുന്നു.

1. തൊഴിലാളികളുടെ സ്വർഗീയമദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിനു സമർപ്പിക്കപ്പെട്ട വർഷത്തിലെ മേയ്ദിനം സവിശേഷമാണ്. തിരുസ്സഭയുടെ 'പരിപാലകവിശുദ്ധനായി "വി. യൗസേപ്പിതാവിനെ 1870 ൽ ഭാഗ്യസ്മരണാർഹനായ പിയൂസ് ഒൻപതാമൻ പാപ്പ പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ നൂറ്റിയൻപതാം വാർഷികം പ്രമാണിച്ചാണു പരിശുദ്ധ ഫ്രാൻസിസ് പാപ്പ 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെയുള്ള ഒരു വർഷക്കാലം വിശുദ്ധ യൗസേപ്പിതാവിന്റെ ധന്യസ്മരണയ്ക്കു മുന്നിൽ സമർപ്പിച്ചുകൊണ്ട് പ്രഖ്യാപനം നടത്തിയത്. തിരുക്കുടുംബത്തിന്റെ നാഥനായ വിശുദ്ധ യൗസേപ്പിന്റെ വർഷം കുടുംബവർഷമായിക്കൂടി തിരുസ്സഭ ആചരിക്കുകയാണ്. ആയതിനാൽ, തൊഴിലിനെക്കുറിച്ചും തൊഴിലാളികളെക്കുറിച്ചും കുടുംബങ്ങളെക്കുറിച്ചും വിശദമായ പഠനങ്ങളും ധ്യാനങ്ങളും പരിചിന്തനങ്ങളും നടത്തേണ്ട

തായിട്ടുണ്ട്. അതോടൊപ്പം തൊഴിലാളി ശക്തീകരണത്തിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം.

2. വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തിനു തുടക്കം കുറിച്ചുകൊണ്ട് പരിശുദ്ധ ഫ്രാൻസിസ് പാപ്പ 'പാത്രിസ് കോർദേ' (പിതാവിനോടൊപ്പം) എന്ന പേരിൽ ഒരു അപ്പസ്തോലികലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി. മരപ്പണിക്കാരനും (മത്താ. 13:55) നീതിമാനുമായ (മത്താ. 1:19) യൗസേപ്പിതാവിന്റെ വ്യക്തിപ്രഭാവത്തിലെ ഗുണഗണങ്ങളെ വിവരിക്കുന്ന ഏഴു ഖണ്ഡികകൾ ഈ അപ്പസ്തോലികലേഖനത്തിലുണ്ട്. അതിൽ ആറാമത്തെ ഖണ്ഡിക 'തൊഴിലെടുക്കുന്ന പിതാവ്' എന്ന തലക്കെട്ടിലാണ് എഴുതിയിരിക്കുന്നത്. തൊഴിലാളിയായ വിശുദ്ധ യൗസേപ്പിന്റെ ജീവിതാനുഭവങ്ങളിലൂടെ തൊഴിലിന്റെ വ്യക്തിപരവും സാമൂഹികവുമായ മാനങ്ങളുടെ പ്രാധാന്യവും പ്രസക്തിയും പാപ്പ അനാവരണം ചെയ്യുകയാണ്. "തന്റെ കുടുംബത്തെ പരിപാലിക്കുന്നതിനായി സത്യസന്ധമായ ജീവിതം നയിച്ച മരപ്പണിക്കാരനാണു വിശുദ്ധ യൗസേപ്പ്. സ്വന്തം അദ്ധ്വാനത്തിന്റെ ഫലത്തിൽനിന്ന് ആഹാരം കഴിക്കണം എന്ന പ്രബോധനത്തിന്റെ മൂല്യവും അന്തസ്സും ആനന്ദവും യേശു സ്വാംശീകരിച്ചത് വിശുദ്ധ യൗസേപ്പിൽനിന്നാണ്" (പാത്രിസ് കോർദേ, 6). യേശുവിന്റെ ജീവിതത്തിൽ വി. യൗസേപ്പിതാവിന്റെ തൊഴിൽജീവിതം ചെലുത്തിയ സ്വാധീനമാണു പാപ്പ വിശദീകരിക്കുന്നത്. തൊഴിലിന്റെയും തൊഴിലാളികളുടെയും മഹത്ത്വത്തെ സംബന്ധിച്ചും പാപ്പ പറയുന്നത് ശ്രദ്ധിക്കുക: "രക്ഷാകര പ്രവർത്തനത്തിൽ പങ്കെടുക്കാനുള്ള മാദ്ധ്യമമാണു തൊഴിൽ. ദൈവരാജ്യത്തിന്റെ വരവിനെ വേഗത്തിലാക്കാനുള്ള അവസരമാണു തൊഴിൽ. കഴിവുകളും നൈപുണ്യവും വികസിപ്പിക്കാനുള്ള മാർഗമാണു തൊഴിൽ. വ്യക്തികളുടെ മാത്രമല്ല കുടുംബത്തിന്റെയും ആത്മസഫലീകരണത്തിനായി തൊഴിൽ അനിവാര്യമാണ്"(പാ.കോ.6). തൊഴിലിന്റെ സാമൂഹികമാനങ്ങളെ

ക്കുറിച്ചും പാപ്പ പഠിപ്പിക്കുന്നുണ്ട്. "നമ്മുടെ കാലഘട്ടത്തിലുള്ള സാമ്പത്തികവും സാമൂഹികവും സാംസ്കാരികവും ആദ്ധ്യാത്മികവുമായ പ്രതിസന്ധികൾ തൊഴിലിന്റെ മൂല്യം, പ്രാധാന്യം, ആവശ്യകത എന്നിവയെ വീണ്ടും കണ്ടെത്തി ആരെയും പുറത്താക്കാത്ത ഒരു പുതിയ സാമൂഹികക്രമം രൂപപ്പെടുത്തുന്നതിനുള്ള ആഹ്വാനമായി കാണണം" (പാ. കോ. 6) എന്നാണു പാപ്പ പഠിപ്പിക്കുന്നത്.

3. ലോകത്തെ പുരോഗതിയിലേക്കു നയിക്കുന്ന ഘടകമാണ് തൊഴിൽ. മനുഷ്യൻ തൊഴിൽ ചെയ്തില്ലായിരുന്നുവെങ്കിൽ ലോകം ഇന്നും സൃഷ്ടാവസ്ഥയിൽത്തന്നെ തുടരുമായിരുന്നു. സൃഷ്ടിയിൽ അന്തർലീനമായിരിക്കുന്ന ദിവ്യതയിലും സർഗാത്മകതയിലുമുള്ള പങ്കുചേരലാണ് തൊഴിലെന്ന ബോധ്യം ഉണ്ടാകുകയെന്നതാണ് ഓരോ തൊഴിലാളിയും മെയ്ദിനത്തിൽനിന്നു സ്വാംശീകരിക്കേണ്ട സന്ദേശം.

4. വ്യവസായവിപ്ലവത്തെത്തുടർന്നു തൊഴിൽമേഖലയിൽ ഉണ്ടായ ചൂഷണത്തിനെതിരേ എട്ടു മണിക്കൂർ തൊഴിൽ, എട്ടു മണിക്കൂർ വിനോദം എട്ടു മണിക്കൂർ വിശ്രമം എന്ന ആവശ്യവുമായി തൊഴിലാളികൾ ചിക്കാഗോ നഗരത്തിൽ നടത്തിയ സമരം അധികാരികളാൽ അടിച്ചമർത്തപ്പെട്ടെങ്കിലും തങ്ങൾ ഉന്നയിച്ച ആവശ്യങ്ങൾ നേടിയെടുക്കാൻ തൊഴിലാളി സമൂഹത്തിനു പിൽക്കാലത്ത് സാധിച്ചു. സമരമുഖത്തെ തൊഴിലാളികളുടെ സഹനത്തെയാണു മെയ്ദിനം നമ്മെ അനുസ്മരിപ്പിക്കുന്നത്.

5. "വ്യക്തി തന്റെ കായികവും ബുദ്ധിപരവും സർഗാത്മകവുമായ കഴിവുകളെ, തന്റെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഉന്നമനത്തിനായി പ്രയോജനപ്പെടുത്തുന്ന പ്രവർത്തനമാണു തൊഴിൽ" എന്നാണ് തിരുസ്സഭ നിർവചിച്ചിട്ടുള്ളത്. ഇതിൽനിന്നുതന്നെ കുടുംബപുരോഗതിയിലും സാമൂഹികവികസനത്തിലും തൊഴിലിന്റെയും തൊഴിലാളി

യുടെയും പ്രാധാന്യം എടുത്തു കാണിക്കുന്നുണ്ട്. അതു കൊണ്ടാണ് തൊഴിലാളിക്ക് ലഭിക്കുന്ന വേതനം തൊഴിലാളി യുടെയും കുടുംബത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റുന്ന തിനും, നാളേക്കുവേണ്ടി അല്പം കരുതി വയ്ക്കുന്നതിനുമുള്ള വിധമായിരിക്കണമെന്നുമുള്ള നിലപാട് എടുത്തുകൊണ്ട് ജീവനക്കൂലി (living wages) കുടുംബക്കൂലി (family wages) എന്നീ ആശയങ്ങൾ തിരുസ്സഭ ഒരു നൂറ്റാണ്ടുകാലമായി സാമൂ ഹികപ്രബോധനങ്ങൾവഴി അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. അന്താരാഷ്ട്ര തൊഴിൽ സംഘടന ഇക്കാര്യം തങ്ങളുടെ മാർഗനിർദ്ദേശപട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അദ്ധ്വാനത്തിലൂടെ സ്വകാര്യസ്വത്ത് ആർജിക്കുകയെന്നത് ഒരു വ്യക്തിയുടെ ഉത്തരവാദിത്വ മാണെന്നുകൂടി അസന്ദിഗ്ദ്ധമായി സഭയുടെ സാമൂഹിക ചാക്രികലേഖനങ്ങളിലൂടെ പ്രബോധി പ്പിക്കുന്നുണ്ട്.

6. തൊഴിൽ ലഭിക്കുക, തൊഴിലിനു മാന്യമായ വേതനം ലഭിക്കുക, സുരക്ഷിതമായ തൊഴിൽസാഹചര്യം ലഭിക്കുക, തൊഴിലിന് ഉറപ്പുലഭിക്കുക എന്നത് തൊഴിലാളികളുടെ അവ കാശങ്ങളാണ്. അതോടൊപ്പം ചികിത്സാനുകൂല്യങ്ങൾ, പെൻ ഷൻ ആനുകൂല്യങ്ങൾ എന്നിവ ഉൾപ്പടെയുള്ള സാമൂഹിക സുരക്ഷാപദ്ധതികൾ തുടങ്ങിയവയുടെ ലഭ്യതയെല്ലാം തൊഴിലാളിയുടെ അവകാശമാണ്. ഇവ ഉറപ്പുവരുത്തുക ബന്ധ പ്പെട്ട സർക്കാരുകളുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യ മാണു എന്നാണു തിരുസ്സഭ പഠിപ്പിക്കുന്നത് (സഭയുടെ സാമൂ ഹിക പ്രബോധനങ്ങളുടെ സംക്ഷേപം 301). ദൗർഭാഗ്യവശാൽ ഈ കർത്തവ്യനിർവ്വഹണത്തിൽനിന്ന് ഏകപക്ഷീയമായി പിൻമാറുന്ന നയമാണ് സർക്കാരുകൾ പിന്തുടരുന്നത് എന്ന ദുഃഖകരമായ സാഹചര്യമാണ് ഇപ്പോൾ ഉള്ളത്. മൂലധന ത്തെക്കാൾ പ്രധാന്യം തൊഴിലാളികൾക്കാണു നൽകേണ്ടത് എന്നാണു സഭാ പ്രബോധനങ്ങൾ പഠിപ്പിക്കുന്നത്. പരിശുദ്ധ ഫ്രാൻസിസ് പാപ്പ നിരന്തരം പരിദേവനം നടത്തുന്നതുപോലെ

തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞ പ്രാധാന്യമാണു ഇക്കാലത്തു നൽകപ്പെടുന്നത്. മൂലധനതാത്പര്യങ്ങൾ സംരക്ഷിക്കാനായി പലപ്പോഴും തൊഴിലാളികളുടെ അവകാശങ്ങൾ നിഹനിക്കപ്പെടുന്നു

7. ഇന്ത്യയിലെ ഏറ്റവും വലിയ തൊഴിൽ വിഭാഗമായ കർഷകർ തങ്ങളുടെ അവകാശസംരക്ഷണത്തിനായി സമരം തുടങ്ങിയിട്ട് ആറു മാസങ്ങൾ കഴിഞ്ഞു. കർഷകരുമായി കൂടിയാലോചിക്കാതെ രൂപപ്പെടുത്തിയിട്ടുള്ള കർഷകനിയമങ്ങൾ തങ്ങളുടെ താത്പര്യങ്ങൾക്ക് എതിരാണെന്ന പരാതിയിലാണു കർഷകർ സമരം തുടരുന്നത്. നാലു ലേബർ കോഡുകളായി രൂപപ്പെടുത്തി പരിഷ്കരിച്ചിരിക്കുന്ന തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്ന നടപടി ക്രമങ്ങൾ രൂപപ്പെടുത്തുന്നത് അവസാന ഘട്ടത്തിലാണ്. ഈ പരിഷ്കാരങ്ങൾക്കെതിരേ തൊഴിലാളികളും പ്രതിഷേധത്തിലാണ്. വേണ്ടത്ര കൂടിയാലോചന നടത്താതെ രൂപപ്പെടുത്തിയിരിക്കുന്ന ഇവ തൊഴിലാളി താത്പര്യങ്ങൾക്കെതിരാണെന്നാണ് അവർ ഉന്നയിക്കുന്ന പ്രധാന ആക്ഷേപം. നിലവിലുള്ള അവകാശങ്ങൾപോലും ഇല്ലാതാകുമെന്നു അവർ ഭയപ്പെടുന്നു. മാത്രമല്ല, രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന അസംഘടിത തൊഴിലാളികൾക്ക് ആവശ്യമായ പരിരക്ഷ ഈ നിയമത്തിൽ ഉറപ്പാക്കിയിട്ടില്ലെന്ന പരാതിയും അവർ ഉന്നയിക്കുന്നുണ്ട്.

8. പ്രകൃതിവിഭവങ്ങളിൽ ആശ്രയിച്ച് ജീവിതം കെട്ടിപ്പടുത്തുയർത്തുന്ന കർഷകരെയും - തൊഴിലാളിസമൂഹത്തെയും നിരാശയിലേക്കു നയിക്കുന്ന സാഹചര്യമാണു മലയോര മേഖലകളിൽ യുക്തിരഹിതവും അശാസ്ത്രീയവും ആയ വിധത്തിലുള്ള ബഫർസോൺ പ്രഖ്യാപനത്തിലൂടെയും, അന്യായമായി പട്ടയനിഷേധത്തിലൂടെയും ഉണ്ടായിരിക്കുന്നത്. തീരപരിപാലനനിയമത്തിലെ അപാകതകൾ, ദേശീയ മത്സ്യനയം, ബ്ലൂ ഇക്കോണമി സോൺ നയം, ആഴക്കടൽ മത്സ്യബന്ധനക്കരാറുകൾ എന്നിവ തീരവാസികളുടെ, വിശിഷ്യ

മത്സ്യത്തൊഴിലാളികളുടെ ജീവിതം കഷ്ടത്തിലാക്കിയിരിക്കുന്നു. എന്നാൽ, മലയോരമേഖലകളിലും തീരപ്രദേശങ്ങളിലും കോർപ്പറേറ്റുകൾക്കും ടൂറിസ്റ്റ് ലോബികൾക്കും എല്ലാവിധ ഒത്താശകളും ലഭിക്കുന്നു എന്നതാണു വൈരുദ്ധ്യം.

9. നിയമങ്ങൾ നിർമ്മിക്കുമ്പോഴും നയങ്ങൾ രൂപപ്പെടുത്തുമ്പോഴും ബന്ധപ്പെട്ടവരുമായി കൂടിയാലോചന നടത്തുവാൻ സർക്കാരുകൾ സന്നദ്ധമാകേണ്ടതുണ്ട്. മൂലധന താത്പര്യസംരക്ഷണത്തേക്കാൾ തൊഴിലാളികളുടെ സുസ്ഥിതിക്കും അവകാശങ്ങൾക്കു മുൻതൂക്കം കൊടുത്തു മാത്രമേ നിയമങ്ങളും നയങ്ങളും നിർമ്മിക്കുവാൻ പാടുള്ളൂ. പുതിയ നിയമങ്ങൾ നിർമ്മിക്കുമ്പോൾ വിശദമായ ചർച്ചകൾ നിയമനിർമ്മാണസഭകളിൽ നടക്കുന്നുണ്ടെന്നു ഉറപ്പുവരുത്തേണ്ടതുമാണ്. സാധാരണക്കാരായ ഗുണഭോക്താക്കളുടെ ആശങ്കകൾ പരിഹരിച്ചു മാത്രമേ നിയമങ്ങളും നയങ്ങളും നിർമ്മിക്കേണ്ടത്. ദീർഘകാലമായി സമരം ചെയ്യുന്ന കർഷകരോട് അനുഭാവപൂർണ്ണമായ സമീപനം സ്വീകരിക്കാനും അവരുടെ ആശങ്കകൾ പരിഹരിച്ച് സമരം സമാപിപ്പിക്കാനുമുള്ള നടപടികൾക്ക് കേന്ദ്രസർക്കാർ നേതൃത്വം നൽകേണ്ടതാണ്.

10. വിശുദ്ധ യൗസേപ്പിന്റെ ജീവിതം മാതൃകയാക്കാൻ എല്ലാ തൊഴിലാളികളെയും ആഹ്വാനം ചെയ്യുന്നു. അവകാശങ്ങളെക്കുറിച്ച് ചിന്തിക്കുന്നതോടൊപ്പം തങ്ങളുടെ കടമകളെക്കുറിച്ച് തൊഴിലാളികളെ ചിന്തിപ്പിക്കുന്നതിനുള്ള അവസരംകൂടിയാണ് മേയ്ദിനം. അവകാശങ്ങളെക്കുറിച്ചു മാത്രം ചിന്തിക്കുകയും കടമകളെ മറക്കാൻ ശ്രമിക്കുകയും ചെയ്യുന്ന തൊഴിലാളിസമൂഹം സ്വയംനാശത്തിലേക്കു നിപതിക്കും. തദ്ഫലമായി രാഷ്ട്രത്തിന്റെ തകർച്ചക്കുവരെ നിദാനമാകുകയും ചെയ്യും.

11. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹികമേഖലയിലും പ്രതീക്ഷയുടെയും സന്തോഷത്തിന്റെയും വെളിച്ചം പരത്താൻ തൊഴിലാളിക്കു കടമയുണ്ട്.

ഇഷ്ടമുള്ള ജോലി ചെയ്യുന്നതിലല്ല മറിച്ച് ലഭിച്ച തൊഴിൽ സന്തോഷത്തോടെ അതിന്റെ പൂർണ്ണതയിൽ ചെയ്യുമ്പോഴാണ് തൊഴിലാളിക്ക് തന്റെ ഉത്തരവാദിത്വം നിറവേറ്റാനാകുന്നത്. തൊഴിൽമേഖലയിൽ സർഗാത്മകതയോടെ ഇടപെടുക, എല്ലാ മേഖലയിലും കരുതലെടുക്കുക, ത്യാഗമനസ്സുണ്ടാകുക, സഹകരണമനോഭാവം വളർത്തിയെടുക്കുക, പങ്കുവയ്ക്കലിന്റെ രീതിശാസ്ത്രം പ്രയോഗവത്കരിക്കുക എന്നതെല്ലാം തൊഴിലാളികൾ തങ്ങളുടെ കടമകളാണെന്നു തിരിച്ചറിയുകയും അതിനനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് തൊഴിൽരംഗത്തു വികസനവും സമാധാനവും സംജാതമാകുക. കുടുംബത്തിലുള്ള തന്റെ ചുമതലകൾ കർത്തവ്യബോധത്തോടെ തൊഴിലാളികൾ നിർവ്വഹിക്കണം. സാമൂഹിക പ്രതിബദ്ധതയും തൊഴിലാളികൾക്കുണ്ടാകണം (ഫ്രത്തേലി തൂത്തി 162).

12. "മറ്റുള്ളവർ നിങ്ങൾക്കു ചെയ്തു തരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ" (മത്താ. 7:12) എന്ന യേശുവചനത്തെ മലയിലെ പ്രസംഗത്തിലെ സുവർണ്ണനിയമമെന്നാണു വിശേഷിപ്പിക്കുന്നത്. മാറ്റം തുടങ്ങേണ്ടത് നമ്മിൽ ഓരോരുത്തരിൽനിന്നുമാണ്. അതിന് സ്വതന്ത്രചിന്ത അത്യാവശ്യമാണ്. സത്യാധിഷ്ഠിതപ്രവൃത്തികളാണു നമ്മെ സ്വതന്ത്രമാക്കുന്നത് (യോഹ 8:32). ജാതീയമായും മതപരമായും രാഷ്ട്രീയപരമായും വിഭജിതമായതും അടിമത്തപരമായ വിധേയത്വം പുലർത്തുന്നതുമായ വ്യക്തികളുടെ കൂട്ടം ഒരു പുരോഗതിയും മുന്നോട്ടു വയ്ക്കുന്നില്ല. ഈ സാഹചര്യത്തെയാണു രാഷ്ട്രീയ, ഭരണ, കോർപ്പറേറ്റ് കൂട്ടുകെട്ടുകൾ പ്രയോജനപ്പെടുത്തുന്നത് എന്ന തിരിച്ചറിവുള്ളവരായി മാറുകയെന്നതാണ് ഓരോ തൊഴിലാളിയുടെയും പരമപ്രധാനമായ കർത്തവ്യം. മാർ യൗസേപ്പിനെപ്പോലെ അവകാശങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും ബോധ്യമുള്ളവരായി തൊഴിലാളികൾ മാറണം.

13. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ നേതൃത്വം നല്കുന്ന കേരള ലേബർ മൂവ്മെന്റ് ഇന്ത്യൻ മെത്രാൻ സമിതിയുടെ (CBCI) വർക്കേർസ് ഇന്ത്യ ഫെഡറേഷനുമായി (WIF) സഹകരിച്ചു പ്രർത്തിക്കുന്നു. ഇന്ത്യയിലെ തൊഴിൽ, തൊഴിൽ ശക്തിയിലെ 94 ശതമാനം വരുന്ന അസംഘടിതതൊഴിലാളികളുടെ സംഘാടനവും ഉന്നമനവുമാണ് ഇതിലൂടെ പ്രധാനമായും ലക്ഷ്യമാക്കുന്നത്.

14. തൊഴിൽപരമായ സംഘാടനം, നൈപുണ്യപരിശീലനം, സാമൂഹിക സുരക്ഷാപദ്ധതികളിലെ പങ്കാളിത്തം, ആരോഗ്യ ഇൻഷൂറൻസ് പദ്ധതികൾ, അവകാശനിഷേധങ്ങൾക്കെതിരേ യുള്ള പ്രതിരോധം, തൊഴിലിനെ ആദരിക്കുന്ന സംസ്കാരത്തെ രൂപപ്പെടുത്തൽ, ക്രിസ്തീയവും ധാർമ്മികവുമായ ജീവിതരീതി പ്രദാനം ചെയ്യൽ തുടങ്ങിയവയാണ് കെ.എൽ.എം. ലക്ഷ്യം വയ്ക്കുന്നത്.

15. നിർമ്മാണത്തൊഴിലാളി ഫോറം, മത്സ്യത്തൊഴിലാളി ഫോറം, തയ്യൽത്തൊഴിലാളി ഫോറം, ഗാർഹികത്തൊഴിലാളി ഫോറം, പീടികത്തൊഴിലാളി ഫോറം, കർഷകത്തൊഴിലാളി ഫോറം, ചെറുകിടതോട്ടം തൊഴിലാളി ഫോറം, മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ഫോറം, വനിതാഫോറം എന്നിങ്ങനെ വിവിധ ഫോറങ്ങൾ വഴിയാണ് കെ.എൽ.എം. പ്രവർത്തിച്ചുവരുന്നത്.

16. തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാ ചരണത്തിൽ തൊഴിലാളപ്രേഷിതത്വത്തിനു മുൻഗണന നൽകേണ്ടതാണ്. തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായുള്ള പ്രവർത്തനങ്ങൾ എല്ലാ രൂപതകളും വളരെ ഗൗരവപൂർവ്വം ഏറ്റെടുക്കുവാൻ താത്പര്യപ്പെടുന്നു. എല്ലാ ഇടവകകളിലും കെ.എൽ.എം. ന്റെ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും സജീവമാ ക്കുകയും ചെയ്യണം. മേയ് ദിനത്തോടനുബന്ധിച്ച് എല്ലാ

ഇടവകകളിലും തൊഴിലാളികൾക്കുവേണ്ടി ദിവ്യബലി അർപ്പിക്കുന്നത് ഉചിതമാണ്.

17. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും വിശുദ്ധ യൗസേപ്പിന്റെ മാധ്യസ്ഥ്യവും എല്ലാ തൊഴിലാളി സഹോദങ്ങളുടെയുംമേൽ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരെയും കാത്തു സംരക്ഷിക്കട്ടെ.

**ബിഷപ് അലക്സ് വടക്കുംതല**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ് ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

പി. ഒ. സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025

---

NB: കെ.സി.ബി.സി. യിൽനിന്നു നല്കപ്പെട്ട സർക്കുലർ

Prot. No.0671/2021

## ഇടയലേഖനം

# സഭാദിനം ദുക്റാനത്തിരുനാൾ

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന

എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ജൂലൈ മൂന്ന് വലിയ ഒരു ഓർമ ഉണർത്തുന്ന ദിവസമാണ്. ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമാശ്ലീഹായുടെ ഓർമ. ദുക്റാനത്തിരുനാൾ എന്നാണല്ലോ നാം അതിനെ വിശേഷിപ്പിക്കുന്നത്. ദുക്റാന എന്ന വാക്കിന്റെ അർത്ഥം ഓർമ എന്നാണ്. 2013 മുതൽ ദുക്റാനത്തിരുനാൾ സഭാദിനമായും നമ്മൾ ആഘോഷിക്കുന്നുണ്ട്. ഈ വർഷത്തെ സഭാദിനവും കഴിഞ്ഞ വർഷത്തേതുപോലെ കോവിഡ്-19 ന്റെ പശ്ചാത്തലത്തിലാണ് ആഘോഷിക്കേണ്ടിവരുന്നത്.

**മഹാമാരിയുടെ പശ്ചാത്തലം**

കോവിഡ്-19 ന്റെ ഒന്നാം തരംഗത്തെ ഇന്ത്യ ഏറെക്കുറെ വിജയകരമായി നേരിട്ടു. എന്നാൽ രണ്ടാം തരംഗം കൂടുതൽ പേരുടെ മരണത്തിനു കാരണമായി. ഔദ്യോഗിക കണക്കനുസരിച്ച് ഇതിനകം ഭാരതത്തിൽ 387000 ത്തോളം ആളുകൾ കോവിഡ്-19 മൂലം മരണപ്പെട്ടിട്ടുണ്ട്. ഇതിൽ 12000 ൽ അധികം പേർ കേരളത്തിൽനിന്നുതന്നെയാണ്. മരണമടഞ്ഞവരെയും

അവരുടെ കുടുംബങ്ങളെയും നമുക്കു ദൈവതൃക്കരങ്ങളിൽ സമർപ്പിക്കാം. മരണം സംഭവിച്ചില്ലെങ്കിലും കോവിഡ് ബാധ മൂലം ഉണ്ടായ ആരോഗ്യപ്രശ്നങ്ങളാൽ ക്ലേശിക്കുന്നവർ അനേകരുണ്ട്. കോവിഡിന്റെ മൂന്നാമതൊരു തരംഗത്തെ ക്കുറിച്ചുള്ള മുന്നറിയിപ്പുകൾ മാധ്യമങ്ങളിലൂടെ നമുക്കു ലഭിക്കുന്നുണ്ട്. മൂന്നാം തരംഗത്തിൽ കുട്ടികളെ ഈ രോഗം കൂടുതൽ ബാധിക്കാൻ സാധ്യതയുണ്ടെന്നു പറയപ്പെടുന്നു. കോവിഡ് വാക്സിൻ സ്വീകരിച്ച് എല്ലാവരും പ്രതിരോധശക്തി ഉള്ളവരായിരിക്കുക എന്നതാണ് നമുക്കിപ്പോൾ ചെയ്യാനു ള്ളത്. അതിനായി സർക്കാരുകൾ മുന്നോട്ടുവയ്ക്കുന്ന പദ്ധതികളോട് എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം.

കോവിഡ് നിർമാർജനത്തിനായി ജീവൻപോലും പണയംവച്ചു പ്രവർത്തിക്കുന്ന അനേകരുണ്ട്. ഡോക്ടർമാ രെയും നഴ്സുമാരെയും മറ്റ് ആരോഗ്യപ്രവർത്തകരെയും സമർപ്പിതരെയും നമുക്കു നന്ദിപൂർവ്വം സ്മരിക്കാം. രോഗീ പരിചരണത്തിനിടയിൽ ജീവഹാനി സംഭവിച്ച ആരോഗ്യ പ്രവർത്തകർക്കു നമുക്ക് ആദരാഞ്ജലികൾ അർപ്പിക്കാം. സന്നദ്ധസംഘങ്ങളായി പ്രവർത്തിക്കുന്ന വൈദികരും സമർപ്പി തരും യുവതീയുവാക്കളും നമ്മുടെ പ്രത്യേക പ്രശംസയർഹി ക്കുന്നു. കോവിഡ് രോഗംമൂലം ഇതിനകം ഇന്ത്യയിൽ നാല് മെത്രാന്മാരും 500 ലധികം വൈദികരും സമർപ്പിതരും മരണം പ്രാപിച്ചിട്ടുണ്ട്. കാരുണ്യവാനായ കർത്താവ് അവരുടെ സമർപ്പണത്തിനു പ്രതിഫലം നൽകട്ടെ. മരണമടഞ്ഞ മെത്രാന്മാരിൽ ഒരാൾ സാഗർ രൂപതയുടെ മുൻ അദ്ധ്യക്ഷ നായ അഭിവന്ദ്യ ജോസഫ് പാസ്റ്റർ നീലങ്കാവിൽ പിതാവാണ്. അഭിവന്ദ്യ പിതാവിന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു.

കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമുള്ള നമ്മുടെ രൂപതകൾ കോവിഡുകാലത്തു വലിയ പ്രതിസന്ധികളിലൂടെയാണു കടന്നുപൊയ്ക്കൊ ണ്ടിരിക്കുന്നത്. വിദേശരാജ്യങ്ങളിൽ കോവിഡ് ഇപ്പോൾ

നിയന്ത്രണവിധേയമാണല്ലോ. ഭാരതത്തിലെ നമ്മുടെ മിഷൻ രൂപതകൾ കോവിഡു പ്രതിരോധപ്രവർത്തനങ്ങളിൽ വളരെ സജീവമാണ് എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാരും വൈദികരും സമർപ്പിതരും അല്മായനേതാക്കളും വലിയ പ്രതിബദ്ധതയോടെയാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. നമ്മുടെ പ്രാർഥന ഏവർക്കും ശക്തിയും സംരക്ഷണവും നൽകട്ടെ.

**മാർത്തോമ്മാ ചൈതന്യവും മാതൃകയും**

ഈ കോവിഡ് കാലത്തു മാർത്തോമ്മാശ്ലീഹായിൽ നിന്നു നമുക്കു സ്വീകരിക്കാവുന്ന പ്രചോദനം എന്താണ് എന്നു ചിന്തിക്കുന്നതു നന്നായിരിക്കും. പന്തക്കുസ്തായിൽ പരിശുദ്ധാത്മാഭിഷേകം സ്വീകരിച്ച ശിഷ്യന്മാർ കൂടുതൽ ശക്തി നേടി സുവിശേഷപ്രഘോഷകരും സാക്ഷികളുമായി മാറിയല്ലോ. അതേ പരിശുദ്ധാത്മചൈതന്യത്തിലാണു തോമാശ്ലീഹാ ഇന്ത്യയിൽ വന്നു സുവിശേഷം പ്രസംഗിച്ചതും ക്രൈസ്തവസമൂഹങ്ങൾക്കു രൂപംകൊടുത്തതും. അന്നത്തെ പലസ്തീനായിൽ നിന്ന് ഇന്ത്യവരെയുള്ള യാത്രയും ഇന്ത്യയിലെ പ്രവർത്തനങ്ങളും തോമാശ്ലീഹാ നിർവഹിച്ചത് എങ്ങനെയെന്നു നമുക്ക് ഊഹിക്കാനേ സാധിക്കൂ. അടുത്തകാല ഗവേഷണങ്ങളുടെ വെളിച്ചത്തിൽ തോമ്മാശ്ലീഹാ ഭാരതത്തിലേക്കു രണ്ട് യാത്രകൾ നടത്തിയതായി അനുമാനിക്കാൻ കഴിയും. ഒന്നാമത്തേത്, കരമാർഗം ഉത്തരഭാരതത്തിലേക്കും രണ്ടാമത്തേത് കടൽമാർഗം കേരളത്തിലേക്കും. തോമ്മാശ്ലീഹായുടെ ഈ ധീരത കോവിഡ് കാലത്തെ എല്ലാ പ്രതിസന്ധികളെയും നേരിടുവാൻ നമുക്കു പ്രചോദനം നൽകേണ്ടതാണ്.

തോമാശ്ലീഹാ അസാധാരണമായ ധീരത തന്റെ ജീവിതത്തിൽ പ്രകടമാക്കിയിട്ടുണ്ട്. ലാസറിനെ പുനർജീവിപ്പിക്കുന്നതിന് ഉള്ളിൽ തീരുമാനിച്ചുകൊണ്ട് യൂദയായിലേക്കു പോകുവാൻ ഈശോ ആഗ്രഹിച്ചു. എന്നാൽ, അവിടത്തെ

കല്ലെറിയാൻ യഹൂദർ തക്കം പാർത്തിരിക്കുന്നു എന്നു പറഞ്ഞു ശിഷ്യന്മാർ ഈശോയെ തടഞ്ഞു. അപ്പോൾ തോമ്മാശ്ലീഹാ പറഞ്ഞു: ‘‘നമുക്കും അവനോടുകൂടി പോയി മരിക്കാം’’ (യോഹ.11:16). പിന്നീട്, തോമാശ്ലീഹാ ഭാരതത്തിൽ വന്നു ‘‘ഈശോയോടൊപ്പം’’ മരിച്ചുവല്ലോ. കർത്താവിന്റെ സുവിശേഷത്തെയും ജീവിതത്തെയുംകുറിച്ചുള്ള രഹസ്യങ്ങൾ അവിടത്തോടുതന്നെ ചോദിച്ചു മനസ്സിലാക്കാനുള്ള ആത്മധൈര്യവും തോമാശ്ലീഹായ്ക്കുണ്ടായിരുന്നു. ഈശോ ഈ ലോകം വിട്ടുപോകാറായി എന്നറിയിക്കുകയും പോകുന്നിട ത്തേക്കുള്ള വഴി ശിഷ്യന്മാർക്ക് അറിയാമെന്നു സൂചിപ്പി ക്കുകയും ചെയ്തപ്പോൾ തോമ്മാശ്ലീഹായാണ് ഈശോയോടു ചോദിച്ചത്, “കർത്താവേ, നീ എങ്ങോട്ടാണ് പോകുന്നത് എന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ; പിന്നെ എങ്ങനെ വഴി അറിയും?” എന്ന്. ഈ ചോദ്യത്തിന് ഉത്തരമായാണ്, “ഞാനാകുന്നു വഴിയും സത്യവും ജീവനു”മെന്ന (യോഹ.14:6) സുപ്രധാനമായ വെളിപ്പെടുത്തൽ ഈശോ നടത്തിയത്. ഈശോയാണു മനുഷ്യർക്കു രക്ഷയുടെ മാർഗം എന്ന സത്യം നന്നായി ഗ്രഹിക്കുവാൻ ഈശോയുടെ വെളിപ്പെടുത്തൽ തോമാ ശ്ലീഹായ്ക്ക് ഉപകരിച്ചു. സുവിശേഷത്തിലെ തോമാശ്ലീഹാ യുടെ സാന്നിധ്യവും ഇടപെടലുകളും ഈശോയിൽ വിശ്വസി ക്കുന്നവർക്കു പ്രചോദനവും ധൈര്യവും പകരുന്നവയാണ്.

**ഓൺലൈൻ ശൈലി**

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സഭയുടെ പ്രവർത്തനങ്ങളുടെ ഏകോപനം സി.ബി.സി.ഐ., കെ.സി. ബി.സി., മെത്രാൻ സിനഡ്, രൂപതകൾ, സമർപ്പിതസമൂഹങ്ങൾ, സംഘടനകൾ എന്നീ തലങ്ങളിൽ ഓൺലൈനായി നടക്കുന്നുണ്ട്. ഈ വിധത്തിൽ സഭാജീവിതത്തിന്റെ സജീവത്വം നിലനിർത്തുവാൻ നമുക്കു സാധിക്കുന്നതിൽ ദൈവത്തിനു നന്ദി പറയാം. ഒരു മഹാമാരി മനുഷ്യരെ പരസ്പരബന്ധത്തിൽ

നിന്ന് അകറ്റിനിർത്തുമ്പോൾ ഇന്റർനെറ്റിന്റെ സാധ്യതകൾ ഈ കാലസന്ധിയിൽ നമുക്ക് ഒരു അനുഗ്രഹമായിത്തീർന്നിരിക്കുന്നു!

കോവിഡ്-19 ന്റെ സാഹചര്യംമൂലം 2020 ഓഗസ്റ്റിലും 2021 ജനുവരിയിലും സഭയുടെ സിനഡ് ഡിജിറ്റൽ ഫോറത്തിലാണു നടത്തിയത്. വരുന്ന ഓഗസ്റ്റിലെ സിനഡും അങ്ങനെതന്നെ നടക്കാനാണു സാധ്യത. ഡിജിറ്റൽ ഫോറത്തിൽ സിനഡ് നടത്താനുള്ള പ്രായോഗികനിർദ്ദേശങ്ങൾ പരി. സിംഹാസനം നൽകിയിട്ടുണ്ട്.

**സഭാവാർത്തകൾ**

നമ്മുടെ സഭയുടെ തലത്തിൽ വന്നിട്ടുള്ള ചില മാറ്റങ്ങളെക്കുറിച്ചു നിങ്ങളോടു സംസാരിച്ചുകൊള്ളട്ടെ. ഓസ്ട്രേലിയായിലെ മെൽബൺ രൂപതയുടെ അധികാരപരിധി ന്യൂസിലൻഡിലേക്കും ഓഷ്യാനിയായിലെ മറ്റു രാജ്യങ്ങളിലേക്കും വ്യാപിപ്പിച്ചകാര്യം ഇതിനകം നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ. പരിശുദ്ധ സിംഹാസനത്തോടു നമുക്കു നന്ദിയുള്ളവരായിരിക്കാം. മെൽബൺ രൂപതയെയും അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവിനെയും അഭിനന്ദിക്കാം. ഭാരതത്തിലെ പുതിയ അപ്പസ്തോലിക് ന്യുൺഷ്യോ ആയി ആർച്ച് ബിഷപ് ലെയോപോൾദോ ജിറേല്ലി കഴിഞ്ഞ മെയ് മാസം 28-ാം തീയതി ചാർജ് എടുത്തിട്ടുണ്ട്. പുതിയ അപ്പസ്തോലിക് ന്യുൺഷ്യോയെ നമുക്കു സ്നേഹപൂർവ്വം സ്വാഗതം ചെയ്യാം. കഴിഞ്ഞ മൂന്നുവർഷങ്ങളിൽ മാർപാപ്പയുടെ പ്രതിനിധിയായി സേവനം ചെയ്ത ആർച്ച് ബിഷപ് ജംബത്തിസ്ത ദിക്വാത്രോയ്ക്കു നമുക്കു നന്ദി പ്രകാശിപ്പിക്കുകയും ചെയ്യാം. സീറോമലബാർസഭാംഗങ്ങളായ മെത്രാന്മാർ ഭാരതത്തിലും വിദേശ രാജ്യങ്ങളിലും ലത്തീൻ രൂപതകളിൽ ശുശ്രൂഷചെയ്യുന്നു എന്നതു നമുക്കു സന്തോഷമുളവാക്കുന്നതാണ്. ഏറ്റവും പുതിയതായി കാഞ്ഞിരപ്പള്ളി രൂപതാംഗവും ഹെറാൾഡ്സ്

ഓഫ് ഗുഡ്ന്യൂസ് സന്ന്യാസസമൂഹാംഗവുമായ ബഹുമാനപ്പെട്ട സിബി മാത്യു പീടികയിലച്ചനെ പപ്പുവാ ന്യൂഗിനിയായിലെ ഐതപ്പെ രൂപതയുടെ മെത്രാനായി ഫ്രാൻസിസ് മാർപാപ്പ നിയമിച്ചിരിക്കുന്നു. അഭിവന്ദ്യ പിതാവിനു മാതൃസഭയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും!

നമ്മുടെ സഭയിലെ വൈദികപരിശീലനം ലോക്ഡൗൺ നിയന്ത്രണങ്ങൾക്കിടയിലും കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുവാൻ സെമിനാരി കമ്മീഷനുകളും സന്ന്യാസസമൂഹങ്ങളും സെമിനാരികളിലെ ഉത്തരവാദിത്വപ്പെട്ടവരും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ഓൺലൈൻ ക്ലാസ്സുകൾ പുതിയ അധ്യയനവർഷത്തിൽ ആരംഭിച്ചുകഴിഞ്ഞു. വിവിധ മൈനർ സെമിനാരികളിലും മേജർ സെമിനാരികളിലും വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

വി. കുർബാനയുടെ പരിഷ്കരിച്ച തക്സാ പരി. സിംഹാസനത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ് എന്ന കാര്യം അറിയിക്കട്ടെ. നമ്മുടെ സഭയിലെ യാമപ്രാർത്ഥനകളുടെ ഏകീകരണവും നവീകരണവും ലിറ്റർജി കമ്മീഷന്റെ ഇപ്പോഴത്തെ പ്രധാന കർമ്മപരിപാടിയാണ്. കോവിഡുകാലത്തെ കുട്ടികളുടെ വിശ്വാസപരിശീലന പദ്ധതികൾ നമ്മുടെ സഭയുടെ വിശ്വാസപരിശീലന കമ്മീഷൻ ഫലപ്രദമായി തയ്യാറാക്കിയിട്ടുണ്ട്. സൺഡേസ്കൂൾ ക്ലാസുകളും അധ്യാപകർക്കുവേണ്ടിയുള്ള ക്ലാസുകളും ഓൺലൈനിലൂടെ വിജയകരമായി നടക്കുന്നു. വിശ്വാസ പരിശീലനക്ലാസ്സുകൾ ഉദാരതയോടെ സംപ്രേക്ഷണം ചെയ്യുന്ന ഗുഡ്നെസ്, ശാലോം, ഷെക്കെയ്ന ചാനലുകൾക്കു ഹൃദയം നിറഞ്ഞ നന്ദി!

ഏതാനും വർഷങ്ങളായി മൗണ്ട് സെന്റ് തോമസിലെ സഭയുടെ കാര്യാലയത്തിൽനിന്ന് ഇന്റർനെറ്റ് മിഷനും മീഡിയാ

കമ്മീഷനും കാലഘട്ടത്തിന്റെ ആവശ്യകതകൾ കണക്കി ലെടുത്തു പല നൂതനപരിപാടികളും ആസൂത്രണം ചെയ്തു നടപ്പാക്കിവരുന്നു. നമ്മുടെ സഭയിലെ രൂപതകൾക്കും സമർപ്പിതസമൂഹങ്ങൾക്കും സംഘടനകൾക്കും വേണ്ടിയുള്ള വെബ്സൈറ്റ് നിർമാണവും സോഫ്റ്റ്വെയർ വികസിപ്പിക്കലും സീറോമലബാർ മാട്രിമണിയുമാണു ഇന്റർനെറ്റ് മിഷന്റെ പ്രധാന പരിപാടികൾ. മീഡിയാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ "സീറോമലബാർ വിഷൻ", "മൗണ്ട് വിഷൻ" എന്നീ രണ്ട് ഓൺ ലൈൻ ബുള്ളറ്റിനുകൾ പ്രസിദ്ധീകരിക്കുന്നു. ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ സഭാചരിത്രഗവേഷണം ആരംഭിച്ചിട്ടുണ്ട്. സീറോമലബാർ ഹെറിറ്റേജ് ആന്റ് റിസേർച് സെന്റർ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. സാമ്പ ത്തികപരാധീനതകൾമൂലം ഈ പദ്ധതി ഉദ്ദേശിച്ച സമയത്തു പൂർത്തിയാക്കാൻ സാധിക്കുന്നില്ല. സഭയുടെ മിഷൻപ്രവർ ത്തനവും പ്രവാസികൾക്കായുള്ള കർമപരിപാടികളും ദൈവ വിളി പ്രോത്സാഹനവും ദളിത് ക്രൈസ്തവ സ്കോളർഷിപ്പു കളും നല്ലരീതിയിൽ നടപ്പിലാക്കാൻ ബന്ധപ്പെട്ട കമ്മീഷനുകൾ ശ്രദ്ധിക്കുന്നുണ്ട്.

**ജനക്ഷേമപ്രവർത്തനങ്ങൾ**

നമ്മുടെ സഭയിലെ എല്ലാ രൂപതകളിലും മിഷൻപ്രദേ ശങ്ങളിലും കോവിഡ് പ്രതിരോധത്തിനും സാമൂഹികക്ഷേമ ത്തിനുമായി നിരവധി പ്രവർത്തനങ്ങൾ നടക്കുന്നതിൽ സന്തോ ഷിക്കുന്നു. കേരളത്തിലെ സഭയിൽ സോഷ്യൽസർവീസ് ഫോറവും കാത്തലിക് ഹെൽത്ത് അസോസിയേഷനും കെ. സി.ബി.സി. ഹെൽത്ത് കമ്മീഷനും ചേർന്നു പി.ഒ.സി. കേന്ദ്ര മായി കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നു. നമ്മുടെ രൂപതാസംവിധാനങ്ങളും ഇവയോടു സഹകരിച്ചു പ്രവർത്തിക്കുന്നുണ്ടല്ലോ. പ്രവാസി കളുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനും അവരുടെ ക്ലേശങ്ങൾക്കു പരിഹാരം കണ്ടെത്തുന്നതിനും സർക്കാരിനോടു

സഹകരിച്ചു നമ്മുടെ രൂപതകളും സമർപ്പിതസമൂഹങ്ങളും ചെയ്യുന്ന പ്രവർത്തനങ്ങളും അഭിനന്ദനമർഹിക്കുന്നു.

സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധികളിൽ നിന്നു സമൂഹത്തിലെ പാവപ്പെട്ടവരായ ആളുകൾക്കു ലഭ്യമാകാവുന്ന ക്ഷേമപദ്ധതികൾ കണ്ടെത്തി അവയെല്ലാം പ്രയോജനപ്പെടുത്തുന്നതിന് അവരെ പ്രബുദ്ധരാക്കുകയും സഹായിക്കുകയും ചെയ്യേണ്ടത് ഓരോ രൂപതയുടെയും ഉത്തരവാദിത്വമായി കാണണം. കർഷകക്ഷേമനിധി അടുത്തകാലത്തു സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന ഒരു നല്ല പദ്ധതിയാണ്. ചെറുകിട കർഷകരെ ഈ ക്ഷേമനിധിയിൽ അംഗങ്ങളാക്കി അതിന്റെ പ്രയോജനം എടുക്കുവാനും സഭാശുശ്രൂഷകർ നേതൃത്വം നൽകേണ്ടതാണ്.

കാലവർഷക്കെടുതികൾ ഉണ്ടാകുന്ന സന്ദർഭമാണല്ലോ ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങൾ. അവയെ നേരിടുവാനും നാം ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**അർഹമായ അവകാശങ്ങൾ**

ന്യൂനപക്ഷാവകാശങ്ങളുടെ വിതരണത്തിൽ ആനുപാതികമായതും ന്യായമായതും ആർക്കും നിഷേധിക്കപ്പെടാതിരിക്കാൻ സർക്കാർ പ്രതിബദ്ധതയോടെയും സമഭാവനയോടെയും പ്രവർത്തിക്കണം. അതുപോലെ സംവരേണതര വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഇവിടെയെല്ലാം ലത്തീൻ കത്തോലിക്കർക്കും ദളിത് ക്രൈസ്തവർക്കും ഇതര സമുദായങ്ങൾക്കും അർഹതപ്പെട്ടത് ഒരു കുറവും കൂടാതെ ലഭിക്കണമെന്നതാണു നമ്മുടെ നിലപാട്. ഭരണഘടനയും ജനാധിപത്യ ഭരണവ്യവസ്ഥിതിയും നൽകുന്ന അർഹമായ അവകാശങ്ങൾ വ്യവസ്ഥാപിത സംവിധാനങ്ങളിലൂടെയാണ് നേടിയെടുക്കേണ്ടത്. അതിന്റെ പേരിൽ മതങ്ങൾ തമ്മിലും സമുദായങ്ങൾ തമ്മിലും കേരളത്തിൽ

നിലനിൽക്കുന്ന സൗഹാർദാന്തരീക്ഷം തകർക്കുന്ന യാതൊരു സമീപനവും ആരുടെയും ഭാഗത്തുനിന്നുണ്ടാകരുത്. സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള പ്രതികരണങ്ങളിൽ മിതത്വവും ക്രൈസ്തവസമീപനവും നഷ്ടപ്പെടുത്താതിരിക്കാൻ ഏവർക്കും കരുതലുണ്ടാകണം. സാമൂഹികവിഷയങ്ങളിൽ സഭയുടെ പബ്ലിക് അഫേയേഴ്സ് കമ്മീഷൻ കാര്യക്ഷമമായ ഇടപെടലുകൾ യഥാസമയം നടത്തുന്നുണ്ട്. സമുദായ സംഘടന എന്ന നിലയിൽ കത്തോലിക്കാ കോൺഗ്രസും ഈ വിഷയങ്ങളിൽ ജാഗ്രത പുലർത്തുന്നു.

**അവസാനമായി**


കോവിഡ് മഹാമാരിയിൽനിന്നു മോചിതരാകാൻവേണ്ടി നമ്മുടെ പ്രത്യേക പ്രാർത്ഥനകളും ആരാധനയും തുടർന്നും നടത്തേണ്ടതാണ്. എല്ലാക്കാര്യങ്ങളും മനുഷ്യന്റെ മാത്രം കഴിവുകൾകൊണ്ടു സാധിക്കുന്നതല്ല എന്ന തിരിച്ചറിവും ഈ കാലഘട്ടം നമുക്കു നൽകുന്നുണ്ട്. "കർത്താവാണ് എന്റെ ഇടയൻ, എനിക്ക് ഒന്നിനും കുറവുണ്ടാകില്ല... മരണത്തിന്റെ നിഴൽ വീണ താഴ്വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും അവിടന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടില്ല" (സങ്കീ. 23:1-4). നമുക്കു ദൈവത്തിൽ ആശ്രയിക്കാം. നല്ല സമറിയാക്കാരനെപ്പോലെ ഏതെങ്കിലും രീതിയിൽ നമ്മുടെ ശുശ്രൂഷകൾ ആവശ്യമുള്ളവർക്കു നൽകുവാൻ സമർപ്പണ മനോഭവത്തോടെ നമുക്കു പരിശ്രമിക്കാം.

ജൂലൈ മൂന്നാം തീയതി വിശുദ്ധകുർബാനയുടെ അനുഭവം ഏതെങ്കിലും രീതിയിൽ എല്ലാവർക്കും നൽകുവാൻ ബഹു. വൈദികർ ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ കഴിയുന്നിടത്തോളം ഓൺലൈൻ പരിപാടികൾ സംഘടിപ്പിച്ചു സഭാമക്കളുടെ കൂട്ടായ്മ പരിപോഷിപ്പിക്കുവാൻ പരിശ്രമിക്കേണ്ടതാണ്.

എല്ലാവർക്കും ദുക്റാനാത്തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും

പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2021-ാം ആണ്ട് ജൂൺ മാസം 21-ാം തീയതി നല്കപ്പെട്ടത്.



**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB: 2021 ജൂൺ 26 -ാം തീയതി നല്കപ്പെട്ടത്.

Ref: 3472K-5/KCBC/OL/DS 22.04.2021

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ ദൈവവിളിദിന സന്ദേശം - 2021

# വിശുദ്ധ യൗസേപ്പ്: ദൈവവിളിയുടെ സ്വപ്നം

പ്രിയ സഹോദരീസഹോദരന്മാരേ,

വിശുദ്ധ യൗസേപ്പിനെ സാർവത്രികസഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചതിന്റെ നൂറ്റിയമ്പതാം വർഷം ആചരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ ഡിസംബർ 8 ന് യൗസേപ്പിതാവർഷം ആരംഭിച്ചുവല്ലോ. അതിനായി ഞാൻ, 'പിതൃഹൃദയത്തോടെ' (Patris Corde) എന്ന അപ്പസ്തോലിക ലേഖനം എഴുതുകയുണ്ടായി. അതിന്റെ ലക്ഷ്യം ഈ മഹാവിശുദ്ധനോട് നമുക്കുള്ള സ്നേഹം വർധിപ്പിക്കുക എന്നതായിരുന്നു. അദ്ദേഹം ഒരു അസാധാരണ വ്യക്തിയായിരുന്നു. അതേസമയം "മാനുഷികമായ നമ്മുടെ അനുഭവങ്ങളോട് വളരെ അടുത്തുനില്ക്കുന്ന"യാളുമാണ്. അദ്ഭുതകരമായതൊന്നും അദ്ദേഹം ചെയ്തിട്ടില്ല. അദ്ദേഹത്തിന് പ്രത്യേകതരം സിദ്ധികളൊന്നും ഉണ്ടായിരുന്നില്ല. അദ്ദേഹത്തെ കണ്ടവർക്കാർക്കും പ്രത്യേകതയൊന്നും തോന്നിയതുമില്ല. അദ്ദേഹം പ്രശസ്തനോ ശ്രദ്ധേയനോ ആയിരുന്നില്ല. അദ്ദേഹത്തിന്റെ ഒരു വാക്കുപോലും സുവിശേഷങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ, അദ്ദേഹത്തിന്റെ സാധാരണ ജീവിതത്തിലൂടെ അദ്ദേഹം ദൈവദൃഷ്ടിയിൽ അസാധാരണമായതു ചെയ്തുതീർത്തു.

ദൈവം ഹൃദയങ്ങൾ പരിശോധിക്കുന്നു (1 സാമു 16,7). ദൈനംദിനകാര്യങ്ങളുടെ നടുവിലും ജീവൻ നല്കാനും ഉത്പാദിപ്പിക്കാനും കഴിവുള്ള ഒരു പിതൃഹൃദയം ദൈവം വിശുദ്ധ യൗസേപ്പിൽ തിരിച്ചറിഞ്ഞു. ദൈവവിളികൾക്കും ഇതേ

ലക്ഷ്യമാണുള്ളത് - ദൈനംദിനമുള്ള ജീവോത്പാദനവും നവീകരണവും. പിതാക്കന്മാരുടെയും മാതാക്കളുടെയും ഹൃദയം രൂപപ്പെടുത്താനാണ് ദൈവം ആഗ്രഹിക്കുന്നത്: തുറവുള്ളതും മഹത്തായ തുടക്കങ്ങൾക്കു ത്രാണിയുള്ളതും ജീവദാനത്തിന് ഔദാര്യമുള്ളതും ഉത്കണ്ഠകളെ ആശ്വസിപ്പിക്കാൻ ആർദ്രതയുള്ളതും പ്രത്യാശകളെ ശക്തിപ്പെടുത്തുവാൻ ആർജവമുള്ളതുമായ ഒരു ഹൃദയം. പൗരോഹിത്യത്തിലും സമർപ്പിതജീവിതത്തിലും ഈ ഗുണഗണങ്ങൾ വളരെ ആവശ്യമായിരിക്കുന്ന നാളുകളാണിത്. ദുർബലതയാലും പകർച്ചവ്യാധിമൂലമുള്ള സഹനങ്ങളാലും അടയാളപ്പെടുത്തപ്പെട്ട ഈ സമയം ഭാവിയെക്കുറിച്ചും ജീവിതത്തിന്റെതന്നെ അർത്ഥത്തെക്കുറിച്ചും അനിശ്ചിതത്വങ്ങളും ഭയങ്ങളും വിതച്ചുകഴിഞ്ഞു. വിശുദ്ധ യൗസേപ്പിതാവ് തന്റെ സഹജമായ മാന്യതയിൽ നമ്മെ സ്പർശിക്കുന്നത് 'തൊട്ടടുത്ത വിശുദ്ധ'രിൽ ഒരാൾ എന്ന നിലയിലാണ്. അതേസമയംതന്നെ അദ്ദേഹത്തിന്റെ ശക്തമായ സാക്ഷ്യം നമ്മുടെ യാത്രയിൽ മാർഗദർശകവുമാണ്.

ഓരോ വ്യക്തിയുടെയും ദൈവവിളിയിൽ മൂന്ന് പ്രധാന വാക്കുകൾ വിശുദ്ധ യൗസേപ്പ് നിർദ്ദേശിക്കുന്നുണ്ട്. അതിൽ ഒന്നാമത്തേത് 'സ്വപ്ന'മാണ്. ഓരോരുത്തരും ജീവിതത്തിന്റെ പൂർത്തീകരണം സ്വപ്നം കാണുന്നവരാണ്. വിജയം, ധനം, വിനോദം മുതലായ ക്ഷണികമായ ലക്ഷ്യങ്ങൾകൊണ്ട് തൃപ്തിപ്പെടുത്താൻ സാധ്യമല്ലാത്ത വലിയ പ്രതീക്ഷകളും ഉന്നതമായ അഭിലാഷങ്ങളും പരിപോഷിപ്പിക്കുന്നവരാണ് നമ്മൾ. ആളുകളുടെ ജീവിതസ്വപ്നങ്ങളെ ഒറ്റവാക്കിൽ പ്രകടിപ്പിക്കാൻ പറഞ്ഞാൽ, അതിനുത്തരം ഊഹിച്ചെടുക്കാൻ ഒട്ടും പ്രയാസമുണ്ടാകില്ല. 'സ്നേഹിക്കപ്പെടുക' എന്നതായിരിക്കും അതിന്റെ ഉത്തരം. സ്നേഹമാണ് ജീവിതത്തിന് അർഥം നല്കുന്നത്. കാരണം, അത് ജീവിതത്തിന്റെ രഹസ്യത്തെ വെളിപ്പെടുത്തുന്നതാണ്. തീർച്ചയായും, നല്കുന്നതിലൂടെയാണ് നമുക്ക് ജീവൻ ഉണ്ടാകുന്നത്; ഉദാരമായി നല്കുന്നതിലൂടെയാണ് അത്

നാം കൈവശപ്പെടുത്തുന്നതും. ഇക്കാര്യത്തിൽ വിശുദ്ധ യൗസേപ്പിന് നമ്മോട് വളരെയേറെ പറയാനുണ്ട്. കാരണം, ദൈവംതന്നെ പ്രചോദിപ്പിച്ച സ്വപ്നങ്ങളിലൂടെ അദ്ദേഹം തന്റെ ജീവിതത്തെ ഒരു ദാനമാക്കി മാറ്റി.

സുവിശേഷങ്ങൾ നമ്മോട് നാലു സ്വപ്നങ്ങളെക്കുറിച്ച് പറയുന്നു (മത്താ 1,20; 2,13.19.22). അതാകട്ടെ ദൈവത്തിൽ നിന്നുള്ള വിളിയാണ്. എന്നാൽ അവ എളുപ്പത്തിൽ സ്വീകരിക്കാവുന്നവയായിരുന്നില്ല. ഓരോ സ്വപ്നത്തിനുംശേഷം യൗസേപ്പിന് താൻ സമ്പൂർണമായും വിശ്വാസം അർപ്പിച്ച ദൈവത്തിന്റെ നിഗൂഢമായ രൂപകല്പനകളെ പിൻതുടരുന്നതിനുവേണ്ടി സ്വന്തം പദ്ധതികൾ മാറ്റിവച്ച് അപകടകരമായത് ഏറ്റെടുക്കേണ്ടിവന്നു. എന്തിനാണ് രാത്രിയിൽ കണ്ട ഒരു സ്വപ്നത്തെ ഇത്രമാത്രം വിശ്വസിക്കുന്നതെന്ന് നമ്മൾ ചോദിച്ചേക്കാം. പുരാതനകാലങ്ങളിൽ സ്വപ്നങ്ങളെ വളരെ പ്രാധാന്യത്തോടെ കണ്ടിരുന്നെങ്കിലും ജീവിതത്തിന്റെ മൂർത്തമായ യാഥാർത്ഥ്യത്തിന്റെ മുമ്പിൽ അതു ചെറിയ കാര്യം മാത്രമായിരുന്നു. എങ്കിലും, തന്നെ നയിക്കാൻ തന്റെ സ്വപ്നങ്ങളെ ഒരു വിഷമവും കൂടാതെ വിശുദ്ധ യൗസേപ്പ് അനുവദിച്ചു. എന്തുകൊണ്ടെന്നാൽ, അദ്ദേഹത്തിന്റെ ഹൃദയം ദൈവത്തിങ്കലേക്കു തിരിഞ്ഞിരുന്നതും അവിടന്നിലേക്കു ചേർന്നിരുന്നതുമായിരുന്നു. ദൈവത്തിന്റെ സ്വരം തിരിച്ചറിയാൻ അദ്ദേഹത്തിന്റെ ആന്തരികകർണങ്ങൾക്ക് ഒരു ചെറിയ സൂചനമാത്രം മതിയാകുമായിരുന്നു. ഇത് നമ്മുടെ ദൈവവിളിയുടെ കാര്യത്തിലും ബാധകമാണ്. കാരണം, നമ്മുടെ സ്വാതന്ത്ര്യത്തെ സമ്മർദ്ദത്തിലാക്കിക്കൊണ്ട് അതിശയകരമായ രീതിയിൽ സ്വയം വെളിപ്പെടുത്താൻ ദൈവം ഇഷ്ടപ്പെടുന്നില്ല. അവിടന്ന് തന്റെ പദ്ധതികൾ വളരെ മാന്യമായാണ് അവതരിപ്പിക്കുന്നത്. മാസ്മരികദർശനങ്ങൾകൊണ്ട് നമ്മെ കീഴ്പ്പെടുത്തുകയല്ല, മറിച്ച് നിശ്ശബ്ദമായി നമ്മുടെ ഹൃദയങ്ങളുടെ ആഴങ്ങളിൽ സംസാരിക്കുകയാണ് അവിടന്ന് ചെയ്യുന്നത്. അവിടന്ന് നമ്മോട്

അടുക്കുകയും നമ്മുടെ ചിന്തകളിലൂടെയും വികാരങ്ങളിലൂടെയും നമ്മോടു സംസാരിക്കുകയും ചെയ്യുന്നു. ഇങ്ങനെ, വിശുദ്ധ യൗസേപ്പിനോടു ചെയ്തതുപോലെ അഗാധവും അപ്രതീക്ഷിതവുമായ ചക്രവാളങ്ങൾ അവിടന്ന് നമ്മുടെ മുമ്പിലും വയ്ക്കുന്നു.

വാസ്തവത്തിൽ, യൗസേപ്പിന്റെ സ്വപ്നങ്ങൾ അദ്ദേഹം ഒരിക്കലും ചിന്തിച്ചിട്ടില്ലാത്ത അനുഭവങ്ങളിലേക്കാണു നയിച്ചത്. ആദ്യത്തേത് അദ്ദേഹത്തിന്റെ വിവാഹനിശ്ചയത്തെ ഉയർത്തി അദ്ദേഹത്തെ മിശിഹായുടെ പിതാവാക്കി. രണ്ടാമത്തേതാകട്ടെ, ഈജിപ്തിലേക്കു പലായനം ചെയ്യാൻ കാരണമായെങ്കിലും അദ്ദേഹത്തിന്റെ കുടുംബത്തെ രക്ഷിക്കാനിടയാക്കി. മൂന്നാമത്തെ സ്വപ്നം സ്വന്തം നാട്ടിലേക്കുള്ള തിരിച്ചുവരവിനെ മുൻകൂട്ടി അറിയിക്കുന്നതായിരുന്നുവെങ്കിൽ നാലാമത്തേത് അദ്ദേഹത്തിന്റെ പദ്ധതികളെ പുനഃക്രമീകരിച്ച് യേശുവിനെ അവിടത്തെ ദൈവരാജ്യപ്രഘോഷണം ആരംഭിക്കുന്നിടമായ നസ്രത്തിലേക്കു കൊണ്ടുവന്നു. ഈ സംഘർഷങ്ങൾക്കിടയിലും അദ്ദേഹം ദൈവഹിതം അനുധാവനം ചെയ്യുന്നതിനുള്ള ധൈര്യം കണ്ടെത്തി. ഇങ്ങനെതന്നെയാണ് ഓരോ ദൈവവിളിയിലും: ദൈവത്തിന്റെ വിളി നമ്മെ ആദ്യചുവടുവയ്ക്കാൻ – നമ്മെത്തന്നെ നല്കാനും മുന്നോട്ടായാനും – നിർബന്ധിക്കുന്നു. ചേതമില്ലാതെ വിശ്വാസമില്ല. നമ്മുടെ പദ്ധതികളും സുഖസൗകര്യങ്ങളും മാറ്റിവച്ച്, ആത്മവിശ്വാസത്തോടെ നമ്മെത്തന്നെ ദൈവകൃപയ്ക്കു വിട്ടുകൊടുത്തുകൊണ്ടു മാത്രമേ ദൈവത്തോട് 'അതെ' എന്നു പറയാൻ നമുക്കു കഴിയുകയുള്ളൂ.

ഓരോ 'അതെ'കളും ഫലം പുറപ്പെടുവിക്കുന്നു. കാരണം, അത് വിശാലമായ ഒരു രൂപകല്പനയുടെ ഭാഗമായിത്തീരുന്നു. നാം കാണുന്നതിനുമപ്പുറത്ത് എല്ലാം അറിയുകയും പൂർത്തിയാക്കുകയും ചെയ്യുന്ന ദിവ്യകലാകാരൻ ഓരോ

ജീവിതത്തെയും ഉത്തമ കലാസൃഷ്ടിയായി മാറ്റുന്നുവല്ലോ. ഇപ്രകാരം ദൈവഹിതം സ്വീകരിച്ചതിന്റെ ഉത്തമ ഉദാഹരണ മാണ് വിശുദ്ധ യൗസേപ്പ്. അദ്ദേഹത്തിന്റേത് സജീവവും ഒരി ക്കലും വിമുഖത കാട്ടാത്തതും പിൻവലിക്കാത്തതുമായ സമ്മ തമായിരുന്നു. യൗസേപ്പ് "ഒരിക്കലും നിഷ്ക്രിയനായിരുന്നില്ല, മറിച്ച് ധൈര്യത്തോടും ഉറപ്പോടുംകൂടി പ്രവർത്തനനിരതനാ യിരുന്നു" (Patris Corde, 4). അദ്ദേഹം എല്ലാവരെയും സഹാ യിക്കട്ടെ, പ്രത്യേകിച്ച് തങ്ങളെക്കുറിച്ചുള്ള ദൈവഹിതം നിവർ ത്തിതമാകാൻ തങ്ങളുടെ സ്വപ്നങ്ങളെ വിവേചിക്കുന്ന ചെറു പ്പക്കാരെ. അദ്ദേഹം അവരെ സദാ പ്രചോദിപ്പിച്ച്, ഒരിക്കലും നിരാശപ്പെടുത്താതെ എപ്പോഴും ആശ്ചര്യപ്പെടുത്തുന്ന ദൈവ ത്തോട്, 'അതെ' എന്നു പറയാനാവും വിധം ധൈര്യശാലിക ളാക്കട്ടെ.

വിശുദ്ധ യൗസേപ്പിന്റെ യാത്രയെയും ദൈവവിളി യെയും അടയാളപ്പെടുത്തുന്ന രണ്ടാമത്തെ വാക്ക് സേവന മാണ്. യൗസേപ്പ് എങ്ങനെ തനിക്കുവേണ്ടിയല്ലാതെ മറ്റുള്ള വർക്കുവേണ്ടി ജീവിക്കുന്നുവെന്നു സുവിശേഷങ്ങൾ കാണി ച്ചുതരുന്നു. കലവറയില്ലാതെ സ്നേഹിക്കാനുള്ള അദ്ദേഹ ത്തിന്റെ കഴിവിനെ അധികരിച്ച് ദൈവജനം അദ്ദേഹത്തെ 'അത്യന്തം വിരക്തനായ ഭർത്താവ്' എന്ന് വിശേഷിപ്പിക്കുന്നു. തന്റേതുമാത്രമായി സ്നേഹിക്കുന്നതിൽനിന്നും തന്നെത്തന്നെ സ്വതന്ത്രനാക്കിയതുവഴി ഫലദായകമായ സേവനത്തിൽ മുഴു കാൻ അദ്ദേഹത്തിനായി. അദ്ദേഹത്തിന്റെ സ്നേഹമസൃണമായ സംരക്ഷണം തലമുറകളിലേക്ക് എത്തിനില്ക്കുന്നു. അതു പോലെതന്നെ അദ്ദേഹത്തിന്റെ അതീവജാഗ്രതയോടെയുള്ള രക്ഷാകർതൃത്വം സഭയുടെ സംരക്ഷകനായി അദ്ദേഹത്തെ മാറ്റി. ജീവിതത്തിൽ സ്വയംദാനം ചെയ്യുന്നതിന്റെ അർത്ഥം ഉൾക്കൊള്ളുന്നയാളെന്ന നിലയിൽ അദ്ദേഹം സന്തോഷകര മായ മരണത്തിന്റെ മധ്യസ്ഥനായി. വലിയ സ്നേഹത്തിലധി ഷ്ഠിതമായതിനാലാണ് അദ്ദേഹത്തിന്റെ സേവനവും സഹ

നവും യാഥാർത്ഥ്യമായത്. “ശരിയായ ഓരോ ദൈവവിളിയും സ്വയംദാനത്തിലൂടെയാണ് ജന്മം കൊള്ളുന്നത്; അതാകട്ടെ, പരിപക്വമായ ബലിയുടെ ഫലമാണ്. പൗരോഹിത്യത്തിനും സമർപ്പിതസന്ന്യാസത്തിനും ഇത്തരത്തിലുള്ള പക്വത ആവശ്യമാണ്. ഏതുതരം ദൈവവിളിയുമായിക്കൊള്ളട്ടെ - വിവാഹമോ, ബ്രഹ്മചര്യമോ/കന്യാത്വമോ - സഹനത്തിന്റെ മുന്നിൽ നിന്നുപോയാൽ, നമ്മുടെ സ്വയംദാനം പൂർണമാകില്ല. അങ്ങനെ വരുമ്പോൾ സൗന്ദര്യത്തിന്റെ അടയാളവും സ്നേഹത്തിന്റെ ആനന്ദവും ആകുന്നതിനുപകരം നിരാശയുടെയും ദുഃഖത്തിന്റെയും സന്തോഷമില്ലായ്മയുടെയും അടയാളമായി മാറും സ്വയംദാനം” (Patris Corde, 7).

വിശുദ്ധ യൗസേപ്പിന് കേവലം ഉയർന്ന ആദർശം മാത്രമായിരുന്നില്ല സേവനം; മറിച്ച്, ദൈനംദിന ജീവിതത്തിന്റെ നിയമമായിരുന്നു. അദ്ദേഹം യേശുവിന് ജനിക്കാനുള്ള സ്ഥലം കഠിനാധ്വാനത്തിലൂടെ കണ്ടെത്തുകയും വേണ്ട ഒരുക്കങ്ങൾ നടത്തുകയും ചെയ്തു. ഹേറോദേസിന്റെ ക്രോധത്തിൽനിന്ന് യേശുവിനെ രക്ഷിക്കാൻവേണ്ടി ഈജിപ്തിലേക്കു തിടുക്കത്തിൽ ഒരു യാത്ര ഒരുക്കി. ജറുസലേമിൽവച്ച് യേശുവിനെ നഷ്ടപ്പെട്ടപ്പോൾ അദ്ദേഹം തിടുക്കത്തിൽ അവിടേക്കു തിരിച്ചുപോയി. കുടുംബത്തെ സംരക്ഷിക്കുന്നതിനുവേണ്ടി അദ്ദേഹം വിദേശത്തുപോലും കഠിനാധ്വാനം ചെയ്തു. ചുരുക്കത്തിൽ, ജീവിതം തങ്ങൾ ആഗ്രഹിക്കുന്നതുപോലെയല്ലെങ്കിലും നിരാശപ്പെടാത്തവരുടെ മനോഭാവത്തോടെ അദ്ദേഹം വ്യത്യസ്ത സാഹചര്യങ്ങളോട് പൊരുത്തപ്പെട്ടുകൊണ്ട് സന്നദ്ധസേവകരുടെ മനോഭാവം പ്രകടിപ്പിച്ചു. ഇത്തരത്തിൽ, ജീവിതത്തിലെ അപ്രതീക്ഷിതവും എന്നാൽ, ഇടയ്ക്കിടയ്ക്ക് കടന്നുവരുന്നതുമായ യാത്രകളെ - ജനസംഖ്യാ കണക്കെടുപ്പിനുവേണ്ടി നസ്രത്തിൽനിന്ന് ബത്‌ലഹേമിലേക്കും അവിടെനിന്ന് ഈജിപ്തിലേക്കും അവിടെനിന്ന് തിരിച്ച് നസ്രത്തിലേക്കും പിന്നെ എല്ലാവർഷവും ജറുസലേമിലേക്കും - അദ്ദേഹം സ്വാഗതം

ചെയ്തു. പരാതിപ്പെടാതെ ഓരോ തവണയും പുതിയ സാഹ ചര്യങ്ങളെ അഭിമുഖീകരിക്കുവാനും പരിഹൃതമാകേണ്ട സാഹ ചര്യങ്ങളെ പരിഹരിക്കുന്നതിനു സഹായഹസ്തം നല്കാനും അദ്ദേഹം സന്നദ്ധനായിരുന്നു. അതാകട്ടെ, ഭൂമിയിലുള്ള തന്റെ പുത്രനിലേക്കു നീട്ടപ്പെട്ട സ്വർഗീയപിതാവിന്റെ കരങ്ങളായി രുന്നുവെന്ന് നമുക്ക് പറയാൻ കഴിയും. തന്റെ മക്കളിലേക്കു നീട്ടപ്പെട്ട, പിതാവിന്റെ സദാപ്രവർത്തനനിരതമായ കരങ്ങളാ കാനുള്ള വിളിയാണല്ലോ ദൈവവിളികൾ. അവയ്ക്കെല്ലാം തികഞ്ഞ മാതൃകയാണ് യൗസേപ്പ്.

യേശുവിന്റെയും സഭയുടെയും സംരക്ഷകനായ വിശുദ്ധ യൗസേപ്പിനെക്കുറിച്ച് ദൈവവിളിയുടെയും സംരക്ഷ കനാണ് അദ്ദേഹം എന്നു ചിന്തിക്കാനാണ് എനിക്കിഷ്ടം. സേവനം ചെയ്യാനുള്ള അദ്ദേഹത്തിന്റെ സന്നദ്ധതയിൽ നിന്നുതന്നെ സംരക്ഷിക്കുവാനുള്ള കരുതലും വരുന്നുണ്ട്. യൗസേപ്പ് ആ രാത്രിയിൽത്തന്നെ എഴുന്നേറ്റ് കുട്ടിയെയും അമ്മയെയും കൂട്ടി പുറപ്പെട്ടു (മത്താ 2,14) എന്ന് സുവിശേഷ ത്തിൽ പറയുന്നതുതന്നെ അദ്ദേഹത്തിന് തന്റെ കുടുംബ ത്തെക്കുറിച്ചുള്ള കരുതലാണ് കാണിക്കുന്നത്. തനിക്ക് നിയ ന്ത്രിക്കാൻ കഴിയാത്ത കാര്യങ്ങളെക്കുറിച്ചു വ്യാകുലപ്പെട്ട് സമയം കളയാതെ തന്റെ കരുതലിൽ ഏല്പിക്കപ്പെട്ടവരെ സംര ക്ഷിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. ഇത്തരം ചിന്താഭരിതമായ ശ്രദ്ധയാണ് ശരിയായ ദൈവവിളിയുടെ അടയാളം. അതാകട്ടെ, ദൈവസ്നേഹസ്പർശനത്തിന്റെ സാക്ഷ്യജീവിതവുമാണ്. നമ്മുടെ അഭിലാഷങ്ങളെ പിന്തുടരുന്നതിൽനിന്നും മിഥ്യാധാ രണകളിൽ മുഴുകുന്നതിൽനിന്നും നാം വിട്ടുനില്ക്കുന്നതും കർത്താവ് സഭയിലൂടെ നമ്മെ ഭരമേല്പിച്ചവയെ ശ്രദ്ധയോടെ കരുതുന്നതും എത്രയോ മനോഹരമായ ക്രൈസ്തവസാക്ഷ്യ മായിരിക്കും! അപ്പോൾ അവിടന്ന് യൗസേപ്പിൽ ചെയ്തതു പോലെ അവിടത്തെ ആത്മാവിനെയും സൃഷ്ടിവൈഭവ

ത്തെയും നമ്മിൽ വർഷിക്കുകയും നമ്മിൽ അവിടന്ന് അദ്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്യും.

നമ്മുടെ മഹത്തായ സ്വപ്നങ്ങളെ സാക്ഷാത്കരിക്കുന്ന ദൈവത്തിന്റെ വിളിയോടും ഉദാരമായ സേവനവും ശ്രദ്ധാപൂർവകമായ കരുതലുംകൊണ്ട് രൂപപ്പെടുന്ന നമ്മുടെ പ്രതികരണത്തോടുമൊപ്പം, വിശുദ്ധ യൗസേപ്പിതാവിന്റെ അനുദിന ജീവിതത്തിലും നമ്മുടെ ക്രൈസ്തവവിളിയിലും തെളിഞ്ഞുനില്ക്കുന്ന മൂന്നാമത്തെ സവിശേഷസ്വഭാവമാണ് വിശ്വസ്തത. ദൈവത്തെയും അവിടത്തെ പദ്ധതികളെയും നിശ്ശബ്ദമായി സേവിക്കുന്നതിൽ ദിനംപ്രതി പരിശ്രമിച്ച നീതിമാൻ (മത്താ 1,19) ആയിരുന്നു ജോസഫ്. തന്റെ ജീവിതത്തിന്റെ വിഷമകരമായ ഒരു നിമിഷത്തിൽ, എന്തുചെയ്യണമെന്ന് അദ്ദേഹം പര്യാലോചിച്ചു. തന്നെത്തന്നെ സമ്മർദ്ദത്തിലാക്കാൻ അദ്ദേഹം അനുവദിച്ചില്ല. മോശമായി പ്രവർത്തിക്കാനുള്ള പ്രലോഭനത്തിന് – സഹജാവബോധം പിന്തുടരുന്നതിനോ ആ നിമിഷത്തിലേക്കു മാത്രം ഒതുങ്ങുന്നതിനോ – അദ്ദേഹം വശപ്പെട്ടില്ല. പകരം, അവധാനതയോടെ കാര്യങ്ങൾ ധ്യാനിച്ചു. പ്രധാനപ്പെട്ട തീരുമാനങ്ങളോടുള്ള നിരന്തരമായ വിശ്വസ്തതയിലാണ് ജീവിതത്തിലെ വിജയം കെട്ടിപ്പടുക്കുന്നതെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. എളിയ ഒരു തച്ചനായി വ്യാപരിക്കുന്നതിലെ സ്ഥിരോത്സാഹത്തിൽ ഇത് പ്രതിഫലിച്ചു (മത്താ 13,55). നിശ്ശബ്ദമായ ആ സ്ഥിരോത്സാഹം, പക്ഷേ, ഒരു വാർത്തയും അക്കാലത്ത് സൃഷ്ടിച്ചില്ലായെങ്കിലും എണ്ണമറ്റ പിതാക്കന്മാരുടെയും തൊഴിലാളികളുടെയും ക്രിസ്ത്യാനികളുടെയും ജീവിതങ്ങൾക്ക് അത് പ്രചോദനമായി. ദൈവവിളി – ജീവിതംപോലെതന്നെ – പരിപക്വമാകുന്നത് ദൈനംദിന വിശ്വസ്തതയിലൂടെ മാത്രമാണ്.

അത്തരം വിശ്വസ്തത എങ്ങനെയാണ് പരിപോഷിപ്പിക്കപ്പെടുന്നത്? ദൈവത്തിന്റെ വിശ്വസ്തതയുടെ വെളിച്ച

ത്തിൽ. വിശുദ്ധ യൗസേപ്പ് സ്വപ്നത്തിൽകേട്ട ആദ്യത്തെ വാക്കുകൾ, ഭയപ്പെടാതിരിക്കാനുള്ള ഒരു ക്ഷണമായിരുന്നു, കാരണം, ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്. "ദാവീദിന്റെ പുത്രനായ ജോസഫ്, ഭയപ്പെടേണ്ടാ" (മത്താ 1,20).

ഭയപ്പെടേണ്ടയെന്ന വചനം, പ്രിയ സഹോദരീ / സഹോദരാ, നിങ്ങളെയാണ് അഭിസംബോധന ചെയ്യുന്നത്. അനിശ്ചിതത്വത്തിനും ശങ്കയ്ക്കും ഇടയിൽപ്പോലും, നിങ്ങളുടെ ജീവിതം അവിടത്തേക്കു നൽകാനുള്ള നിങ്ങളുടെ ആഗ്രഹത്തിനു കാലതാമസം വരുത്തുവാൻ നിങ്ങൾക്കാവില്ല. പരീക്ഷണങ്ങൾക്കും തെറ്റിദ്ധാരണകൾക്കുമിടയിൽ അവിടത്തെ ഇഷ്ടം നിറവേറ്റാൻ നിങ്ങൾ ശ്രമിക്കുമ്പോൾ അവിടന്ന് ഈ വാക്കുകൾ വീണ്ടും പറയുന്നു. ദൈവവിളിയുടെ ആദ്യ സ്നേഹത്തിലേക്ക് നിങ്ങൾ മടങ്ങുമ്പോൾ, നിങ്ങളുടെ ഓരോ ചുവടടിയിലും നിങ്ങൾ കേൾക്കുന്നത് നവീകൃതമാകുന്ന ഈ വാക്കുകൾതന്നെയാണ്. അനുദിന വിശ്വസ്തതയിലൂടെ ജീവിതംകൊണ്ട് ദൈവത്തോട് 'അതെ'യെന്ന് വിശുദ്ധ യൗസേപ്പിനെപ്പോലെ പറയുന്നവരോട്, ഇതേ വാക്കുകൾ അവിടന്നു തന്നെയാണ് പറയുന്നത്.

ഈ വിശ്വസ്തതയാണ് സന്തോഷത്തിന്റെ രഹസ്യം. ആരാധനക്രമത്തിലെ ഒരു ഗാനം നസ്രത്തിലെ കുടുംബത്തിൽ നിറഞ്ഞുനിന്ന സുതാര്യമായ സന്തോഷത്തെക്കുറിച്ച് പറയുന്നു. സത്യമായവയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകവഴി ദൈവത്തോടും അയൽക്കാരോടും കൂടുതൽ വിശ്വസ്തമായ അടുപ്പം ദൈനംദിനജീവിതത്തിൽ പുലർത്തുന്നവരിൽ ലാളിത്യത്തിന്റെ ഈ സന്തോഷം കാണാം. നമ്മുടെ സെമിനാരികൾ, സമർപ്പിതഭവനങ്ങൾ, വൈദികമന്ദിരങ്ങൾ എന്നിവയിൽ ലളിതവും പ്രസരിപ്പുള്ളതും ശാന്തവും പ്രത്യാശയുള്ളതുമായ ഒരന്തരീക്ഷം നിറഞ്ഞിരുന്നാൽ എത്രയോ നന്നായിരിക്കും!

പ്രിയ സഹോദരീസഹോദരന്മാരേ, ദൈവത്തെ നിങ്ങളുടെ ജീവിതത്തിന്റെ സ്വപ്നമാക്കി മാറ്റിയ നിങ്ങൾ ഈ സന്തോഷം അനുഭവിക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു. നീണ്ടുനില്ക്കുന്ന സന്തോഷം നല്കാത്ത തിരഞ്ഞെടുപ്പുകളുടെയും വികാരങ്ങളുടെയും യുഗത്തിൽ അവിടത്തെ സഹോദരീസഹോദരങ്ങളെ വിശ്വസ്തതയോടെ സേവിക്കുകയെന്നത് വളരെ ശക്തമായ സാക്ഷ്യമാണ്. ദൈവവിളിയുടെ സംരക്ഷകനായ വിശുദ്ധ യൗസേപ്പ് പിതൃഹൃദയത്തോടെ നിങ്ങളെ അനുധാവനം ചെയ്യട്ടെ!

**ഫ്രാൻസിസ് പാപ്പാ**

സെന്റ് ജോൺ ലാറ്ററൻ, റോം

**വിശുദ്ധ യൗസേപ്പിന്റെ തിരുനാൾ ദിനം**

**19 മാർച്ച് 2021**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം

കൊച്ചി 682 025

# CATHOLIC BISHOPS' CONFERENCE OF INDIA (CBCI)

C.B.C.I. Centre, 1 Ashok Place, Near Gole Dakkhana, New Delhi-110 001. India
Tel: +91 11 2334 4470

**Cardinal Oswald Gracias**
President

April 22, 2021

Your Eminence, Your Beatitude, Your Grace, Your Lordship,

A very grace filled Easter season to you. I am happy to be connecting with you once again – after a long break. Earlier all of us were more or less in a similar situation regarding Covid 19 and hence it was possible to make common plans for our relief efforts and pastoral work.

We are now in diverse situations regarding the pandemic, except that there is now a massive surge in the number of cases. We are recording around 300,000 new cases of Coronavirus every single day. The second wave has hit us like a tsunami, and we are yet to reach the peak! Added to this is the apparent lack of planning, resulting in shortage of hospital beds, anti-viral drugs, oxygen, and vaccines. It could get worse before it gets better!

After taking counsel with Cardinal Alencherry, Cardinal Cleemis, and CCBI President, Archbishop Filipe Neri Ferrão, I thought that especially during the Easter season of hope and light, we should unitedly turn to God in this time of distress. Hence, I am inviting all our Churches to observe **Friday, May 7 as a Day of Prayer and Fasting** for relief from the Covid 19 pandemic. Our ecumenical brothers from the NCCI and EFI have willingly agreed to join us in prayer on this day. Since we have diverse local circumstances, I leave every diocese to have its own mode of Prayer and Fasting. I request our Bishops to inform the parishes and Religious in the diocese about this Day of Prayer and Fasting. I invite all religious communities, especially our cloistered Sisters, to have a special holy hour praying for an end to the pandemic: a healing for those infected, comfort for those mourning, courage for our frontline workers and success to the efforts of those involved in research and production of medicine and vaccines.

It would be good if all Bishops of our country meet in their own Bishop's House / Cathedral for a prayer service around noon so that we feel strengthened and united in prayer at this moment. A proposed prayer service which you may modify / change or replace as you consider appropriate, will be sent to you in a few days by our Secretariat.

All of us have heard reports from several religious congregations and some dioceses about the large number of priests and sisters who have been infected, with a number of fatalities too. While we wish to give pastoral care to our people, it is our moral obligation to take care of our health and protect others. A Covid Appropriate Behaviour is necessary:

Res. : Arch Bishop's House, 21, Nathalal Parekh Marg, Mumbai-400001. Tel: 022-22021093 Mob. : (0) 9892 984 689
e-mail: diocesebombay@gmail.com

CATHOLIC BISHOPS' CONFERENCE OF INDIA (CBCI)
C.B.C.I. Centre, 1 Ashok Place, Near Gole Dakkhana, New Delhi-110 001. India
Tel: +91 11 2334 4470

UNITED IN WITNESS

**Cardinal Oswald Gracias**
President

wearing of masks, social distancing, covid washing / sanitizing of hands. Our priests and sisters should urge our people to follow these norms for their own safety and the safety of others. Do also encourage our people to get themselves vaccinated. The restrictions imposed by the Government from time to time are a necessary inconvenience, meant for our safety.

Caritas India has done a marvelous job at relief work; as has CHAI in coordinating our medical assistance. They have operated in and through our dioceses. I request you to document these efforts and preserve pictures of them. This will be useful for future generations.

We are having our next Standing Committee Meeting (via video conference) on April 28 – 29 during which we will discuss different issues. I expect to get in touch with you after the Standing Committee Meeting.

With affectionate regards and best wishes, I remain

Yours fraternally in Christ,

+ [signature]

✠ **Oswald Cardinal Gracias**
Archbishop of Bombay &
President, Catholic Bishops Conference of India

Res. : Arch Bishop's House, 21, Nathalal Parekh Marg, Mumbai-400001. Tel: 022-22021093 Mob. : (0) 9892 984 689
e-mail: diocesebombay@gmail.com

**Kerala Catholic Bishops' Council (KCBC)**
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

Ref: 3473K-5/KCBC/OL/DS 24.04.2021

Dear Archbishops and Bishops,

As you are well aware, the situation in our country due to Covid-19 Pandemic is getting worse. People are panic-stricken and some are struggling to survive from the clutches of Covid-19 pandemic either in the hospital or in the health centers. As per the reports, more than three lakhs of people are being affected everyday in India. Hence Cardinal Oswald Gracias, the President of the CBCI, has urged the Church in India to observe Friday, May 7th as a day of Prayer and Fasting for the relief from Covid-19 Pandemic. He has also informed us through his letter that our ecumenical brothers from NCCI/EFI have expressed their willingness to join us in prayer on the same day. Let us go along with his direction and direct our priests, the religious and lay faithful to observe Friday 7th May 2021 as a Day of Prayer and Fasting. May the Easter hope and light inspire us to kneel before our Lord Jesus Christ who is the Healer and the Hope of Humankind. All our efforts will go in vain if God is not with us. As we are the Easter people, let us unite together in His name for the sake of our brothers and sisters of the whole world.

+ George Alencherry

**Cardinal George Alencherry**
President, KCBC

PRESIDENT
His Beatitude
MAR GEORGE CARDINAL ALENCHERRY
Major Archbishop of Syro Malabar Church
Mount St. Thomas P.B.No. 3110, Kakkanad
Kochi 682 030
Ph: 0484-2424768, 2424780, 2425727
Fax: 0484-2422727
E-mail: bpalencherry@yahoo.co.in

VICE-PRESIDENT
His Excellency
RT. REV. DR. VARGHESE CHAKKALAKAL
Bishop of Calicut
Bishop's House, Malaparamba
Kozhikode 673 009.
Ph: 0495 2370313, 2370271
Fax: 0495 2377013
E-mail: calicut_diocese@yahoo.com

SECRETARY GENERAL
DR. JOSEPH MAR THOMAS
Bishop of Bathery,
Catholic Bishop's House
Bathery, Dharmapitam
Wayanad 673 592.
Ph: 04936 220207, Fax: 04936 221287
E-mail: bishopbty@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
P.O.C., P. B. No. 2251
Palarivattom, Kochi-682025
Ph: 0484-2805815, 2805722
Fax: 2806214
Email: jacobgpala@gmail.com

**EPARCHY OF PALAI**

**BISHOP'S HOUSE PALAI**
P.B. No. 18, PALA - 686 575
Kottayam Dt., Kerala, S. India
Phone : 04822-202000
Fax : 04822-211379
E-mail : aramanapala@gmail.com
Web : www.palaidiocese.com

15.06.2021

*URGENT COMMUNICATION*

**Renewal of 12A/12AA Registration**

Dear Very Rev / Rev. Father,

Further to the communication regarding the **Renewal of 12A/12AA Registration**, on 22 September 2020, the government issued new notification recently. The details are very clear in the letter from our auditor Mrs. C.J. Romid which is attached herewith.

We have only very limited time. Could you please submit the filled in 12AB APPLICATION FORM (attached) on or before **Tuesday 22 June 2021**.

Please see the new format and you "NEED NOT FILL IT COMPLETELY. BUT YOU CAN TRY TO FILL wherever it is easy for you." You can fill:

No. 1. PAN........., Name........., Address .........

No. 4. What type is your institution? (Church)

No. 7. Are you registered under DARPAN (NO), FCRA (NO)

(See p.2ff of the letter attached)

The **'CERTIFICATE"** and the copy of the present **12A REGISTRATION** will be made available from the Bishop's House.

Please do co-operate instantly and seriously to submit it to the Chartered Accountant through Bishop's House at the earliest so that they can make an electronic uploading before Wednesday 30 June 2021.

Thanking you in advance

Fr. Jose Nellickatheruvil
Finance Officer, Eparchy of Palai

BISHOP'S HOUSE Pala P. O Kottayam 686 575 CATHOLIC DIOCESE OF PALAI

--------------------------------------------------

Attached: 1. Letter containing guidelines from Chartered Accountant
2. 12AB Application Form

NB: 15.06.2021 ൽ നല്കപ്പെട്ട അറിയിപ്പ്

12 AB രജിസ്ട്രേഷൻ റിന്യൂവലിന് സഹകരിച്ച എല്ലാ അച്ചന്മാർക്കും പ്രത്യേകം നന്ദി പറയുന്നു. റിന്യൂവൽ തീയതി ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഇനിയും ചില മാറ്റങ്ങൾ ഉണ്ടാവാം എന്ന് ഓഡിറ്റേഴ്സ് അനുമാനിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

എന്ന്,

**ഫിനാൻസ് ഓഫീസർ**

# കച്ചേരിക്കാര്യം

## Transfer and Appointment (April 2021)

| No. | Rev. Fr. | Office | With effect from |
|---|---|---|---|
| 1 | Fr. Sebastian Puzhakara | Pastoral Ministry, Diocese of Baker, USA | 10.04.2021 |
| 2 | Fr. George Oravachalil | Appointed Director, Vianney Priests' Home, Muttuchira | 22.04.2021 |
| 3 | Fr.Devasiachan Vattappalam | Relieved from Director of ADARRT and Madhya ViruthaSamithi, Saradhi & Prison Ministry and Residence at the Presbytery of St. Joseph's Church, Kizhathadiyoor, | 22.04.2021 |
| 4 | Fr. Joseph Narithookil | Appointed Director of ADARRT and Madhya ViruthaSamithi, Saradhi& Prison Ministry of the Eparchy of Palai | 22.04.2021 |
| 5 | Fr. Mathew Peedikayil | Relieved from Spiritual Director in St. Ephrem's Theological College, Satna and interim residence at the Presbytery of St. Joseph's Church,Kizhathadiyoor | 24.04.2021 |
| 6 | Fr. Mathew Kavanadimalayil | Relieved from Bursar, St. Thomas College and interim residence in the Bishop's House, Palai | 01.05.2021 |
| 7 | Fr. Mathew Alapattumedayil | Appointed Bursar, St. Thomas College, Palai | 01.05.2021 |
| 8 | Fr. Kuriakose Kappiliparampil | Appointed Warden, Christu Raj Hostel, St.Thomas College | 01.05.2021 |

# Transfer & Appointment (May - June 2021)

| No. | Rev Fr. | Office | With effect from |
|---|---|---|---|
| 1 | Nattuvazhiparampil Amal OFM Cap | Relieved from Asst. Vicar, Koothattukulam | 11.05.2021 |
| 2 | Vallompurayidathil Prince OFM Cap | Relieved from Asst Vicar, Aruvithura | 14.05.2021 |
| 3 | Kavanadymalayil Mathew | Senior Asst. Vicar, Muttuchira | 16.06.2021 |
| 4 | Peedikayil Mathew | Vicar, Kunnonny | 19.06.2021 |
| 5 | Vilakunnel Joseph | Residence in Presbytery, Teekoy | 19.06.2021 |
| 6 | Vadakkethakidiel Kuriakose | Vicar, Kavaly | 19.06.2021 |
| 7 | Polakkatt Kurian | Residence in Philip's Hostel Arunapuram | 19.06.2021 |
| 8 | Thazhathuvarickayil Joseph | Manager, Industrial Estate & Asst. Director, PSWS | 19.06.2021 |
| 9 | Kizhakkethil Jose (Schonstatt) | Asst. Vicar, Aruvithura | 26.06.2021 |

# പാലാ ഹോം പ്രോജക്ട്

**മെയ് - ജൂൺ**

| | സാമ്പത്തികസഹായം ലഭിച്ചവർ | Amount From Centre | Amount From Parish |
|---|---|---|---|
| 1 | റോബി റ്റി.സി തുമ്പനാൽ ഓരത്ത് മണ്ണാറപ്പാറ | 100000 | |
| 2 | പത്രോസ് കല്ലറയ്ക്കൽ ഇടമറ്റം | | 34390 |
| 3 | മിനി മാത്യു നടയിൽ ഇടമറ്റം | | 25000 |
| 4 | സാലി സെബാസ്റ്റ്യൻ ഏർത്തയിൽ നരിയങ്ങാനം | 25000 | |
| 5 | കുട്ടിച്ചൻ പാറയിൽ | 25000 | |
| 6 | ബിജി ജോയി വാഴേചാലിൽ കുന്നോന്നി | 50000 | |
| 7 | സെബാസ്റ്റ്യൻ മന്നാച്ചിയിൽ, മുളക്കുളം | 25000 | |
| 8 | റ്റി.എ. അബ്രഹാം തൈക്കൂട്ടത്തിൽ മണലുങ്കൽ | 25000 | |
| 9 | ലാലു പാലമറ്റം, ഉാലം പഴയപള്ളി | 20000 | |
| 10 | സിൽവസ്റ്റർ കോയിപ്പറമ്പിൽ കുരുവിനാൽ | 10000 | |
| 11 | ബിജോയ് പുത്തൻപുരയ്ക്കൽ കുറിച്ചിത്താനം | 50000 | |
| 12 | അജി വള്ളിനിൽക്കുംതടത്തിൽ, കളത്തൂർ | 50000 | |
| 13 | ഏലിക്കുട്ടി നിലപ്പനയിൽ ഉാലം പഴയപള്ളി | | 100000 |
| 14 | ജോസ് വർഗീസ് വെട്ടുകല്ലുംപുറത്ത് ഉാലം പഴയപള്ളി | | 200000 |
| 15 | അന്തീനാട് ഇടവകക്കാർ | | 34966 |
| 16 | വിൻസെന്റ് പോൾ അന്തിനാട് | | 31500 |

| | | | |
|---|---|---|---|
| 17 | രാജു രാമപുരം | | 800000 |
| 18 | റോയി രാമപുരം | | 350000 |
| 19 | ജോർജ് വിൻസെന്റ് ഡീപോൾ നരിയങ്ങാനം | | 50000 |
| 20 | മറിയക്കുട്ടി രാമപുരം | | 650000 |
| 21 | അന്നക്കുട്ടി രാമപുരം | | 650000 |
| 22 | തങ്കച്ചൻ രാമപുരം | | 650000 |
| 23 | കുഞ്ഞഗസ്തി രാമപുരം | | 650000 |
| 24 | റ്റുബി രാമപുരം | | 640000 |
| 25 | ഏലിയാമ്മ രാമപുരം | | 600000 |
| 26 | ജോൺസൺ വടകര | 50000 | |
| 27 | ജെയിൻ വടകര | 50000 | |
| 28 | ജോൺസൺ അഗസ്റ്റിൻ വടകര | 50000 | |
| 29 | ജോൺ മാത്യു വടകര | 50000 | |
| 30 | സെനീഷ് വടകര | 50000 | |
| 31 | ബിനോയി വടകര | 50000 | |
| 32 | ലിജോ ലൂർദ് മൗണ്ട് | 50000 | |
| 33 | സുമിത സുരേഷ് ഏഴാച്ചേരി | 10000 | |

**സംഭാവന നൽകിയത്**

ഡോ. ജോസ് ജെ നടുംത്തൊട്ടി അരുവിത്തുറ - 25000

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ** **മോൺ. ജോസഫ് മലേപറമ്പിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ കോർഡിനേറ്റർ

# മാർ സ്ലീവാ മെഡിസിറ്റി പാലാ

മാർ സ്ലീവാ മെഡിസിറ്റി പാലയുടെയും മാർ സ്ലീവാ നഴ്സിംഗ് കോളജിന്റെയും സംയുക്താഭിമുഖ്യത്തിൽ നഴ്സുമാർക്കായി പരിശീലനപരിപാടി നടന്നു. മാർ സ്ലീവാ നഴ്സിംഗ് കോളേജ് വിദ്യാർത്ഥികളുടെ പഠനത്തിന്റെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റി പാലായിലെ നഴ്സുമാർക്ക് പ്രത്യേക പരിശീലന പരിപാടി നടന്നു. നഴ്സിംഗ് വിദ്യാർത്ഥികൾ നേതൃത്വം നൽകിയ ഈ പരിപാടിയിൽ പരിശീലനത്തോടൊപ്പം എക്സിബിഷനും സംഘടിപ്പിച്ചിരുന്നു.

**മാർ സ്ലീവാ മെഡിസിറ്റി പാലായുടെ പുതിയ ബ്ലോക്ക് പ്രവർത്തനം ആരംഭിച്ചു**

130 ഓളം മുറികളുള്ള പുതിയ ബ്ലോക്കിൽ എസി, നോൺ എസി, ഡീലക്സ് വിഭാഗങ്ങളിൽ മുറികൾ ലഭ്യമാണ്. ലോകോത്തര നിലവാരത്തിലുള്ള സൗകര്യങ്ങളോടുകൂടിയ നഴ്സസ് കോൾ സിസ്റ്റം, എല്ലാമുറികളിലും 5 function motorised ബെഡുകൾ, പൊള്ളലുകൾ ഏൽക്കുന്നവർക്കായി അത്യാധുനിക സജ്ജീകരണങ്ങളുള്ള ബേൺ ഐസിയൂ, അവയവമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്കായുള്ള ട്രാൻസ്പ്ലാന്റ് ഐസിയു തുടങ്ങി നിരവധി സൗകര്യങ്ങളോടുകൂടിയാണ് പുതിയ ബ്ലോക്ക് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്.

**മാർ സ്ലീവാ മെഡിസിറ്റി പാലായുടെ നേതൃത്വത്തിൽ ആദ്യ PDMF (Pala Diocese Medical Fellowship) മീറ്റിംഗ് നടന്നു.**

ആദ്യ PDMF മീറ്റിംഗ് മാർ സ്ലീവാ മെഡിസിറ്റി പാലായിൽ വച്ച് നടന്നു. പാലാ രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന 9 ഓളം ആശുപത്രിയിലെ ഡോക്ടർമാരും, ആശുപത്രി അധികൃതരും മീറ്റിങ്ങിന്റെ ഭാഗമായിരുന്നു.

**മാർ സ്ലീവാ മെഡിസിറ്റി പാലായിലെ ഡോക്ടർമാരുടെ സേവനം ഇനി പൊൻകുന്നം സിസിലിയമ്മ ജോൺ മെമ്മോറിയൽ ഗുഡ് സമരിറ്റൻ ഹോസ്പിറ്റലിലും**

മാർ സ്ലീവാ മെഡിസിറ്റി പാലാ, പൊൻകുന്നം സിസിലിയമ്മ ജോൺ മെമ്മോറിയൽ ഗുഡ് സമരിറ്റൻ ആശുപത്രിയിൽ

സ്പെഷ്യാലിറ്റി ക്ലിനിക് ആരംഭിച്ചു. നെഫ്രോളജി, പൾമനോളജി എന്നീ വിഭാഗങ്ങളിലാണ് സ്പെഷ്യാലിറ്റി ക്ലിനിക് ആരംഭിച്ചത്. പൊൻകുന്നം ഗുഡ്സമരിറ്റൻ ആശുപത്രിയിൽ എല്ലാ വ്യാഴാഴ്ച കളിലും ഉച്ചകഴിഞ്ഞ് 3 മുതൽ 5 വരെയാണ് ക്ലിനിക്, പ്രവർത്തിക്കുന്നത്. മാർ സ്ലീവാ മെഡിസിറ്റിയിലെ നെഫ്രോളജി വിഭാഗം കൺസൽട്ടൻറ് ഡോ. തോമസ് മാത്യു, പൾമനോളജി വിഭാഗം കൺസൽട്ടൻറ് ഡോ. മെറിൻ യോഹന്നാൻ എന്നിവരുടെ നേതൃത്വത്തിലാണ് രോഗികൾക്കായി ഈ സേവനം ഒരുക്കിയിട്ടുള്ളത്.

## New Doctors list (ഏപ്രിൽ)

ഡോ. റോയ് സക്കറിയ – സീനിയർ കൺസൾറ്റൻറ് ഹോമിയോപ്പതി

ഡോ. നന്ദകുമാർ എസ്.വി. – അസ്സോസിയേറ്റ് കൺസൾറ്റന്റ് – അനസ്തേഷ്യോളജി & ടെലി ഓപ്പറേറ്റീവ് മെഡിസിൻ

ഡോ. അമൃതലാൽ എം. എസ് – രജിസ്ട്രാർ
– അനസ്തേഷ്യോളജി & ടെലി ഓപ്പറേറ്റീവ് മെഡിസിൻ

ഡോ. സിബി റോമി – രജിസ്ട്രാർ
– ജനറൽ & ലാപ്പറോസ്കോപിക് സർജറി

ഡോ. അഫ്സൽ ബി. റഫ്മാൻ – രജിസ്ട്രാർ
– ജനറൽ & ലാപ്പറോസ്കോപിക് സർജറി

**മെയ് – ജൂൺ വാർത്തകൾ**

**മാർ സ്ലീവാ മെഡിസിറ്റി സർവീസ് സെന്ററിന്റെ പ്രവർത്തനം പുനരാരംഭിച്ചു.**

മാർ സ്ലീവാ മെഡിസിറ്റി പാലായുടെ സംരംഭമായ മാർ സ്ലീവാ മെഡിസിറ്റി സർവീസ് സെന്ററിന്റെ പ്രവർത്തനം 21/06/2021 മുതൽ പുനരാരംഭിച്ചു.

ചേർപ്പുങ്കൽ ടൗണിൽ ഏറ്റുമാനൂർ പാലാ ഹൈവേക്കു സമീപം ഇൻഫന്റ്ജീസസ് ഷോപ്പിംഗ് കോംപ്ലക്സിലാണ് മാർ സ്ലീവാ മെഡിസിറ്റി സർവീസ് സെന്റർ പ്രവർത്തിച്ചുവരുന്നത്. ബ്ലഡ്, യൂറിൻ സാമ്പിളുകൾ ഇവിടെ പരിശോധനയ്ക്കായി നൽകാവുന്നതാണ്. ഞായറാഴ്ചകളിൽ ഒഴികെ എല്ലാ ദിവസങ്ങളിലും പ്രവൃത്തനക്ഷമമായ ലാബ് രാവിലെ 6 മണിമുതൽ 2.30 മണിവരെയാണ്

തുറന്നു പ്രവർത്തിക്കുന്നത്. ശേഖരിക്കുന്ന സാമ്പിളുകൾ മാർ സ്ലീവാ മെഡിസിറ്റി പാലായുടെ അത്യാധുനിക സജ്ജീകരണങ്ങളുള്ള ലാബിൽ പരിശോധിച്ച് ഫലം ലഭ്യമാക്കുന്നു. അന്വേഷണങ്ങൾക്ക് ഹെൽപ് ഡെസ്ക്, ആശുപത്രിസേവനങ്ങളുടെ ബുക്കിംഗ് എന്നീ സൗകര്യങ്ങൾ മാർ സ്ലീവാ മെഡിസിറ്റി സർവീസ് സെന്ററിൽ ലഭ്യമാണ്. അതോടൊപ്പം ആശുപത്രിയിൽ പരിശോധനകളുടെ ലാബ് റിപ്പോർട്ടുകളും ഇവിടെനിന്ന് രോഗികൾക്ക് വാങ്ങാവുന്നതാണ്. അടുത്ത പ്രാവശ്യം ഡോക്ടറെ കാണുന്നതിനുമുമ്പ് ചെയ്യണമെന്ന് നിർദ്ദേശിക്കപ്പെട്ട ടെസ്റ്റുകൾക്കുള്ള സാമ്പിളുകൾ മുൻകൂട്ടി നൽകാനുള്ള സൗകര്യവും ഇവിടെ ലഭ്യമാണ്.

ഏറ്റവും വേഗത്തിൽ കൃത്യമായ ഫലം എന്ന ലക്ഷ്യത്തോടെയാണ് മാർ സ്ലീവാ മെഡിസിറ്റി പാലായുടെ ലബോറട്ടറി മെഡിസിൻ വിഭാഗം പ്രവർത്തിച്ചുവരുന്നത്. ബയോകെമിസ്ട്രി, ഇമ്മ്യൂണോകെമിസ്ട്രി, പാത്തോളജി, ഹെമറ്റോളജി, മൈക്രോബയോളജി, സെറ്റോളജി എന്നിങ്ങനെ വിവിധതരം സേവനങ്ങൾ നൽകിവരുന്ന ഈ വിഭാഗം വീഴ്ചകളില്ലാത്ത, സുഗമമായ റിപ്പോർട്ടുകൾ ലഭിക്കുന്നതിനും രോഗികൾ അവ ലഭ്യമാക്കുന്നതിനുമായി ഇലക്ട്രോണിക് ഫിസിഷ്യൻ ഓർഡറിങ് സിസ്റ്റം ഉപയോഗിക്കുന്നു. വിദഗ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ പരിചയസമ്പന്നരായ ലാബ് ടെക്നീഷ്യന്മാർ സൂക്ഷ്മമായും കൃത്യവുമായ പരിശോധനാ ഫലങ്ങൾ നൽകുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ജനങ്ങളുടെ നിരന്തരമായ ആവശ്യപ്രകാരമാണ് 21.06.2021 മുതൽ മാർ സ്ലീവാ മെഡിസിറ്റി സർവീസ് സെന്റർ വീണ്ടും പ്രവർത്തനം ആരംഭിക്കാൻ ആശുപത്രി അധികൃതർ നിർബന്ധിതരായത്. സാധാരണക്കാർക്ക് ആശുപ്രതിയുടെ തിരക്കുകളില്ലാതെ എളുപ്പത്തിലും വേഗത്തിലും ഏറ്റവും സുരക്ഷിതമായ അന്തരീക്ഷത്തിൽ സാമ്പിളുകൾ ഇവിടെ പരിശോധനയ്ക്കായി നൽകാം.

**"ആസ്ക് ദി ഡോക്ടർ" പ്രോഗ്രാമുമായി മാർ സ്ലീവാ മെഡിസിറ്റി പാലാ**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്കുള്ള സംശയങ്ങൾക്ക് ഫോണിലൂടെ മറുപടി നൽകി മാർ സ്ലീവാ മെഡിസിറ്റി പാലാ ക്രിട്ടിക്കൽ കെയർ വിഭാഗം സീനിയർ

കൺസൾട്ടന്റ് ഡോ. ജേക്കബ് ജോർജ് പി. മലയാള മനോരമ, മാതൃഭൂമി, കേരള കൗമുദി തുടങ്ങി നിരവധി പത്ര മാധ്യമങ്ങളുടെ സഹകരണത്തോടെ നടത്തിയ ആസ്ക് ദി ഡോക്ടർ പ്രോഗ്രാം, ജനങ്ങളുടെ കോവിഡിനെപറ്റിയുള്ള സംശയങ്ങൾക്ക് മറുപടി നൽകുവാൻ സാധിച്ചതിലൂടെ വൻ വിജയമായി മാറി.

**വീട്ടിൽ കഴിയുന്ന കോവിഡ് ബാധിതർക്ക് സഹായവുമായി മാർ സ്ലീവാ മെഡിസിറ്റി പാലായുടെ കോവിഡ് ഫൈറ്റേഴ്സ്**

വീട്ടിൽ കഴിയുന്ന കോവിഡ് ബാധിതർക്കും അവരുമായി സമ്പർക്കത്തിൽ കഴിയുന്നവർക്കും ആശ്വാസമായി പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ മാർ സ്ലീവാ മെഡിസിറ്റി പാലാ നേതൃത്വം നല്കുന്ന മാർ സ്ലീവാ മെഡിസിറ്റി കോവിഡ് ഫൈറ്റേഴ്സിനു തുടക്കംകുറിച്ചു. ആഗോള മഹാമാരിയായ കോവിഡ് 19 കേരളത്തിലും ഭീതിയായി പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ, രോഗത്തിനെതിരേയുള്ള ഫലപ്രദമായ ചെറുത്തുനില്പിന് സഹായം എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ്, ഇന്നലെ ആശുപത്രിയിൽ വെച്ച് നടന്ന ചടങ്ങിൽ മാനേജിങ് ഡയറക്ടർ മോൺ. എബ്രഹാം കൊല്ലിത്താനത്തുമലയിൽ പരിപാടി ഫ്ളാഗ്ഓഫ് ചെയ്തത്. രോഗവ്യാപനം ദിനംപ്രതി കൂടിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കോവിഡ് ബാധിച്ചും ക്വാറന്റൈൻ മൂലവും വീടുകളിൽത്തന്നെ കഴിയേണ്ടിവരുന്നവർക്ക്, അവരുടെ ആരോഗ്യപരിരക്ഷയ്ക്കായി ഡോക്ടർ, നേഴ്സ് എന്നിവർ ഉൾപ്പെടുന്ന ആരോഗ്യ പ്രവർത്തകരുടെ ടീം വീടുകളിൽ എത്തി വേണ്ട പരിചരണം നൽകുന്ന വിധത്തിലാണ് ഈ പരിപാടി ക്രമീകരിച്ചിട്ടുള്ളത്.

**മാർ സ്ലീവാ മെഡിസിറ്റി പാലാ ഇനി കൂടുതൽ ജനകീയം**

പാലാ: കേരളത്തിലെ മികച്ച ടെർഷ്യറി കെയർ ഹോസ്പിറ്റൽ ആയ മാർ സ്ലീവാ മെഡിസിറ്റി പാലാ ഇനി കൂടുതൽ ജനകീയമാകുന്നു. ജനങ്ങൾക്ക് ഏറ്റവും എളുപ്പത്തിൽ ആശുപത്രിയിലെ പ്രക്രിയകൾ പൂർത്തീകരിക്കുവാൻ സഹായിക്കുന്ന നൂതന സൗകര്യങ്ങൾ ബ്ലോക്ക് 14-06-2021 രാവിലെ 9 മണിക്ക് പാലാ രൂപതയുടെ അഭിവന്ദ്യ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ആശീർവദിച്ചു. ഇൻഷുറൻസ്, പബ്ലിക് റിലേഷൻസ്, രോഗികളുടെ അഡ്മിഷൻ തുടങ്ങി നിരവധി ഡിപ്പാർട്ടുമെന്റുകളാണ് ഇവിടെ

രോഗികൾക്ക് എളുപ്പത്തിൽ പ്രയോജനപ്പെടുത്താവുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നത്. ആശുപത്രി റിസെപ്ഷനോട് ചേർന്നുള്ള ലൈറ്റെവൽ ഏരിയയിൽ ആണ് ഈ ഡിപ്പാർട്ടുമെന്റുകൾ ഇനിമുതൽ പ്രവർത്തിക്കുന്നത്.

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ അന്താരാഷ്ട്ര നഴ്സസ്ദിനം ആചരിച്ചു**

അന്തരാഷ്ട്ര നഴ്സസ് ദിനമായ മെയ് 12 മാർ സ്ലീവാ മെഡിസിറ്റി പാലായുടെ ജീവനാഡിയായി പ്രവർത്തിക്കുന്ന എല്ലാ നഴ്സുമാരെയും ആദരിച്ചു. നഴ്സുമാർക്കായി നടത്തിയ വിവിധ കലാപരിപാടികളിൽ സമ്മാനർഹരായവർക്കും, മാർ സ്ലീവാ മെഡിസിറ്റി പാലായിൽ ജോലി ചെയ്യുന്ന എല്ലാ നഴ്സുമാർക്കും സമ്മാനങ്ങളും, സർട്ടിഫിക്കറ്റുകളും ചടങ്ങിൽ നൽകി. ആശുപത്രി മാനേജിങ് ഡയറക്ടർ മോൺ. ഏബ്രഹാം കൊല്ലിത്താനത്തു മലയിൽ, മറ്റ് ഡയറക്ടേഴ്സ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

**രോഗികൾക്കായി ടെലികൺസൾട്ടേഷൻ സൗകര്യമൊരുക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ**

രോഗികൾക്ക് ആശുപത്രിയിൽ വരാതെതന്നെ ചികിത്സ നേടാനുള്ള സൗകര്യമൊരുക്കി മാർ സ്ലീവാ മെഡിസിറ്റി പാലാ. രോഗികൾക്ക് തങ്ങളുടെ സംശയവും കാര്യങ്ങളും ഫോണിലൂടെ തന്നെ കേട്ട് അതിനുവേണ്ട പ്രതിവിധി നൽകുകയാണ് ടെലി കൺസൾട്ടേഷനിലൂടെ മാർ സ്ലീവാ മെഡിസിറ്റി പാലായിലെ ഡോക്ടർസ്. വെബ്സൈറ്റ് അല്ലെങ്കിൽ മാർ സ്ലീവാ മെഡിസിറ്റി പാലായുടെ മൊബൈൽ ആപ്പ് മുഖേനയോ രോഗികൾക്ക് അവർക്കാവശ്യമായ ഡോക്ടറുമാരുടെ ടെലികൺസൾട്ടെഷനുള്ള ടോക്കൺ ലഭിക്കുന്നതാണ്.

**മനോരമ ന്യൂസിന്റെ 'ഹെല്പ് ഡെസ്ക്' പ്രോഗ്രാമിന്റെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റി പാലാ**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്കുള്ള സംശയങ്ങൾക്ക് മനോരമ ന്യൂസിന്റെ 'ഹെല്പ് ഡെസ്ക്'' പ്രോഗ്രാമിലൂടെ മറുപടി നൽകി മാർ സ്ലീവാ മെഡിസിറ്റി പാലായിലെ ക്രിട്ടിക്കൽ കെയർ വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ജേക്കബ് ജോർജ് പി. 17-06-2021 വ്യാഴാഴ്ച 3.30 ന് നടന്ന

പ്രോഗ്രാമിൽ കേരളത്തിലെ ഭൂരിഭാഗം ജില്ലകളിൽനിന്നുമുള്ള ആളുകളുടെ കോവിഡ് സംബന്ധിച്ചുള്ള സംശയങ്ങൾക്ക് മറുപടി നൽകുവാൻ സാധിച്ചു.

**New Doctors list** (മേയ് & ജൂൺ)

ഡോ. ആൻ ഡോമിനാ തോമസ് - രജിസ്ട്രാർ
- ഫാമിലി മെഡിസിൻ ആൻഡ് ഹോം കെയർ

ഡോ. പോൾ ബാബു - സീനിയർ രജിസ്ട്രാർ
- ഓർത്തോപീഡിക്സ്

ഡോ. അരുൺ തോമസ് - കൺസൾറ്റന്റ്
- പീഡിയാട്രിക്രിട്ടിക്കൽ കെയർ

ഡോ. ജിനു സി. സോമൻ - കൺസൾറ്റന്റ്
- റേഡിയോ ഡയഗ്നോസിസ് & ഇമേജിങ്

ഡോ. സബില എ - വിസിറ്റിംഗ് കൺസൾറ്റന്റ്
- റേഡിയോ ഡയഗ്നോസിസ് & ഇമേജിങ്

**മോൺ. ഏബ്രഹാം കൊല്ലിത്താനത്തുമലയിൽ**
മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി പാലാ

# സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ

സ്നേഹബഹുമാനപ്പെട്ട അച്ചാ/ സിസ്റ്റർ

1998 ൽ ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ ആരംഭിച്ച സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ തിളക്കമാർന്ന വിജയങ്ങളിലൂടെ 22 വർഷത്തെ സേവനം പൂർത്തിയാക്കിയിരിക്കുകയാണ്. നമ്മുടെ സമുദായത്തിൽപ്പെട്ട യുവതീയുവാക്കൾ സിവിൽ സർവീസ് രംഗത്തേക്കു കൂടുതലായി കടന്നുവരണം എന്ന ആഗ്രഹത്തോടെയാണ് അഭിവന്ദ്യ പിതാക്കന്മാർ ഈ വലിയ സംരംഭത്തിനു തുടക്കം കുറിച്ചത്. മറ്റു പല സമുദായങ്ങളുമായി താരതമ്യം നടത്തുമ്പോൾ സിവിൽ സർവീസ് രംഗത്ത് ക്രിസ്ത്യൻവിഭാഗത്തിൽനിന്നു കടന്നുവരുന്നവരുടെ എണ്ണം വളരെ കുറവാണെന്ന സത്യം നാം തിരിച്ചറിയുന്നു. ആയതിനാൽ, നമ്മുടെ ഇടവകകളിൽനിന്ന് ഈ രംഗത്തേക്കു യോഗ്യരായ വിദ്യാർത്ഥിനീവിദ്യാർത്ഥികളെ പറഞ്ഞയയ്ക്കാനും പ്രോത്സാഹിപ്പിക്കാനും ബഹുമാനപ്പെട്ട അച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും പ്രത്യേകശ്രദ്ധയും താത്പര്യവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്** (വികാരി ജനറാൾ)


## സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലാ

CIVIL SERVICE INSTITUTE PALA

സ്ഥാപിതം 1998

സിവിൽ സർവ്വീസ് സ്വപ്നങ്ങൾക്ക് ഒരു കരുത്തുറ്റ കൈത്താങ്ങ് – ഭാരത സർക്കാർ അംഗീകൃതം

Ph : 04822 215831, 9539381100, 8281447770, (9497431000 - TVM Campus)

Free Webinar Series for beginners in July

web : www.civilservicepala.com

## UPSC പരീക്ഷ (IAS,IPS, IFS etc.)പരിശീലനം

ഫുൾടൈം ബാച്ച്
ജൂലൈ 15 നും ഓഗസ്റ്റ് 9 നും
ആരംഭിക്കുന്നു

പ്രവേശനം തുടരുന്നു

കോഴ്സുകൾ

1. **Full -Time Batch**
   14 മാസത്തെ തീവ്രപരിശീലനം
2. **Weekend Batch**
   ഉദ്യോഗസ്ഥർ, Final UG/PG വിദ്യാർത്ഥികൾ etc. (10 മാസം)
3. **Add-On Course**
   റഗുലർ UG വിദ്യാർത്ഥികൾക്ക് (3 വർഷം)
4. **Foundation Course**
   പ്ലസ് വൺ വിദ്യാർത്ഥികൾക്ക് (1 വർഷം)
5. **Malayalam Optional**
   മലയാളം ഐച്ഛികവിഷയമാക്കിയ വിദ്യാർത്ഥികൾക്ക്

പ്രത്യേകതകൾ

- വിദഗ്ദ്ധരായ അദ്ധ്യാപകർ
- കൃത്യമായി നടക്കുന്ന online/offline ക്ലാസ്സുകൾ
- ഹോസ്റ്റൽ സൗകര്യം
- ആധുനിക ലൈബ്രറി
- മെന്ററിങ് സിസ്റ്റം
- മുന്നൂറിലധികം വിജയികൾ
- ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, പാലാ രൂപതകളുടെ സംയുക്തസംരംഭം

Faculty positions vacant: Candidates with relevant experience who cleared CS Mains may send their résumés to civilpala@yahoo.com

പ്രിൻസിപ്പാൾ

ലേഖനം

# കടുത്തുരുത്തിക്കാരൻ കടവിൽ ചാണ്ടിക്കത്തനാരും നിസ്സിബിസ്സുകാരൻ മാർ അപ്രേമും

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

ഭാരതനസ്രാണിപാരമ്പര്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിത്വങ്ങളിലൊന്നാണ് കടവിൽ ചാണ്ടിക്കത്തനാർ. ഇംഗ്ലീഷിൽ Alexander of the Port എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. Port എന്നാൽ കടവ്, കടവിൽ എന്നെല്ലാമാണ് അർത്ഥം. Alexander of the Port എന്നത് കത്തനാരുതന്നെ സുറിയാനിയിൽ വിവർത്തനം ചെയ്തിരിക്കുന്നത് Alexandros Menaya എന്നും Alexandros Henduaya (ഇന്ത്യക്കാരനായ അലക്സാണ്ടർ) എന്നുമാണ്. പോർച്ചുഗീസുകാർ അദ്ദേഹത്തെ Alexander the Indian എന്നാണു വിശേഷിപ്പിച്ചിരുന്നത്.

അദ്ദേഹം 1588 ൽ കടുത്തുരുത്തിയിൽ ജനിച്ച് 1673 ൽ ചരമം പ്രാപിച്ചു എന്നാണ് ചരിത്രപണ്ഡിതന്മാർ കണക്കുകൂട്ടുന്നത്. നസ്രാണിസഭയിൽനിന്നുള്ള ഒരു ഈശോസഭാ വൈദികനായിരുന്നു അദ്ദേഹം. ചേന്നമംഗലത്തുള്ള വൈപ്പിൻകോട്ട സെമിനാരിയിലാണു പഠിച്ചത്. അവിടെ അദ്ദേഹത്തിനു കിട്ടിയ വലിയൊരു ഗുണം ആ സെമിനാരിയിൽ അന്നു പഠിപ്പിച്ചിരുന്ന ഫ്രാൻസിസ് റോസ് എന്ന വൈദികനായിരുന്നു. അദ്ദേഹമാണ് സുറിയാനിക്കാരുടെതായി ശുശ്രൂഷയിലേക്കു വന്ന അങ്കമാലി(ക്രാങ്കനൂർ)യുടെ ആദ്യത്തെ ലാറ്റിൻ ആർച്ചുബിഷപ്. 1601 മുതൽ 1624 വരെയുള്ള കാലഘട്ടം. അതിനു മുമ്പ് മാർ അബ്രാഹം ആയിരുന്നു അങ്കമാലിയിൽ താമസിച്ച് ശുശ്രൂഷ ചെയ്തിരുന്നത്. റോസ് മെത്രാനുശേഷം വന്നത് ആർച്ചുബിഷപ് സ്റ്റീഫൻ ബ്രിട്ടോ ആണ്.

**സുറിയാനിഭാഷയുടെ സവിശേഷതകൾ**

ക്രിസ്റ്റ്യൻ അറമായിക് അല്ലെങ്കിൽ സുറിയാനി ദിവ്യമായ ഒരു ഭാഷയാണ്. ദൈവം സംസാരിച്ച ഭാഷയാണതെന്ന് ശാസ്ത്രജ്ഞ

ന്മാർപോലും പറഞ്ഞുവച്ചിട്ടുണ്ട്. വി.ഗ്രന്ഥത്തെ അതിന്റെ തന്മയിൽ ഗ്രഹിക്കാൻ സുറിയാനി കൂടിയേ തീരൂ. ഈശോയുടെയും പരിശുദ്ധ അമ്മയുടെയും ശ്ലീഹന്മാരുടെയും ഭാഷ അറമായ-സുറിയാനിയായിരുന്നു. ആദിമസഭയുടെ ഗ്രന്ഥകാരന്മാരിൽ അതിപ്രഗല്ഭരായവരുടെ ഒരു വലിയ നിര സുറിയാനി മാതൃഭാഷയായിട്ടുള്ളവരായിരുന്നു. സുറിയാനിസഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങൾ അനശ്വരമുത്തുകളാണ്. ലോകത്തിലെതന്നെ ഏറ്റവും നല്ല ആരാധനക്രമങ്ങൾ രൂപപ്പെട്ടത് സുറിയാനിയിലായിരുന്നു. സുറിയാനിഭാഷയിലുള്ള പ്ശീത്താ ബൈബിൾ ലോകപ്രസിദ്ധമാണ്. ജനഹൃദയങ്ങളിലെത്തുന്ന ശുദ്ധമായ സംഗീതം സുറിയാനിഭാഷയിലും ഈണത്തിലുമാണ്. സഭയെ പോയറ്റിക്കൽ ആക്കുന്നത് സുറിയാനിയാണ്. സഭകൾ തമ്മിലുള്ള ഐക്യത്തിൽ സുറിയാനി പാലംപോലെ നില്ക്കുന്നു. ആദ്യനൂറ്റാണ്ടുമുതൽ സുറിയാനി അന്തർദേശീയ ഭാഷയായിരുന്നു. ഈശോ പരിശുദ്ധ കുർബാന സ്ഥാപിച്ചത് അറമായ സുറിയാനിഭാഷയിലാണ്. Eckius എന്ന ചരിത്ര-ഭാഷാപണ്ഡിതൻ പറയുന്നു: "ആരംഭത്തിൽ എല്ലാ സ്ഥലങ്ങളിലും എല്ലാ ലിറ്റർജികളും കൽദായ സുറിയാനി ഭാഷയിലായിരുന്നു അർപ്പിച്ചിരുന്നത്." അതിസമ്പന്നമായ ഒരു ധാർമിക-ആത്മീയവിജ്ഞാനത്തിന്റെ മുത്തുകൾ സുറിയാനിഭാഷയിലൂടെ സംരക്ഷിക്കപ്പെടുന്നുണ്ട്. നസ്രാണികളെ സംബന്ധിച്ചിടത്തോളം സമുദായ ഐക്യത്തിന്റെ ഒരു പ്രാധാന്യംകൂടി സുറിയാനിഭാഷയ്ക്കുണ്ട്. സുറിയാനി പണ്ഡിതന്മാരും മല്പാന്മാരും ഇല്ലാത്ത നസ്രാണിസഭ ഒരിക്കലും അതിന്റെ യഥാർത്ഥ തന്മ മനസ്സിലാക്കുകയില്ല. കച്ചവടത്തിന്റെയും സംഗീതത്തിന്റെയും സാഹിത്യത്തിന്റെയും കലകളുടെയും ഗണിതശാസ്ത്രത്തിന്റെയും നാടകങ്ങളുടെയും മേഖലകളിൽ സുറിയാനിഭാഷ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. നമ്മുടെ സഭയിലും സുറിയാനിപണ്ഡിതന്മാരുടെ ഒരു വലിയ നിര ഉണ്ടായിരുന്നു. ഇന്ന് സുറിയാനിഭാഷാപണ്ഡിതന്മാരുടെ കുറവുമൂലം പല ഉറവിടങ്ങളും തുറക്കപ്പെടാതെ കിടക്കുകയാണ്. ഉറവിടങ്ങൾ പരിചയപ്പെടുത്തിക്കൊടുക്കാൻ സാധിക്കാത്ത ഒരു സഭാസമൂഹത്തിനും മുമ്പോട്ടുപോകാനാവില്ല. നസ്രാണിസഭ കാത്തുസംരക്ഷിച്ച കത്തനാർമാരെയും മല്പാന്മാരെയും റമ്പാന്മാരെയും നമ്മൾ കൂടുതലായി പഠനവിധേയമാക്കണം.

**പൗരസ്ത്യ സുറിയാനിപാണ്ഡിത്യം**

ചാണ്ടിക്കത്തനാരെക്കുറിച്ച് ഓർക്കുമ്പോൾ നമ്മെ സംബന്ധിച്ച്, പ്രത്യേകിച്ച് ഭാരതത്തിലെ നസ്രാണികളെ സംബന്ധിച്ച്, ഏറ്റവും പ്രധാനപ്പെട്ട കാര്യം അദ്ദേഹത്തിന് പൗരസ്ത്യസുറിയാനിഭാഷയിൽ അസാധാരണമായ പാണ്ഡിത്യമുണ്ടായിരുന്നു എന്നതാണ്. അദ്ദേഹ ത്തിന്റെ രചനകളെല്ലാംതന്നെ മാന്നാനം ലൈബ്രറിയിൽ സൂക്ഷി ച്ചിട്ടുണ്ട്. അതേക്കുറിച്ചു വേണ്ടരീതിയിൽ ഗൗരവമായ പഠനങ്ങൾ നടത്തിയിട്ടില്ല എന്നതാണു സത്യം. വിദേശിയായ ഇസ്തുവാൻ പേർസുവേലാണ് ആധികാരികമായ ഒരു ഗവേഷണം നടത്തിയത്. കടവിൽ ചാണ്ടിക്കത്തനാർ മാർ അപ്രേമിനെപ്പോലുള്ള ഒരു പ്രതി ഭാശാലിയായിരുന്നു. സുറിയാനിസഭയുടെ ട്രഡീഷണൽ മീറ്റർ ഓഫ് ഒനീയാസ ക്രമത്തിലാണ് ചാണ്ടിക്കത്തനാർ ആരാധനഗാനങ്ങൾ എഴുതിയിരിക്കുന്നത്. അദ്ഭുതകരമായ മികവ് അദ്ദേഹത്തിന്റെ രച നയ്ക്കുണ്ട്. നസ്രാണിസഭയുടെ ധൈഷണികചരിത്രം പരിശോധി ക്കുമ്പോൾ ആദ്യമായി പരിഗണനയിലെടുക്കേണ്ട ഒരാളാണ് കട വിൽ ചാണ്ടിക്കത്തനാർ. കാരണം, വ്യത്യസ്തമാനങ്ങളിലൂടെയുള്ള ഒരു പരിശീലനമാണ് അദ്ദേഹത്തിനു കിട്ടിയത്. പരിശീലനകാലഘട്ട ത്തിൽ പ്രഗല്ഭനായ ഗുരു റോസ് അച്ചനിൽനിന്ന് അദ്ദേഹം ഭാഷ കളെല്ലാം പഠിച്ചെടുത്തു. ലത്തീനും സുറിയാനിയും അതിന്റെ ആദ്യ രൂപമായ അറമായിക്കും ഹീബ്രുവുമൊക്കെ നല്ല വശമുള്ള ഒരു വ്യക്തിയായി കടവിൽ ചാണ്ടിക്കത്തനാർ രംഗപ്രവേശം ചെയ്യുന്നു. വൈപ്പിൻകോട്ട സെമിനാരിയിൽ വൈദിക പരിശീലനത്തിനാ യി സുറിയാനി സഭയിൽനിന്ന് ധാരാളം കുട്ടികളുണ്ടായിരുന്നു. അധ്യ ാപകരായി വിദേശത്തുനിന്നു വരുന്നവർക്ക് സുറിയാനിയിൽ അത്ര പാണ്ഡിത്യം ഇല്ലായിരുന്നു. നാട്ടിൽനിന്നുള്ള അച്ചന്മാർക്ക്, മിക്ക പ്പോഴും സ്റ്റുഡൻസിനുപോലും, ഈ ഭാഷയിൽ അഗാധമായ ജ്ഞാന മുണ്ടായിരുന്ന കാലമായിരുന്നു അത്. കടവിൽ ചാണ്ടിയുടെ പ്രത്യേകത അദ്ദേഹം പഠിച്ചുകൊണ്ടിരുന്ന കാലത്തുതന്നെ ഈസ്റ്റ് സിറിയക്കിൽ, നമുക്കു ചിന്തിക്കാൻ പറ്റാത്ത വിധത്തിലുള്ള പണ്ഡി ത്യവും ഭാഷാനൈപുണ്യവും സമ്പാദിച്ചിരുന്നു എന്നതാണ്. അതാണ് അദ്ദേഹത്തെ ഇതുപോലുള്ള രചനകളിലേക്കെല്ലാം, വിശിഷ്യ, കാവ്യരചനയിലേക്കു നീക്കിയത്. അദ്ദേഹം

ജീവിച്ചിരുന്നത് നസ്രാണി സഭയുടെ വളരെ സങ്കീർണമായ ഒരു കാലഘട്ടത്തിലായിരുന്നു. കൂനൻകുരിശു സത്യത്തിൽ (1653) നേരിട്ട് ബന്ധപ്പെട്ട ഒരു വ്യക്തികൂടിയാണ് അദ്ദേഹം. അതേത്തുടർന്ന് പകലോമറ്റം അർക്കദിയാക്കോൻമാരുടെ കാര്യങ്ങളിലും അദ്ദേഹം ഇടപെട്ടു. ആ ഇടപെടലിൽ അദ്ദേഹം അർക്കദിയാക്കോൻമാർക്ക് അനുകൂലമായ നിലപാടുകളെടുത്തു. സുറിയാനിക്കാരുടെ ശുശ്രൂഷ നോക്കുന്ന മെത്രാൻമാരുമായി പലപ്പോഴും അദ്ദേഹത്തിന് ഏറ്റുമു ട്ടേണ്ടിവന്നിട്ടുണ്ട്. അതെല്ലാം ചരിത്രത്തിന്റെ ഭാഗമായി നിൽക്കുന്നു. അദ്ദേഹത്തിൽനിന്നു നമുക്ക് പഠിക്കേണ്ട കാര്യം അദ്ദേഹത്തിന്റെ സഭാസ്നേഹവും പൗരസ്ത്യസുറിയാനിയിൽ കവിതകൾ എഴു താനുള്ള കഴിവുമാണ്. ഇക്കാര്യം നമ്മുടെ വൈദികരും അല്മായരും പ്രത്യേകം ശ്രദ്ധിക്കണം. നമുക്കിന്ന് സുറിയാനിഭാഷയോടുള്ള താത് പര്യം താരതമ്യേന കൂടിവരുന്നുണ്ട്. ഓൺലൈനിൽ സുറിയാനി ക്ലാസുകൾ പല
രൂപതകളും കൊടുക്കുന്നുണ്ട്. ദൈവാലയലിറ്റർജിയിൽ ഏതാനും പ്രാർത്ഥനകൾ സുറിയാനിയിൽ ചൊല്ലാൻ വൈദികർക്കും അതു പാടാൻ അല്മായർക്കും താത്പര്യം ഏറിവരുന്നുണ്ട്.

**കാവ്യാത്മകതയുടെ സൗന്ദര്യം  സഭയെ സംഗീതസാന്ദ്രമാക്കുന്നു**

കടവിൽ ചാണ്ടിക്കത്തനാർ ദൈവശാസ്ത്രവിഷയങ്ങളെല്ലാം കാവ്യരൂപേണ രചിച്ചയാളാണ്. അപ്രേമിന്റെയും ഒരു മഹത്ത്വം അതാണ്. വിശുദ്ധ കുർബാനയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാവ്യാത്മകമായ പ്രസംഗങ്ങൾ അല്ലെങ്കിൽ കവിതകൾ എല്ലാം ഒന്നാന്തരം ദൈവശാസ്ത്രമാണ്. സഭ കാത്തുസംരക്ഷിച്ച പ്രബോ ധനങ്ങളാണ് പൗരസ്ത്യസുറിയാനിയിലൂടെ അദ്ദേഹം പുറത്തുകൊ ണ്ടുവന്നത്. അതെല്ലാം നമ്മുടെ സുറിയാനിക്കാരുടെ ഇടയിൽ നില നിന്നിരുന്ന എളുപ്പമുള്ള ട്യൂണുകളിലാണ് അദ്ദേഹം എഴു തിയിരിക്കുന്നത്. അത് പാടാനും പഠിക്കാനും പ്രസംഗിക്കാ നുമൊക്കെ സാമാന്യം ഭാഷാജ്ഞാനമുള്ളവർക്കും സാധിക്കും. അതിനു പൊതുവായിട്ടുള്ള ഒരു ഈണം നമ്മൾ പാടുന്ന 'സഹദീ നൻ' എന്ന ശൈലിയാണ്. നമ്മുടെ വിശ്വാസസത്യത്തിന്റെ അടിസ്ഥാനപരമായ കാര്യങ്ങൾ കൊച്ചുവാക്യത്തിൽ സംഗ്രഹിച്ച താണല്ലോ 'സഹദീനന്മാർ ലാലാ ഹൂസാ  വല്നാ ശൂസാ ലാ

പൂലാങ്കാ'. 'സഹദീനൻ' എന്നാൽ ഞങ്ങളാരാധിക്കുന്നു, ഏറ്റുപറയുന്നു എന്നെല്ലാമാണ്. "ഈശോയുടെ ദൈവികതയും മാനുഷികതയും കലർപ്പില്ലാതെ അതിന്റെ പരിശുദ്ധമായ അവസ്ഥയിൽ ഏകവ്യക്തിയിൽ നിലനില്ക്കുന്നു എന്ന് ഞങ്ങൾ ഏറ്റുപറയുന്നു." അത് സഭയുടെ അടിസ്ഥാനപരമായ വിശ്വാസമാണ്. ഈ ഒരു ശൈലിയിലാണ് കടവിൽ ചാണ്ടി പരിശുദ്ധ കുർബാനയെക്കുറിച്ചും അതുപോലുള്ള മറ്റെല്ലാ ദൈവശാസ്ത്രവിഷയങ്ങളെക്കുറിച്ചും പറഞ്ഞിരിക്കുന്നത്. ദൈവശാസ്ത്രവിഷയങ്ങൾ നിറഞ്ഞുനില്ക്കുന്ന കവിതകൾ ദൈവശാസ്ത്രവും കാവ്യാത്മകതയും തമ്മിലുള്ള ബന്ധം സ്ഥാപിച്ചു.

കടവിൽ ചാണ്ടി അനുഗൃഹീതനായ ഒരു കവിയത്രേ. വാക്കുകൾകൊണ്ട് കൊട്ടാരം പണിതവനാണ്. "പിതാവ് തന്റെ ഏകജാതനെ ഈ ലോകത്തിലേക്ക് അയച്ചു. നഷ്ടപ്പെട്ട മനുഷ്യവർഗത്തെ അന്വേഷിച്ചാണ് അവിടുന്ന് വന്നത്. സാത്താന്റെ പിടിമുറുക്കത്തിൽ നിന്ന് മനുഷ്യരെ മോചിപ്പിക്കുക, സ്വതന്ത്രരാക്കുക എന്നതായിരുന്നു ലക്ഷ്യം. എല്ലാ രോഗികളെയും സൗഖ്യപ്പെടുത്തുവാൻ അവിടുന്ന് ആഗ്രഹിച്ചു. ആത്മാവിന്റെ രോഗത്തെ ഗൗരവതരമായിട്ടാണ് അവിടുന്ന് കാണുന്നത്. സത്യമാർഗത്തിൽനിന്നു വിട്ടുപോയവരെ കണ്ടെത്തി, തിരുത്തി, യഥാർത്ഥവിശ്വാസത്തിന്റെ വഴിയിലേക്കു തിരിച്ചുവിടുക എന്നതാണ് സർവപ്രധാനമായ കാര്യം. 'അന്ധകാരത്തിലിരിക്കുന്നവരെ അവന്റെ പ്രകാശത്തിൽ പ്രകാശിപ്പിക്കുക' (ലൂക്കാ 1: 79). പൈശാചികചങ്ങലകളിൽ കുടുങ്ങിക്കിടക്കുന്നവർക്ക് മോചനം നല്കുക; മരണത്തിന്റെ നിഴലിൽ കഴിയുന്നവരെ രക്ഷിക്കുക; അവന്റെ നാമം മഹത്ത്വപ്പെടുത്തുന്നതിനുവേണ്ടിയാണിത്. അനാദിയിലുണ്ടായിരുന്ന വചനം, പരിശുദ്ധ റൂഹായാൽ മഹത്ത്വം ധരിച്ചു. കൃപ നിറഞ്ഞ മറിയത്തിൽനിന്നു പിറന്നു. നിത്യനായ പിതാവിന്റെ മകനാണ് അവിടുന്ന്. അവന്റെ അനന്തസ്നേഹത്തിന്റെ ഫലമായി അവിടുന്ന് മനുഷ്യനായി. അവൻ പരമപരിശുദ്ധിയിൽ ഈ ലോകത്തിനു പ്രത്യക്ഷനായി; എളിയവരായ ശ്ലീഹന്മാരെ വിളിച്ച് ഒരുമിച്ചുകൂട്ടി; അവർ എന്നും അവന്റെകൂടെ ആയിരിക്കുവാനും അവനെ സ്നേഹിക്കുവാനും വേണ്ടിയാണിത്. അവനെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നതെല്ലാം അവനിൽ പൂർത്തിയാക്കി. ദുഷ്ടനെ നശിപ്പിച്ചു.

നിശ്ചയിക്കപ്പെട്ടിരുന്ന ദിവസം തന്റെ ശരീരവും രക്തവും ബലിയായി അർപ്പിച്ചു."

ആഴമായ ദൈവശാസ്ത്രവിഷയങ്ങളെ താളാത്മകമാക്കി പൗരസ്ത്യസുറിയാനിയിൽ വളരെ മനോഹരമായ കവിതകളായാണ് ചാണ്ടിക്കത്തനാർ രൂപകല്പന ചെയ്തിരിക്കുന്നത്. നമ്മൾ ഞായറാഴ്ച സപ്രായിലെ ഗീതങ്ങൾ ആലപിക്കുന്നതുപോലെ വളരെ എളുപ്പമുള്ള രീതിയിലും ശൈലിയിലുമാണ് അദ്ദേഹം എഴുതിയിരിക്കുന്നത്. കടവിൽ ചാണ്ടിയുടെ ഈ കവിതകൾ നമ്മുടെ കലാലയങ്ങളിൽ പ്രത്യേകിച്ച് നമ്മുടെ വൈദികപരിശീലനകേന്ദ്രങ്ങളിൽ പരിചയപ്പെടുത്തുകയും അത് ദൈവശാസ്ത്രപഠന വേദികളിൽ കൂടുതലായി ഉപയോഗിക്കുകയും ചെയ്യേണ്ടവയാണ്.

**എളിമയുടെ ആൾരൂപം**

കടവിൽ ചാണ്ടിക്കത്തനാർ മാർപാപ്പയ്ക്ക് (Pope Alexander VII) കവിതാരൂപത്തിൽ സുറിയാനിയിൽ എഴുതുന്ന കത്തുകളുണ്ട്. ഭാരതനസ്രാണികളുടെ കാര്യങ്ങളെല്ലാം അറിയിച്ചുകൊണ്ടും തദ്ദേശീയരായി മെത്രാൻമാർ ഈ സഭയുടെ ശുശ്രൂഷയിലേക്കു കടന്നുവരണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ടുമായിരുന്നു ഈ കത്തുകൾ. ഇതിന്റെകൂടെ പരിശുദ്ധ കുർബാനയെക്കുറിച്ച് എഴുതിയിരിക്കുന്ന സുറിയാനിക്കവിതകളും അദ്ദേഹം മാർപാപ്പയ്ക്ക് അയച്ചുകൊടുത്തിരുന്നു. ഇത്തരം കവിതകളിൽ അദ്ദേഹം തന്നെത്തന്നെ ചിത്രീകരിക്കുന്നത് വളരെ വിനയത്തോടും എളിമയോടും കൂടിയാണ്. വി. കുർബാനയെക്കുറിച്ച് പൗരസ്ത്യസുറിയാനിയിൽ എഴുതിയ കവിതകളുടെ ഒരു വലിയ സമാഹാരം പരിശുദ്ധ പിതാവിന് അയയ്ക്കുമ്പോൾ അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നത് ഇങ്ങനെയാണ്: "നീചരിൽ നീചനായ ഞാൻ അങ്ങയുടെ തൃക്കരങ്ങളിലേക്ക് ഒരു ചെറിയ കത്ത് കൊടുത്തുവിടുന്നു. എന്റെ വിവരക്കേടുകൊണ്ടായിരിക്കാം ഞാൻ വിശുദ്ധ കുർബാനയെക്കുറിച്ച് എഴുതിയത്. അത് അവിടുന്ന് സുറിയാനി അറിയാവുന്നവരെക്കൊണ്ട് വായിച്ചു മനസ്സിലാക്കി എന്റെ തെറ്റുകൾ കാണുമ്പോൾ എന്നെ കല്ലെറിയാതെ അവ തിരുത്തുന്നതിനുവേണ്ട പ്രകാശരശ്മികൾ എനിക്കു പ്രാർത്ഥനാപൂർവം നല്കണമേ." അദ്ദേഹത്തെ

ക്കുറിച്ചു പണ്ഡിതന്മാർ പറഞ്ഞിട്ടുള്ളത് പൗരസ്ത്യസുറിയാനി യുടെ വ്യാകരണരൂപങ്ങൾ അദ്ദേഹംതന്നെയാണ് ഒരു പരിധിവരെ കണ്ടുപിടിച്ചത് എന്നാണ്. പുതിയ നാമപദങ്ങൾ, ക്രിയാരൂപങ്ങൾ, വിശേഷണങ്ങൾ തുടങ്ങിയവയൊക്കെ പൗരസ്ത്യസുറിയാനിയി ലേക്കു കൊണ്ടുവന്നത് കടവിൽ ചാണ്ടിക്കത്തനാരാണെന്നാണ് പണ്ഡിതമതം. അതുകൊണ്ടാണ് നമ്മുടെ സഭയുടെ ചരിത്രം പഠി ക്കുമ്പോൾ ഇദ്ദേഹത്തെപ്പോലുള്ള ആളുകളിലേക്കു നമ്മൾ തിരിച്ചു വരണം എന്നുപറയുന്നത്. അദ്ദേഹത്തിന് പൗരസ്ത്യസുറിയാനി യിൽ മാത്രമല്ല ലത്തീൻ ഭാഷയിലും ഹീബ്രുഭാഷയിലും നല്ല അറി വുണ്ടായിരുന്നു.

**മനുഷ്യസ്നേഹിയായിരുന്നു ചാണ്ടിക്കത്തനാർ**

മനുഷ്യന്റെ പ്രശ്നങ്ങളൊക്കെ കാണുകയും അതു ദൈവത്തിന്റെ മുമ്പിൽ പാട്ടായും വർത്തമാനങ്ങളായും കീർത്തന ങ്ങളായുമൊക്കെ അവതരിപ്പിക്കുകയും ചെയ്ത മനുഷ്യസ്നേഹി യായിരുന്നു ചാണ്ടിക്കത്തനാർ. സുവിശേഷവചനങ്ങൾക്ക് ഈടു റ്റ വ്യാഖ്യാനങ്ങൾ അദ്ദേഹം നൽകിയിട്ടുണ്ട്. അപ്രേം പുണ്യവാള നെക്കുറിച്ചും ജേക്കബ് ഓഫ് എദ്ദേസായെക്കുറിച്ചും എഴുതിയിട്ടുണ്ട്. അങ്ങനെ വിപുലമായ ഒരു പഠനരംഗമാണ് നമ്മൾ അദ്ദേഹത്തിൽ കാണുന്നത്. 17-ാം നൂറ്റാണ്ട് പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലെ അതിന്റെ ആദ്യകാല പ്രഗ ല്ഭവ്യക്തികളെക്കുറിച്ച് വേണ്ട രീതിയിലുള്ള അറിവില്ലാതിരുന്ന ഒരു കാലഘട്ടമായിരുന്നു. തെയദോറിനെക്കുറിച്ചോ നെസ്തോറി യസിനെക്കുറിച്ചോ ആ കാലഘട്ടത്തിലുള്ള മറ്റു സുറിയാനി ഗ്രന്ഥ കാരന്മാരെക്കുറിച്ചോ അവരുടെ രചനകളിലുള്ള സത്യസന്ധമായ ഡോക്ട്രിൻസിനെക്കുറിച്ചോ മനസ്സിലാക്കാൻ പലർക്കും പറ്റാതെ പോയി. അതിന്റെ ചുവടുപിടിച്ചാണ് കടവിൽ ചാണ്ടിയും അവരെ യൊക്കെ വിമർശിക്കുകയും അവരുടെ രചനകളിലുള്ള വീഴ്ചകൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നത്. അത് അന്നത്തെ ദൈവശാ സ്ത്രസമീപനത്തിന്റെ ഒരു ഭാഗമായി വന്നതാണ്. പിന്നീട് കുറെക്കൂടി പണ്ഡിതോചിതമായ രീതിയിൽ നെസ്തോറിയസും തെയദോറുമെല്ലാം പഠനവിധേയമാക്കപ്പെട്ടു. അവരുടെ പ്രബോ ധനങ്ങൾ സത്യസന്ധമാണെന്ന് വീണ്ടും തിരുസ്സഭ കണ്ടെത്തി.

അതുകൊണ്ടാണ് ഇവയെല്ലാം പൗരസ്ത്യസുറിയാനിസഭ ലിറ്റർജിയിൽ ഇപ്പോൾ ഉപയോഗിക്കുന്നത്.

കടവിൽ ചാണ്ടിക്കത്തനാരിൽ നമ്മൾ കാണുന്ന ഒരു സവിശേഷത റോസ് മെത്രാനെക്കുറിച്ച് അദ്ദേഹത്തിനു വലിയ മതിപ്പുണ്ടായിരുന്നു എന്നതാണ്. കടവിൽ ചാണ്ടിയുടെ അധ്യാപകനായിരുന്നു അദ്ദേഹം. അതുകൊണ്ട് വിട്ടുവീഴ്ചയില്ലാത്ത രീതിയിൽ റോസ് മെത്രാനെക്കുറിച്ചുള്ള വർണനകൾ അദ്ദേഹത്തിന്റെ കവിതകളിൽ നാം കാണുന്നു. ഒരു ഉദാഹരണം: "തോമാശ്ലീഹായുടെ അതിപുരാതനമായ ശ്ലൈഹികസിംഹാസനത്തിൽ അദ്ദേഹം ഉപവിഷ്ടനായിരിക്കുന്നു. അദ്ദേഹം വളരെ നല്ലൊരു മാതൃകയാണ്. വളരെ സമർത്ഥനാണ്. ലോകത്തിന്റെ വശീകരണങ്ങളൊന്നും അദ്ദേഹത്തെ സ്വാധീനിച്ചിട്ടില്ല. പരിശുദ്ധ സഭയിലെ ശുശ്രൂഷാപദവിയിലെ ഒരു വിശിഷ്ടാഭരണമാണ് അദ്ദേഹം. ധ്യാനാത്മകമായ ഒരു മനസ്സിന്റെയും ശ്ലൈഹികതയുടെ തുടർച്ചയുടെയും അടയാളം." റോസ് മെത്രാൻ ഇവിടെ ദീർഘനാൾ സുറിയാനിക്കത്തോലിക്കരുടെ മെത്രാനായിരുന്നപ്പോൾ മുൻകൂട്ടിയുണ്ടായിരുന്ന പരിചയവും ഗുരുശിഷ്യബന്ധവുമെല്ലാം പരിഗണനയിലെടുത്ത് ചാണ്ടിക്കത്തനാർ പറഞ്ഞ കാര്യമാണിത്. ചാണ്ടിക്കത്തനാരുടെ കവിതകളിൽ വലിയൊരു ഭാഗം റോസ് മെത്രാനെക്കുറിച്ചുള്ളതാണ്. ഇതു കേവലം വ്യക്തിവർണനകൾ മാത്രമല്ല. അദ്ദേഹം ഈ സഭയ്ക്കുവേണ്ടി ചെയ്ത കാര്യങ്ങളും സുറിയാനിയിലും മലയാളത്തിലുമുള്ള അദ്ദേഹത്തിന്റെ പാണ്ഡിത്യവും സാധാരണക്കാരുമായി ബന്ധപ്പെടാനുള്ള കഴിവുമെല്ലാം പരിഗണിച്ചുകൊണ്ടാണ് കടവിൽ ചാണ്ടി അദ്ദേഹത്തെക്കുറിച്ച് കൂടുതലായി എഴുതിയത്.

**വൈവിധ്യമാർന്ന ദൈവശാസ്ത്രവിഷയങ്ങൾ**

പരിശുദ്ധ കുർബാനയെക്കുറിച്ച്, പരിശുദ്ധ റൂഹായെക്കുറിച്ച്, ലിറ്റർജിയെക്കുറിച്ച്, വൈദികർക്കും ജനങ്ങൾക്കും വേണ്ട നമസ്കാരങ്ങളെക്കുറിച്ച്, മരിയ സ്തുതിപ്പുകളെക്കുറിച്ച്... ഇങ്ങനെയുള്ള ഒരുപറ്റം മേഖലകളെക്കുറിച്ച് അദ്ദേഹം എഴുതിയിട്ടുണ്ട്. ലിറ്റർജിക്കലും സെക്കുലറും ആയിട്ടുള്ള മേഖലകളെക്കുറിച്ച് അദ്ദേഹം കവിതകൾ എഴുതി. ഇതിന്റെയൊരു വിലയിരുത്തൽ നമ്മൾ നടത്തുകയാണെങ്കിൽ, അദ്ദേഹത്തിന്റെ കവിതകൾ വാക്കു

കൾകൊണ്ടുള്ള ഒരു കളിയും പൗരസ്ത്യസുറിയാനിയിലുള്ള അഗാധമായ പാണ്ഡിത്യവുമാണ്. വൈവിധ്യമാർന്ന ദൈവശാസ്ത്രവിഷയങ്ങളുടെ വലിയ ഒരു കൂമ്പാരംപോലെയാണ് അദ്ദേഹത്തിന്റെ കവിതകൾ. അപ്രേമിന്റെ കവിതയുടെ ഒരു പ്രത്യേകത വളരെ ലളിതമായ ഭാഷയാണ് എന്നതാണ്. കടവിൽ ചാണ്ടിയും ആ ഒരു ശൈലിയാണ് ഉപയോഗിച്ചിരുന്നത്. അതുകൊണ്ട് ആരാലും ശ്രദ്ധിക്കപ്പെടാതെ അർക്കൈവ്സിൽ മാത്രം ഇരിക്കേണ്ട ഒന്നായി അവയെ നാം വിട്ടുകളയരുത്. ഒരു സഭയുടെ ലിറ്റർജിക്കൽ ഭാഷയുടെ പ്രാധാന്യം, അതിന്റെ ശ്ലൈഹികപാരമ്പര്യത്തിന്റെ പ്രാധാന്യം, ലിറ്റർജിക്കൽ ടെക്സ്റ്റുകളുടെ പ്രാധാന്യം തുടങ്ങിയ കാര്യങ്ങൾ മനസ്സിലാകുന്നത് സഭയ്ക്കുവേണ്ടി എഴുതുകയും ത്യാഗം അനുഭവിക്കുകയും ചെയ്ത വ്യക്തികളുടെ ചരിത്രംകൂടി പഠിക്കുമ്പോഴാണ്. കടവിൽ ചാണ്ടിയുടെ രചനകളിൽ, അതു മാർപാപ്പയെക്കുറിച്ചു പറയുമ്പോഴാണെങ്കിലും റോസ് മെത്രാനെക്കുറിച്ചു പറയുമ്പോഴാണെങ്കിലും അർക്കദിയാക്കോന്മാരെക്കുറിച്ചു പറയുമ്പോഴാണെങ്കിലും സാധാരണക്കാരെക്കുറിച്ചു പറയുമ്പോഴാണെങ്കിലും, സുറിയാനിഭാഷ ഉപയോഗിച്ചുള്ള വർണ്ണനകളും അതിവർണ്ണനകളുമാണ് നമ്മൾ കാണുന്നത്. അതുകൊണ്ട് അദ്ദേഹത്തിന്റെ വൈദഗ്ധ്യമുള്ള ബുദ്ധിസാമർത്ഥ്യം നമ്മൾ കൂടുതലായി കണ്ടെത്തണം.

**വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ കടവിൽ തറവാട്ടിൽനിന്ന്**

കത്തനാരുടെ തറവാട്ടിൽനിന്നാണ് വാഴ്ത്തപ്പെട്ട കുഞ്ഞച്ചനും പിറക്കുന്നത്. കുഞ്ഞച്ചന്റെ പൂർവമാതാക്കൾ കടുത്തുരുത്തിയിൽനിന്ന് (കടവിൽ കുടുംബത്തിൽനിന്ന്) രാമപുരത്തേക്കു കുടിയേറ്റം നടത്തിയവരാണ്. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ ഏറ്റവും സംശുദ്ധമായ ജീവിതക്രമത്തിന് കടവിൽ ചാണ്ടിക്കത്തനാരുമായും അദ്ദേഹത്തിന്റെ കവിതകളുമായും നല്ല ബന്ധമുണ്ട്. പൗരസ്ത്യസുറിയാനിഭാഷയുടെ മാഹാത്മ്യം എടുത്തുകാണിച്ച ചരിത്രപുരുഷനായിരുന്നു കടവിൽ ചാണ്ടിക്കത്തനാർ. മറുവശത്ത്, വിശുദ്ധിയുടെ മഹിമയും ലാളിത്യവും എടുത്തുകാണിച്ച ശ്രേഷ്ഠപുരോഹിതനായിരുന്നു കുഞ്ഞച്ചൻ. കടവിൽകുടുംബം നമ്മുടെ സഭയ്ക്കു നല്കിയ അനശ്വരപൈതൃകങ്ങൾ നാം വീണ്ടും കണ്ടെ

ത്തണം. സുറിയാനി പഠിക്കാനും ദൈവശാസ്ത്രം പഠിക്കാനുമുള്ള ഏറ്റവും നല്ലൊരു മാർഗമാണ് കടവിൽ ചാണ്ടിക്കത്തനാരുടെ കവിതകൾ വായിക്കുക എന്നത്. സീറോ-മലബാർ സഭയുടെ, ഭാരതത്തിലെ നസ്രാണികളുടെ, മാർത്തോമ്മാക്രിസ്ത്യാനികളുടെ സ്വത്വം, ഒരുമ, ആത്മീയത, ഭരണസംവിധാനം എന്നിവ കണ്ടെത്താൻ ഇത്തരത്തിലുള്ള പ്രതിഭകളെക്കുറിച്ചുള്ള പരിജ്ഞാനം അനിവാര്യമാണ്. എക്യുമെനിക്കലായിട്ടുള്ള കാര്യങ്ങളിലേക്കും ഇതിനു വലിയ പ്രോത്സാഹനം നല്കാൻ സാധിക്കും. പ്രത്യേകിച്ച് ചാണ്ടിക്കത്തനാർ കൂനൻകുരിശുസത്യവുമായും പകലോമറ്റത്തെ അർക്കദിയാക്കോന്മാരുമായും ബന്ധപ്പെട്ടു നിലനില്ക്കുന്ന വ്യക്തിത്വമായിരുന്നതിനാൽ നമ്മുടെ സഭയുടെ സമ്പൂർണമായിട്ടുള്ള ഒരു വ്യക്തിത്വം കണ്ടെത്താനായി, ഇദ്ദേഹത്തെക്കുറിച്ചുള്ള അറിവ് നമ്മെ സഹായിക്കും എന്നതുറപ്പാണ്. (മാന്നാനം കൊവേന്തയുടെ ആർക്കൈവ്സിൽ ചാണ്ടിക്കത്തനാരുടെ നിരവധി ഗ്രന്ഥങ്ങളുണ്ട്). സഭ ഉള്ളിൽനിന്നു വളരണം. ഇംഗ്ലണ്ടിൽ ഉണ്ടായ ഓക്സ്ഫോർഡ് മൂവ്മെന്റുപോലെ ഇവിടെ ഒരു സുറിയാനി ഭാഷാ മൂവ്മെന്റ് ഉണ്ടാവണം.

---

NB: 2021 ജൂൺ മാസത്തിലെ ദീപനാളത്തിൽ പ്രസിദ്ധീകരിച്ച ലേഖനം

ലേഖനം

# കരിയാറ്റിൽ മാർ യൗസേപ്പ് മെത്രാപ്പോലീത്താ: നസ്രാണിപൈതൃകസംരക്ഷകൻ

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

ഭാരതനസ്രാണികൾക്കു കിട്ടിയ ഏറ്റവും വലിയ ഭാഗ്യമായിരുന്നു കരിയാറ്റിൽ മാർ യൗസേപ്പ് മെത്രാപ്പോലീത്താ. സഭാപാരമ്പര്യത്തിന്റെ ഊർജ്ജവും കുടുംബത്തിന്റെ മഹിമയും ഒന്നുചേർന്ന പ്രസാദാത്മകതയുള്ള ഒരു വൈദികനായിരുന്നു അദ്ദേഹം. സഭാദർശനത്തിന്റെ ആകാശം തൊട്ടവനും സുറിയാനിഭാഷയുടെ മർമ്മം അറിയാവുന്നവനുമായിരുന്നു. ഋഷിതുല്യനായിരുന്ന അദ്ദേഹത്തിന് ക്രൈസ്തവവിദ്യാഭ്യാസത്തിന്റെ ഉയരങ്ങളിൽ എത്താനും കഴിഞ്ഞു. പറഞ്ഞാൽ തീരാത്തതും പെയ്തുതോരാത്തതുമായ ഒരു ചരിത്രമാണ് കരിയാറ്റിയുടേത്. ആ ശ്രേഷ്ഠാചാര്യന്റെ 280-ാം ജന്മദിനമാണ് മേയ് അഞ്ച്. നസ്രാണികളുടെ ശ്ലൈഹികപാരമ്പര്യം സാക്രോസാങ്ങ്ത് (അതിവിശുദ്ധം) എന്നു കരിയാറ്റിൽ ഉറച്ചു വിശ്വസിച്ചിരുന്നു. മലബാറിന്റെ മല്പാനായിരുന്നു എല്ലാ അർത്ഥത്തിലും. നസ്രാണികുലീനത്വം നിറഞ്ഞ തറവാടായിരുന്നു കരിയാറ്റിൽ.

1742 മേയ് അഞ്ചാം തീയതി ആലങ്ങാട്ട് കരിയാറ്റിൽ പൈലി - മറിയം ദമ്പതികളുടെ മകനായി പിറന്ന ജോസഫ് 13-ാം വയസ്സിൽത്തന്നെ വൈദികപഠനപരിശീലനത്തിനായി റോമിലേക്ക് അയയ്ക്കപ്പെട്ടു. 1766 മാർച്ച് 15-ന് കശീശാപ്പട്ടം (പൗരോഹിത്യം) സ്വീകരിച്ചു നാട്ടിൽ തിരിച്ചെത്തി (1767 നവംബർ 10 ന്). 1768 ൽ സുറിയാനി മല്പാനായി സ്വന്തം നാടായ ആലങ്ങാട്ട് സെമിനാരിയിൽ നിയമിതനായി. 1777 ൽ ആലങ്ങാട് സെമിനാരി വരാപ്പുഴയിലേക്കു മാറ്റി ലത്തീൻ സെമിനാരിയോടു കൂട്ടിച്ചേർത്തപ്പോൾ സ്വാഭാവികമായും സുറിയാനിഭാഷയുടെ പ്രാധാന്യം കുറഞ്ഞു.

## സുറിയാനിഭാഷയും തത്ത്വശാസ്ത്രവും ദൈവശാസ്ത്രവും, സഭാനിയമവും

കരിയാറ്റിൽ ബഹു. യൗസേപ്പച്ചൻ ഒരു അപൂർവ്വവ്യക്തിത്വമായിരുന്നു. അസാധാരണമായ ധിഷണാവൈഭവം കുട്ടിക്കാലംമുതൽ പ്രകടമാക്കി. റോമിൽ പഠിക്കാൻ കിട്ടിയ അവസരം പൂർണ്ണമായും ഫലപ്രദമായും ഉപയോഗപ്പെടുത്തിയ ഒരു വ്യക്തിയായിരുന്നു അദ്ദേഹം. ഇടവകപ്പള്ളിയിൽനിന്നും മാതാപിതാക്കളിൽനിന്നും മനസ്സിലാക്കിയ പൗരസ്ത്യസുറിയാനിഭാഷയോട് അദ്ദേഹത്തിനു വലിയ താത്പര്യമായിരുന്നു. വാസ്തവത്തിൽ സുറിയാനി പഠിക്കാനാണ് മേലധികാരികൾ അദ്ദേഹത്തെ റോമിലേക്കു വിടുന്നതുതന്നെ. ലോകപ്രസിദ്ധനായ മാറോനിത്താ പണ്ഡിതൻ അലോഷ്യസ് അസ്സേമാനി(1710-1782)യുടെ കീഴിലാണ് സുറിയാനി പഠിച്ചത്. നസ്രാണികളുടെ സുറിയാനിഭാഷയും ദൈവാരാധനക്രമവും വീണ്ടെടുക്കാൻ കഴിവുള്ള ഒരേയൊരു വ്യക്തി എന്നാണ് അസ്സേമാനി വൈദികവിദ്യാർത്ഥിയായ കരിയാറ്റിയെക്കുറിച്ചു പറഞ്ഞിട്ടുള്ളത്. ദൈവശാസ്ത്രജ്ഞനും നിയമവിദഗ്ദ്ധനും സുറിയാനിഭാഷാപണ്ഡിതനുമായ അസ്സേമാനിയാണ് പൗരസ്ത്യസഭകളുടെ ഭാഷയും ദൈവശാസ്ത്രവും പാശ്ചാത്യലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തത്. അദ്ദേഹത്തിൽനിന്നു കിട്ടിയ ജ്ഞാനവും തുറവും കരിയാറ്റിയെ വേറൊരു ദിശയിൽ എത്തിച്ചു. റോമിലെ അർബൻ കോളജിലെ പഠനകാലത്ത് തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഡോക്ടർ ബിരുദം നേടാനും കഴിഞ്ഞു. ഇരട്ട ഡോക്ടർ ബിരുദം വളരെ അസാധാരണമായ ഒരു സംഭവമാണ്. സഭാനിയമത്തിലും ഉന്നതബിരുദം കരസ്ഥമാക്കി. യുക്തിയും വിശ്വാസവും തമ്മിലുള്ള ഇഴയടുപ്പവും വ്യത്യാസവും വേണ്ടവണ്ണം മനസ്സിലാക്കാൻ അദ്ദേഹത്തിനു ഇതു കാരണമാക്കി. സഭാചരിത്രത്തോട് ആരംഭംമുതലേ വലിയ താത്പര്യമുണ്ടായിരുന്നു. കരിയാറ്റിയുടെ ചിറ്റപ്പനായിരുന്ന ആലങ്ങാട്ട് പള്ളി വികാരിയിൽനിന്നുതന്നെ ധാരാളം ചരിത്രയാഥാർത്ഥ്യങ്ങൾ കരിയാറ്റി മനസ്സിലാക്കിയെടുത്തിരുന്നു. അറിയപ്പെടുന്ന ഒരു ഗ്രന്ഥകർത്താവുകൂടിയായിരുന്നു കരിയാറ്റിൽ യൗസേപ്പ് കത്തനാർ. അദ്ദേഹത്തിന്റെ വേദതർക്കം ഏറെ കീർത്തികേട്ട ഒരു ഗ്രന്ഥമാണ്. സഭാപ്രബോധനവിഷയങ്ങളാണ്

ഇതിൽ പഠനവിഷയമാക്കിയിരിക്കുന്നത്. റോമിൽനിന്നുതന്നെ അദ്ദേഹത്തിന് മിഷനറി അപ്പസ്തോലിക് എന്ന ബഹുമതിയും ലഭിച്ചിരുന്നു.

**വീണ്ടും റോമിലേക്ക്; സഭൈക്യത്തിന്റെ പ്രയോക്താവ്**

കരിയാറ്റിൽ യൗസേപ്പ് കത്തനാരും പാറേമ്മാക്കൽ തോമ്മാക്കത്തനാരും രണ്ടു ശെമ്മാശന്മാരുംകൂടി 1778 നവംബർ 14 ന് കപ്പൽ മാർഗ്ഗം വീണ്ടും റോമിലേക്കു യാത്ര തിരിച്ചു. നമ്മുടെ ശ്ലൈഹികപാരമ്പര്യത്തിന്റെ കനലായ തോമ്മാശ്ലീഹായുടെ മൈലാപ്പൂരുള്ള കബറിടം സന്ദർശിച്ചാണ് യാത്ര ആരംഭിക്കുന്നത്. സംഭവബഹുലമായ യാത്രയായിരുന്നു അത് (1778-85). പാറേമ്മാക്കൽ രചിച്ച ഇതിഹാസ യാത്രാവിവരണമായ വർത്തമാനപ്പുസ്തകത്തിലെ കേന്ദ്രസ്ഥാനത്തു നില്ക്കുന്നതും കരിയാറ്റിതന്നെയാണ്. വാസ്തവത്തിൽ കരിയാറ്റിലിന്റെ പ്രാഗല്ഭ്യം കാണിക്കാനാണ് വർത്തമാനപ്പുസ്തകം രചിച്ചത് എന്നുപോലും നമുക്കു തോന്നും. സ്വജാതീയരിൽനിന്നും വിദേശികളിൽനിന്നും അവർ ഇരുവർക്കും അനുഭവിക്കേണ്ടിവന്ന എതിർപ്പുകളുടെയുംകൂടി ചരിത്രമാണ് ഈ യാത്രാവിവരണം. 1599 ലെ ഉദയംപേരൂർ സൂനഹദോസും തുടർന്നുള്ള കൂനൻകുരിശ് സത്യവുംവഴി സഭയിലുണ്ടായ വിഭജനം (പുത്തൻകൂറ്റുകാരും പഴയകൂറ്റുകാരും) കരിയാറ്റിയെയും പാറേമ്മാക്കലിനെയും ഏറെ വേദനിപ്പിച്ചരുന്നു. പുത്തൻകൂറ്റിലെ ആറാം മാർത്തോമ്മായുമായിട്ട് കരിയാറ്റിക്കു നല്ല അടുപ്പവും ഉണ്ടായിരുന്നു. തച്ചിൽ മാത്തുത്തരകന്റെ ഇടപെടലും നിർണ്ണായകമായിരുന്നു. ആറാം മാർത്തോമ്മായുടെ പുനരൈക്യം (കത്തോലിക്കാ കൂട്ടായ്മയിലേക്ക്) സാദ്ധ്യമാക്കുന്നതിനുവേണ്ടിയായിരുന്നു ഈ റോമായാത്ര. പോർച്ചുഗലിലേക്കാണു കപ്പൽ കയറിയതെങ്കിലും പ്രതികൂലകാലാവസ്ഥ(കാറ്റ്)യെത്തുടർന്നു കപ്പൽ എതിർദിശയ്ക്കുപോയി. കപ്പൽ ബ്രസീലിലെ ബഹിയായിൽ എത്തി. 1779 ജൂലൈ 18 ന് ലിസ്ബണിൽ എത്തിച്ചേർന്നു, തുടർന്ന് റോമിലും. റോമിൽ ഏറെ തിക്താനുഭവങ്ങൾ നേരിടേണ്ടിവന്നു. ശെമ്മാശന്മാരെ പ്രൊപ്പഗാന്തയിൽ ഏല്പിച്ചിട്ട് അവർ വീണ്ടും ലിസ്ബണിൽ എത്തി. നാട്ടിൽ നസ്രാണികൾ പ്രൊപ്പഗാന്തയുടെ ഭരണത്തിൻകീഴിലും (കരിയാറ്റിയുടെ പ്രദേശം) പദ്രുവാദേയുടെ ഭരണത്തിൻ കീഴിലും (പാറേമ്മക്കലിന്റെ പ്രദേശം)

ആയിരുന്നു. കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താസ്ഥാനം കുറെ വർഷങ്ങളായിട്ട് ഒഴിഞ്ഞുകിടക്കുകയായിരുന്നു. ആറാം മാർത്തോമ്മായുടെ പുനരൈക്യത്തിനോടൊപ്പം കൊടുങ്ങല്ലൂരിന്റെ പദവി പുനഃസ്ഥാപിക്കണമെന്നും തദ്ദേശീയനായ കരിയാറ്റിലാണ് അതിന് ഏറ്റവും യോഗ്യനെന്നും പാറേമ്മാക്കൽ തിരിച്ചറിഞ്ഞിരുന്നു. 1782 ജൂലൈ 16 ന് പോർച്ചുഗീസ് രാജ്ഞി കരിയാറ്റിയെ കൊടുങ്ങല്ലൂരിന്റെ മെത്രാപ്പോലീത്തയായി നിയമിച്ചു. പരി. സിംഹാസനത്തിന്റെ അംഗീകാരം നേടി. ദീർഘമായ കാത്തിരിപ്പിനുശേഷം 1783 ഫെബ്രുവരി 17 ന് ലിസ്ബണിലെ ബനഡിക്റ്റയിൻ ആശ്രമത്തിൽവച്ച് കരിയാറ്റിയിൽ അഭിഷിക്തനായി. മാർ ഫ്രാൻസിസ്കോസ് ദേ അബസുദനായി (മുൻ ഗോവ മെത്രാപ്പോലീത്ത) പ്രധാന കാർമ്മികനും മാർ ബർത്തുൽമായും മാർ അലക്സാൻഡ്രിയായും സഹകാർമ്മികരുമായിരുന്നു. അപ്രകാരം കൊടുങ്ങല്ലൂരിന്റെ (ക്രാങ്ങന്നൂർ) മെത്രാപ്പോലീത്തൻ പദവിയും തോമ്മാ ആറാമനെ കത്തോലിക്കാ കൂട്ടായ്മയിലേക്കു ചേർക്കാനുള്ള അനുമതിപത്രവുമായിട്ടാണ് മടങ്ങിപ്പോരാൻ ഒരുങ്ങുന്നത്. ഏതദ്ദേശീയ മെത്രാപ്പോലീത്തായെ കിട്ടിയതിന്റെ ആഹ്ലാദത്തിലായിരന്നു നസ്രാണികൾ ഒന്നടങ്കം.

**മടക്കയാത്ര**

പ്രിൻസ് ഓഫ് ബ്രസീൽ എന്ന കപ്പലിലായിരുന്നു മടക്കയാത്ര. 1785 ഏപ്രിൽ 23 ന് ആരംഭിച്ചു. 1786 മാർച്ച് 18 ന് ശ്രീലങ്ക കാണത്തക്ക ദൂരത്തിൽ എത്തി. കപ്പലിൽ ഗോവയിലേക്ക് അയയ്ക്കപ്പെട്ട മുന്നൂറിലധികം കുറ്റവാളികളും ഉണ്ടായിരുന്നു. കപ്പലിൽ വച്ച് കരിയാറ്റി മെത്രാപ്പോലീത്തായുടെ ഔദ്യോഗികരേഖകൾ പലതും മോഷ്ടിക്കപ്പെട്ടിരുന്നു. 1786 മേയ് ഒന്നിന് കപ്പൽ ഗോവയിലെത്തി. കേരളതീരത്ത് ഇറക്കാതെ നേരിട്ട് ഗോവയ്ക്കു കൊണ്ടുപോയി. എല്ലാവരുടെയും പ്രതീക്ഷയ്ക്കു വിരുദ്ധമായി 1786 സെപ്റ്റംബർ 9 ന് കരിയാറ്റി ഗോവായിലെ ആർച്ച് ബിഷപ്സ് ഹൗസിൽവച്ച് നിര്യാതനായി. കബറടക്കശുശ്രൂഷയിൽ അനേകർ പങ്കെടുത്തു. ഗോവയിലെ കത്തീഡ്രൽ പള്ളിയുടെ പ്രധാന ബലിപീഠത്തിനു സമീപം ശ്രേഷ്ഠമായ ആചാരബഹുമതികളോടെയാണ് കബറടക്കം നടത്തിയത്. 1961 ൽ ഗോവയിൽനിന്ന് ആലങ്ങാട്ടേയ്ക്കു ഭൗതികാവശിഷ്ടം മാറ്റിസ്ഥാപിച്ചു. കത്തോലിക്കാ കോൺഗ്രസ് പ്രത്യേക നേതൃത്വം

നൽകി. വൈദികരും അല്മായരും ചേർന്ന ഒരു പ്രത്യേക സംഘ മാണ് മുന്നിൽനിന്നു പ്രവർത്തിച്ചത് (ഫാ. തോമസ് അരയത്തിനാൽ, ഫാ. സി.റ്റി. കൊട്ടാരം, മിസ്റ്റർ വി.സി. ജോർജ്ജ് (കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ്), ഇ.എം. ജോസഫ്, പി.റ്റി. ലൂക്കോസ്, റ്റി.കെ വർക്കി). ഭാരതസഭാചരിത്രത്തിൽ ഒരിക്കലും മായാത്ത കൈയൊപ്പു ചാർത്തി കരിയാറ്റിൽ കഥാവശേഷനായി. ഒട്ടനവധി ക്ലേശങ്ങൾ സഹിച്ച്, അദ്ധ്വാനിച്ച് കൃതഹസ്തത തെളിയിച്ച സഭാ സ്നേഹിയും ദേശസ്നേഹിയുമായിരുന്നു കരിയാറ്റിൽ.

**സൗമ്യനും വിശുദ്ധനുമായ പണ്ഡിതൻ**

കരിയാറ്റിൽ മെത്രാപ്പോലീത്താ ഒരു ബൗദ്ധികഗോപുരമായി രുന്നു. നസ്രാണികളുടെ പൈതൃകസംരക്ഷകനും പ്രചാരകനുമാ യിരുന്നു. ഭാരതീയനസ്രാണിത്വത്തിൽ അഭിമാനം കൊള്ളുകയും അതിന്റെ വളർച്ചയ്ക്ക് തദ്ദേശീയരായ മെത്രാന്മാരും സുറിയാനിഭാ ഷാപരിജ്ഞാനമുള്ള വൈദികരും സഭാചരിത്രം നിരന്തരമായിട്ടു പഠി ക്കുന്ന അല്മായരും അടിസ്ഥാനഘടകങ്ങളാണ് എന്ന് ഉറച്ചുവി ശ്വസിക്കുകയും ചെയ്തിരുന്നു. കരിയാറ്റി മല്പാന്റെ വാക്കുകൾ വർത്തമാനപുസ്തകത്തിൽ കൊടുത്തിരിക്കുന്നത് ഏറെ ചിന്തോ ദ്ദീപകങ്ങളത്രേ: “ഞാൻ വന്നത് റോമാപട്ടണത്തിന്റെ മഹത്ത്വം കാണാനല്ല; പ്രത്യുത, അങ്ങയുടെ സമക്ഷം (പാദാന്തികത്തിങ്കൽ) മേൽപ്പറഞ്ഞ മെത്രാപ്പോലീത്തായുടെ (ആറാം മാർത്തോമ്മാ) വിശ്വാ സപ്രഖ്യാപനം സമർപ്പിക്കാൻവേണ്ടിയാണ്”. നസ്രാണിസഭയുടെ പൂർണമായ ഐക്യത്തിനുവേണ്ടി എത്ര തീക്ഷ്ണതയോടും ആദ രവോടുംകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഏതൊരു സഭാസ്നേ ഹിയെയും ഇരുത്തിച്ചിന്തിപ്പിക്കും. മാർപാപ്പായോടും പരിശുദ്ധ സിംഹാസനത്തോടുമുള്ള ആഴമായ മതിപ്പും സഭയുടെ കൂട്ടായ്മ നിലനിർത്തുന്നതിൽ പരിശുദ്ധ സിംഹാസനത്തിനുള്ള ഉത്തരവാ ദിത്വവുമാണല്ലോ ഇവിടെ പ്രകടമാകുന്നത്. സഭയിൽനിന്നു വിഭാ ഗീയതയുടെ വിത്തുകൾ പെറുക്കിക്കളയണമെന്ന് അദ്ദേഹം തീവ്ര മായി ആഗ്രഹിച്ചിരുന്നു. റോമിലെ പ്രൊപ്പഗാന്തായിലെ കർദ്ദിനാൾ മറോഫോഷി കരിയാറ്റി മല്പാനെ വേണ്ടവിധത്തിൽ മനസ്സിലാക്കി യിരുന്നു. “അദ്ദേഹത്തിന്റെ (കരിയാറ്റിയുടെ) വിവേകം, വിജ്ഞാ നം, അനുസരണം, നല്ല പെരുമാറ്റശൈലി, ആത്മാർത്ഥത എന്നിവ

യെക്കുറിച്ച് എനിക്കു പരിപൂർണബോധ്യമുണ്ട്. അങ്ങനെയിരിക്കേ, ആർക്കാണ് ഇത്ര വിദൂരമായ രാജ്യത്തുനിന്ന് ഇത്ര ക്ലേശകരമായ യാത്ര ചെയ്തുവന്ന ഇവരിൽ എന്തെങ്കിലും കുറ്റമാരോപിക്കാൻ കഴിയുക" (വർത്ത. 155-156). കരിയാറ്റിയുടെ ആത്മീയതയുടെയും സൗമ്യശീലത്തിന്റെയും അടിസ്ഥാനകാരണം തോമ്മാശ്ലീഹായോടും മർത്ത്മറിയത്തോടുമുള്ള ആഴമായ ഭക്തിയും ആദരവുമാണ്. പ്രാർത്ഥനയിൽ വളരെയേറെ ശ്രദ്ധിച്ചിരുന്ന വ്യക്തിയായിരുന്നു കരിയാറ്റിൽ എന്നു വർത്തമാനപുസ്തകത്തിൽ ഉടനീളം കാണാൻ കഴിയും. ശാന്തശീലനും വിനീതഹൃദയനുമായിരുന്നു കരിയാറ്റിൽ.

## എപ്പിസ്കോപ്പൂസ് വാഗൻസ്

പ്രത്യേക സാഹചര്യങ്ങൾക്കൊണ്ട് സ്ഥിരമായി ഒരു പ്രത്യേക ഭദ്രാസനത്തിൽ താമസിക്കാൻ അവസരംകിട്ടാതെപോയ വ്യക്തിയായിരുന്നു കരിയാറ്റിൽ മെത്രാപ്പോലീത്താ. കൊടുങ്ങല്ലൂർ അതിരൂപതയ്ക്കുവേണ്ടി പ്രത്യേകമായി നിയമിക്കപ്പെട്ട വ്യക്തിയായിരുന്നു അദ്ദേഹം. പക്ഷേ, പ്രതികൂലസാഹചര്യങ്ങളും അപ്രതീക്ഷിതമായ സംഭവങ്ങളും അകാലമൃത്യുവുംമൂലം അദ്ദേഹത്തിന് അതു സാധിച്ചില്ല. മെത്രാന്റെ വധുവാണ് പ്രാദേശികസഭയായ എപ്പാർക്കി (രൂപത). വിവാഹത്താൽ കൊടുങ്ങല്ലൂരിനോടു ചേർക്കപ്പെട്ടെങ്കിലും അവിടെ വന്ന് ശുശ്രൂഷാപദവി ഏറ്റെടുക്കാൻ സാധിച്ചില്ല. വിവാഹജീവിതത്തിൽ റാത്തോ നോൺ കൊൺസുമാത്തോ (Rato non consumato) എന്നുപറയുന്നതുപോലെ. ജീവിതം മുഴുവൻ സ്ഥിരയാത്രയിലായിരുന്ന (itinerant bishop) മെത്രാനായിരുന്നു കരിയാറ്റിൽ. എല്ലാ ക്ലേശങ്ങളും അനുഭവിച്ചു. സഭയെ ഓർത്തു നെടുവീർപ്പിട്ടു. സഭയിലെ വിഭജനം കണ്ടു പൊട്ടിക്കരഞ്ഞു. യാത്രാതടസ്സങ്ങൾ, കപ്പലപകടം, രോഗങ്ങൾ, ക്വാറന്റൈൻ തുടങ്ങിയ കാര്യങ്ങൾ എല്ലാം അനുഭവിച്ചു. ഇന്നത്തെ നമ്മുടെ പാൻഡമിക്കിന്റെ വൈഷമ്യങ്ങൾ എല്ലാം അനുഭവിച്ചു. വർത്തമാനപുസ്തകത്തിൽ നാം വായിക്കുന്നു: "ജനീവായിലും മറ്റ് യൂറോപ്യൻ നഗരങ്ങളിലും തങ്ങളുടെ ജനങ്ങളുടെ ഗുണത്തിനും രക്ഷയ്ക്കും വേണ്ടി നഗരത്തിന് പുറത്ത് തുറമുഖത്തോട് ചേർന്ന് ലസറത്തെ എന്നൊരു മന്ദിരം പണിതീർത്തിട്ടുണ്ട്. തുർക്കി നാട്ടിൽ നിന്നോ, പകർച്ചവ്യാധി ഉണ്ട് എന്ന് സംശയമുള്ള മറ്റ് നാടുകളിൽ നിന്നോ, പകർച്ചവ്യാധി

ഉണ്ടാകാമെന്ന സാഹചര്യങ്ങളിൽകൂടി കടന്നുപോകുന്ന കപ്പലുകളിൽ നിന്നോ വരുന്ന ആളുകൾക്ക് ഒരു നിശ്ചിതദിവസം വരെ നഗരത്തിൽ കടന്നുകൂടാ. പകർച്ച വ്യാധിയുമായി വരുന്ന കപ്പലുകളാണെങ്കിൽ കുറഞ്ഞത് 40 ദിവസങ്ങളെങ്കിലും കഴിയുന്നതുവരെ കരയ്ക്കിറങ്ങാതെ പാർത്തേ മതിയാകൂ. അതിനാൽ ഈ ദിവസങ്ങൾക്ക് 40 ദിവസങ്ങൾ എന്ന് അർത്ഥമുള്ള ക്വാറന്റൈൻ എന്ന നാമധേയം ചൊല്ലിവരുന്നു. ക്വാറന്റൈൻ പൊതു നന്മയ്ക്കുവേണ്ടിയാണ്".

**കരിയാറ്റിൽ ശ്രേഷ്ഠനായ ഇന്റർ ലൊക്യൂട്ടർ (inter locuter)**

നസ്രാണിസംസ്കാരവും പാശ്ചാത്യസംസ്കാരവും നല്ലവണ്ണം പഠിച്ച വ്യക്തിയായിരുന്നു കരിയാറ്റിൽ. കിഴക്കും പടിഞ്ഞാറും തമ്മിലുള്ള പാലം പണിയാൻ, ബന്ധം സ്ഥാപിക്കാൻ ഏറ്റവും യോഗ്യനായ വ്യക്തിയുമായിരുന്നു. പാലം പണിയാനുള്ള സാമഗ്രികൾ എല്ലാം അദ്ദേഹം സ്വരുക്കൂട്ടിയിരുന്നു. വൈവിദ്ധ്യമാർന്ന കഴിവുകളുടെ സംഗമഭൂമിയായിരുന്നു കരിയാറ്റിൽ. പക്ഷേ, പാലം പണി പൂർത്തിയാക്കാൻ സാധിക്കാതെപോയി. റോമിൽനിന്ന് അദ്ദേഹം സമ്പാദിച്ച വിജ്ഞാനവും നസ്രാണിപാരമ്പര്യത്തിലും സുറിയാനി ഭാഷയിലുമുള്ള അവഗാഹവും വേണ്ട രീതിയിൽ സ്വീകരിക്കാൻ നമുക്കു സാധിക്കാതെപോയി. സഭൈക്യത്തിന്റെ, പുനരൈക്യത്തിന്റെ, വിത്തുകൾ നമ്മുടെ സഭയിൽ ആഴത്തിൽ പാകിയത് കരിയാറ്റി മെത്രാപ്പോലീത്തായാണ്. സമർത്ഥനായ പ്രശ്നപരിഹാരിയായിരുന്നു അദ്ദേഹം. സഭയിലെ ശ്ലൈഹീക വൈവിധ്യവും സാംസ്കാരിക വ്യത്യാസങ്ങളും അദ്ദേഹം നല്ലവണ്ണം പഠിച്ചിരുന്നു.

**കല്ലറയും ഭൗതികാവശിഷ്ടവും നൽകുന്ന സാന്ത്വനം**

മാർ കരിയാറ്റിയുടെ ഭൗതികാവശിഷ്ടം വിശ്രമിക്കുന്ന ആലങ്ങാട്ടുള്ള കല്ലറ നമുക്ക് വലിയ സമ്പത്താണ്. വി. ഗ്രന്ഥം എടുത്തുകാണിക്കുന്നത് കല്ലറകളുടെ പ്രാധാന്യവും കല്ലറ കാത്തുസംരക്ഷിക്കുന്ന ഐക്യവും കൂട്ടായ്മയുമാണല്ലോ. പൂർവ്വമാതാക്കളുടെയും പിതാക്കളുടെയും കല്ലറകൾ തുടങ്ങി എല്ലാ വിശുദ്ധന്മാരുടെയും കല്ലറകൾ നിരന്തരമായിട്ടു നമ്മോടു സംസാരിക്കുന്നുണ്ട്. ആദ്ലിമ്നാ സന്ദർശനത്തിന്റെ അർത്ഥവും പത്രോസ് പൗലോസ്

ശ്ലീഹാന്മാരുടെ പുണ്യകുടീരത്തിന്റെ പ്രധാന വാതില്ക്കൽ എത്തുന്നവർ എന്നാണല്ലോ. നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും ധന്യരുടെയുമൊക്കെ കല്ലറകൾ എത്ര ആദരവോടയാണ് നാം സംരക്ഷിക്കുന്നത്. നമ്മുടെ നിത്യസ്മൃതിയിൽ ജീവിക്കേണ്ട രണ്ടു കബറുകളാണ് ആലങ്ങാട്ടുള്ള കരിയാറ്റിൽ മെത്രാപ്പോലീത്തായുടെയും രാമപുരത്തുള്ള പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെയും. അവർ രണ്ടു മഹാത്മാക്കളാണ് (Dramatis Personae). അവരിൽ കത്തിജ്വലിച്ചു നിന്ന സഭാസ്നേഹം അവർണ്ണനീയമത്രേ. രണ്ടു വലിയ പ്രതിഭാശാലികളായിരുന്നു. അവരുടെ കല്ലറകളിലേക്ക് ഇനിയും നമ്മൾ ഓടേണ്ടതുണ്ട്. അവിടെയ്ക്കുള്ള ഓട്ടത്തിന്റെ സ്പീഡ് വളരെ കുറവാണ്. ഒന്നിച്ച് ഓടാനും പലപ്പോഴും സാധിക്കുന്നില്ല. അവരുടെ ധീരതയും സഭാസ്നേഹവും അവരെ "അവിശുദ്ധ"രാക്കുന്ന ഘടകങ്ങൾ ആക്കാൻ പാടില്ല. സഭയ്ക്കു വേണ്ടി ജീവൻ സമർപ്പിച്ച 'ഇരട്ടകളാണവർ'. അവരുടെ വിശ്രമസ്ഥലം നമുക്കു പ്രത്യാശയുടെ കുടീരങ്ങൾ (Sepulchrum Spei) ആകണം. ക്രിസ്തീയത പ്രത്യാശയാണ്. റാമായിൽനിന്ന് ഒരു സ്വരം, റാഹേൽ തന്റെ മക്കളെ ഓർത്തു കരയുന്നു. അവളെ സാന്ത്വാനപ്പെടുത്തുക അസാധ്യം (മത്താ. 2: 18). റാഹേലിന്റെ കല്ലറ ബദ്‌ലഹേമിലാണ്. യാക്കോബിന്റെ ഭാര്യയായ റാഹേൽ പ്രവാസത്തിലേക്ക് നാടുകടത്തപ്പെട്ട തന്റെ മക്കളെയോർത്ത് വിലപിക്കുന്ന രംഗമാണത്. ഈജിപ്തിലേക്ക് പലായനം ചെയ്യേണ്ടിവന്ന ദൈവപുത്രനെയോർത്തും റാഹേൽ വിലപിക്കുകയാണ് എന്ന് വി. മത്തായി അർത്ഥമാക്കുന്നു. സഭയുടെ സമഗ്രമായ തനിമയ്ക്കും ഐക്യത്തിനും വേണ്ടിയുള്ള സ്വരം കരിയാറ്റിയുടെയും പാറേമാക്കലിന്റെയും കല്ലറകളിൽനിന്ന് നമുക്ക് കേൾക്കാൻ കഴിയണം. ആ കേൾവിയിലാണ് നമ്മുടെ പ്രത്യാശ. ആ പുണ്യകുടീരങ്ങളെക്കുറിച്ചുള്ള ഒരു നോസ്താൾജിയ (nostalgia) നമ്മിലുണ്ടായിരിക്കണം. ഈ പദം അർത്ഥമാക്കുന്നതുപോലെ മടക്കയാത്രയുടെ (nostos) വേദന (algos) അതിലുണ്ട്.

---

NB : 2021 മെയ് 5 ന് ദീപിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനം

ലേഖനം

# കോവിഡ് 19: അവകാശങ്ങളെക്കാൾ ഉത്തരവാദിത്വങ്ങളെക്കുറിച്ച് ചിന്തിക്കേണ്ട സമയം

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

എഡ്‌വേർഡ് ലോറൻസ് എന്ന കാലാവസ്ഥ ശാസ്ത്രജ്ഞൻ 1963 - ൽ ഒരു തിയറി പറഞ്ഞു, ചിത്രശലഭ ഇഫക്റ്റ്. ആസ്ട്രേലിയായിലെ ഒരു ചിത്രശലഭത്തിന്റെ ചിറകടി കൻസാസിൽ ഒരു കൊടുങ്കാറ്റോ ഇൻഡോനേഷ്യയിൽ ഒരു മൺസൂണോ ഉണ്ടാകാൻ കാരണമായേക്കാം. അതായത് ചെറിയ പ്രവർത്തനങ്ങൾ പോലും വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാം. ഭൂമിയുടെ സന്തുലനാവസ്ഥ എല്ലാ കാര്യങ്ങളുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. നമ്മുടെ പ്രവർത്തനങ്ങൾക്ക് പ്രകൃതിയോടും മനുഷ്യരോടും മറ്റു ജീവജാലങ്ങളോടുമുള്ള ബന്ധത്തെപ്പറ്റി നാം വേണ്ടത്ര ചിന്തിക്കുന്നില്ല. നമ്മുടെ എല്ലാ പ്രവർത്തനങ്ങളെയും ആഗോള കൂട്ടായ്മയുടെ വെളിച്ചത്തിൽ കാണാൻ കഴിയണം. നമ്മുടെ ജീവിതത്തെയും പ്രവർത്തനങ്ങളെയും മറ്റുള്ളവർക്ക് ഒരു അനുഗ്രഹമാക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ? നാമെല്ലാവരും അതീവ ജാഗ്രതയോടെ പ്രവർത്തിക്കേണ്ട സമയമാണ് ഈ കൊറോണ വൈറസ്കാലം. ഈ പ്രത്യേക സാഹചര്യത്തിൽ എന്നും എന്തെങ്കിലും നന്മ ചെയ്യാൻ ശ്രമിക്കണം. ഈ കൊറോണ – കോവിഡ്–19 കാലം നമുക്ക് നമ്മുടെ അവകാശങ്ങളെക്കാൾ, ഉത്തരവാദിത്വങ്ങളെക്കുറിച്ച് ഓരോരുത്തനും ചിന്തിക്കണം. ഉത്തരവാദിത്വബോധമുള്ള മനുഷ്യവർഗ്ഗം, ഒരു സംസ്കാരം പിറവിയെടുക്കണം. അവകാശങ്ങൾ മറ്റുള്ളവരുടെമേൽ നമ്മൾ ചാർത്തുന്ന ഡിമാന്റുകളാണ്. ഉത്തരവാദിത്വങ്ങൾ മറ്റുള്ളവർ നമ്മിൽനിന്ന് ആവശ്യപ്പെടുന്ന ചുമതലകളാണ്. മിച്ചത്തിൽനിന്ന് പിച്ചകൊടുക്കുന്നതല്ല ഉത്തരവാദിത്വം. സമൃദ്ധമായി കൊടുക്കുന്നതാണ് ഉത്തരവാദിത്വം. നന്മപ്രവൃത്തികൾക്ക് വേരുപൊട്ടിയ സമയമാണ് കൊറോണക്കാലം.

ലോകം മുഴുവനും ഒരേ ഭയം, ഒരേ അപകടം, ഒരേ വെല്ലുവിളി ഒരേ സമയത്ത് നേരിടുന്നത് ഇതാദ്യമായിട്ടാണ്. ലോകം ഇതുവരെ കാണാത്ത ഒരടച്ചുപൂട്ടലിലാണ് നാം. കടുത്ത രോഗങ്ങൾക്ക് കടുത്ത നടപടികൾ സ്വീകരിക്കാൻ പറ്റിയതുകൊണ്ടാണ് ഇത്രയെങ്കിലും പിടിച്ചുനിർത്താൻ സാധിച്ചത്. സമസ്ത മേഖലകളിലും കോവിഡ്-19 നാശം വിതച്ചു. വളരെ വേഗത്തിലാണ് ലക്ഷക്കണക്കിന് ആളുകൾ നമ്മെ വിട്ടുപിരിഞ്ഞത്. ഏറ്റവും ചെറിയ ഒരു വൈറസിന് ലോകത്തിലെ മനുഷ്യരെ മുഴുവൻ മുട്ടുകുത്തിക്കാൻ കഴിഞ്ഞു. കോവിഡ്-19 ന് ഒരു അനുവാദമോ പാസ്പോർട്ടോ ഒന്നും വേണ്ടി വന്നില്ല. മനുഷ്യർ എത്രയോ നിസ്സാരക്കാരാണ് എന്ന ചിന്തയും ഇത് നല്കുന്നു. ഏറ്റം വേഗത്തിൽ സഞ്ചരിച്ച മിസൈൽ ആയിരുന്നു ഇത്. എങ്കിലും നിരാശരാകാതെ ഈ വൈറസ് ആധുനികലോകത്തിനു നല്കുന്ന സന്ദേശത്തെക്കുറിച്ചു നമ്മൾ ഗൗരവതരമായി ചിന്തിക്കണം. മോശമായവയിൽനിന്ന് നന്മയുണ്ടാകാം; ശാപത്തിൽനിന്ന് അനുഗ്രഹമുണ്ടാകാം. ലോകവ്യാപകമായ കൊറോണാ നാശത്തിൽനിന്ന് ലോകവ്യാപകമായ ഒരു കൂട്ടുത്തരവാദിത്വം ജനിച്ചുകഴിഞ്ഞു. അദ്ഭുതകരമായ രീതിയിൽ സാമൂഹ്യ - ആരോഗ്യ - ക്ഷേമപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

**ക്വാറന്റൈനും ലോക്ക് ഡൗണും**

ക്വാറന്റൈനും ലോക്ക് ഡൗണും നമുക്ക് അത്ര പരിചിതമായ കാര്യങ്ങളല്ലായിരുന്നു. പരസ്പരബന്ധിതമായ ലോകത്തെക്കുറിച്ചും സാർവ്വത്രിക കൂട്ടായ്മയുടെ പ്രാധാന്യത്തെക്കുറിച്ചും അത് നമ്മെ പഠിപ്പിച്ചു. എല്ലാവരും പൊതുനന്മ ലക്ഷ്യമാക്കണം എന്ന പാഠപുസ്തകമാണത്. പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ കീർത്തികേട്ട വർത്തമാനപുസ്തകം നമ്മോട് നൂറ്റാണ്ടുകൾക്കുമുമ്പ് പറഞ്ഞു തന്നിട്ടുണ്ട്: "ക്വാറന്റൈൻ എന്നാൽ എന്ത്? നമ്മുടെ ജനങ്ങളുടെ അറിവിനായി എഴുതാം. അതായത് ജനീവായിലും മറ്റ് യൂറോപ്യൻ നഗരങ്ങളിലും തങ്ങളുടെ ജനങ്ങളുടെ ഗുണത്തിനും രക്ഷയ്ക്കും വേണ്ടി നഗരത്തിനു പുറത്ത് തുറമുഖത്തോടുചേർന്ന് ലസറത്തെ എന്നൊരു മന്ദിരം പണിതീർത്തിട്ടുണ്ട്. തുർക്കി നാട്ടിൽ നിന്നോ, പകർച്ചവ്യാധി ഉണ്ട് എന്നു സംശയമുള്ള മറ്റു നാടുകളിൽ

നിന്നോ, പകർച്ചവ്യാധി ഉണ്ടാകാമെന്ന സാഹചര്യങ്ങളിൽകൂടി കട ന്നുപോകുന്ന കപ്പലുകളിൽനിന്നോ വരുന്ന ആളുകൾക്ക് ഒരു നിശ്ചി തദിവസംവരെ നഗരത്തിൽ കടന്നുകൂടാ. പകർച്ചവ്യാധിയുമായി വരുന്ന കപ്പലുകളാണെങ്കിൽ കുറഞ്ഞത് 40 ദിവസങ്ങളെങ്കിലും കഴി യുന്നതുവരെ കരയ്ക്കിറങ്ങാതെ പാർത്തേ മതിയാകൂ. അതിനാൽ ഈ ദിവസങ്ങൾക്ക് 40 ദിവസങ്ങൾ എന്ന് അർത്ഥമുള്ള ക്വാറന്റൈൻ എന്ന നാമധേയം ചൊല്ലിവരുന്നു.'' ക്വാറന്റൈൻ പൊതുനന്മയ്ക്കു വേണ്ടിയാണ്. ക്വാറന്റൈൻ - ഒരു ശുദ്ധീകരണത്തിന്റെ - കത്താർ സിസ് - സമയമാണ്. രോഗബാധിതമായ ഒരു ലോകത്തിനുവേണ്ടി ക്വാറൈന്റയനിൽ ആയിക്കൊണ്ട് പ്രാർത്ഥിക്കുകയാണ്.

അടങ്ങി ഒതുങ്ങി ഇരിക്കുക മനുഷ്യപ്രകൃതിക്ക് പ്രയാസ മാണ്. നിശ്ശബ്ദനായി ഒരു മുറിയിൽ ഒറ്റയ്ക്ക് ഇരിക്കാനുള്ള കഴി വില്ലായ്മയിൽനിന്നാണ് മനുഷ്യന്റെ എല്ലാ പ്രശ്നങ്ങളും ഉടലെടു ക്കുന്നത് (ബ്ലെയ്സ് പാസ്കൽ). വീട് എന്താണ് എന്ന് മനസ്സിലാ ക്കാൻ ദൈവം നല്കിയ അടയാളമായിട്ടുവേണം ലോക്ക് ഡൗണിനെ കാണാൻ. ലോക്ക് ഡൗണിനെ ആരും ലോക്ക് അപ്പ് ആയി കാണ രുത്. വീട്ടിലായിരിക്കുന്നത് വീട്ടുതടങ്കലിൽ ആയിരിക്കുന്നതല്ല. വീടു കളിൽ ഒരു ദൈവികമായ മാനവികത പിറക്കണം. പുറത്തേക്ക് ഇറ ങ്ങാൻ പറ്റാതെവരുമ്പോൾ വീടിനുള്ളിൽ എല്ലാവരിലേക്കും മനസ്സു തുറക്കാൻ സാധിക്കണം. വിഭജനത്തിന്റെ വിത്തുകൾ എടുത്തുമാ റ്റണം. വീടിനുള്ളിൽ അമ്മ മാത്രമായിരുന്നു സഞ്ചാരി. അടുക്കള യിൽനിന്ന് തീൻമേശയിലേക്ക്, തീൻമേശയിൽനിന്ന് മുറ്റമടിക്കാൻ. അമ്മ എത്ര ദൂരമാണ് വീടിനുള്ളിൽ ഓരോ ദിവസവും നടക്കു ന്നത്. ഇപ്പോൾ നമുക്ക് വീടിനുള്ളിൽ ഒന്നിച്ചു നടക്കാം. ചേർത്ത് നിർത്തുന്നതിനെയാണ് കുടുംബം എന്നു പറയുന്നത്. കൂട്ടുത്തര വാദിത്വത്തിലൂടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാം. വീടിനെ സംര ക്ഷിക്കുന്നപോലെ ഈ പ്രപഞ്ചത്തെയും നാം സംരക്ഷിക്കണം. വീടാണ് ലോകം. ലോകമാണ് വീട്.

**പൊതുധാർമ്മികാടിത്തറയുടെ ആവശ്യം**

നമ്മുടെ ജീവിതശൈലികൾ മാറണം, അതുവഴി ലോക ത്തിന്റെ വഴിതെറ്റിയ പോക്കുകളെ തിരുത്തണം, അതു സാധിച്ചാൽ ഒരു പൊതുധാർമ്മികാടിത്തറ നമുക്ക് ഇടാൻ കഴിയും. ധാർമ്മിക

നേട്ടവും കോട്ടവും വളരെ വേഗത്തിൽ നടക്കുന്ന കാര്യമല്ല, ഒരു കാലഘട്ടംവഴി സംഭവിക്കുന്നതാണ്. അതിന്മേൽ മാത്രമേ ഒരു നവ സൃഷ്ടി, നവലോകം സാധ്യമാകൂ. ഒരു രാജ്യം ശക്തിയുള്ളതാകുന്നത്, അത് ബലഹീനരെ പരിഗണിക്കുമ്പോഴാണ്; ഒരു രാജ്യം സമ്പന്നമാകുന്നത് പാവപ്പെട്ടവരെ അത് മുഖ്യധാരയിലേക്ക് സ്വീകരിച്ച് വളർത്തുമ്പോഴാണ്. ഇതുവരെ നമ്മൾ പൂർണ്ണമായി കണ്ടുപിടിക്കാത്ത ഭാവിലോകത്തെ ചൂണ്ടികാണിക്കുന്ന വടക്കുനോക്കി യന്ത്രമാണ് ഈ ധാർമ്മികശക്തി. ഈ പ്രപഞ്ചത്തോടും മനുഷ്യരോടും ക്രൂരമായി പെരുമാറുന്നതുകൊണ്ടാണ് വൈറസ് പിറക്കുന്നത്. ഭൂമി രോഗിണിയായി. ആവാസഭൂമി രോഗിണിയാകുമ്പോൾ നാമും രോഗികളാകുന്നു. ഈ കോവിഡ് ദുരവസ്ഥ നമ്മെ നവീകരണത്തിലേക്കും വിമോചനത്തിലേക്കും ആനന്ദത്തിലേക്കും സ്വാതന്ത്രത്തിലേക്കും ധാർമ്മികതയിലേക്കും നയിക്കണം. മുറിപ്പെട്ടതും വിഭജിക്കപ്പെട്ടതുമായ ഒരു ലോകത്തെ നവീകരിക്കുക മനുഷ്യന് അത്ര എളുപ്പമല്ല. മൂല്യാധിഷ്ഠിതമായ ഊന്നലുകൾ ഏറെ അത്യാവശ്യമാണ്.

**ബന്ധങ്ങളുടെ ഇഴയടുപ്പം ഉറപ്പാക്കി**

ഞാൻ എന്ന അഹന്തയിൽനിന്ന് നമ്മൾ എന്ന ഒരുമയിലേക്കു വളരാൻ ഈ കാലഘട്ടം നമ്മെ സഹായിച്ചു. കൂട്ടുത്തരവാദിത്വം അതാണ്. ഫലപ്രദവും കാര്യക്ഷമതയുള്ളതുമായ കൂട്ടുത്തരവാദിത്വം, മനുഷ്യരെല്ലാം തുല്യരാണെന്ന ചിന്തയിലേക്ക് നയിക്കും. കൊറോണാ ദുരന്തം ചിലപ്പോഴൊക്കെ നമ്മിലുള്ള ഏറ്റവും മോശമായത് പുറത്തുവരാൻ കാരണമായാലും നമ്മിലുള്ള ഏറ്റവും നല്ലതിനെയും അത് പുറത്തുകൊണ്ടുവന്നുകഴിഞ്ഞു. ഇപ്പോൾതന്നെ ഈ വളർച്ച കുറേയൊക്കെ നടന്നുകഴിഞ്ഞു. എത്രയോ അല്മായരാണ് സന്നദ്ധസംഘടനക്കാരായി പുറത്തുവന്നത്. എത്രയോ യുവാക്കളാണ് കൃഷിയിലേക്കു തിരിഞ്ഞത്. നമ്മൾ ആലസ്യത്തിൽനിന്ന് ഉണർന്നെഴുന്നേറ്റു. സമസ്ത മേഖലകളിലും ഒരു ഉയിർപ്പ്/ഉണർവ് സംഭവിച്ചു കഴിഞ്ഞു. നല്ല ഐക്യദാർഢ്യമുള്ള ഒരു 'നമ്മൾ' മനോഭാവത്തിലേക്ക് രാജ്യം നീങ്ങിക്കഴിഞ്ഞു. സന്നദ്ധസംഘടനകളുടെ പ്രസാദാത്മകമായ മുഖം നാം കണ്ടുകൊണ്ടിരിക്കുകയാണ്. വഴിവിളക്കുകളും വഴികാട്ടികളുമായിത്തീർന്ന് അനേകം കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു. ഈ ലോക്ക് ഡൗൺ ശാരീരിക അകല്ച

കൊണ്ടുവന്നു. പക്ഷേ, ഹൃദയത്തിൽ ഐക്യം കൂടിയിട്ടുണ്ട്. ശാരീരികമായിട്ട് നമ്മൾ അകന്നിരിക്കുമ്പോഴും ആത്മീയമായിട്ട് കൂടുതൽ അടുക്കാൻ സാധിച്ചിട്ടുണ്ട്. ശാരീരിക അകലം വല്ലാത്ത ഒരു പ്രതിസന്ധി ഉണ്ടാക്കിയിട്ടില്ല എന്നുതന്നെ പറയാം. വൈകാരികമായിട്ടും കൂടുതൽ അടുക്കാനുള്ള സാധ്യതകളേ ഉണ്ടായിട്ടുള്ളൂ. ഹൃദയം ഹൃദയത്തോടു സംസാരിച്ച നാളുകൾ ആയിരുന്നു. മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കുക എന്ന് പറഞ്ഞാൽ നന്ദി പറയുക എന്നുതന്നെയാണ്. ഹൃദയപൂർവ്വകമായ സമീപനങ്ങളും വാക്കുകളും കൂടിയിട്ടുണ്ട്. വീട്, സമുദായം, വിശാലസമൂഹം, രാജ്യം, ലോകം എന്നിവയോടെല്ലാം നമുക്ക് കൂടുതൽ ബന്ധമുണ്ടായി. മനുഷ്യവർഗ്ഗമെന്ന വിശാല ആശയവുമായിട്ട് കൂടുതൽ ബന്ധപ്പെടാൻ ഈ ലോക്ക് ഡൗൺ കാലവും കൊറോണാഭീഷണിയും സഹായിച്ചിട്ടുണ്ട്. മനുഷ്യവർഗ്ഗത്തിലെ ഒരു സജീവ അംഗമാണ് ഞാൻ എന്ന ഒരു വിചാരം ഓരോരുത്തരിലും ജനിപ്പിച്ചു. കുട്ടികൾക്ക് വീട്ടിലുള്ള സ്ഥാനം ഒരിക്കൽക്കൂടി ഉറപ്പിക്കപ്പെട്ടു. മാതാപിതാക്കളുടെ ഉത്തരവാദിത്വവും ഒരിക്കൽക്കൂടി അംഗീകരിക്കപ്പെട്ടു. ഏതെങ്കിലും കുടുംബങ്ങളിൽ മുതിർന്നവർ ഒറ്റപ്പെട്ട നിലയിൽ കഴിയുന്നുണ്ടായിരുന്നെങ്കിൽ അതിൽ വ്യത്യാസം വന്നിട്ടുണ്ട്.

**ലോക്ക് ഡൗൺ ആന്തരികതയുടെ നാളുകൾ**

ലോക്ക് ഡൗൺ വലിയ ആന്തരികതയുടെ നാളുകളായി അനുഭവിച്ചവരുണ്ട്. വലിയ ആത്മീയ സാധ്യതകൾ അത് വളർത്തി. കുട്ടികളുടെ കലാവാസനകൾ അദ്ഭുതകരമായ രീതിയിൽ വീടുകളിൽ പ്രകടിപ്പിക്കപ്പെട്ടു. കൊറോണ എന്ന ഈ കൊലയാളി, നമ്മൾ കുറേക്കൂടി ഉത്തരവാദിത്വമുള്ളവരായിരിക്കണം എന്നു പഠിപ്പിച്ചു. നമ്മോടുതന്നെയും നമ്മുടെ കുടുംബത്തോടും സമുദായത്തോടും സൃഷ്ടിയോടുതന്നെയും കൂടുതൽ ഉത്തരവാദിത്വബോധത്തോടെ പെരുമാറാൻ പഠിപ്പിച്ചു. ദൈവത്തിന്റെ മുഖമുള്ള ആൾരൂപങ്ങളാകാൻ പ്രേരിപ്പിച്ചു. അഹങ്കാരംകൊണ്ടും സമ്പത്തുകൊണ്ടും അധികാരംകൊണ്ടും ഭ്രാന്തുപിടിച്ച ഒരു സമൂഹത്തെ ഇത് വളരെ ചെറുതാക്കി. നമ്മെ വിനീതരും പ്രത്യാശയുള്ളവരുമാക്കാൻ കൊറോണാ ഓർമ്മ മനസ്സിൽനിന്നും മാഞ്ഞു പോകരുത്. സഹജീവികൾക്ക് മൃതസഞ്ജീവനിയാകുക എന്നത് മരണത്തെ അതിജീവിക്കലാണ്. രോഗാവസ്ഥയിൽ കഴിയുന്ന അനേകരിൽ അമൃത വർഷിണിയായി

ഡോക്ടർമാരുടെയും നഴ്സുമാരുടെയും സന്നദ്ധ സംഘടനക്കാരുടെയും ശുശ്രൂഷകൾ പെയ്തിറങ്ങുന്നുണ്ട്. കൊറോണ അനേകരെ കൊന്നു എന്നത് ശരിയാണ്. കൊല്ലാനുണ്ടായ സാഹചര്യങ്ങൾ മനുഷ്യവർഗ്ഗത്തിൽനിന്ന് ഉരുതിരിഞ്ഞ മോശമായ പ്രവണതകളാണ്. നമ്മൾ ശിക്ഷിക്കേണ്ടതും അതിനേയാണ്. കൊന്നവരെയല്ല, കൊല്ലിച്ചവരെയാണ്, നമ്മളെതന്നെയാണ് തിരുത്തേണ്ടതും ശിക്ഷിക്കേണ്ടതും.

**കോവിഡ് പരമ്പരാഗത വിദ്യാഭ്യാസസമ്പ്രദായത്തെ മാറ്റിമറിച്ചു**

കോവിഡ്, അധ്യാപകരുടെ ഉത്തരവാദിത്വം പുനർനിർണ്ണയിച്ചു. വിദ്യാർത്ഥികൾക്ക് ഒറ്റ നിമിഷംകൊണ്ട് ഏത് അറിവും ലഭിക്കുന്ന സംവിധാനങ്ങൾ ആയികഴിഞ്ഞു. അധ്യാപകർ അവരുടെ പ്രബോധനശൈലികൾ അടിസ്ഥാനപരമായി മാറ്റേണ്ടിവന്നു. കുട്ടികൾക്ക് ചോദ്യം ചോദിക്കുവാനുള്ള അവസരം കുറഞ്ഞു. ചോദ്യങ്ങൾ ഇല്ലാതെ വരുമ്പോൾ അധ്യാപകരുടെ നിലവാരവും കുറയും. കുട്ടികളുടെ ഭാവി നിശ്ചയിക്കുന്ന വിദ്യാഭ്യാസത്തിനുമാത്രമേ ഇനി പ്രസക്തിയുള്ളൂ. സാങ്കേതികവിദ്യയെ നമ്മൾ തുറന്നുവിടുകയാണ്. ക്ലാസ് മുറികൾ ഒരു സ്ഥലമല്ല ഒരു സ്പേയിസാണ്. കുട്ടികളുടെ ബുദ്ധിശക്തിയെ വളർത്തി ബലപ്പെടുത്തുന്ന ശൈലികൾക്ക് മുൻഗണന നല്കണം. കുട്ടികളെക്കൊണ്ട് ഈടുറ്റ ഗ്രന്ഥങ്ങൾ വായിപ്പിക്കണം. വായന ബുദ്ധിശക്തിയെ വളർത്തും. ഓർമ്മയെ ശക്തിപ്പെടുത്തും. തീരുമാനങ്ങൾ എടുക്കാൻ സഹായിക്കും. വായന മാനസ്സികസംഘർഷങ്ങൾ കുറയ്ക്കും. വായന തരുന്ന നല്ല പദപ്രയോഗങ്ങളിലൂടെ കാര്യക്ഷമമായ ഇടപെടലുകൾ നടത്താൻ കഴിയും. വായനയിലൂടെ നല്ല നിരീക്ഷണങ്ങളും നല്ല വിലയിരുത്തലുകളും നല്കാൻ കഴിയും. ഭാഷയിൽ പ്രാവിണ്യം നേടാൻ കഴിയും. ലോക്ക് ഡൗണിന്റെ സ്മൃതി സുഗന്ധം എളുപ്പത്തിൽ കുട്ടികളെ വിട്ടുപോകരുത്. വീടുകളിൽ ദൈവവചനം നിരന്തരമായിട്ടു വായിക്കണം. വായിക്കുമ്പോൾ താളുകൾ മാത്രം മറിഞ്ഞാൽപ്പോരാ, വായനക്കാരന്റെയും കേൾവിക്കാരന്റെയും ഹൃദയങ്ങൾക്കൂടി മറിയണം.

**പ്രത്യാശ വളർത്തി**

നമ്മുടെ ജീവൻ ദൈവത്തിന്റെ കരങ്ങളിലാണെന്നു കോവിഡ്-19 പഠിപ്പിച്ചു. മാനസാന്തരത്തിന്റെ അവസരമാണിത്. നിസ്സഹാ

യതയുടെ തടവിൽ പാർത്ത കാലം ദൈവത്തിങ്കലേക്കു തിരിയാനും, ദൈവത്തെ നോക്കാനുമുള്ള അവസരമായിരുന്നു. കൊറോണാ ദുരന്തമല്ല, തിരുത്തൽ ശക്തിയാണ്. മറന്നുപോയ പലതും ഈ മഹാമാരി നമ്മെ ഓർമ്മിപ്പിക്കുന്നു. നമുക്ക് നഷ്ടപ്പെട്ട പലതും തിരിച്ചെടുക്കാനുള്ള സമയമായിരുന്നു ലോക്ക് ഡൗൺ. നമുക്ക് പ്രതിരോധ ശക്തി ഉറപ്പിക്കാൻ പറ്റി, നമ്മുടെ മനഃസ്സാക്ഷിയിലേക്ക് ഊളിയിട്ട് ഇറങ്ങാൻ സാധിച്ചു. പിറകോട്ടുതിരിഞ്ഞ് നമ്മുടെ ഭാഗത്തുനിന്നു വന്ന പോരായ്മകൾ കണ്ടെത്താൻ സാധിച്ചു. ഒപ്പം ഭാവിയെ ശുഭ പ്രതീക്ഷയോടെ കാണാനും ഭാവിയിൽ നല്ല ബന്ധങ്ങൾ സ്ഥാപിക്കാനുമുള്ള അവസരം പ്രദാനം ചെയ്തു. കൊറോണാ കാട്ടുതീ പോലെ പടർന്നു. ഒരു വൈറസിന് ലോകത്തെ നിശ്ചലമാക്കാൻ കഴിഞ്ഞു. കൊറോണാ നമ്മുടെ നിസ്സാരതയും, ബലഹീനതയും എളുപ്പത്തിൽ മുറിവേൽക്കാനുള്ള അവസ്ഥയും എടുത്തുകാണിക്കുന്നു. നമ്മൾ സ്രഷ്ടാക്കളല്ലെന്നും നിസ്സാരപൂഴികളാണെന്നും ഒരിക്കൽകൂടി മനസ്സിലാകുന്നു. നമ്മുടെ നിസ്സാരതയും മനുഷ്യജീവന്റെ ഹ്രസ്വതയും എടുത്തു കാണിക്കുന്നു. മറ്റാരെങ്കിലും ഓരോ നിമിഷവും നമുക്ക് ജീവൻ നല്കുന്നതുകൊണ്ടാണ് നാം ജീവിക്കുന്നത്. നമ്മൾ യജമാനന്മാർ അല്ല. അദൃശ്യനായ ഒരു ശത്രു നമ്മെ കാർന്നുതിന്നുകയാണ്. നമ്മെ രോഗികളാക്കുന്നു. നമ്മെ കൊല്ലുന്നു – അദൃശ്യനായ കൊലയാളി ശക്തനാണ്. ഒരുവന്റെ ജീവൻ അവന്റെ സ്വന്തമല്ല. വലിയ കാര്യമായിട്ട് കരുതാത്തതോ അല്ലെങ്കിൽ അവഗണിച്ചിരുന്നതോ ആയ ബന്ധങ്ങൾ ചൂടുള്ളതാക്കി. പ്രത്യാശയ്ക്ക് ഇടം കൊടുത്താൽ മരണമല്ല അവസാന വാക്ക്. ഈ കൊറോണായിൽനിന്നു നമ്മൾ പ്രത്യാശയുള്ളവരായി വളർന്നു. നമ്മെ എല്ലാവരേയും ഇത് ഒരു നവവിദ്യാഭ്യാസത്തിലേക്ക് ക്ഷണിച്ചു; വിഷാദത്തിലേക്കല്ല, പ്രസാദത്തിലേക്ക്.

**ചരിത്രമുദ്ര ചാർത്തിയ കൊറോണ**

നമ്മൾ ഒരു മെച്ചപ്പെട്ട സംസ്കാരം, മെച്ചപ്പെട്ട രാജ്യം, മെച്ചപ്പെട്ട തനിമ, മെച്ചപ്പെട്ട ഉത്തരവാദിത്വം എന്നിവയുടെ വക്താക്കളാകണം. നവീകരിക്കപ്പെട്ട ഒരു ജനതയും ഒരു രാജ്യവുമായി നാം മാറണം. കൂടുതൽ ധൈര്യവും ബോധ്യവും നേടിക്കൊണ്ട് കൊറോണാ വൈറസിനെ കീഴ്പ്പെടുത്താം. കൂടുതൽ നീതി പൂർവ്വ

മായ ഒരു ലോകം സൃഷ്ടിക്കാൻ ഇത് സഹായിക്കും. നല്ല ഭാവി സൃഷ്ടിക്കുക. വിഭജിക്കപ്പെട്ടു/തകർക്കപ്പെട്ടുനില്ക്കുന്ന ഈ അവസ്ഥയിൽനിന്ന് പൊതുനന്മ കണ്ടെത്തണം. നല്ല മനോഭാവം പുലർത്താനുള്ള അവസരമാണിത്. വന്ന ദുരന്തങ്ങളെ അംഗീകരിക്കാനും, നമുക്ക് മാറ്റാൻ പറ്റാത്തതിനെ ഉൾക്കൊള്ളാനും മാറ്റാൻ പറ്റുന്നതിനെയൊക്കെ ഭാവിയെ ലക്ഷ്യമാക്കി തിരുത്താനും തയ്യാറാകണം. ഈ വെല്ലുവിളിയുടെ ആഴങ്ങൾ നാം കണ്ടെത്തണം. മാനസാന്തരത്തിന്റെ, സംസ്കാരം സ്ഥാപിക്കാനുള്ള അവസരമാണിത്. കോവിഡ് കാലത്തിന്റെ നാൾവഴികൾ നമുക്ക് ചരിത്രസ്മരണകളാവണം. ചരിത്രമുദ്ര ചാർത്തിയിട്ടാണ് കൊറോണ നമ്മോട് യാത്രപറഞ്ഞ് പിരിയാൻ തുടങ്ങുന്നത്.

നമ്മൾ നമ്മുടെ ജീവിതശൈലികൾ ഒന്നു പൊളിച്ചുപണിയേണ്ടിവരും. കുറച്ചുകൂടി കാർക്കശ്യമായ, താപസോന്മുഖമായ ജീവിതക്രമം ഉൾക്കൊള്ളുമ്പോൾ എല്ലാവർക്കും തുല്യമായ വിഭവങ്ങൾ കിട്ടും. നമുക്ക് വേണ്ടത് ആഡംബരവസ്തുക്കളല്ല അവശ്യസാധനങ്ങളാണ്. പ്രകൃതിയെ നശിപ്പിക്കലിൽനിന്ന് നമ്മൾ പിന്മാറുമ്പോൾ ഒരു പ്രത്യാശയുടെ നാഗരികത ഉടലെടുത്തുകഴിഞ്ഞു.

**സഹനങ്ങൾ ആത്മീയ ട്യൂഷൻ ക്ലാസുകൾ: ആഴത്തിൽ വേരുകളുള്ള മരങ്ങളെ ഉയരത്തിൽ എത്തുകയുള്ളൂ.**

ഏതു പ്രശ്നത്തെയും നമ്മൾ വേണ്ട രീതിയിൽ അഭിമുഖീകരിക്കുമ്പോൾ നമ്മൾ നമ്മുടെത്തന്നെ ഒരു ആധികാരികരൂപമായിട്ട് മാറുകയാണ്. നമ്മൾ ഒരു നല്ല മാറ്റത്തിനു തയ്യാറാണ് എന്ന് പറയുന്നതിന്റെ അർത്ഥം ഇപ്പോൾ നമ്മൾ ആയിരിക്കുന്ന അവസ്ഥയിലെ പോരായ്മകൾ മാറ്റിയെടുക്കാം എന്നാണ്. കൊറോണാ - കോവിഡ്-19 കൊണ്ടുവന്ന പ്രതിസന്ധികൾക്കുള്ള ഉത്തരം പഴയ നിയമത്തിലെ ജോബിന്റെ പുസ്തകത്തിലുണ്ട്. ജോബ് മൂന്ന് രഹസ്യങ്ങൾ വെളിപ്പെടുത്തുന്നുണ്ട്: ദൈവത്തിന്റെ രഹസ്യം, പ്രപഞ്ചത്തിന്റെ രഹസ്യം, മനുഷ്യന്റെ രഹസ്യം. ദൈവം സാത്താനുമായുള്ള ഒരു സംഭാഷണത്തിൽ നീതിമാനായ ജോബിനെ പരീക്ഷിക്കപ്പെടാനായി വിട്ടുകൊടുത്തു. ജോബിന് എല്ലാവിധ സഹനങ്ങളും അനുവദിച്ചു. സഹനങ്ങളെല്ലാം ആത്മീയവും ധാർമ്മികവുമായ ട്യൂഷൻ ക്ലാസുകളാണ്. ദൈവമാണ്

ഇവിടുത്തെ അധ്യാപകൻ. ദൈവം മനുഷ്യവർഗ്ഗത്തിനുവേണ്ടി ഈ പ്രപഞ്ചം സൃഷ്ടിച്ചതുപോലെ ദൈവത്തിന് വസിക്കാൻ പറ്റിയ ഒരു ഇടമായിട്ട് ഈ പ്രപഞ്ചത്തെ മാറ്റാൻ നമുക്ക് കഴിയണം. ജോബിന്റെ വേദനകളുടെ അവസാനം ദൈവം പ്രത്യക്ഷപ്പെട്ട് സംസാരിക്കുന്നുണ്ട് (ജോബിന്റെ പുസ്തകം അധ്യായം 38-41). ഇവിടെ ജോബിന്റെ വേദനകളെക്കുറിച്ച് ദൈവം ഒന്നും ചോദിക്കുന്നില്ല. ദൈവം ജോബിന് ഒരു പുതിയ സൃഷ്ടിയെ കാണിച്ചുകൊടുക്കുന്നു. കൊറോണയുടെ ഉത്തരവും ഇതാണ്. ജോബ് പ്രപഞ്ചത്തിലെ എല്ലാ സൃഷ്ടജാലങ്ങളെയും കാണുന്നു. വാസ്തവത്തിൽ കേവലം മനുഷ്യകേന്ദ്രിതമായ ഒരു ലോകത്തെയല്ല ദൈവം ജോബിന് കാണിച്ചു കൊടുക്കുന്നത്. പ്രപഞ്ചത്തിന്റെ അതിമനോഹരമായ താളലയത്തിൽ ജോബിന് നഷ്ടപ്പെട്ടതൊക്കെ തിരിച്ചുകൊടുക്കുന്നു. മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ഗാഢമായ ബന്ധമാണ് ജോബ് തിരിച്ചുവരവിൽ അനുഭവിക്കുന്നതും. ഭൂമിയുടെ ആരോഗ്യത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണിത്. മഹാമാരികളെ കഴിഞ്ഞകാല തിന്മകളുടെ ഫലമായിട്ടല്ല നാം കാണേണ്ടത്. സഹനങ്ങൾ ഭാവിക്കുവേണ്ടിയുള്ള ഒരുക്കമാണ്. അത് നമ്മെ അഹങ്കാരത്തിൽനിന്ന് മോചിപ്പിക്കും. ശക്തിയും ധൈര്യവും നല്കും. സഹിക്കുന്നവരോട് കൂടുതൽ അനുകമ്പ കാണിക്കാൻ കാരണമാക്കും. ഇസ്രായേൽക്കാരുടെ ഇടയിൽ ഒരു കഥയുണ്ട്: ലോകത്തെ സൃഷ്ടിച്ചുകഴിഞ്ഞ് ദൈവം മാലാഖമാരോട് അഭിപ്രായം ആരാഞ്ഞു. അവർ പറഞ്ഞു എല്ലാം നന്നായിരിക്കുന്നു. പക്ഷേ, ഒരു കുറവുണ്ട്. എന്താണത് ദൈവം ചോദിച്ചു. സ്വർഗ്ഗത്തിൽ പ്രഭാതം മുതൽ രാത്രിവരെ ഞങ്ങൾ നിന്റെ സ്തുതികൾ പാടുകയാണ്. ഭൂമിയിൽ അതിന് ആരുമില്ലല്ലോ? ദൈവം പറഞ്ഞു: ഞാൻ സംഗീതത്തോടുകൂടിയാണ് ഭൂമിയെ സൃഷ്ടിച്ചത്: പക്ഷികളുടെ ചിലയ്ക്കലും കാറ്റിന്റെ മർമ്മരങ്ങളും അരുവികളുടെ കലകലാശബ്ദവും ഇലകളുടെ കിരുകിരാശബ്ദവുമാണ് ഭൂമിയിലെ സംഗീതം. കൊറോണ നമ്മിലും നല്ല പരിസ്ഥിതി ബോധം വളർത്തി. ഈ പ്രപഞ്ചത്തിന്റെ സംഗീത കച്ചേരിയിൽ നമുക്കും പങ്കുചേരാം.

---

NB : 2021 ജൂൺ 6 ന് ദീപികദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനം

ലേഖനം

# നിധീരിക്കൽ മാണിക്കത്തനാർ ദീപികയുടെ ഹേതുഭൂതൻ

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

കാലം കഴിയുന്തോറും തിളക്കമേറിവരുന്ന ഒരു വ്യക്തിപ്രഭാവമാണ് നിധീരിക്കൽ മാണിക്കത്തനാരുടേത് (1842-1904 ജൂൺ 20). ഈ നാളുകളിൽ സഭാനേതൃത്വവും - സഭയുടെ പൈതൃകസംരക്ഷണം - രാഷ്ട്രീയനേതൃത്വവും - ക്രൈസ്തവപിന്നാക്കാവസ്ഥ - പറയുന്ന കാര്യങ്ങളെല്ലാം ഒരു നൂറ്റാണ്ടുമുമ്പേ മാണിക്കത്തനാർ പറഞ്ഞുവച്ചിരുന്നു. എല്ലാ അർത്ഥത്തിലും മഹാത്മാവുതന്നെ. കർദ്ദിനാൾ ന്യൂമാന്റെ ഓക്സ്ഫോർഡ് മൂവ്മെന്റ് പോലെ, ഭാരതനസ്രാണിസഭയിൽ മാർ യൗസേപ്പ് കരിയാറ്റിൽ, പാറേമാക്കൽ തോമാക്കത്തനാർ, തച്ചിൽ മാത്തുത്തരകൻ, മാർ ദിവന്യാസിയോസ് എന്നിവരിലൂടെ വളർത്തിയെടുത്ത ഒരു നസ്രാണി പൈതൃകമൂവ്മെന്റ് മാണിക്കത്തനാരിലെത്തുമ്പോൾ അതിന്റെ ഒരു ഭാഗം വിജയത്തിലെത്തുകയാണ്. തെക്കേ ഇന്ത്യ മുഴുവനും ആഞ്ഞടിച്ച ഒരു സഭാചരിത്രാവബോധത്തിന്റെ വക്താക്കളാണ് ഇവരെല്ലാം. കേവലം 62 വർഷം ജീവിച്ച മാണിക്കത്തനാർ സഭയുടെ മനസ്സിന്റെ കെടാവിളക്കാണ്. തെക്കേ ഇന്ത്യയിൽ മാണിക്കത്തനാരെപ്പോലെ മറ്റൊരാൾ ഇല്ലായിരുന്നുവെന്ന് തിരുവിതാംകൂർ ചീഫ് സെക്രട്ടറിയായിരുന്ന പി. താളുപിള്ള പറഞ്ഞത് വിശാലസമൂഹത്തിലും മാണിക്കത്തനാർക്ക് ഉണ്ടായിരുന്ന സ്വാധീനത്തിന്റെ തെളിവാണല്ലോ. തിരുവചനം പഠിപ്പിക്കുമ്പോൾ പണ്ഡിതന്മാർ ഉപയോഗിക്കുന്ന സമാന സ്വഭാവമുള്ള രണ്ടു ഗ്രീക്ക് വാക്കുകളുണ്ട്: എക്സെഗെയോമായ് (പുറത്തുകൊണ്ടുവരിക); ഹെർമെനെവുവോ (വ്യാഖ്യാനിച്ചു വിശദീകരിക്കുക). ഇതുതന്നെയാണു മാണിക്കത്തനാരുടെ കാര്യവും. അദ്ദേഹത്തെ നമ്മൾ വ്യാഖ്യാനിക്കുമ്പോൾ മാത്രമേ മാണിക്കത്തനാരുടെ അഖിലേന്ത്യാവ്യക്തിത്വം മനസ്സിലാക്കാൻ കഴിയൂ.

### മാണിക്കത്തനാർ സർവ്വകലാവല്ലഭൻ

ശെമ്മാശൻ ആയിരിക്കുമ്പോൾത്തന്നെ സമുദായത്തിലും സഭയിലും അസാധാരണമായ സ്വാധീനം ചെലുത്താൻ കഴിഞ്ഞു.

അതിനു കാരണം അദ്ദേഹത്തിനു കണ്ടെത്താൻ കഴിഞ്ഞ ഗുരുക്കന്മാർതന്നെയത്രേ. പിതൃസഹോദരനും കുറവിലങ്ങാട് വികാരിയുമായിരുന്ന നിധീരിക്കൽ വർക്കി കത്തനാരുടെ സ്വാധീനം വാക്കുകൾക്കൊണ്ടു വിവരിക്കാവുന്നതല്ല. അമ്പലത്തുരുത്തേൽ യൗസേപ്പ് കത്തനാരുടെ പക്കൽ സുറിയാനിഭാഷാപരിശീലനം നടത്തി. പൗരസ്ത്യസുറിയാനിഭാഷയുടെ മർമ്മം മനസ്സിലാക്കിയ അതുല്യനായ വ്യക്തിയാണ് മാണിക്കത്തനാർ. ഇംഗ്ലീഷ് ഭാഷയും ആഴത്തിൽ പഠിച്ചു. കുറുപ്പൻപറമ്പിൽ തൊമ്മൻ ആശാനിൽനിന്നു ആയുധവിദ്യ കരസ്ഥമാക്കി. കാളികാവ് കളരിക്കൽ കൈമളിൽനിന്നു കായികവിദ്യ അഭ്യസിച്ചു. പോർച്ചുഗീസ് പാതിരിമാരിൽനിന്നു പോർച്ചുഗീസ് ഭാഷയും പഠിച്ചെടുത്തു. ലത്തീനിലും ഇറ്റാലിയനിലും അവഗാഹം നേടി. തെങ്ങുംതലയ്ക്കൽ ആശാനിൽനിന്ന് സംസ്കൃതവും തമിഴും ജ്യോതിശാസ്ത്രവും കരസ്ഥമാക്കി. വൈവിധ്യമാർന്ന കാര്യങ്ങളുടെ ഒരു അപൂർവ്വ സംഗമസ്ഥലമായി മാണിക്കത്തനാർ മാറിക്കഴിഞ്ഞു. ആർക്കും കീഴ്പ്പെടുത്താൻ പറ്റാത്തവിധത്തിൽ അറിവും ഭാഷാപാണ്ഡിത്യവും സ്വന്തമാക്കി. മാണിച്ചൻ പച്ചയായ ഒരു മനുഷ്യനായിരുന്നു. സ്വന്തം സ്ഥലത്തുനിന്നും രാജ്യത്തുനിന്നും നേടാവുന്ന നല്ല കാര്യങ്ങളെല്ലാം ഉൾക്കൊണ്ടു. സമുദായഭിമാനി, സ്വാതന്ത്ര്യവാദി, രാഷ്ട്രീയ ചിന്തകൻ, ചരിത്രപ്രിയൻ, സാഹിത്യകാരൻ, ജനകീയൻ എന്നിങ്ങനെ പോകുന്നു മാണിച്ചന്റെ വിശേഷണങ്ങൾ. അറിവിന്റെ നിറകുടമായിരുന്നു മാണിക്കത്തനാർ.

**നസ്രാണികളുടെ ക്ലാസിക്കൽ പാരമ്പര്യത്തിൽ ഉറച്ചു നിന്ന ദാർശനികൻ**

മാണിക്കത്തനാർ ഒന്നാംകിട തത്ത്വജ്ഞാനി തന്നെയായിയിരുന്നു. ആദിമസഭയുടെ പിതാക്കന്മാർ ഒട്ടുമിക്കവരും ദാർശനികരുമായിരുന്നു. മാണിക്കത്തനാർ സ്വന്തം സഭയുടെയും നാടിന്റെയും വിജ്ഞാനത്തിൽ അഭിമാനം കൊണ്ടു. സമുദായസ്നേഹവും സഭാസ്നേഹവും രാജ്യസ്നേഹവും മാണിച്ചനിൽ കൂടിച്ചേർന്നു. ഒരു മതേതര മുന്നണിയ്ക്ക് രൂപംകൊടുത്ത ക്രാന്തദർശി. പാരമ്പര്യത്തിന്റെയും ഒപ്പം പരിവർത്തനത്തിന്റെയും ആവശ്യകത മനസ്സിലാക്കി. ഇത്ര ആഴമായും സംശുദ്ധമായും സമഗ്രമായും ഭാരതനസ്രാണികളുടെ പാരമ്പര്യവും തനിമയും മറ്റാരും മനസ്സിലാക്കിയിട്ടില്ല.

നസ്രാണി പൈതൃകത്തിലെ തിളങ്ങുന്ന മാണിക്യമായിരുന്നു മാണിക്കത്തനാർ. വൈദേശികത്വത്തിന്റെയും കൊളോണിയലിസത്തിന്റെയും എല്ലാ ഭാവങ്ങളെയും യുക്തിഭദ്രമായി എതിർത്തു. രാജ്യത്തിനകത്തും സഭയ്ക്കകത്തും സ്വദേശികൾ ഭരണം നടത്തണം എന്ന ആഹ്വാനം ചെയ്ത് സ്വാതന്ത്ര്യസമരപോരാളിയായി. പാശ്ചാത്യ ശക്തിയെ - ഹെഗെമണി - ശക്തമായിട്ട് ചെറുത്തു. പ്രാദേശികഭരണാധികാരികൾ മാണിച്ചനെ സമുന്നതനായി കരുതി. സമുദായത്തിന്റെ ആവശ്യങ്ങൾ മഹാരാജാവിനോടും ദിവാനോടും റസിഡന്റിനോടും പറഞ്ഞ് പ്രതിവിധികൾ ലഭ്യമാക്കിയിരുന്നു. സ്വന്തം രാജ്യവും സ്വന്തം സമുദായവും സുറിയാനിഭാഷയും മാണിക്കത്തനാർക്ക് തന്റെ സിരകളിൽ ഓടിയ രക്തം പോലെയായിരുന്നു. അഴിച്ചു മാറ്റി വയ്ക്കാവുന്ന വസ്ത്രംപോലെയായിരുന്നില്ല. അപ്രകാരം മാണിച്ചൻ പാരമ്പര്യം സംരക്ഷിച്ചവനും പാരമ്പര്യം സൃഷ്ടിച്ചവനുമായി. ശക്തനും സ്വാധീനവുമുള്ളവനായി. നസ്രാണികളുടെ ഒരു ഉയിർത്തെഴുന്നേല്പിനു മാണിക്കത്തനാർ കാരണക്കാരനായി. നസ്രാണി സഭാ ചരിത്രത്തിലെ ഉരുക്കുമനുഷ്യൻ. ഒരു നസ്രാണിസിംഹം തന്നെയായിരുന്നു. അനാചാരങ്ങളും ദുരാചാരങ്ങളും തട്ടിത്തകർത്തു. വിദേശ ചായ്‌വും തദ്ദേശിയ അവഗണനയും ചരിത്രപരമായ തെറ്റുകളാണെന്ന് പഠിപ്പിച്ചു.

**പള്ളിവികാരിയും പൊന്തിഫിക്കൽ പദവിയുള്ള വികാരിജനറാളും**

മല്പ്പാനേറ്റുകളിലും മാന്നാനം സെമിനാരിയിലും പഠിച്ച് വൈദികനായി. ശെമ്മാശനായിരിക്കുമ്പോൾതന്നെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ മേലധികാരികൾ ഏല്പ്പിച്ചിരുന്നു. സുറിയാനി സഭയുടെ പ്രശ്നങ്ങൾ പഠിക്കാൻ റോമിൽനിന്നെത്തിയ അപ്പസ്തോലിക വിസിറ്റേറ്റർ ലെയോ മൊയിറിനിൻന്റെ ദ്വിഭാഷിയും സെക്രട്ടറിയുമായി ആ വർഷം പട്ടമേറ്റ മാണിയച്ചനെയാണ് കണ്ടെത്തിയത് (1876). മാണിക്കത്തനാർ കുറവിലങ്ങാട്ടും മുട്ടുചിറയിലും ആലപ്പുഴയിലും വികാരിയായി സേവനം ചെയ്തു. മംഗലപ്പുഴ സെമിനാരിയുടെ സ്ഥാപനത്തിന് മുൻകൈയെടുത്ത് അവിടെ അദ്ധ്യാപകനായി. മാണിച്ചന്റെ വചനവ്യാഖ്യാനത്തിലും ദൈവാരാധന പരികർമ്മക്രമത്തിലും അനേകർ ആകൃഷ്ടരായി. ഒരു മാണിക്കത്ത

നാർയുഗംതന്നെ എന്ന് ആ കാലഘട്ടത്തെ വിശേഷിപ്പിക്കാനാകും. പൊന്തിഫിക്കൽ പദവിയുള്ള - മെത്രാന്റെ സ്ഥാനചിഹ്നങ്ങൾ - വികാരി ജനറാളായിരുന്നു മാണിക്കത്തനാർ (1889). നസ്രാണി പൈതൃകത്തോടും സുറിയാനി ഭാഷയോടുമുള്ള വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ, അന്നത്തെ അപ്പസ്തോലിക ഡെലഗേറ്റ് ആയിരുന്ന മോൺ. സലേസ്കിയുമായി ഏറ്റുമുട്ടലുകളിലേക്കും സംഘർഷത്തിലേക്കും നയിച്ചു. മോൺ. സലേസ്കി അദ്ദേഹത്തെ ദുഷ്ടനായ ബുദ്ധിമാൻ (ഈവിൾ ജീനിയസ്സ്) എന്നു വിശേഷിപ്പിച്ചു. പൊന്തിഫിക്കൽ വസ്ത്രമണിഞ്ഞു മൂന്നു പരി. കുർബാനകളേ അദ്ദേഹത്തിന് അർപ്പിക്കാൻ കഴിഞ്ഞുള്ളൂ; പാലാ വലിയ പള്ളിയിലും കുറവിലങ്ങാട്ടും തൃപ്പൂണിത്തുറയിലും.

1892 ൽ ലവീഞ്ഞു മെത്രാൻ മാണിക്കത്തനാരെ വികാരി ജനറാൾ സ്ഥാനത്തുനിന്നു മാറ്റി. കുറവിലങ്ങാടിനെ ഹൃദയംകൊണ്ടു കണ്ടവനും സ്നേഹിച്ചവനുമായിരുന്നു മാണിക്കത്തനാർ. കുറവിലങ്ങാടിന്റെ മർത്തുമറിയം പാരമ്പര്യവും അർക്കദിയാക്കോൻ പാരമ്പര്യവും പൗരാണികത്വവും മാണിച്ചനിൽ ഒരു ജ്വലനം ഉളവാക്കി. സ്വജാതി മെത്രാനും സഭയുടെ ഹയരാർക്കി പുനഃസ്ഥാപനവും സഭയുടെ അഖിലേന്ത്യാ പദവിയോടുകൂടിയ തലവനും എല്ലാം മാണിയച്ചന്റെ സഭാത്മകസ്വപ്നങ്ങളായിരുന്നു. കുറവിലങ്ങാട് മാണിക്കത്തനാർക്ക് ഏത്താ ഏമമ (അമ്മപ്പള്ളിയും), മറിയത്തിന്റെ അജഗണവും (മർത്ത്മറിയം മറീത്താ പള്ളി), മറിയത്തിന്റെ വാസഗേഹവും (ഉംറാ ദ് മറിയം), ദൈവമാതാവിന്റെ - എമ്മേ ദ് ആലാഹാ - പള്ളിയുമാണ്. ഇപ്പോൾ മേജർ ആർക്കി പദവിയിൽ എത്തിയപ്പോൾ ഭാഗികമായിട്ടെങ്കിലും മാണിക്കത്തനാരുടെ സഭാദർശനം പൂവണിഞ്ഞു. മാണിക്കത്തനാർ പണികഴിപ്പിച്ച വൈദിക മന്ദിരം ശില്പകലയുടെ മകുടോദാഹരണമാണ്.

**സമുദായം ഒന്നാവുക; അല്ലെങ്കിൽ ഇല്ലാതാവും**

ഉദയംപേരൂർ സൂനഹദോസിനെ തുടർന്ന് (1599) നസ്രാണി സമുദായം രണ്ടായി വിഭജിക്കപ്പെട്ടു: പഴയകൂറ്റുകാരും പുത്തൻകൂറ്റുകാരും. സമുദായത്തിന്റെ ഐക്യം മാണിക്കത്തനാരുടെ ജീവിത ലക്ഷ്യമായിരുന്നു. ഒന്നിച്ചില്ലെങ്കിൽ ഇല്ലാതാവും എന്നതായിരുന്നു മാണിച്ചന്റെ സഭാശാസ്ത്രം. കലഹിച്ചുതീരുന്ന ഒരു സമുദായമാക

രുത് നസ്രാണികൾ എന്ന് അദ്ദേഹം തീവ്രമായി ആഗ്രഹിച്ചിരുന്നു. ഏലിയാസ് മേലൂസുമായി ഏറ്റുമുട്ടി. വാസ്തവത്തിൽ പുത്തൻകൂറ്റുകാർക്കും പഴയകൂറ്റുകാർക്കും ഒരുപോലെ സ്വീകാര്യനായിരുന്നു മാണിക്കത്തനാർ. ഈ ഐക്യം നേടുന്നതിനുവേണ്ടിയാണ് അദ്ദേഹം ജാത്യൈക്യസംഘം രൂപീകരിച്ചത്. അസാധാരണമായ സമുദായ പിന്തുണ കിട്ടി. ജാതി ഒന്നിക്കണം. ഇതിലൂടെ മാർത്തോമ്മായുടെ സിംഹാസനം ഉറപ്പിക്കാമെന്നു കരുതി. വിഭജനമല്ല ഐക്യമാണ് ശക്തി. കാലക്രമേണ നസ്രാണികൾ ഒന്നായേക്കും എന്നു പലരും കരുതി. ഐക്യവും ആഭ്യന്തരജനാധിപത്യവും ഉറപ്പിക്കാമെന്നു കരുതിയെങ്കിലും സാധിക്കാതെ പോയി. മാണിക്കത്തനാർ പാരമ്പര്യത്തിന്റെ തെളിനീർക്കയമായിരുന്നു. മതേതരത്വത്തിന്റെയും സമുദായ മൈത്രിയുടെയും അക്ഷയഖനി. പക്ഷേ, അതിൽനിന്നു പാനം ചെയ്യാൻ പലർക്കും കഴിയാതെ പോയി. നവീകരണത്തിനും നവോത്ഥാനത്തിനുമുള്ള വഴികളെല്ലാം ജാത്യൈക്യസംഘത്തിന്റെ നിയമാവലിയിൽ ഉണ്ടായിരുന്നു. സമഗ്രമായ സമുദായ വികസന പദ്ധതിയുടെ രൂപരേഖയാണിത്. രണ്ടാംവത്തിക്കാൻ സൂനഹദോസിന്റെ എക്യുമെനിസം എന്ന ഡിക്രിക്ക് എത്രയോ വർഷങ്ങൾക്കു മുമ്പ് മാണിക്കത്തനാർ എക്യുമെനിസത്തിന്റെ അടിത്തറ പാകിയിരുന്നു. മോൺ. ലവീഞ്ഞ്, ഡോ. മെഡ്‌ലി കോട്ട്, മോൺ. സലേസ്ക്കി എന്നിവരുടെ സമുദായ കാഴ്ച പാടുകളോട് വിയോജിച്ചു. പൈതൃകത്തിന്റെ അടിക്കല്ലുകൾ മറക്കുന്നവരെ മാണിക്കത്തനാർ എന്നും വിചാരണ ചെയ്തിരുന്നു.

**സാഹിത്യകാരനും ഗ്രന്ഥകാരനും വിവർത്തകനും നിരൂപകനും**

ബുദ്ധിരാക്ഷസനായിരുന്ന മാണിക്കത്തനാർ അവസരോചിതമായ ധാരാളം രചനകൾ നടത്തി. അദ്ദേഹത്തിന്റെ ബഹുഭാഷാ പാണ്ഡിത്യം സ്വാഭാവികമായും വിവർത്തനങ്ങളിലേക്കും എത്തിച്ചു. മാതാവിന്റെ വണക്കമാസം, സൂസൻചരിതം, സാംസോൺ ചരിതം, കൃപാവതി, ശോഭരാജ വിജയം എന്നിവയാണ് പ്രധാന കൃതികൾ. ഫ്രഞ്ചുരാജാവ് ലൂയിയുടെ ചരിത്രമാണ് 'ശോഭരാജ വിജയം.' സ്ത്രീവിദ്യാഭ്യാസം, സാമൂഹികസേവനം മുതലായ കാര്യങ്ങളിലേക്ക് സ്വന്തം സമുദായത്തിന്റെ ശ്രദ്ധ തിരിച്ചുവിടാൻ രചിച്ച കൃതിയാണ് കൃപാവതി. സമുദായത്തിന്റെ വിദ്യാഭ്യാസപരവും സാമ്പ

ത്തികവുമായ പിന്നാക്കാവസ്ഥയെക്കുറിച്ച് അദ്ദേഹത്തിനറിയാമായിരുന്നു. കേരള കത്തോലിക്കരും ബൈബിൾപഠനവും, നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാനുഭവം പാന, പ്രാസംഗികൻ, സോളമന്റെ സുഭാഷിതങ്ങൾ, സുറിയാനി ക്രിസ്ത്യാനികളുടെ സത്യവിശ്വാസം എന്നിവയാണ് മറ്റു കൃതികൾ.

സ്ത്രീകൾക്കും കുട്ടികൾക്കും ഉചിതമായ വിദ്യാഭ്യാസപദ്ധതികൾ അക്കാലത്ത് ഇല്ലായിരുന്നു. സമുദായൈക്യവും സമുദായക്ഷേമവും മാണിക്കത്തനാരുടെ രണ്ടു പ്രത്യേക കരുതലുകളായിരുന്നു. ഊർശ്ലേം തിരുയാത്രാവിവരണം പോർച്ചുഗീസുകാരനായ ഒരു സന്ന്യാസിയുടെ ഗ്രന്ഥത്തിന്റെ വിവർത്തനമാണ്. 1880 ൽ കൂനമ്മാവിലാണ് ഈ പുസ്തകം അച്ചടിച്ചത്. ഖണ്ഡകാവ്യങ്ങളാണ് സൂസൻ ചരിതവും സാംസോൺ ചരിതവും ഔഗേൻ ചരിതവും. പ്ശീത്താ ബൈബിൾ വിവർത്തനം ആരംഭിച്ചിരുന്നെങ്കിലും പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

എന്തോ നീ തിരഞ്ഞുവന്നു വൻപാപിയുള്ളിൽ.... എന്ന കീർത്തനത്തിലൂടെ മാണിക്കത്തനാർ മലയാളികളുടെ മനസ്സുകവർന്നിരുന്നു. പ്രസിദ്ധനായ വചനപ്രഘോഷകനായിരുന്നു. തിരുവിതാംകൂർ സ്റ്റേറ്റുമാനുവലിൽ, തിരുവിതാംകൂറിലെ ക്രിസ്തുമതത്തെക്കുറിച്ചുള്ള അദ്ധ്യായമെഴുതാൻ നിയുക്തനായ ബ്രിട്ടിഷ് പ്രസിഡന്റ് ജി. റ്റി. മെക്കൻസിയക്ക് വേണ്ട ഭാഗം എഴുതി തയ്യാറാക്കി കൊടുത്തത് മാണിക്കത്തനാരായിരുന്നു.

സുറിയാനി വികാരിയാത്തുകൾ സ്ഥാപിക്കപ്പെട്ടതിന്റെ പിന്നിലെ മുഖ്യധാരാ ശില്പികളിൽ ഒരാൾ മാണിക്കത്തനാരായിരുന്നു. സഭാതലത്തിൽ സ്വയംഭരണം സാധ്യമായതുകണ്ടപ്പോൾ ഏറെ സന്തോഷിച്ചു. താൻ ഉൾപ്പെടുന്ന സഭാപ്രവർത്തന നിരയിൽനിന്ന് മാർ മാക്കിലും മാർ മേനാച്ചേരിയും മാർ പഴയപറമ്പിലും തിരഞ്ഞെടുക്കപ്പെട്ടപ്പോൾ മാണിക്കത്തനാരുടെ പ്രവർത്തനങ്ങൾ ഫലോദയത്തിലെത്തി.

**നസ്രാണിദീപിക ദിനപത്രം**

മാണിക്കത്തനാരുടെ ഏറ്റവും വലിയ ദാർശനികസൃഷ്ടിയായിരുന്നല്ലോ ജാത്യൈക്യസംഘം. നസ്രാണികളുടെ ഒരുമിപ്പിന്റെയും കൂട്ടായ പ്രവർത്തനങ്ങളുടെയും നിയമാവലിയും തയ്യാറാക്കിയിരു

ന്നു. ഈ സംഘത്തിൽ പറയുന്ന കാര്യങ്ങൾക്കു പ്രചുരപ്രചാരം ലഭിക്കാതെ പോയി. അങ്ങനെ വന്നപ്പോൾ ഈ ജാത്യൈക്യസംഘത്തിന്റെ മുഖപത്രമായിട്ടാണ് നസ്രാണിദീപിക അദ്ദേഹം ആരംഭിച്ചത്. 1887 ഏപ്രിൽ 15 നായിരുന്നു ആദ്യപ്രതി. ആഴ്ചപ്പതിപ്പായിട്ടാണ് പുറത്തിറക്കിത്തുടങ്ങിയത്. പത്രത്തിന്റെ ആദ്യപത്രാധിപർ മാണിക്കത്തനാരായിരുന്നു. മർസലീനോസ് മെത്രാനായിരുന്നു കത്തനാരുടെ പേര് പത്രാധിപസ്ഥാനത്തേക്കു നിർദ്ദേശിച്ചത്. മലയാള മനോരമയുടെ സഹകാരിയുംകൂടിയായിരുന്നു മാണിക്കത്തനാർ. എല്ലാവരുടെയും കേസുകൾക്ക് തീർപ്പുകല്പിക്കുന്ന ചലിക്കുന്ന 'കച്ചേരി' കൂടിയായിരുന്നു മാണിക്കത്തനാർ. പാറായി വർക്കി തരകൻ, കത്തനാരുടെ വലംകയ്യായിരുന്നു. നാനാജാതി മതസ്ഥർ അദ്ദേഹത്തിൽ വിശ്വാസമർപ്പിച്ചു. സെക്കുലർ ഇന്ത്യയുടെ ഒരു മുഖം കൂടിയായിരുന്നു മാണിക്കത്തനാർ. ദിവാൻ പേഷ്ക്കാർ കോട്ടയത്തും സഭയുടെ പേഷ്ക്കാർ കുറവിലങ്ങാട്ടും എന്നൊരു ചൊല്ലുതന്നെയുണ്ടായിരുന്നു. ദീർഘകാലം സക്രിയമായി ഇടപെടാൻ കഴിഞ്ഞു. ഐതിഹാസികമായിരുന്നു ആ ജീവിതം.

1904 ജൂൺ 20 ന് മാണിക്കത്തനാർ പരലോകപ്രാപ്തനായി. മൃതദേഹം കുറവിലങ്ങാട് മർത്ത്മറിയം ദൈവാലയ മദ്ബഹായിൽ കബറടക്കം ചെയ്തു. കട്ടക്കയത്തിൽ കൊച്ചു ചാണ്ടിച്ചനായിരുന്നു കാർമികത്വം വഹിച്ചത്. എസ്. ഗുപ്തൻനായരുടെ ആത്മകഥയുടെ പേര് മനസാസ്മരാമി എന്നാണ്. മനസ്സുകൊണ്ട് സ്മരിക്കുന്നു എന്നാണർത്ഥം. നസ്രാണി മനസ്സുകളിൽ നിത്യകാലം 'മനസാസ്മരാമി'യായി മാണിക്കത്തനാർ ശോഭിക്കും. സഭയുടെ മനസാക്ഷിയിൽ തിളങ്ങിനില്ക്കും. മാണിക്കത്തനാരുടെ ചരിത്രം നസ്രാണികളുടെ ചരിത്രംതന്നെയാണ്. ഈ രാജ്യത്തിന്റെ ചരിത്രംകൂടിയാണ്. 1930 ഫെബ്രുവരി 2 ന് കബറിടത്തിലെ മാർബിൾ ശില ഭാഗ്യ സ്മരണാർഹനായ അഭിവന്ദ്യ മാർ ജെയിംസ് കാളാശ്ശേരി വെഞ്ചിരിച്ചു. അതിന്മേൽ ആലേഖനം ചെയ്തിരിക്കുന്നു: സുസമ്മത നേതാവും പണ്ഡിതാഗ്രേസരനും സമുദായാഭിമാനിയുമായ ദിവ്യശ്രീ. മാണി കത്തനാർ.

നസ്രാണിക്ക് മാത്രമായി ഒറ്റപ്പെട്ട ഒരു ചരിത്രമില്ല. കേരള ചരിത്രത്തിന്റെ ഗതിവിഗതികളിൽ ഉൾച്ചേർന്ന് നില്ക്കുന്ന ചരിത്ര

മാണ് നസ്രാണി ചരിത്രം. നസ്രാണി ചരിത്രവും സാമൂഹ്യചരിത്രവും തമ്മിൽ ബന്ധമില്ലാത്തതുപോലെയാകരുത്. ഒരു നസ്രാണി സ്വത്വാഭിമാനബോധമാണ് കത്തനാരിൽ നിന്ന് നാം പഠിച്ചെടുക്കേണ്ടത്. ചരിത്ര പഠനത്തിലുടെയും സുറിയാനി ഭാഷാ പഠനത്തിലുടെയും ഒരു സാംസ്കാരിക ചലനം ഉണ്ടാക്കണമെന്ന് മാണിക്കത്തനാർ നിർദ്ദേശിക്കുന്നുണ്ട്. കേരളസമൂഹത്തിൽനിന്ന് ഇഴപിരിക്കാനാവാത്ത ഘടകമായി നസ്രാണി സമൂഹത്തെ കണ്ടു. നസ്രാണികൾ സ്വസമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുകയും അന്യവൽക്കരിക്കപ്പെടുകയും ചെയ്യരുത്. നസ്രാണിത്വം, സുറിയാനിത്വം, മലയാളിത്വം, ദേശിയത്വം, എന്നിവയെല്ലാം പരസ്പര പൂരകങ്ങളാണ്. ചരിത്രബോധം ലഭിക്കാൻ ചരിത്ര ഖനനം നടത്തണം. മാർത്തോമ്മായിലേക്കും നസ്രാണി പൈതൃകത്തിലേക്കും നമ്മൾ നിരന്തരം യാത്രചെയ്യണം. മാണിക്കത്തനാരെ വായിച്ചും പഠിച്ചും അദ്ദേഹത്തിന്റെ കബറിടം സന്ദർശിച്ചും ദൃഢമായ ഒരു ബന്ധം ഓരോ നസ്രാണിയും കാത്തുസൂക്ഷിക്കേണ്ടതാണ്. അനുഭവങ്ങളുടെ തീച്ചൂളയിൽനിന്ന് സ്വന്തം നിലപാടുകളിൽ ആഴപ്പെട്ട മാണിക്കത്തനാരെ മറക്കാതിരിക്കാം.

---

NB : 2021 ജൂൺ 20 ന് ദീപികദിനപത്രത്തിൽ പ്രസിദ്ധീകരിച്ചു ലേഖനം

ലേഖനം

# 'ഞാൻ എന്റെ ശിഷ്യന്മാരോടുകൂടെ നിന്റെ വീട്ടിൽ പെസഹാ ആചരിക്കും' (മത്താ. 26:18)

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

ദൈവാലയത്തിലെ പെസഹാ ആചരണത്തോടൊപ്പം വീട്ടിലെ പെസഹാ ആചരണവും മനസ്സിൽക്കൊണ്ടുനടക്കുന്ന ഒരു വലിയ വിഭാഗമാണ് ഭാരതത്തിലെ നസ്രാണിക്രൈസ്തവർ. ആരുടെ വീട്ടിലാണു ഈശോ പെസഹാ ഭക്ഷിച്ചത് എന്നതിനെക്കുറിച്ച് ഏകാഭിപ്രായമില്ല. അരിമത്തിയാക്കാരൻ യൗസേപ്പിന്റെ, നിക്കോദെമോസിന്റെ, ബേസ് അനിയായിലെ ലാസറിന്റെ, കെവ്റീൻകാരൻ ശീമോന്റെ എന്നിങ്ങനെ പോകുന്നു പാരമ്പര്യങ്ങൾ. സുവിശേഷകനായ മർക്കോസിന്റെ വീടാണ് ഇതെന്നും അവിടെയാണു മാർ യാക്കോബ് ആദ്യമായി കുർബാന അർപ്പിച്ചത് എന്ന പാരമ്പര്യവും സജീവമായി നിലവിലുണ്ട്.

ഈശോയുടെ പീഡാനുഭവാഴ്ച അനുസ്മരണത്തിന്റെ ആരംഭത്തിൽ അവിടുത്തെ രാജകീയമായ ജറുസലേം പ്രവേശനം - ഓശാന - കർത്താവേ, ഞങ്ങളെ രക്ഷിക്കണമേ - നമ്മൾ അനുസ്മരിച്ചു. ഇന്നു പെസഹാവ്യാഴം. ഈശോ വി. കുർബാന സ്ഥാപിച്ചതും ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയതും നാം പ്രത്യേകമായി അനുസ്മരിക്കുന്നു.

**പഴയനിയമ പെസഹാ**

യഹൂദന്മാരുടെ ഇടയിൽ വലിയ ആഘോഷങ്ങളായി കരുതപ്പെട്ടിരുന്ന തിരുനാളുകൾ ഉണ്ടായിരുന്നു. 'കർത്താവിന്റെ തിരുനാളുകൾ' എന്നറിയപ്പെട്ടിരുന്ന ചില വാർഷികത്തിരുനാളുകൾ അവയിൽ വളരെ പ്രധാനപ്പെട്ടവയാണ്. പെസാഹ് (പെസഹാ), ഷൗവോത്ത് (പന്തക്കുസ്ത), സൂക്കോത്ത് (കൂടാരത്തിരുനാൾ) തുടങ്ങിയവ. കർത്താവിന്റെ കടന്നുപോകലിന്റെ ഓർമ്മ പെസാഹ് (ഹീബ്രു), പാസ്കാ (ഗ്രീക്ക്), പെസഹാ (സുറിയാനി) എന്നറിയപ്പെടുന്നു. ഈജിപ്തിലെ അടിമത്തത്തിൽ കഴിഞ്ഞിരുന്ന ഇസ്രായേൽ ജനതയെ രക്ഷിക്കുവാൻ യഹോവ കടന്നുപോയതിന്റെ ഓർമ്മയാണ്

പഴയനിയമ പെസഹാ. തലമുറകൾതോറും അനുസ്മരണദിനമായി ആചരിക്കേണ്ട കർത്താവിന്റെ തിരുനാളാണ് പെസഹാ. ഓർമ്മയാചരണത്തെ ഗ്രീക്കുഭാഷയിൽ മ്നെമോസ്യുനോൻ (Mnemosunon) എന്നും സുറിയാനിയിൽ ദുക്റാനാ, ഉഹ്ദാനാ എന്നും വിളിക്കുന്നു. ദൈവത്തിന്റെ രക്ഷാകര ഇടപെടലിനെ രക്തംകൊണ്ട് അടയാളപ്പെടുത്തിയ ഇസ്രായേൽ ഭവനങ്ങളെ സംഹരിക്കാതെ കടന്നുപോയതിനെ ഒരിക്കലും മറക്കാതെ എന്നും ഓർമ്മിക്കുന്നതാണ് പെസഹാ (പുറ. 12:14) – 'ഹൂക്കാത്ത് ഓലാം' എന്നു ഹീബ്രുവിലും 'നോമിയോൻ അയോണിയോൻ' എന്നു ഗ്രീക്കിലും. യഹൂദരെ സംബന്ധിച്ച് പെസഹാ പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ (Feast of the unleavened bread) കൂടിയാണിത്. അവർക്ക് യാത്രയിൽ ഭക്ഷിക്കേണ്ടിവന്ന പുളിക്കാത്ത അപ്പത്തിന്റെ ഓർമ്മ. ഇതിനെ 'ഹെയോർത്തെതോൻ അസുമോൻ' (പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ) എന്നു ലൂക്കാ സുവിശേഷകനും,' ഹെമറാതോൻ അസുമോൻ' (പുളിപ്പില്ലാത്ത ദിവസം) എന്നു മത്തായി സുവിശേഷകനും വിളിക്കുന്നു).

പഴയനിയമത്തിൽ പെസഹാ പ്രബോധനത്തിന്റെ, പഠിപ്പിക്കലിന്റെ ദിനമാണ് (പുറ. 12:26–27). പ്രഘോഷിക്കുക, അറിയിക്കുക എന്ന് അർത്ഥം വരുന്ന 'അനാൻഗെലോ' എന്ന ഗ്രീക്കുപദമാണു കൊടുത്തിരിക്കുന്നത്. മൂശെ ജനത്തെ പ്രത്യേകം പഠിപ്പിക്കുന്നുണ്ട്: തലമുറകൾതോറും പെസഹാ ആചരിക്കണം; ഒപ്പം പിൻതലമുറകൾക്ക് പെസഹായുടെ അർത്ഥം പറഞ്ഞുകൊടുക്കണം. മതപരമായ കർമ്മങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും അർത്ഥം വ്യക്തമാക്കിക്കൊടുത്തുകൊണ്ട് മക്കളെ ദൃഢമായ ബോധ്യത്തിലും വിശ്വാസത്തിലും വളർത്താനുള്ള ദിനമാണ് പെസഹാ.

**പുതിയനിയമ പെസഹാ**

യഹൂദപാരമ്പര്യമനുസരിച്ചുള്ള പഴയ നിയമ പെസഹാ ആചരിച്ച ഈശോ തന്റെ അവസാന പെസഹാചരണവേളയിലാണ് വി.കുർബാന സ്ഥാപിച്ചത് (മത്താ. 26:26–30; മർക്കോ. 14:22–26; ലൂക്കാ 22:15–20; 1 കൊറി. 1:23–25). അന്നുമുതൽ അനുസ്യൂതം തുടരുന്ന വി. കുർബാന സ്ഥാപനത്തിന്റെ ഓർമ്മയാചരണമാണ് ക്രൈസ്തവർക്കു പെസഹാ. സമാന്തരസുവിശേഷങ്ങളിലെ വിവരണം കണ്ടാൽ യഹൂദർ സാധാരണ പെസഹാഭക്ഷണം കഴിക്കാറുള്ള ദിവസംതന്നെയാണ് കർത്താവ് അതു ഭക്ഷിച്ചത് എന്നു തോന്നും.

എന്നാൽ, യോഹന്നാൻ കുറച്ചുകൂടി ദിവസത്തെ നിശ്ചയപ്പെടുത്തിയിരിക്കുന്നു (യോഹ. 18:28,39 ; 19:4). "അപ്പോൾ പുലർച്ചെയായിരുന്നു. അശുദ്ധരാകാതെ പെസഹ ഭക്ഷിക്കേണ്ടതിനാൽ അവർ പ്രത്തോറിയത്തിൽ പ്രവേശിച്ചില്ല." കർത്താവ് കുരിശിൽ തറയ്ക്കപ്പെട്ടത് വെള്ളിയാഴ്ച ആയിരുന്നു എന്നതാണ് വിശുദ്ധ പാരമ്പര്യം. ആ സംഭവം കഴിയുന്നതുവരെ യഹൂദർ പെസഹാ ഭക്ഷിച്ചിരുന്നില്ല എന്നു പറയുന്നു. ആയതിനാൽ, ഈശോ നടത്തിയ പെസഹാ ഒരുദിവസം മുമ്പ് വ്യാഴാഴ്ച ആയിരുന്നു. അവിടുന്നു അപ്പോൾ ഉപയോഗിച്ച അപ്പം പുളിപ്പുള്ള അപ്പമായിരുന്നു എന്ന വിശ്വാസത്തിലേക്ക് ഇത് നയിക്കുന്നു. വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷമേ പുളിപ്പ് എല്ലാ ഭവനങ്ങളിൽനിന്നും മാറ്റപ്പെടുകയുള്ളൂ. വെള്ളിയാഴ്ചയ്ക്ക് മുമ്പ് പെസഹാ ഭക്ഷിച്ച ഈശോയ്ക്ക് പുളിപ്പുള്ള അപ്പത്തിനാണ് സാധ്യത കല്പിക്കുന്നത്. പൗരസ്ത്യസഭകൾ പലതും ഈ പാരമ്പര്യം കാത്തുസൂക്ഷിക്കുകയും ഇതിന്റെ വെളിച്ചത്തിൽ പുളിപ്പുള്ള അപ്പം ഉപയോഗിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്യുന്ന രീതിയാണ് ഇപ്പോഴും നിലവിലുള്ളത്. പുളിപ്പുള്ള അപ്പം എന്ന അർത്ഥത്തിൽ ലഹ്മ എന്ന സുറിയാനി പദമാണ് അവർ ഉപയോഗിക്കുന്നത്. വിശുദ്ധ പുളിപ്പ് എന്ന അർത്ഥത്തിൽ മൽക്ക എന്ന സുറിയാനി പദവും.

**മൽക്കായും മൂറോനും; വിശുദ്ധ യോഹന്നാനോട് ബന്ധപ്പെട്ട പാരമ്പര്യവും**

ആദിമസഭയിലെ പാരമ്പര്യം അപ്പം മുറിക്കൽ സമയത്ത് ഈശോ അപ്പം പതിന്നാല് കഷണങ്ങളാക്കി മുറിച്ചു എന്നും മാറിൽ ചാരികിടന്ന യോഹന്നാന് മാത്രം രണ്ടു കഷണങ്ങൾ നൽകി എന്നുമത്രേ. അതിൽ ഒരു കഷണം യോഹന്നാൻ സൂക്ഷിച്ചു വച്ചു. പിന്നീട് അപ്പം ഉണ്ടാക്കിയപ്പോഴെല്ലാം ഈ അപ്പത്തിൽനിന്നു അല്പം ചേർത്ത് ഉണ്ടാക്കിക്കൊണ്ടിരുന്നു. വി. ശ്ലീഹന്മാർ സുവിശേഷപ്രഘോഷണത്തിനു പോയ ഇടങ്ങളിൽ എല്ലാം ഈ മൽക്കായുടെ ഒരു അംശം കൊണ്ടുപോവുകയും അങ്ങനെ പുളിപ്പുള്ള അപ്പം കൊണ്ടു പരി. കുർബാന അർപ്പിക്കുന്ന ക്രമം എല്ലാ സഭകളിലും, പ്രത്യേകിച്ച് പൗരസ്ത്യസഭകളിൽ നിലവിൽ വരുകയും ചെയ്തു. സമാനമായ മറ്റൊരു പാരമ്പര്യം അന്ത്യത്താഴവേളയിൽ മിച്ചം വന്ന ചെറിയ അപ്പക്കഷണങ്ങൾ ശിഷ്യന്മാർ എല്ലാവരും സൂക്ഷിച്ചുവച്ചുവെന്നും അവർ പോയ ഇടങ്ങളിലെല്ലാം ഇതിലെ കഷണംകൂടി

കലർത്തിയാണ് വിശുദ്ധ കുർബാനയ്ക്കുള്ള അപ്പം ചുട്ടെടുത്തത് എന്നുമാണ്. ഈശോയുടെ പരസ്യജീവതകാലത്ത് അപ്പം വർദ്ധിപ്പിച്ച അവസരങ്ങളിലെല്ലാം മിച്ചം വന്നവ കുട്ടകളിൽ ശേഖരിക്കാൻ നിർദ്ദേശിക്കുന്നതും ഏറെ പ്രധാനപ്പെട്ട കാര്യമാണ്. ഉദയംപേരൂർ സൂനഹദോസ് വരെ ഭാരതനസ്രാണികളും ഈ ക്രമമാണു പാലിച്ചുപോന്നത്. വിശുദ്ധ പുളിപ്പ് (ഹമീറ, മൽക്ക) കേവലം പുളിപ്പ് എന്നതിനെക്കാൾ വിശുദ്ധ പാരമ്പര്യങ്ങളിലൂടെയുള്ള തുടർച്ചയാണ് പ്രധാനമായും അർത്ഥമാക്കുന്നത്. വി. മൂറോന്റെ ചരിത്രവും ഈശോയുടെ മാമ്മോദിസാ സമയത്ത് ശേഖരിച്ച വെള്ളത്തോടും, തിരുവിലാവിൽനിന്നു ഒഴുകിയ ജലത്തോടും കബറടക്കവേളയിൽ ശേഖരിച്ച സുഗന്ധകൂട്ടുകളോടും ബന്ധപ്പെട്ടുനില്ക്കുന്ന മെശയാനിക തുടർച്ചയുടെ ആത്മീയതയാണ് വെളിപ്പെടുത്തുന്നത്. നഷ്ടപ്പെട്ട പൈതൃകങ്ങൾ എല്ലാം വേഗത്തിൽ തിരിച്ചുപിടിക്കാൻ സാധിക്കുകയില്ലെങ്കിൽത്തന്നെയും അവയെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകൾതന്നെ ഒരു പുളിപ്പാണ്, ഒരു പ്രോത്സാഹനമാണ്, ഐശ്വര്യമാണ് സഭയ്ക്ക്. അപ്പം മുറിക്കൽ യോഹന്നാനിൽ അതേപടി കാണുന്നില്ലെങ്കിലും അപ്പം മുറിക്കലിന്റെ വലിയ ഒരു പാരമ്പര്യം വി.യോഹന്നാനിലൂടെയാണു സഭകളിലെല്ലാം എത്തിയത്. നാലാം സുവിശേഷത്തിൽ വിശുദ്ധ കുർബാനയുടെ സ്ഥാപനവിവരണം (Institution Narrative) സമാന്തരസുവിശേഷങ്ങളിലേതുപോലെ കാണപ്പെടുന്നില്ലാത്തതും പുരാതന അനാഫോറയായ അദ്ദായി മാറി കുർബാന ക്രമത്തിൽ സ്ഥാപനവിവരണം കാണുന്നില്ലാത്തതും ശ്രദ്ധേയവും പഠനാർഹവുമാണ്. യോഹന്നാന് മരണമില്ല എന്ന സംസാരം ആദിമസമൂഹത്തിൽ ഉടലെടുത്തത് (യോഹ. 21: 23) അർത്ഥസമ്പുഷ്ടവുമാണ്. ശിഷ്യരിൽ യോഹന്നാൻ മാത്രമാണ് ഈശോയുടെ മരണം നേരിട്ടു കണ്ടത്. തിരുവിലാവിൽനിന്ന് രക്തവും ജലവും ഒഴുകിയത് കണ്ടതും യോഹന്നാനാണ്. പരിശുദ്ധ അമ്മയെ സ്വഭവനത്തിൽ സ്വീകരിച്ചതും യോഹന്നാനാണ്. എല്ലാ അർത്ഥത്തിലും യോഹന്നാൻ പ്രേഷ്ടശിഷ്യനാണ്. അതാണു മൽക്ക എന്ന വി. പുളിപ്പും മൂറോൻ (സൈത്ത്) എന്ന വി. തൈലവും. അതിവിശിഷ്ടമായ ശ്ലൈഹികപാരമ്പര്യങ്ങളാണിവ. യഥാർത്ഥ പുളിപ്പ് മിശിഹായാണ്. ലത്തീൻ സഭയിലും SANCTA (വിശുദ്ധം) എന്ന പേരിൽ പരിശുദ്ധ മാർപ്പാപ്പ അർപ്പിക്കുന്ന കുർബാന

യിൽനിന്നും ഒരംശം സമീപ ഇടവകകളിലേക്ക് കൊടുത്തുവിടുന്ന പാരമ്പര്യം ഉണ്ടായിരുന്നു.

ഈശോ ഭക്ഷിച്ച പെസഹാ, സ്ഥാപിച്ച കുർബാന ദൈവത്തിനുള്ള കൃതജ്ഞതാബലി അർപ്പണമാണ്. കൃതജ്ഞത അർപ്പിച്ചതിനുശേഷമാണ് അവിടുന്ന് എല്ലാവർക്കുമായി മുറിച്ചു (മെസ്ക്ക്സേ) നൽകിയത്. അപ്പം വാഴ്ത്തുന്നതിനെ 'എവുക്കരിസ്തെയോ' എന്ന് ഗ്രീക്കിലും 'വാറഹ്' എന്നു സുറിയാനിയിലും പറയുന്നു. 'കുർബാന' എന്ന സുറിയാനി പദമാണ് ബലി അർപ്പണത്തിന് സാധാരണ ഉപയോഗിക്കുക.

**പെസഹായിൽ ഈശോയ്ക്കു ചുറ്റും, വീട്ടിൽ കുടുംബനാഥനു ചുറ്റും**

പുതിയ നിയമപെസഹാ ശക്തമായ ഓർമ്മ ആചരണമാണ്. 'അനംനെസിസ്' എന്ന പദത്തിന്റെ അർത്ഥം ഓർമ്മ, സ്മൃതി, സ്മരണ എന്നെല്ലാമാണ്. ഈശോ ശിഷ്യന്മാർക്ക് പങ്കുവച്ചു നൽകിയത് അവിടുത്തെ ശരീരവും രക്തവുമാണ്. അവർ അതു ഭക്ഷിക്കുകയും പാനം ചെയ്യുകയും വേണമെന്നു പഠിപ്പിച്ച ഈശോ, അവർ എന്നും ഇത് ഓർമ്മിക്കണം എന്നു കല്പിക്കുകയും ചെയ്തു. വി. മത്തായി പറയുന്നു: വൈകുന്നേരമായപ്പോൾ അവൻ പന്ത്രണ്ട് ശിഷ്യന്മാരോടൊത്തു ഭക്ഷണത്തിനിരുന്നു (26:18) (മെത്താ തോൻ മത്തേത്തോൻ). ശിഷ്യരോടൊത്തുള്ള അവിടുത്തെ ആഴമായ കൂട്ടായ്മയാണ് ഇത് വ്യക്തമാക്കുന്നത്. പത്രോസ് തന്നെ നിഷേധിക്കുമെന്നും, യൂദാസ് ഒറ്റിക്കൊടുക്കുമെന്നും ശിഷ്യന്മാർ ചിതറിപ്പോകുമെന്നും അറിഞ്ഞിട്ടും, ഈശോ അവിടുത്തേക്കുചുറ്റും പെസഹാ തിരുനാളിൽ അവരെ ഒരുമിപ്പിക്കുകയാണ്. 'കൂടെ' എന്നർത്ഥം വരുന്ന മെത്താ (meta) എന്ന പദത്തിന്റെ രണ്ടു പ്രാവശ്യമുള്ള ഉപയോഗം ഒന്നിച്ചിരിക്കലിന്റെ, കൂടെ ആയിരിക്കലിന്റെ ആവശ്യകതയാണു വ്യക്തമാക്കുന്നത്. കുടുംബങ്ങളിലുള്ളവരെല്ലാം കുടുംബനാഥന്റെ ചുറ്റുംകൂടി ഈ അപ്പം മുറിയ്ക്കൽ ശുശ്രൂഷയിൽ പങ്കുചേരുമ്പോഴാണ് ഈ പെസഹാ നമ്മുടെ ജീവിതത്തിലെ ഏറ്റം വലിയ ഓർമ്മയാകുന്നത്.

**ശിഷ്യരുടെ പാദങ്ങൾ കഴുകി**

ഈശോയോടൊത്തുള്ള പങ്കുചേരലിന്റെ ദിനംകൂടിയാണു നമുക്കു പെസഹ. പെസഹാദിനത്തിൽ ഈശോ തന്റെ ശിഷ്യന്മാ

രുടെ പാദങ്ങൾ കഴുകിയതിനെ സവിശേഷമായ വിധത്തിൽ തിരുസഭ ഓർമ്മിക്കുന്നു (യോഹ. 13:1-14). ഈശോയോടൊത്ത് അവിടുത്തെ രക്ഷയിൽ നാം പങ്കുചേരുന്ന ദിവസംകൂടിയാണിത്. ഈശോ തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി തൂവാലകൊണ്ടു തുടയ്ക്കുമ്പോൾ പത്രോസ് തടസ്സം പറഞ്ഞു: “നീ ഒരിക്കലും എന്റെ പാദങ്ങൾ കഴുകരുത്” (യോഹ. 13:8a ). ഈശോ പ്രതികരിച്ചു: ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല (13:8b), ഓഹരി, പങ്ക് എന്നീയർത്ഥങ്ങൾ വരുന്ന ഗ്രീക്കു ഭാഷയിലെ ‘മെറോസ്’ (meros) എന്ന പദം നിത്യജീവിതത്തിലെ പങ്കാളിത്തത്തിലേക്ക് നമ്മെ എത്തിക്കുന്നു. ഈശോ നടത്തുന്ന പാദക്ഷാളനം രക്ഷാകരമാണ്. സഭാപിതാക്കന്മാർ പലരും ഈ പാദക്ഷാളനത്തെ മാമ്മോദീസായുടെ പ്രതീകമായും അനുരഞ്ജന കൂദാശയുടെ അടയാളമായും വ്യാഖ്യാനിക്കുന്നുണ്ട്. ഈശോ പ്രദാനം ചെയ്യുന്ന രക്ഷയിൽ പങ്കുപറ്റാൻ കഴുകി വിശുദ്ധീകരിക്കപ്പെടണം. സ്നേഹത്തിന്റെ പുതിയ കല്പനയാണ് ഈശോ നൽകുന്നത്. ശിഷ്യരുടെ കാലുകൾ കഴുകി പുതിയ കല്പന (‘മാൻഡാത്തും നോവും’) അവർക്കു നൽകുന്നു ‘ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നൽകുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ’ (യോഹ. 13:34). എല്ലാവരെയും സഹോദരങ്ങളായി കാണാൻ ഈ പെസഹാ നമ്മെ ക്ഷണിക്കുന്നു. സ്വർഗ്ഗത്തിലേക്ക് കണ്ണുകൾ ഉയർത്താനും, സഹോദരങ്ങളിലേക്കു കണ്ണുകൾ താഴ്ത്താനും ഈ പെസഹാ നമ്മിൽ ശക്തിപകരട്ടെ. ആധുനികതയുടെ കോലാഹലങ്ങളിൽനിന്നു വി. കുർബാനയുടെ സംസ്കൃതിയിലേക്കും നിശ്ശബ്ദതയിലേക്കും നമുക്ക് കടക്കാം. ഈശോ അവസാനംവരെ - എയിസ് റ്റെലോസ് - നമ്മെ സ്നേഹിച്ചതിന്റെ, പൂർണമായി നമ്മെ സ്നേഹിച്ചതിന്റെ അടയാളമാണ് വി.കുർബാന. വിട്ടുപേക്ഷിക്കുന്നവരെയും ഒറ്റിക്കൊടുക്കുന്നവരെയും തള്ളിപ്പറയുന്നവരെയും തിരിച്ചറിയുമ്പോഴും അവരിലെ മാലിന്യങ്ങൾ കഴുകാൻ സ്വയം കുനിയുന്നതാണ് വി.കുർബാന.

---

NB : 2021 ഏപ്രിൽ 1 ന് ദീപികദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ലേഖനം

ലേഖനം

# പൂർണമനുഷ്യനും പൂർണദൈവവുമായ ഏക രക്ഷകൻ

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളാണ് ഡോഗ്മാകൾ (Dogma). ഡോഗ്മാകളെക്കുറിച്ചു സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ ബർണാർഡ് ലോണർഗൺ(Bernard Lonergan) പറയുന്നു: ഡോഗ്മാകൾ തുറവുള്ള സംവിധാനങ്ങളാണ് (Open structures); ഓരോ കാലഘട്ടത്തിലും നമ്മൾ കാണുന്ന ആഭിമുഖ്യങ്ങളും ധൈഷണികവളർച്ചയും ഉൾക്കൊള്ളാൻ പര്യാപ്തമായ രീതിയിൽ ദൈവവചനത്തെ കാണുന്ന കാര്യങ്ങളാണിവ. സഭയുടെ ഉള്ളിൽനിന്നുള്ള ഒരു വളർച്ച അത് ഉൾക്കൊള്ളുന്നു. വളർച്ച എന്നു പറയുമ്പോൾ അതു നിർവചിക്കപ്പെട്ട കാലത്തിന്റെ ചൈതന്യവും സംവിധാനങ്ങളും അംഗീകരിച്ചുകൊണ്ടാവണം. ഡോഗ്മായുടെ വളർച്ച പ്രധാനപ്പെട്ടതാണ്. അതായത്, ഇന്നു നമ്മൾ കൊടുക്കുന്ന വ്യാഖ്യാനങ്ങൾ അന്നു കൊടുത്ത വ്യാഖ്യാനങ്ങൾക്കു വിരുദ്ധമാവരുത്. ഡോഗ്മാകളിലൂടെ മിശിഹായെ സമീപിക്കുന്നത് ഒരേ കാര്യം ആവർത്തിക്കുന്ന തരത്തിൽ അനാകർഷകമായൊരു കാര്യമല്ല. നേരേ മറിച്ച്, ഡോഗ്മാകളെ അംഗീകരിക്കുന്നു എന്നു പറഞ്ഞാൽ സഭയുടെ പാരമ്പര്യത്തിനുള്ളിൽനിന്നുകൊണ്ടു ദൈവവചനം വായിക്കുക (Reading Scriptures within Tradition), സഭയുടെ കണ്ണുകളിലൂടെ വായിക്കുക എന്നതാണ്. അതായത്, ഏറ്റവും പ്രാചീനവും ഏറ്റവും ആധുനികവുമായ രീതിയിൽ ഡോഗ്മാകളെ വായിക്കുക എന്നതത്രേ.

### ഡോഗ്മായ്ക്കു പുതുജീവൻ നൽകണം

മഹാനായ ഗ്രിഗറി പറയുന്നു: “വചനം വളരുന്നത് വചനം വായിക്കുന്നവരിലൂടെയാണ് (cum legentibus crescit)”. ഇതേ തത്ത്വംതന്നെയാണ് ഡോഗ്മായ്ക്കും. ഡോഗ്മാ ഒരു തുറന്ന സംവിധാനമാണ്. അത് വളരുകയും സമ്പന്നമാവുകയും ചെയ്യുന്നു. സഭ

പുതിയ സംസ്കാരങ്ങളിലും ഭാഷകളിലും എത്തുകയും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുകയും ചെയ്യുമ്പോഴാണ് ഡോഗ്മാ വളരുന്നത്. മഹാനായ ഇരണേവൂസ് പറഞ്ഞു: "മൂല്യമുള്ള ഒരു പാത്രത്തിൽ സൂക്ഷിച്ചിരിക്കുന്ന അമൂല്യമായ ഒരു ലഹരിപോലെയാണ് ദൈവം വെളിപ്പെടുത്തിയ ഡോഗ്മാകൾ." ദൈവത്തിന്റെ ആത്മാവ് പ്രവർത്തിക്കുന്നതിനാൽ സത്യം എന്നും വളരുന്നു, യൗവനം കാത്തുസൂക്ഷിക്കുന്നു; അതിനെ സംരക്ഷിക്കുന്ന പാത്രത്തിന്റെയും യുവത്വം സംരക്ഷിക്കുന്നു. എന്നും പുതിയ കാര്യങ്ങൾപോലെ, സഭയ്ക്കു തിരുവചനവും ഡോഗ്മായും വായിക്കാൻ കഴിയും. ആത്മാവാണ് എന്നും അതിനെ പുത്തനാക്കിക്കൊണ്ടിരിക്കുന്നത്. സഭാപാരമ്പര്യത്തിന്റെ നിത്യയൗവനത്തിന്റെ കാര്യവുമിതത്രേ. ഏറ്റവും സമുന്നതമായ അടയാളങ്ങളാണ് ഡോഗ്മാകൾ. ജാവോസ്ലാവ് പെലിക്കൻ പറയുന്നു: Tradition in the living faith of the dead; traditionalism in the dead faith of the living. പാരമ്പര്യവും പാരമ്പര്യവാദവും തമ്മിൽ കൂട്ടിക്കുഴയ്ക്കരുത്. ഈശോമിശിഹാ ഒരു ആശയമല്ല, ഒരു വ്യക്തിയാണ്. ക്രിസ്തീയതയെ കേവലം ഒരു ആദർശപ്രക്രിയയായി ചുരുക്കരുത്. ക്രിസ്തീയത വളരെ ലളിതമായ ദൈവശാസ്ത്രവുമല്ല. എല്ലാ ഡോഗ്മാകളെയും പുനർജീവിപ്പിക്കുക എന്നതാണ് വിശ്വാസികളുടെ ദൗത്യം. എല്ലാ ഡോഗ്മാകളുടെയും വേദപുസ്തകാടിത്തറ നിരന്തരം പഠനവിഷയമാക്കണം. പുതിയ നിയമം കണ്ട ഏറ്റവും വലിയ വ്യക്തിപരമായ ഇടപെടലാണ് അപ്പ.പ്രവ. 9:4-5 ൽ കാണുന്നത്. "അവൻ നിലംപതിച്ചു; ഒരു സ്വരം തന്നോട് ഇങ്ങനെ ചോദിക്കുന്നതും കേട്ടു: സാവൂൾ, സാവൂൾ, നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു? അവൻ ചോദിച്ചു, കർത്താവേ, അങ്ങ് ആരാണ്? അപ്പോൾ ഇങ്ങനെ മറുപടി ഉണ്ടായി: നീ പീഡിപ്പിക്കുന്ന ഈശോയാണ് ഞാൻ." ഈ സ്വരവും വെളിച്ചവുമാണ് ലോകത്തെ പ്രകാശിപ്പിക്കുന്നത്. പൗലോസ് അതിനു മറുപടി നൽകി: "ഇവയെല്ലാം മിശിഹായെപ്രതി നഷ്ടമായി ഞാൻ കണക്കാക്കി. ഇവ മാത്രമല്ല, എന്റെ കർത്താവായ ഈശോമിശിഹായെപ്പറ്റിയുള്ള ജ്ഞാനം വിലയുള്ളതാകയാൽ, സർവവും നഷ്ടമായിത്തന്നെ ഞാൻ പരിഗണിക്കുന്നു. അവനെപ്രതി ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടംപോലെ കരുതുകയുമാണ്. ഇത് മിശിഹായെ

നേടുന്നതിനും അവനോടുകൂടെ ഒന്നായി കാണപ്പെടുന്നതിനും വേണ്ടിയത്രേ. അത് അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും ഞാൻ അറിയുന്നതിനും അവന്റെ സഹനത്തിൽ പങ്കു ചേരുന്നതിനും അവന്റെ മരണത്തോടു താദാത്മ്യപ്പെടുന്ന തിനുംവേണ്ടിയാണ്" (ഫിലി. 3:7-10).

**മിശിഹാ പൂർണ്ണനായ മനുഷ്യൻ**

ദൈവം ഇല്ല എന്ന ചിന്തയോടെ ജീവിക്കുന്ന (etsi Deus non daretur) ഒരു തലമുറയെയാണു നാം അഭിമുഖീകരിക്കുന്നത്. ഈശോ ജീവിച്ചിരുന്നില്ല എന്ന മട്ടിൽ ചിന്തിക്കുകയും പ്രവർത്തി ക്കുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിലാണു നമ്മൾ. മിശിഹായെ മാറ്റിനിർത്തിക്കൊണ്ടു സഭയെക്കുറിച്ചും സുവിശേഷത്തെക്കുറിച്ചും സംസാരിക്കാം എന്ന വികലമായ കാഴ്ചപ്പാടുകളും കാണാൻ കഴി യും. മിശിഹാ ഈ ലോകത്തിൽ ജീവിച്ച കാലത്ത് അവിടുത്തെ മനുഷ്യത്വത്തെ, അതായത്, മനുഷ്യൻ എന്ന നിലയിൽ ആരും സംശ യിക്കുകയോ ചോദ്യം ചെയ്യുകയോ ചെയ്തിരുന്നില്ല. എല്ലാവരും മിശിഹായെ മറ്റേതൊരു മനുഷ്യനെയുംപോലെതന്നെ കണ്ടു. ഇപ്ര കാരം പറയുമ്പോൾ, മിശിഹായുടെ വ്യക്തിത്വത്തെക്കാൾ, മനുഷ്യൻ എന്ന നിലയിലുള്ള വിശുദ്ധിക്കാണ് ഊന്നൽ നൽകിയിരുന്നത് എന്നത്രേ. എന്നാൽ, ആദിമസഭയുടെ ചരിത്രത്തിലേക്കു പ്രവേശി ക്കുമ്പോൾ 'മനുഷ്യനായ മിശിഹായെ' സംശയിക്കുകയും ചോദ്യം ചെയ്യുകയും ചെയ്ത ചില നിലപാടുകൾ നമുക്കു കാണാൻ സാധി ക്കും. ആദ്യനൂറ്റാണ്ടിൽ രൂപപ്പെട്ട Docetism (മിശിഹാ മനുഷ്യ നായി കാണപ്പെടുന്നു (Dokein) എന്നു മാത്രമേയുള്ളൂ) - ത്തിനെ തിരായി സഭയ്ക്ക് മിശിഹായുടെ യഥാർത്ഥ മനുഷ്യശരീരത്തെക്കു റിച്ചു സംസാരിക്കേണ്ടിവന്നു. Appolinarius ന്റെ പഠിപ്പിക്കലിനെ തടഞ്ഞുകൊണ്ട് ഈശോയിൽ യഥാർത്ഥ മനുഷ്യാത്മാവ് ഉണ്ട് എന്നു സഭ പഠിപ്പിച്ചു. ഏഴാം നൂറ്റാണ്ടിൽ ഈശോയ്ക്ക് മനുഷ്യ മനസ്സ് (human will) ഉണ്ടെന്ന് സഭയ്ക്ക് ഔദ്യോഗികമായി പഠിപ്പി ക്കേണ്ടിവന്നു; അതുപോലെ പൂർണമായ മനുഷ്യസ്വാതന്ത്ര്യം ഉണ്ടെ ന്നും. ഈ മാറ്റം വന്നപ്പോൾ ഈശോയുടെ വിശുദ്ധിയെക്കാൾ ഈശോയുടെ ontological make-up - ൽ മിശിഹാ പൂർണമനുഷ്യ

നാണ് എന്നതിന് ഊന്നൽ വന്നു. സത്യദൈവവും പുതിയ മനുഷ്യനും. പൗലോസ് ഈശോയെ 'അവസാന മനുഷ്യൻ' (eschaton) (1 കൊറി. 15:45, റോമ. 5:14) എന്നു വിശേഷിപ്പിക്കുന്നു. യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ (എഫേ. 4:24), സമ്പൂർണജ്ഞാനംകൊണ്ട് സ്രഷ്ടാവിന്റെ പ്രതിച്ഛായയ്ക്കനുസൃതമായി നവീകരിക്കപ്പെടുന്ന പുതിയ മനുഷ്യനെ ധരിക്കുവിൻ (കൊളോ. 3:10). "നീ ആരാണെന്ന് എനിക്കറിയാം – ദൈവത്തിന്റെ പരിശുദ്ധൻ" (ലൂക്ക 4:34). "നീയാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു" (യോഹ. 6:69). ഈശോമിശിഹാ മറ്റു മനുഷ്യരെപ്പോലെയല്ല. എല്ലാറ്റിനെയും എല്ലാവരെയും അളക്കുവാനുള്ള മാനദണ്ഡം അവനാണ്. മനുഷ്യന്റെ സത്താപരമായ (ontological) കാര്യം സമർത്ഥിക്കുമ്പോഴും ഈ പറഞ്ഞ വേദപുസ്തകാടിത്തറ നഷ്ടപ്പെടാതെ സൂക്ഷിക്കണം. ഇവർ ആരും മിശിഹായുടെ മാനുഷികത നിഷേധിക്കുന്നില്ല. ഇന്ന് ആദിമസഭയിൽനിന്നു തികച്ചും വ്യത്യസ്തമായ അന്തരീക്ഷമാണുള്ളത്. പലരും ഈശോയുടെ ദൈവികതയ്ക്കു പകരമായി മാനുഷികതയെ കാണുന്നു, അല്ലെങ്കിൽ മാനുഷികതയ്ക്ക് ഏകപക്ഷീയമായ ഊന്നൽ നൽകുന്നു. തന്മൂലം ഈശോയുടെ സഹനങ്ങൾ, ആകുലതകൾ, പരീക്ഷണങ്ങൾ എന്തിനേറെ, തെറ്റുകൾ പറ്റാൻപോലും സാധ്യതയുണ്ട് എന്ന രീതിയിൽ മാനുഷികതയെ ഊന്നിപ്പറയുന്നു. ഈശോ 'പൂർണമനുഷ്യൻ' എന്നതിനെക്കുറിച്ച് ഇന്ന് ആരും വ്യഗ്രതപ്പെടുന്നില്ല. അപകടകരമായ രീതിയിൽ സെക്കുലർ ചിന്തകളെ പ്രോത്സാഹിപ്പിക്കാൻ ഈ നിലപാട് ഉപയോഗിക്കുന്നു. മിശിഹായുടെ പൂർണ മാനുഷികത എന്നത് ഒരുതരം shooting fish in a barrel ആണ്.

**മിശിഹായുടെ വിശുദ്ധി**

ഏറ്റവും വിശുദ്ധൻ മിശിഹായാണ്. ഏറ്റവും സുന്ദരനും. ഞാൻ സൗന്ദര്യമുള്ള ഇടയനാണ് – പോയിമെൻ കാളേസ്, പാസ്തോർ ബോനുസ് (Poimen kolos, Pastor Bonus). അഷ്ടഭാഗ്യങ്ങൾ മറ്റുള്ളവർക്കുവേണ്ടിയുള്ള വഴികളല്ല. ഈശോയുടെ ഛായാചിത്രമാണ്

– സ്വന്തം ചിത്രമാണ്. ഈശോയുടെ വിശുദ്ധിതന്നെയാണത്. അവൻ പറയുന്നതുപോലെ അവൻ പ്രവർത്തിക്കുന്നു. "എന്നിൽനിന്നു പഠിക്കുവിൻ; ഞാൻ ശാന്തനും വിനീതഹൃദയനുമാണ്" (മത്താ. 11:29). "പിതാവേ, അവരോടു ക്ഷമിക്കണമേ, അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല" (ലൂക്കാ. 23:34). ഈശോയുടെ വിശുദ്ധി ഏതാനും ചില വാക്കുകളിലോ സംഭവങ്ങളിലോ അല്ല. അവന്റെ അധരങ്ങളിൽനിന്നു വരുന്ന ഓരോ വാക്കിലും വിശുദ്ധിയുണ്ട്. പൂർണവിശുദ്ധി കാരണം അവനിൽ തിന്മയില്ല. "നിങ്ങളിൽ ആർക്ക് എന്നിൽ പാപം ആരോപിക്കാൻ കഴിയും" (യോഹ. 8:46). ആദിമ സഭയുടെ ശബ്ദമാണിത്; പാപം അറിയാത്തവൻ (2 കൊറി. 5:21). 'അവൻ പാപം ചെയ്തിട്ടില്ല, അവന്റെ അധരത്തിൽ വഞ്ചന കാണപ്പെട്ടിട്ടുമില്ല' (1 പത്രോ. 2;22). "ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും, എല്ലാ കാര്യങ്ങളിലും നമ്മെപ്പോലെതന്നെ പരീക്ഷിക്കപ്പെട്ടവനാണ് അവൻ" (ഹെബ്രാ. 4:15). 'പരിശുദ്ധനും ദോഷരഹിതനും നിഷ്കളങ്കനും പാപികളിൽനിന്നു വേർതിരിക്കപ്പെട്ടവനും സ്വർഗത്തിനുമേൽ ഉയർത്തപ്പെട്ടവനുമായ ഒരു പ്രധാന പുരോഹിതൻ നമുക്കുണ്ടായിരിക്കുക ഉചിതമായിരുന്നു (ഹെബ്രാ. 7:26). അവനിൽ പാപമില്ല (1 യോഹ. 3:7).

ഈശോയുടെ ഉള്ളകം, മനസ്സാക്ഷി, സുതാര്യമായ ഒരു സ്ഫടികമാണ്. അവിടെ സത്യവും നീതിയും മാത്രമാണ്. തിന്മയും കറയും കുറ്റബോധവും ഇല്ലാത്ത മനസ്സ്. അതൊരു ജീവിതശൈലിയായിരുന്നു. ആ ശൈലി എല്ലാ മേഖലകളിലും തെളിവാർന്നു കാണപ്പെട്ടു. സുവിശേഷത്തിന്റെ ഏതു മുക്കിലും മൂലയിലും നോക്കിയാലും ഇതു മാത്രമാണ് നാം കാണുന്നത്. പാപമില്ലാത്ത മാനുഷികത തികച്ചും അസാധാരണമാണ്.

### ഈശോയുടെ വിശുദ്ധി നമ്മുടെയും വിശുദ്ധി

ഈശോ നമുക്ക് അവന്റെ വിശുദ്ധി ദാനമായി, കൃപയായി നൽകുന്നു. അവന്റെ വിശുദ്ധി തന്മൂലം നമ്മുടേതുമാണ്. അതിനെക്കാൾ അവൻതന്നെയാണ് നമ്മുടെ വിശുദ്ധി. മാതാപിതാക്കൾ അവർക്കുള്ളത് മക്കൾക്കു കൈമാറുന്നു. എന്നാൽ, അവർ ആയിരിക്കുന്നത് കൈമാറാൻ അത്ര എളുപ്പമല്ല. കലാകാരന്മാരുടെയും രാഷ്ട്രീയ

ക്കാരുടെയും വിശുദ്ധരുടെയും മക്കളെല്ലാം അപ്രകാരമായിരിക്കണ മെന്നില്ല. മാതാപിതാക്കൾക്ക് മക്കളെ അതൊക്കെ പഠിപ്പിക്കാം. പക്ഷേ, കൈമാറ്റം ചെയ്യാൻ എളുപ്പമല്ല. എന്നാൽ, ഈശോ മാമ്മോ ദീസായിലും വി. കുർബാനയിലും വി. മൂറോനിലും അവനെത്തന്നെ നമുക്കു നൽകുകയാണ്. ക്രിസ്തീയവിശുദ്ധി ഒരു ചുമതല എന്നതി നെക്കാൾ ഒരു ദാനമാണ്. മിശിഹാ തന്റെ സഹനം വഴി നേടിയെ ടുത്ത വിശുദ്ധിയാണ്. The cross was His own, the crown is our own. ജീവിതത്തിൽ പന്തക്കുസ്തായും പുതിയ പന്തക്കുസ്തായും വീശണം. ഒരു ദൈവികതരംഗം ആവശ്യമാണ്. St. Cyril of Jerusalem : അവരുടെ ഏകതെറ്റ് പന്തക്കുസ്തായിൽ ദൈവാരൂപിയെ സ്വീക രിച്ചവരെ കണ്ടപ്പോൾ വീഞ്ഞ് കുടിച്ചവരാണെന്നു കരുതി. വീഞ്ഞിന്റെ ലഹരിതന്നെയായിരുന്നു; പക്ഷേ, സാധാരണ വീഞ്ഞിന്റേതല്ലായിരു ന്നു, ഈശോയാകുന്ന പുതുവീഞ്ഞിന്റെതായിരുന്നു.

**ഈശോമിശിഹാ സത്യദൈവമാണ്**

മിശിഹായിലുള്ള നമ്മുടെ വിശ്വാസം പുതുക്കാനും വളർത്താനും ശക്തിപ്പെടുത്താനും നാം നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കണം. നമുക്ക് അപ്പോളജിയുടെ വഴിയല്ല, ആത്മീയതയുടെ വഴിയാണ് ആവ ശ്യം. മിശിഹായെക്കുറിച്ചുള്ള സഭയുടെ ഔദ്യോഗിക ഡോഗ്മാ യാണിത്. മിശിഹാ ഏകവ്യക്തി, സത്യദൈവം, സത്യമനുഷ്യൻ. ഡോഗ്മാ പഴഞ്ചനോ കാലഹരണപ്പെട്ടതോ തള്ളിക്കളയേണ്ടതോ അല്ല. കീർക്കഗാഡിന്റെ നിരീക്ഷണം ശ്രദ്ധേയമത്രേ: സഭയുടെ ഡോഗ്മാകൾ ഒരു രാജകൊട്ടാരത്തിന്റെ ഉള്ളുപോലെയാണ്. കൊട്ടാ രത്തിനുള്ളിൽ സൗന്ദര്യവും സാമർത്ഥ്യവുമുള്ള രാജാവും രാജ്ഞിയും വിശ്രമിക്കുന്നു. നിങ്ങൾ അവരെ ഉണർത്തിയാൽ മാത്രം മതി. അവർ ഉണർന്നാൽ എല്ലാ പ്രതാപങ്ങളോടുംകൂടി തുള്ളിച്ചാ ടും, ആഘോഷമാകും! രാജാവുണർന്നാൽ രാജ്യം നന്നാവും. ഡോഗ്മാകൾ വേണ്ടരീതിയിൽ മനസ്സിലാക്കിയാൽ വിശ്വാസികൾക്കു വലിയ ശക്തിയാകും.

ഡോഗ്മാ വായിച്ചും പഠിച്ചും അതിലേക്കു നമ്മൾ ജീവൻ നല്കി ക്കൊണ്ടിരിക്കണം. "അപ്പോൾ ജീവശ്വാസം അവരിൽ പ്രവേശിച്ചു. അവർ ജീവൻ പ്രാപിച്ചു. വളരെ വലിയ ഒരു സൈന്യംപോലെ അവർ

എഴുന്നേറ്റുനിന്നു" (എസക്കിയേൽ 37:10). ഡോഗ്മാകൾ സഭയുടെ സൈന്യം തന്നെയാണ്, വളക്കൂറുള്ള മണ്ണാണ്. വിശ്വാസഘടകങ്ങൾ ഉറഞ്ഞുകൂടിയിരിക്കുന്ന ഇടങ്ങളാണ് ഡോഗ്മാകൾ. സഭയുടെ ആധികാരികമായ പ്രബോധനങ്ങളുടെ ഒരു ഉയിർത്തെഴുന്നേല്പ് അത്യന്താപേക്ഷിതമാണ്.

AD 112 ൽ Pliny the Younger, രാജാവായ ട്രാജന് എഴുതി: പ്രഭാതത്തിനുമുമ്പ് അവർ (ക്രൈസ്തവർ) ഒരുമിച്ചുകൂടി മിശിഹാ ദൈവമാണ് എന്ന ഗീതം ആലപിക്കുന്നു. Carmen christo quasi Deo dicere; ഗീതങ്ങളിലൂടെ ക്രൈസ്തവർ മിശിഹായുടെ ദൈവത്വം ഏറ്റുപറയുന്നു. സഭയുടെ പിറവിയോടുകൂടിയാണ് മിശിഹായുടെ ദൈവത്വം പ്രഘോഷിക്കാൻ തുടങ്ങിയത്.

നിഖ്യാ സൂനഹദോസ് (325) മിശിഹായുടെ ദൈവത്വവും മനുഷ്യത്വവും പൂർണമായി നിർവചിച്ചു. അവിടുന്നു സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും പിതാവിനോടുകൂടെ ഏകസത്തയുമാണ്. പരിപൂർണമനുഷ്യനായി സ്ത്രീയിൽനിന്നു ജാതനായി. മഹാനായ അത്തനേഷ്യസാണ് ഈ ദൈവശാസ്ത്രശൈലി പ്രദാനം ചെയ്തതും അതു വ്യാഖ്യാനിച്ചതും. ദൈവത്വത്തിന്റെ പൂർണത മുഴുവനും മിശിഹായിൽ ഒന്നിക്കുന്നു.

നിഖ്യായുടെയും കാൽസിഡോണിന്റെയും (451) സാരസംഗ്രഹമാണ് കത്തോലിക്കാസഭയുടെ അടിസ്ഥാനപ്രബോധനം. മാർ അപ്രേമിന്റെ ഗീതങ്ങളെല്ലാം മിശിഹായുടെ പൂർണമനുഷ്യത്വവും പൂർണദൈവത്വവും ഏകവ്യക്തിയിൽ എങ്ങനെ കലർപ്പില്ലാതെ വസിക്കുന്നു എന്നു വ്യക്തമാക്കുന്നു. ഒരു നൂറ്റാണ്ടുകൊണ്ടു സഭാമക്കൾ മിശിഹായുടെ ദൈവികതയിലുള്ള വിശ്വാസത്തിൽ ആഴപ്പെട്ടു. ആരിയനിസത്തെ കീഴ്പ്പെടുത്തിക്കൊണ്ട് മിശിഹായുടെ ദൈവികതയെക്കുറിച്ചുള്ള ഡോഗ്മാ സഭയുടെ ഏറ്റവും വലിയ മുതൽക്കൂട്ടായി. പാശ്ചാത്യ - പൗരസ്ത്യസഭകൾ ഒരുപോലെ ഈ പ്രബോധനത്തെ ഉൾക്കൊണ്ടു.

ഈ ഡോഗ്മാ അവികലമായി പാലിക്കപ്പെടാൻ പരിശ്രമങ്ങൾ നടത്തിയെങ്കിലും ഏറ്റുമുട്ടലുകളും സംഘർഷങ്ങളും ഉണ്ടായി. ചിലപ്പോഴെങ്കിലും ഡോഗ്മാ ഒരു ബൗദ്ധികവ്യായാമം മാത്രമായി കരു

തപ്പെടാൻ തുടങ്ങി. മിശിഹായുടെ ഏകവ്യക്തിത്വം, മിശിഹാ ഏക രക്ഷകൻ തുടങ്ങിയ കാര്യങ്ങൾ സൗകര്യാർത്ഥം വിട്ടുകളയാൻ ചില രെങ്കിലും തയ്യാറായി. മിശിഹാ എനിക്ക് ആരാണ്, എന്താണ് എന്ന തിലേക്കു മാത്രം ചിന്തകൾ ഒതുങ്ങി. മിശിഹാ അതിൽത്തന്നെ ആരാ ണ്, എന്താണ് എന്നതിലേക്കുള്ള ചിന്തകൾ പരിമിതപ്പെട്ടു. മിശി ഹായെക്കുറിച്ചുള്ള വസ്തുനിഷ്ഠവും സൈദ്ധാന്തികവുമായ പഠന ങ്ങൾ വ്യക്തിനിഷ്ഠമായ നിരൂപണങ്ങൾക്കു കീഴ്പ്പെട്ടു. ദാർശനി കനായ ഇമ്മാനുവേൽ കാന്റ് പറഞ്ഞു: "മിശിഹാ എന്ന വ്യക്തി യെക്കാൾ മിശിഹാ കൊണ്ടുവന്ന ധാർമികനിലപാടു(moral ideal)കളാണു പ്രധാനപ്പെട്ടത്". ക്രിസ്തീയതയെ ധാർമികചിന്ത കൾ മാത്രമായി ചുരുക്കുന്നത് ആപത്കരമാണ്. ക്രിസ്തീയാത്മീ യത കേവലം ഒരു ദൈവാനുഭവമല്ല, ഈടുറ്റ ദൈവശാസ്ത്രമാണ്.

ഗാന്ധിജി: "മനുഷ്യനായ ഈശോ ഈ ഭൂമുഖത്തു ജീവിച്ചിരു ന്നതേയില്ല എന്ന് ആരെങ്കിലും പറഞ്ഞാൽ ഞാൻ അത് അത്ര ഗൗനി ക്കില്ല. സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നത് ഗ്രന്ഥകർത്താവിന്റെ ഭാവനയാണ് എന്നു കരുതിയാലും എനിക്ക് അദ്ഭുതമില്ല. എന്നെ സംബന്ധിച്ചിടത്തോളം മലയിലെ പ്രസംഗം എന്റെ ദൃഷ്ടിയിൽ സത്യമാണ്!" ഇതും മിശിഹായെക്കുറിച്ചുള്ള സമഗ്രദർശനം നല്കു ന്നില്ല.

ദൈവശാസ്ത്രമേഖലയിൽ R. Bult-mann ഒരു de - mythologization - മിത്ത് ഇല്ലാതാക്കുക - എന്ന കാഴ്ചപ്പാട് കൊണ്ടുവന്നു. മിശിഹായുടെ ദൈവികതയെ വീണ്ടും ചുരുക്കി. ക്രൈസ്റ്റ് എന്ന ഫോർമുല തെറ്റാണ് എന്നു സ്ഥാപിക്കാൻ അദ്ദേഹം പരിശ്രമിച്ചു. ക്രിസ്തീയതയെ ചെറുതാക്കി. അദ്ദേഹം വീണ്ടും പറഞ്ഞു: "മിശിഹാ ദൈവമല്ല, എന്നാൽ, മിശിഹായിൽ ദൈവമുണ്ട്." ഇവിടെ നിഖ്യാ പഠിപ്പിച്ച ഡോഗ്മായിൽനിന്ന് നമ്മൾ ഏറെ താഴെ പോവുകയാണ്. യഥാർത്ഥ സഭാമനസ്സാക്ഷി ഇത്തരം പഠനങ്ങളെ അവഗണിച്ചു തള്ളിക്കളയും. സഭയിൽ, സാധാരണക്കാരുടെ വിശ്വാ സം ഏറ്റവും പ്രധാനപ്പെട്ടതാണ്. (Sensus fidelium, the sense of the faithful). വിശ്വാസികളുടെ നിലപാട് വളരെ പ്രധാനപ്പെട്ടതാ ണ്. ദൈവശാസ്ത്രത്തിന്റെ ഗ്രാമർ എന്നുപോലും ഇത് അറിയപ്പെ ടുന്നു. പല പ്രതിസന്ധികളിലും സഭയെ പിടിച്ചുനിർത്തിയത് ദൈവ

ജനത്തിന്റെ വിശ്വാസമാണ്. അല്മായരുടെ വിശ്വാസമാണ്, മാർഗ നിർദേശകരുടെയും ബുദ്ധിമാന്മാരുടെയും നിരൂപകരുടെയും നില പാടുകൾ എപ്പോഴും ശരിയായിരിക്കണമെന്നില്ല.

**മിശിഹാ പൂർണദൈവം**

മിശിഹായുടെ ദൈവത്വത്തിലുള്ള വിശ്വാസത്തിൽ നാം ആഴപ്പെ ടണം. ഈ അവബോധത്തിൽ വിശ്വാസികൾ പ്രകാശിതരാകണം. ഇന്നും ഈശോയ്ക്കു മറ്റുള്ളവർ തന്നെക്കുറിച്ച് എന്തു പറയുന്നു എന്നതിൽ അത്ര താത്പര്യമില്ല. നിരന്തരമായ ചോദ്യം നീ എന്നെ ക്കുറിച്ച് എന്തു പറയുന്നു (മത്താ. 16:17) എന്നു മാത്രമാണ്. സുവി ശേഷങ്ങളിൽനിന്നു നാം മനസ്സിലാക്കുന്നത് ഈശോയുടെ ദൈവി കതയാണ്. 'ഭൂമിയിൽ മനുഷ്യപുത്രനു പാപങ്ങൾ മോചിക്കാൻ അധി കാരമുണ്ടെന്ന് നിങ്ങൾ അറിയേണ്ടതിനാണിത്' (മത്താ. 9:6). സർവവും എന്റെ പിതാവ് എന്നെ ഏല്പിച്ചിരിക്കുന്നു. പിതാവല്ലാതെ മറ്റാരും പുത്രനെ അറിയുന്നില്ല. പുത്രനും പുത്രൻ ആർക്കു വെളിപ്പെടുത്തുവാൻ മനസ്സാകുന്നുവോ അവനുമല്ലാതെ മറ്റാരും പി താവിനെയും അറിയുന്നില്ല (മത്താ. 11:27).

മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവാണ് (മർക്കോ 2:28). മനുഷ്യപുത്രൻ എല്ലാ ദൂതന്മാരോടുംകൂടി മഹത്ത്വത്തിൽ എഴുന്ന ള്ളുമ്പോൾ അവൻ തന്റെ മഹിമയുടെ സിംഹാസനത്തിൽ ഉപവി ഷ്ടനാകും (മത്താ. 25:34). സുവിശേഷത്തിലെ ഓരോ താളും ഈശോയുടെ ദൈവികത പ്രസരിപ്പിക്കുന്നു.

വി. യോഹന്നാൻ ഈശോയുടെ ദൈവികത തന്റെ സുവിശേഷ ത്തിന്റെ കേന്ദ്രമാക്കി. "എന്നാൽ, ഇവതന്നെയും എഴുതപ്പെട്ടിരി ക്കുന്നത് ഈശോ ദൈവപുത്രനായ ക്രിസ്തുവാണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്" (യോ ഹ. 20:31).

"ഞാൻ ഇവയെല്ലാം എഴുതിയതു ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്ക് നിത്യജീവനുണ്ട് എന്ന് നിങ്ങൾ അറി യേണ്ടതിനാണ്" (യോഹ. 8:27). ദൈവപുത്രനിലുള്ള വിശ്വാസം മാ

യാത്ത മുദ്ര പതിപ്പിക്കും. "ഞാനും പിതാവും ഒന്നാണ്" (യോഹ. 10:30).

ഒരുവൻ ഹൃദയംകൊണ്ടു വിശ്വസിക്കുന്നു – corde creditur. മിശിഹായുടെ ദൈവികതയിൽ മായം ചേർക്കാനാവില്ല. ഈശോ മനുഷ്യനോ ദൈവമോ എന്നതല്ല, പൂർണദൈവവും പൂർണമനുഷ്യനും ആണെന്നതാണ് സത്യം. വിശ്വാസപ്രമാണത്തിന് credo എന്നാണല്ലോ പറയുന്നത്. ഹൃദയം കൊടുത്തു സമ്പാദിച്ചത് എന്നാണർത്ഥം. ചരിത്രത്തിൽ നിരവധി ക്രിസ്തുവീക്ഷണങ്ങൾ ഉടലെടുത്തു. ദൈവവിചാരവും ബോധ്യവും ഏറ്റവും കൂടുതൽ ഉണ്ടായിരുന്ന മനുഷ്യനാണ് ഈശോ. ഈശോ ദൈവികത സംവഹിക്കുന്ന മനുഷ്യനാണ്; ദൈവികത സ്ഥിരമായി വസിക്കുന്ന വ്യക്തിയാണ്. ഇത്തരം വിശദീകരണങ്ങളൊന്നും ക്രൈസ്തവവിശ്വാസത്തിന്റെ രഹസ്യാത്മകത വെളിപ്പെടുത്താനോ മിശിഹായുടെ ദൈവികത പൂർണമായി കാത്തുസൂക്ഷിക്കാനോ പറ്റുന്നതല്ല. ഇതിന്റെ കാരണം ഈശോതന്നെ വെളിപ്പെടുത്തുകയും യോഹന്നാൻ അതു വേണ്ടവിധം ഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്. "സ്വർഗത്തിൽനിന്നിറങ്ങിവന്ന മനുഷ്യപുത്രനല്ലാതെ മറ്റാരും ഇതുവരെ സ്വർഗത്തിൽ കയറിയിട്ടില്ല" (യോഹ. 3:13). ദൈവം മനസ്സായാൽ മനുഷ്യനായി മാറാൻ കഴിയും, പക്ഷേ, മനുഷ്യൻ ആഗ്രഹിക്കുമ്പോഴൊക്കെ ദൈവമായി മാറ്റാനോ മാറാനോ ആവില്ല.

നമ്മുടെ വിശ്വാസത്തിനു ജീവിക്കുന്ന വിശദീകരണങ്ങൾ നൽകണം. വിശ്വാസം പുരാതനമോ ആധുനികമോ ആയ ഏതെങ്കിലും ഫോർമുല ആവർത്തിക്കുകയല്ല. വി. പൗലോസ് പറയുന്നു, "മനുഷ്യർ ഹൃദയംകൊണ്ടു വിശ്വസിക്കുകയും തന്മൂലം നീതീകരിക്കപ്പെടുകയും ചെയ്യുന്നു" (റോമ 10:10). വിശ്വാസം ഹൃദയത്തിന്റെ വേരുകളിൽനിന്നാണു പൊട്ടിമുളയ്ക്കുന്നത് (വി. അഗസ്തിനോസ്). ഹൃദയത്തിലുള്ളതാണ് നമ്മൾ പ്രഘോഷിക്കുന്നത്. ഹൃദയത്തിലുള്ള വിശ്വാസത്തെ വ്യത്യസ്തങ്ങളായ തത്ത്വസംഹിതകൾകൊണ്ടു മറയ്ക്കപ്പെടുത്തരുത് (എഴുതപ്പെട്ട വിശ്വാസസംഹിതകൾ പ്രധാനപ്പെട്ടതാണ് - Fides quae); എന്നാൽ വ്യക്തിപരമായ വിശ്വാസമാണ് (Fides qua) ഏറ്റവും പ്രധാനം. ഹൃദയത്തിൽ ജന്മമെടുക്കുന്ന ഈ വിശ്വാസം ദൈവവുമായുള്ള ആഴമായ ഐക്യത്തിൽനിന്നു വരു

ന്നതാണ്. ഈശോ ആവർത്തിച്ചു ചോദിക്കുന്നു: നീ വിശ്വസിക്കുന്നുവോ? (യോഹ. 9:35; യോഹ 11:26). ഉവ്വ്, നാഥാ ഞാൻ വിശ്വസിക്കുന്നു എന്ന ഉത്തരമാണ് ലഭിക്കുന്നത്.

ഈശോയുടെ ദൈവികതയാണ് വിശ്വാസത്തിന്റെ എവറസ്റ്റ്. കാലിത്തൊഴുത്തിൽ പിറക്കുകയും കഴുതപ്പുറത്തു സഞ്ചരിക്കുകയും കുരിശിൽ മരിക്കുകയും ചെയ്ത ഈശോയിലുള്ള വിശ്വാസം എന്നും വെല്ലുവിളിയാണ്. ഇത് വളരെ വിദൂരതയിലിരിക്കുന്ന ഒരു ദൈവത്തെക്കുറിച്ച്, എന്റെ ചിന്തകൾക്ക് അനുസൃതമായി ഞാൻ രൂപപ്പെടുത്തുന്ന ഒരു ഈശോയിൽനിന്ന് വളരെ വ്യത്യസ്തമാണ്. ഇവിടെയാണ് വിശ്വാസത്തിന്റെ ഏറ്റവും വലിയ തരംഗം. വിശ്വാസത്തിന്റെ വേരുകൾ ഹൃദയത്തിലാണെന്നത് നമ്മൾ വീണ്ടും കണ്ടെത്തണം. ഹൃദയങ്ങളുടെ ഉയർത്ത (sursum corda) ലാണ് യഥാർത്ഥ വിശ്വാസപ്രഘോഷണം.

മിശിഹായുടെ ദൈവികതയിലുള്ള വിശ്വാസം വീണ്ടും കണ്ടെത്താൻ നമ്മൾ സാഹചര്യങ്ങൾ സൃഷ്ടിക്കണം. നിഖ്യായിലെ ഡോഗ്മായ്ക്കു വഴിയൊരുക്കിയ സാഹചര്യങ്ങൾ തീക്ഷ്ണതയിൽ കണ്ടെത്തണം. സഭ ഒരിക്കൽ ഒന്നായി ആലോചിച്ചെടുത്ത ഏറ്റവും ഉയർന്ന നടപടി - supreme act - ആണ് നിഖ്യാ വിശ്വാസപ്രമാണം. അവിടെ വിശ്വാസം എല്ലാ യുക്തിയെയും മറികടന്ന് യാത്ര ചെയ്തു. വിശ്വാസത്തിന്റെ തിരമാലകൾ ഏറ്റവും ശക്തിയിലും ഉയരത്തിലും അലകൾ ഇളക്കി. ശിലകളിൽ അതിന്റെ മായാത്ത മുദ്ര പതിപ്പിച്ചു. എന്നാൽ, ഈ തിരമാലകൾ പിന്നീട് ആഞ്ഞടിക്കുന്നില്ല. ഈ തിരമാലകൾ ഉയരണം. ഇപ്പോഴത്തെ നിസ്സംഗത പോരാ. നിഖ്യായുടെ വിശ്വാസപ്രമാണം വെറുതേ ആവർത്തിച്ചാൽ പോരാ. അന്നുണ്ടായിരുന്ന ആ ചലനം, മിശിഹായുടെ ദൈവികതയിലുള്ള വിശ്വാസത്തിന്റെ തരംഗങ്ങൾ ആവർത്തിക്കപ്പെടണം. ചരിത്രത്തിൽ വേണ്ടതുപോലെ അത് ആവർത്തിക്കപ്പെടുന്നില്ല, വിശ്വാസികളിൽ മായാത്ത മുദ്ര പതിക്കുന്നില്ല.

ദൈവശാസ്ത്രം പഠിപ്പിക്കാൻ ഒരുങ്ങുന്നവരിൽനിന്ന് സഭ വിശ്വാസപ്രഖ്യാപനം ആവശ്യപ്പെടുന്നുണ്ട്. മ്ശംശാനാപ്പട്ടവും അപ്പെസ്കോപ്പാ പട്ടവും സ്വീകരിക്കുന്നതിനുമുമ്പും വിശ്വാസം ഏറ്റുപറ

ച്ചിൽ നിർബന്ധമാണ്. വിശ്വാസസത്യങ്ങൾ കൃത്യമായി പഠിപ്പിക്കുന്നതിനുവേണ്ടിയും മറ്റു കാര്യങ്ങൾ കൂട്ടിക്കലർത്തി വിശ്വാസഭ്രംശം വരുത്താതിരിക്കുന്നതിനുവേണ്ടിയുമാണിത്. എല്ലാ വഴിവിട്ട ആധുനികതയ്ക്കുമെതിരായി വിശ്വാസപ്രഖ്യാപനം നടത്തണം - oath against modernism. മാമ്മോദീസായിൽ തലതൊടുന്നവരും വിവാഹത്തിൽ സാക്ഷികളും വിശ്വാസസംരക്ഷകരാകണം. സുവിശേഷത്തിന്റെ ഭാവിശുശ്രൂഷകരെ ശാസ്ത്രം പഠിപ്പിക്കുവാൻ ഒരുങ്ങുന്നവർ മിശിഹായുടെ ദൈവികതയിലും മിശിഹാ ഏകരക്ഷകനാണെന്ന സത്യത്തിലും ഉത്തമബോധ്യമുള്ളവരായിരിക്കണം. ഇത് ഒരു വിശ്വാസപ്രഖ്യാപനത്തിൽമാത്രം ഒതുങ്ങാതെ വ്യക്തവും കൃത്യവുമായ രീതിയിൽ തിരിച്ചറിയേണ്ടത് ആവശ്യമാണ്.

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം, കൗൺസിൽ കാരണം എന്നു പറയുന്നില്ല, വലിയ ഒരു കൺഫ്യൂഷൻ നിലനിൽക്കുന്നുണ്ട്, അതു സഭയെ ബലഹീനമാക്കുന്നുണ്ട്. തങ്ങൾ പ്രഘോഷിക്കുകയും, ലിറ്റർജിയിൽ ആഘോഷിക്കുകയും ആദ്ധ്യാത്മികതയിൽ ജീവിക്കുകയും ചെയ്യേണ്ട മിശിഹായുടെ ദൈവികതയെക്കുറിച്ചുള്ള ബോധ്യക്കുറവ് വളരെ പ്രതിസന്ധികൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. എത്ര ലാഘവബുദ്ധിയോടെയാണ് മിശിഹായുടെ ദൈവികതയ്ക്കും ദൈവത്തിന്റെ ത്രിത്വാത്മകതയ്ക്കും എതിരായി ഉത്തരവാദിത്വപ്പെട്ടവർപോലും ചിലപ്പോഴെങ്കിലും എഴുതിക്കൊണ്ടിരിക്കുന്നത്. സഭകളുടെ ശ്ലൈഹികപാരമ്പര്യങ്ങളോടുള്ള അവഗണനയും മറനീക്കി പുറത്തുവരുന്നു. ഈശോയുടെ ദൈവികതയിൽ വിശ്വസിക്കുന്നവരും അല്ലാത്തവരും തമ്മിലുള്ള വ്യത്യാസം വി. പൗലോസ് പറയുന്നു: "യേശുക്രിസ്തുവിൽ വിശുദ്ധരായവർക്കും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവർക്കും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം എല്ലായിടത്തും വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുവിൽനിന്നും കൃപയും സമാധാനവും" (1 കോറി. 1:2). സഭയുടെ ഐക്യത്തിനുവേണ്ടി പ്രാർത്ഥിച്ചാൽ മാത്രം പോരാ, പരി. റൂഹായിലുള്ള അനുഭവം പങ്കുവയ്ക്കുകകൂടി വേണം. പുണ്യവാന്മാരുടെ ഐക്യം (societas sanctorum) പലപ്പോഴും കൗദാശികപങ്കുവയ്ക്കലിലേക്ക് - communio sacramentorum - എത്തു

ന്നില്ല. ഈശോയുടെ ദൈവികതയിൽ പൂർണവിശ്വാസമുണ്ടെങ്കിൽ മാത്രമേ സുവിശേഷവത്കരണത്തിനു സാംഗത്യവും പ്രസക്തിയുമുള്ളൂ.

ക്രിസ്തീയത ഒരു സൗധമാണ്. അതിന്റെ അടിസ്ഥാനശില ഈശോയാണ്. അതു മാറ്റപ്പെട്ടാൽ കെട്ടിടം ഇടിഞ്ഞുവീഴും, ത്രിത്വസംഹിതയും. മിശിഹാ ദൈവമല്ലെങ്കിൽ എന്തു ത്രിത്വവിശ്വാസമാണുള്ളത്? മിശിഹായുടെ ദൈവികത ബ്രാക്കറ്റിൽ ആക്കിയാൽ ത്രിത്വവും അങ്ങനെതന്നെ ആക്കപ്പെടും. ഈശോ മരിച്ചു എന്ന് ആരും വിശ്വസിക്കും, അവിശ്വാസികളും. അവിടുന്ന് ഉയിർത്തു എന്നതിലാണ് വിശ്വസിക്കേണ്ടത്. ക്രിസ്തീയവിശ്വാസം മിശിഹായുടെ ഉത്ഥാനമാണ്. ഈശോയുടെ ദൈവികത മരണത്തിലും ഉത്ഥാനത്തിലും വ്യക്തമാക്കപ്പെടുന്നുണ്ട്. വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള വ്യത്യാസം വിശ്വാസികൾ മിശിഹാ ദൈവമാണെന്നു വിശ്വസിക്കുന്നു എന്നതിലാണ്. ക്രിസ്തീയവിശ്വാസം മിശിഹായുടെ ദൈവികതയാണ്. "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല" (യോഹ. 8:12). മിശിഹായിൽ വിശ്വസിക്കുന്നവൻ ലോകത്തിലെ എല്ലാ തിന്മകളെയും രോഗങ്ങളെയും ചെറുത്തുനിൽക്കും.

നടപടി 25:19 "മരിച്ചുപോയെങ്കിലും ജീവിച്ചിരിക്കുന്നുവെന്നു പൗലോസ് സമർത്ഥിക്കുന്ന ഒരേയൊരു ഈശോയെക്കുറിച്ചുമാത്രമേ അവർക്ക് അവനുമായി അഭിപ്രായഭിന്നത ഉണ്ടായിരുന്നുള്ളൂ." സഭയുടെ ഇരുപതു നൂറ്റാണ്ടുകളിലെ പ്രഘോഷണവും ഇതാണല്ലോ. മരിച്ചുപോയി എന്നു ലോകം പറയുകയും ജീവിച്ചിരിക്കുന്നുവെന്നു സഭ പഠിപ്പിക്കുകയും ചെയ്യുന്ന ഈശോയെ ചുറ്റിപ്പറ്റിയാണ് എല്ലാം കറങ്ങിത്തിരിയുന്നത്. ഈശോ ജീവിക്കുന്നു. കഴിഞ്ഞ കാലത്തിന്റെ ഒരു ഓർമ മാത്രമല്ല മിശിഹാ. അവിടുന്ന് എന്തെങ്കിലും ഒരു സ്വഭാവപ്രത്യേകതയും മാത്രമല്ല; അവൻ ഒരു വ്യക്തിയാണ് (Person). അവൻ ദൈവാരൂപിയിൽ ജീവിക്കുന്നു. ഇത് ശരീരത്തോടുകൂടിയ ജീവനെക്കാൾ വളരെ ശക്തിയുള്ളതാണ്. കാരണം, അത് അവനെ നമ്മുടെയുള്ളിൽ ജീവിക്കാൻ പ്രാപ്തനാക്കുന്നു, നമുക്കു പുറത്തോ നമ്മുടെ പാർശ്വങ്ങളിലോ അല്ല.

സത്യദൈവവും സത്യമനുഷ്യനുമെന്നത് ഒരു ത്രിമാനത്തിന്റെ ഇരുവശങ്ങൾപോലെയാണ്. അതിന്റെ അത്യുച്ചിയിലുള്ള സത്യ മാണ് ഏകവ്യക്തി. ആദിമ നൂറ്റാണ്ടിലെ തെർത്തുല്യനാണ് മിശി ഹായുടെ ഏകവ്യക്തിത്വത്തെക്കുറിച്ച് ആദ്യമായി ശക്തമായി സംസാരിച്ചത്. ആദിമസഭ രണ്ടു നൂറ്റാണ്ടുകൾക്കുശേഷമാണ് ഔദ്യോഗികമായ ഡോഗ്മായിലേക്ക് എത്തുന്നത്. 431 ലെ കൽക്ക ദോണിയ സൂനഹദോസാണ് ഒരു സുപ്രധാന നാഴികക്കല്ല്. മറിയത്തെ ദൈവമാതാവ് (Theotokos) എന്നു വിശേഷിപ്പിച്ചു. നിഖ്യാസൂനഹദോസു കഴിഞ്ഞ് ഒരു നൂറ്റാണ്ടുകൂടി വേണ്ടിവന്നു ഈ പ്രബോധനത്തിന്.

ദൈവം ത്രിത്വമാണ്. ദൈവത്തിലെ വ്യക്തികൾ എന്നാൽ ബന്ധ ങ്ങളാണ് (relationships). പിതാവ് എന്നത് ഒരു ബന്ധമാണ്. പുത്രനും അതുപോലെതന്നെ, പിതാവിന്റെ മകനാണ്. ദാർശനിക നായ ഹെഗൽ: True personality consists in restoring oneself by plunging into others. വ്യക്തികൾ എന്നാൽ ബന്ധങ്ങൾ എന്നു തന്നെയാണ്. വിശ്വാസം നിർവചനങ്ങളിൽമാത്രം ഒതുക്കിക്കളയരു ത്. ഈശോ ജൂലിയസ് സീസറിനെപ്പോലെയോ, ലെയോനാർദ് ദാവിൻചിയെപ്പോലെയോ അല്ല. കേവലം കുറെ പ്രസ്താവനകളിൽ ഒതുക്കുകയുമരുത്. പ്രബന്ധങ്ങളും ഓർമകളും മാത്രമാക്കരുത്. ഇതെല്ലാം മിശിഹായെ നമ്മുടെ പുറത്തുമാത്രം നിർത്തുന്നു. He touches our minds without warming our heart. അവൻ കഴിഞ്ഞ കാലത്തുമാത്രം നില്ക്കുന്നു. രണ്ടായിരം വർഷങ്ങളിലെ അകലം കാണിക്കുന്നു.

ഫ്രാൻസിസ് പാപ്പാ, 'ഇവാഞ്ചിലി ഗൗദിയം' തിരുവെഴുത്തിൽ ഈശോമിശിഹായുമായി ഒരു പുത്തൻ കണ്ടുമുട്ടലിന് നമ്മൾ നാമോരോരുത്തരെയും ക്ഷണിക്കുന്നു. വീഴ്ചവരാതെ ഓരോ ദിവ സവും ഈ കൂടിക്കാഴ്ച നടത്തണം. മിശിഹായിൽനിന്ന് ആര് എന്നെ വേർപെടുത്തും? (റോമ. 8:35). പൗലോസുതന്നെ ശരിയായ ഉത്തരവും നൽകുന്നു. റോമ. 8:21: "ദൈവം നമ്മുടെ പക്ഷത്തെ ങ്കിൽ, ആര് നമുക്ക് എതിരു നില്ക്കും?" ആദിമസഭ അവസാ നത്തുള്ളി രക്തംവരെ കൊടുത്ത്, ഒരർത്ഥത്തിൽ യുദ്ധം ചെയ്തു നേടിയെടുത്തതാണ് ഈശോയുടെ ദൈവികത എന്ന യാഥാർത്ഥ്യം.

ദൈവം ത്രിത്വമാണ് എന്നതിന്റെ ഏറ്റവും നല്ല നിർവചനം 'ദൈവം സ്നേഹമാകുന്നു' (1 യോഹ. 4:8) എന്നതാണ്. പിതാവ് സ്നേഹിക്കുന്നു; പുത്രൻ സ്നേഹിക്കപ്പെടുന്നു; ആത്മാവ് സ്നേഹത്തിൽ അവരെ ഒന്നിപ്പിക്കുന്നു. Henri de Lubac പറയുന്നു: "ദൈവം സ്നേഹമാണ് എന്ന് അനുഭവിച്ചറിയുമ്പോൾ ദൈവത്തെക്കുറിച്ച് അതുവരെ നാം പറഞ്ഞതും പണിതുയർത്തിയതുമായ പല കാര്യങ്ങളെയും ശല്യപ്പെടുത്തും. നീതിയെ വളച്ചൊടിക്കുന്ന എല്ലാ പരിശ്രമങ്ങളെയും സ്നേഹവും കാരുണ്യവുംകൊണ്ടു തിരുത്തേണ്ടതാണ്."

ഈശോ സഭ സ്ഥാപിച്ചത് പത്രോസിന്റെ ഏറ്റുപറച്ചിലിലാണ്. "നീ ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ മിശിഹായാണ്" (മത്താ. 16:16). എന്നാൽ, ഈ ചുമതല പത്രോസിനെ ഏല്പിക്കുന്നതിനു മുമ്പ് ചോദിച്ചു: "ഇവരെക്കാൾ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ?" (യോഹ. 21:15,16) ഉവ്വ്, കർത്താവേ എന്നായിരുന്നല്ലോ മറുപടി.

പരിശുദ്ധ എമരിത്തൂസ് പാപ്പാ പറയുന്നു: ഐക്യത്തിനു വ്യക്തമായ മുഖമുണ്ട്, കൃത്യമായ പേരുകളുമുണ്ട്. എല്ലാ കത്തോലിക്കരും വി. കുർബാനയിൽ മാർപാപ്പയുടെ പേരുപറഞ്ഞ് പ്രാർത്ഥിക്കുന്നു. ലോകം മുഴുവൻ ഒരു 'കാതോലിക' ഐക്യം അനുഭവിക്കുന്നു. പ്രാദേശികസഭകൾ അവരുടെ മേലദ്ധ്യക്ഷന്മാരുടെ പേരുകളും പറഞ്ഞപേക്ഷിക്കുന്നു. ക്രിസ്തീയതയെക്കുറിച്ചുള്ള കൂടുതൽ സമഗ്രമായ പഠനങ്ങൾ ആവശ്യമാണ്. വേദശാസ്ത്ര പണ്ഡിതനായ കൊംഗാർ പറയുന്നു: "തുറവുള്ള ചരിത്രപഠനവും സഭൈക്യചിന്തകളും വഴി മാത്രമേ അവിഭക്തസഭ എന്ന യാഥാർത്ഥ്യത്തിലേക്കു നാം എത്തുകയുള്ളൂ. സഭാചരിത്രപഠനത്തിന്റെ കേന്ദ്ര സ്ഥാനത്താണ് സഭ രൂപപ്പെടുത്തിയ ഡോഗ്മാകളുടെ ചരിത്രവും പഠനവും. സഭൈക്യചിന്തകൾക്ക് ഈ ഡോഗ്മാകളുടെ ചരിത്രപഠനം അത്യന്താപേക്ഷിതമാണ്. കാരണം, സഭയിലെ പല വിഭജനങ്ങളും ഡോഗ്മാകളെ വേണ്ടരീതിയിൽ മനസ്സിലാക്കാത്തതുകൊണ്ടു വന്ന വിപത്തുകളാണ്. ആധുനികകാലത്ത് തിരുവചനത്തിന്റെ കേവലം വ്യക്തിപരമായ വ്യാഖ്യാനങ്ങൾ വഴിയും വിഭജനങ്ങൾ രൂപപ്പെടു

ന്നുണ്ട്. വചനം വ്യാഖ്യാനിക്കുന്ന ഓരോ വ്യക്തിയും സഭയുടെ മനസ്സാക്ഷി എന്താണ് എന്ന തിരിച്ചറിവിൽനിന്നാണ് ആ ശുശ്രൂഷ നിർവഹിക്കേണ്ടത്. എല്ലാ വചന പ്രസംഗങ്ങളും മലയിലെ പ്രസം ഗംപോലെയാവണം. ഈശോ തന്നെക്കുറിച്ചുപറഞ്ഞ കാര്യങ്ങളാ ണവ. നാമും ഈശോയെക്കുറിച്ചാണു പ്രഘോഷിക്കേണ്ടത്.

---

NB : 2021 ഏപ്രിൽ മാസത്തിലെ ദീപനാളത്തിൽ പ്രസിദ്ധീകരിച്ച ലേഖനം




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**പ്രൊപ്പഗാന്താകോളജിൽ പഠിച്ചവരുടെ സമ്മേളനം**

റോമിലെ പ്രൊപ്പഗാന്താകോളജിൽ പഠിച്ച അഭിവന്ദ്യ പിതാക്കൻമാരുടെയും. വൈദികരുടെയും സമ്മേളനം 8/4/2021 ൽ വി.അൽഫോൻസാ സ്പിരിചാലിറ്റി സെന്ററിൽവച്ച് നടത്തി. തൃശ്ശൂർ രൂപതയുടെ മുൻ ബിഷപ് മാർ ജേക്കബ് തൂങ്കുഴി, കൊല്ലം രൂപതയുടെ മുൻ ബിഷപ് മാർ സ്റ്റാൻലി റോമൻ, മൂവാറ്റുപുഴ രൂപതയുടെ മുൻ ബിഷപ് എബ്രാഹം മാർ ജൂലിയോസ് പാലാ രൂപതയുടെ മുൻ ബിഷപ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ തുടങ്ങിയവരും 40 തോളം വൈദികരും പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു.

**റീജൻസി ബ്രദേഴ്സ്**

വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ നാലുമാസക്കാലം റീജൻസി ചെയ്ത ബ്രദർ അബ്രാഹം പുതിയാത്തിന് യാത്രയയ്പ്പു നൽകി. 12/4/2021 ൽ കൂടല്ലൂർ ഇടവകാംഗമായ ബ്രദർ സെബിൻ പ്ലാത്തോട്ടത്തിൽ പുതിയ റീജന്റ് ബ്രദറായി ചാർജെടുത്തു.

**കബറിടം സന്ദർശിച്ച പ്രമുഖർ**

ബിഷപ് മാർ ജേക്കബ് തൂങ്കുഴി, ബിഷപ് മാർ സ്റ്റാൻലി റോമൻ, ബിഷപ് എബ്രാഹം മാർ ജൂലിയോസ്, ബിഷപ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ, മാർ ജെയിംസ് അത്തിക്കളം

**കൊറോണാ പ്രതിരോധ നടപടികൾ**

ഗവൺമെന്റിന്റെയും മേലധികാരികളുടെയും നിർദ്ദേശമനുസരിച്ച് 25/04/2021 മുതൽ വി.കുർബാനയ്ക്ക് പങ്കെടുക്കുന്നവരുടെ എണ്ണം ഇരുപതായി പരിമിതപ്പെടുത്തി വി. കുർബാനകൾ എല്ലാം ഓൺലൈനാക്കി പ്രക്ഷേപണം ചെയ്യുന്നു.

**മെയ്, ജൂൺ 2021**

**വി. അൽഫോൻസാമ്മയുടെ തിരുനാൾ**

വി. അൽഫോൻസാമ്മയുടെ 75-ാം ചരമവാർഷികദിനം ഈ വർഷം ജൂലൈ 28 ആഘോഷിക്കും .തിരുനാളിനെക്കുറിച്ച് ആലോചിക്കാൻ കൂടിയ മീറ്റിങ്ങിൽ ഈ വർഷത്തെ തിരുനാൾ തിരുക്കർമ്മങ്ങൾ ഗവൺമെന്റ് പ്രോട്ടോകോളും മേലധികാരികളുടെ നിർദ്ദേശവും അനുസരിച്ച് ആഘോഷിക്കാമെന്ന് തീരുമാനിച്ചു. തിരുക്കർമ്മങ്ങൾ ലൈവായി ജനങ്ങളിലേയ്ക്ക് എത്തിക്കും. ശാലോം ടെലിവിഷനിലൂടെ നൊവേന ദിവസങ്ങളിൽ വി. കുർബാന പ്രക്ഷേപണം ചെയ്യുന്നതാണ്.

**ലോക്ടൗൺദിവസങ്ങളിലെ വി. കുർബാന**

ലോക്ടൗൺ കാലങ്ങളിൽ രാവിലെ 8, 11 എന്നീ സമയങ്ങളിൽ വി. കുർബാന ലൈവായി മാത്രം പ്രക്ഷപണം ചെയ്യുന്നു. 8 നുള്ള വി. കുർബാന ഷെക്കെന ടെലിവിഷനിലും ലൈവായി പ്രക്ഷപണം ചെയതു വരുന്നു.

**റിലീജിയസ് ആട്ടിക്കിൾ സെന്റർ**

ജൂൺ 20 മുതൽ വി. അൽഫോൻസാ ഷ്രൈനിലെ റിലീജിയസ് ആട്ടിക്കിൾ സെന്റർ തുറന്നു പ്രവർത്തിക്കാൻ തുടങ്ങി.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. വിശ്വാസോത്സവം - വർക്ക് ബുക്ക് പ്രവർത്തനങ്ങൾ**

സാധാരണനിലയിലുള്ള വിശ്വാസോത്സവം ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ നടത്തുവാനാകാതെ വന്നതിനാൽ വിശ്വാസോത്സവത്തിന്റെ ഭാഗമായുള്ള വർക്ക് ബുക്കുകൾ കുട്ടികൾക്കു വിതരണം ചെയ്യുകയും അതിനെ അടിസ്ഥാനപ്പെടുത്തി കുടുംബകേന്ദ്രിത വിശ്വാസോത്സവം നടത്തുകയും ചെയ്തു. Online വിശ്വാസപരിശീലനക്ലാസ്സുകൾ അവസാനിച്ചശേഷം വന്ന ആറ് ഞായറാഴ്ചകളിലായിട്ടാണ് വിശ്വാസോത്സവം നടത്തപ്പെട്ടത്. വൈദികരുടെയും വിശ്വാസപരിശീലകരുടെയും നിർദ്ദേശങ്ങളനുസരിച്ചും മാതാപിതാക്കന്മാരുടെ മേൽനോട്ടത്തിലുമാണ് കുട്ടികൾ വർക്ക് ബുക്ക് പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. തൊട്ടടുത്ത ക്ലാസ്സിലേക്ക് കയറ്റം കിട്ടുന്നതിന് വർക്ക് ബുക്ക് പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി വിശ്വാസപരിശീലകരെ ഏല്പിക്കേണ്ടത് നിർബന്ധമാണ്.

**2. മികച്ച വിശ്വാസപരിശീലകനുള്ള അവാർഡ്**

2020 - 2021 വർഷത്തിലെ മികച്ച വിശ്വാസപരിശീലകനുള്ള ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ അവാർഡിന് പാലാ കത്തീഡ്രൽ സൺഡേസ്കൂൾ പ്രഥമാധ്യാപകനായ ശ്രീ ഷാജി A. K. ആവിമൂട്ടിൽ അർഹനായി. വലിയ തീക്ഷ്ണതയോടും അർപ്പണബോധത്തോടുംകൂടി കഴിഞ്ഞ 34 വർഷമായി വിശ്വാസപരിശീലനരംഗത്തു ശ്രീ ഷാജി A. K. ആവിമൂട്ടിൽ പ്രവർത്തിക്കുന്നു. സൽസ്വഭാവിയും സഭയോടും സഭാശുശ്രൂഷകരോടും സ്നേഹവും

ആത്മാർത്ഥതയും ഉള്ളയാളുമായ ശ്രീ ഷാജി ഉത്തമകുടുംബനാഥനും Rtd. പ്രഥമാധ്യാപകനും ഇടവക ഗായകസംഘത്തിലെ പ്രധാനിയുമാണ്. ബഹുമാനപ്പെട്ട സാറിനും കുടുംബത്തിനും രൂപതയുടെ അഭിനന്ദനങ്ങൾ.

**3. കാറ്റക്കിസം കമ്മീഷൻ മീറ്റിംഗ്**

സീറോ മലബാർ സഭയുടെ Catechetical Commission 2021 മാർച്ച് 23, 24 തീയതികളിലായി കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സഭാകേന്ദ്രത്തിൽ വച്ച് നടത്തിയ യോഗത്തിൽ രൂപത ഡയറക്ടറും വിശ്വാസപരിശീലകപ്രതിനിധികളും പങ്കെടുത്തു.

**4. X, XII ക്ലാസ്സുകളിലെ വിശ്വാസപരിശീലകരുടെ സമ്മേളനങ്ങൾ**

X, XII ക്ലാസുകളിലെ വിശ്വാസപരിശീലകരുടെ സമ്മേളനങ്ങൾ യഥാക്രമം 2021 ഏപ്രിൽ 11, 18 തീയതികളിലായി ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തി. രാവിലെ 9 മണിക്ക് ആരംഭിച്ച സമ്മേളനങ്ങൾ ഉച്ചകഴിഞ്ഞു 2 മണിക്ക് അവസാനിച്ചു. ഈ സമ്മേളനങ്ങളിൽ വച്ച് X, XII ക്ലാസുകളിലെ വാർഷിക പ്പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയവും നടത്തി.

**5. ഡയറക്ടർമാരുടെ മീറ്റിംഗ്**

സീറോ മലബാർ സഭയിലെ വിവിധ രൂപതകളിൽനിന്നുള്ള കാറ്റക്കിസം ഡയറക്ടർമാരുടെ online meeting 2021 ഏപ്രിൽ 16 വെള്ളിയാഴ്ച നടന്നു. പ്രസ്തുത യോഗത്തിൽ രൂപത ഡയറക്ടർ ആത്യന്തം പങ്കെടുത്തു.

**6. കുഞ്ഞുമിഷനറി**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ പ്രസിദ്ധീകരണമായ കുഞ്ഞുമിഷനറി മാസിക കുട്ടികൾക്ക് pdf ഫോർമാറ്റിൽ നൽകി.

**മെയ് – ജൂൺ**

**1. വിശ്വാസപരിശീലക അവാർഡ്**

2020 –2021 വർഷത്തിലെ മികച്ച വിശ്വാസപരിശീലകനുള്ള ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ അവാർഡിന് പാലാ കത്തീഡ്രൽ സൺഡേ സ്കൂൾ പ്രഥമാധ്യാപകനായ ശ്രീ. ഷാജി A.K ആവിമൂട്ടിൽ അർഹനായി. വലിയ തീഷ്ണതയോടും അർപ്പണബോധത്തോടുംകൂടെ കഴിഞ്ഞ 34 വർഷങ്ങളായി വിശ്വാസപരിശീലന രംഗത്തു അദ്ദേഹം പ്രവർത്തിക്കുന്നു. സൽസ്വഭാവിയും സഭയോടും സഭാ ശുശ്രൂഷകരോടും സ്നേഹവും ആത്മാർത്ഥതയും ഉള്ളയാളുമായ ഷാജി സാർ ഉത്തമ കുടുംബനാഥനും Rtd. പ്രഥമാധ്യാപകനും ഇടവകഗായകസംഘത്തിലെ പ്രധാനിയുമാണ്. സാറിനും കുടുംബത്തിനും രൂപതയുടെ അഭിനന്ദനങ്ങൾ.

**2. X, XII ക്ലാസ്സുകളിലെ വിശ്വാസപരിശീലകരുടെ സമ്മേളനം**

X, XII ക്ലാസ്സുകളിലെ വിശ്വാസപരിശീലകരുടെ സമ്മേളനം യഥാക്രമം 2021 ഏപ്രിൽ 11, 18, തീയതികളിലായി ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. രാവിലെ 9 മണിക്ക് ആരംഭിച്ച സമ്മേളനത്തിൽ വച്ച് X, XII ക്ലാസ്സുകളിലെ വാർഷികപരീക്ഷയുടെ ഉത്തരക്കടലാസ് മൂല്യനിർണ്ണയവും നടത്തി. ഭരണങ്ങാനം പള്ളിയിൽ വച്ച് നടന്ന വിശുദ്ധ കുർബാനയോടുകൂടി സമ്മേളനം സമാപിച്ചു.

**3. X, XII ക്ലാസ്സുകളിലെ റിസൾട്ട്**

X, XII ക്ലാസ്സുകളിലെ റിസൾട്ട് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബുക്കുകൾ 2021 ജൂൺ 17 മുതൽ വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽനിന്നും തിരികെ നൽകി.

**4. സേ പരീക്ഷ**

X, XII ക്ലാസ്സുകളിൽ പരാജയപ്പെട്ടവർക്ക് താത്പര്യമുണ്ടെങ്കിൽ സേ പരീക്ഷ എഴുതാൻ അവസരം നൽകുന്നതാണ്. കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് ഇടവകകളിൽ ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്റെ നേതൃത്വത്തിലും ഉത്തരവാദിത്തത്തിലും പരീക്ഷാക്രമീകരണങ്ങൾ നടത്തേണ്ടതാണ്. 2021 ജൂലൈ 3 ശനിയാഴ്ച ഉച്ചകഴിഞ്ഞു 2 മുതൽ 3.30 വരെയുള്ള സമയത്താണ് പരീക്ഷ.

**5. പ്രഥമാധ്യാപക സമ്മേളനം**

2021 –2022 വിശ്വാസപരിശീലനവർഷാരംഭത്തിനൊരുക്കമായുള്ള പ്രഥമാധ്യാപകസമ്മേളനം 2021 ജൂൺ 20 ഞായറാഴ്ച നടന്നു. Zoom Application ഉപയോഗിച്ചുള്ള online മീറ്റിംഗ് ആയിരുന്നു ഇത്. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പ്രഥമാധ്യാപകരെ അഭിസംബോധന ചെയ്തു സംസാരിച്ചു. രാവിലെ 10 മണിക്ക് ആരംഭിച്ച സമ്മേളനം ഉച്ചക്ക് 12 മണിക്ക് അവസാനിച്ചു.

**6. വിശ്വാസപരിശീലകർക്കു സെമിനാർ**

2021 ജൂൺ 23 മുതൽ 2021 ജൂൺ 26 വരെയുള്ള തീയതികളിൽ രൂപതയിലെ മുഴുവൻ വിശ്വാസപരിശീലകർക്കുമായി ഫൊറോനാ അടിസ്ഥാനത്തിൽ 'കോവിഡ് കാല വിശ്വാസപരിശീലനം: വെല്ലുവിളികളും സാധ്യതകളും' എന്ന വിഷയത്തെ ആധാരമാക്കി online സെമിനാർ നടത്തി. ഡോ. അലക്സ് ജോർജ് കാവുകാട്ട് സെമിനാർ നയിച്ചു.

**7. പുതിയ വിശ്വാസപരിശീലനവർഷാരംഭം 2021 – 2022**

പുതിയ വിശ്വാസപരിശീലനവർഷം (2021 – 2022) മാർ തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ ദിനത്തിൽ (2021 ജൂലൈ 3 ശനി) ഔദ്യോഗികമായി ആരംഭിക്കുന്നതാണ്. അന്നേദിവസം രാവിലെ 7.15 നു പാലാ കത്തീഡ്രൽ പള്ളിയിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് ഉദ്ഘാടനകർമ്മം നിർവഹിക്കുകയും ചെയ്യുന്നതാണ്. പ്രസ്തുത കർമ്മങ്ങളുടെ തത്സമയ സംപ്രേഷണം YouTube ചാനൽവഴി ഉണ്ടായിരിക്കുന്നതാണ്. ജൂലൈ നാലാം തിയതി മുതൽ എല്ലാ ഞായറാഴ്ചകളിലും വിശ്വാസപരിശീലനക്ലാസ്സുകൾ ക്രമമായി ഉണ്ടായിരിക്കും.

**8. C T P കോഴ്സ്**

പുതുതായി വിശ്വാസപരിശീലകരുടെ ഗണത്തിലേക്ക് ചേർക്കപ്പെടുന്നവർക്കുള്ള പരിശീലനപരിപാടിയായ C T P കോഴ്സ് ഈ വർഷം online കോഴ്സ് ആയി നടത്തുന്നു. നിലവിൽ ഈ പരിശീലനപരിപാടിയിൽ പങ്കെടുത്തിട്ടില്ലാത്ത എല്ലാ വിശ്വാസപരിശീലകരും ഈ അവസരം പ്രയോജനപ്പെടുത്തേണ്ടതാണ്.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. ആത്മവിശുദ്ധീകരണധ്യാനം**

ഏപ്രിൽ 14 ബുധൻ 6 pm മുതൽ 18 ഞായർ 1 pm വരെ നെന്നലിൽ വച്ച് ആത്മവിശുദ്ധീകരണധ്യാനം നടത്തി. പാലാ മിഷനിലെ വിവിധ മിഷൻ സ്റ്റേഷനുകളിലെ ആളുകളെ ഉദ്ദേശിച്ചാണ് ധ്യാനം നടത്തിയത്. ആദ്യമായിട്ടാണ് അഞ്ചു ദിവസം താമസിച്ചുള്ള ധ്യാനം ഇവിടെ നടത്തിയത്. ഇരുപത്തിയഞ്ചു പേർ പങ്കെടുത്തു. റവ. കുര്യൻ പൊന്മലക്കുന്നേൽ, റവ ഫാ. പി.എൽ. ജോസഫ്, വെരി റവ. ഫാ. ജോസഫ് മാണിക്യതാൻ സി.എം.ഐ. (രൂപത വികാരി ജനറാൾ), റവ. ഫാ. ജോസഫ് പര്യാത്ത്, റവ. ഫാ. മാത്യു പുതിയിടത്ത്, സി. ഹൃദയ ASMI, എന്നിവർ ധ്യാനത്തിൽ വചനസന്ദേശം നൽകി. പാലാ മിഷനിലെ സി. സോഫി LAR, സി. ജാസ്മിൻ CMC, എന്നിവർ ഗായകസംഘത്തിന് നേതൃത്വം നൽകി. ധ്യാനദിവസങ്ങളിൽ 10 am മുതൽ 4 pm വരെ പാലാ മിഷനിലെ വിവിധ മഠങ്ങളിൽനിന്ന് ബഹു. സിസ്റ്റേഴ്സ് നെന്നലിൽ വന്നു വിശുദ്ധ കുർബാനയുടെ മുമ്പിൽ മധ്യസ്ഥപ്രാർത്ഥന നടത്തി. റവ. ഫാ. ഐസക് കുറിച്ചിയേൽ, റവ. ഫാ. ജോസഫ് കൈതോലിൽ, എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഗൊല്ലപ്പള്ളി വില്ലേജിലെ മൂന്നു യുവാക്കൾ ഭക്ഷണകാര്യങ്ങൾക്ക് നേതൃത്വം നൽകി. പ്രാർത്ഥനയിലൂടെയും വിവിധ രീതിയിലും സഹായിച്ച എല്ലാവർക്കും നന്ദി.

**2. വില്ലേജ് മിനിസ്ട്രി**

അദിലാബാദ് രൂപതയിലെ മേജർ സെമിനാരി ബ്രദേഴ്സ് ഏപ്രിൽ 9 മുതൽ 18 വരെ പാലാ മിഷനിലെ വിവിധ വില്ലേജുകളിൽ പ്രാർത്ഥനാശുശ്രൂഷകളും ഭവനസന്ദർശനങ്ങളും കുട്ടികൾക്കും യുവജനങ്ങൾക്കും വിവിധ പ്രോഗ്രാമുകളും സംഘടിപ്പിച്ചു.

**3. New Appointments**

1. Fr Issac Kurichiel - Priest in charge Jenda Venkittapuram
2. Fr Joseph Kaitholil - Asst. Priest in charge Jenda Venkittapuram
3. Fr. Joseph Pariyath - Priest in Charge Konempetta
4. Fr. Mathew Puthiyidathu - Priest in charge Nennel
5. Fr. Francis Mattel - Asst. Priest in charge Nennel
6. Fr Antony Vazhayil - Priest in charge Gollappalli

**4. ആവടം മിഷൻ സ്റ്റേഷൻ**

ഏപ്രിൽ 11 പുതുഞായറാഴ്ച ആവടം ചാപ്പലിൽ ആദ്യമായി വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിച്ചു. റവ. ഫാ. മാത്യു പുതിയിടത്തു ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**1. കിറ്റ് വിതരണം**

കോവിഡ് 19 ലോക്ഡൗണിനോടനുബന്ധിച്ച് ആദിലാബാദ് രൂപത

Human promotion society യുടെ ആഭിമുഖ്യത്തിൽ പാലാമിഷനിലെ വിവിധ മിഷൻ സെന്ററുകളിലും അതിനു കീഴിലുള്ള മിഷൻ സ്റ്റേഷനുകളിലും ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു.

നെന്നൽ-17, മന്നഗൂഡം- 26, ഖർജി- 15, കുശനപ്പള്ളി- 30, കോനം പേട്ട -15, ബോഗം പള്ളി- 20, പാട്ടി- 11, ST കോളനി- കോനംപേട്ട-30, വെങ്കിട്ടപുരം- 25, മാമ്മടിഘട്ട്- 5, ഗൊല്ലപ്പള്ളി-10, മൈലാരം-5 കോവിഡ് ബാധിതരായവർക്ക് സാമ്പത്തികസഹായങ്ങളും നല്കി.

**2. അഖണ്ഡ ജപമാലയും ആരാധനയും**

മെയ് 29 ശനിയാഴ്ച കൊത്തഗൂഡം മിഷൻ സ്റ്റേഷനിൽ രാവിലെ ഏഴുമണിക്ക് വി. കുർബാന, എട്ടു മുതൽ രാത്രി എട്ടുവരെ അഖണ്ഡജപമാലയും ആരാധനയും നടത്തി.

**ഫാ. മാത്യു പുതിയിടത്ത്** (കോർഡിനേറ്റർ)

---

# പാലാ മിഷൻ – ഗുജറാത്ത്

---

**2021 മേയ്, ജൂൺ മാസങ്ങളിലെ ഗുജറാത്ത് സെന്റ് തോമസ് സബർമതി മിഷനിലെ പ്രവർത്തനങ്ങൾ**

**1. മാസധ്യാനം**

മെയ് 13-ാം തീയതി മാസധ്യാനം നടത്തപ്പെട്ടു. റവ.ഫാ. വിൻസന്റ് കുണ്ടുകുളം വചനസന്ദേശം നൽകി.

**2. ദിവ്യകാരുണ്യ പ്രദക്ഷിണം**

കോവിഡ് ബാധിച്ചവരുടെ എണ്ണം കൂടിയ സാഹചര്യത്തിൽ മനേജാ സെന്റ് അൽഫോൻസാ ഇടവകയിൽ വികാരി ഫാ. ടോം വടക്കേകരയുടെ നേതൃത്വത്തിൽ ഇടവകയിലെ എല്ലാ ഭവനങ്ങളിലേക്കും ദിവ്യകാരുണ്യ പ്രദക്ഷിണം നടത്തുകയുണ്ടായി.

**3. മേയ് മാസവണക്കം**

മരിയൻ മാതൃവേദി ഗുജറാത്ത് റീജന്റെ ആഭിമുഖ്യത്തിൽ സോണൽ തലത്തിലായി വണക്കമാസാചരണം ഭക്ത്യാദരപൂർവ്വം നടത്തപ്പെട്ടു.

**4. പ്രാർത്ഥനായോഗം**

SYM ഗുജറാത്ത് റീജന്റെ ആഭിമുഖ്യത്തിൽ റീജണിലെ മുഴുവൻ യുവജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടു പ്രാർത്ഥനായോഗം നടത്തപ്പെട്ടു. മഹാമാരി മൂലം കഷ്ടത അനുഭവിക്കുന്നവർക്കുവേണ്ടിയും ലോകത്തിന്റെ വിവിധ കോണുകളിൽ അക്രമത്തിനിരയാകുന്ന ക്രൈസ്തവർക്കുവേണ്ടിയും യുവജനങ്ങൾ ഒന്നുചേർന്നു പ്രാർത്ഥിച്ചു.

**5. നേതൃത്വ പരിശീലന ക്യാമ്പ്**

SYM ഗുജറാത്ത് റീജിയന്റെ ആഭിമുഖ്യത്തിൽ റീജണിലെ യുവജനങ്ങൾക്കായി മെയ് 28, 29 തീയതികളിൽ നേതൃത്വ പരിശീലന ക്യാമ്പ് ഓൺലൈനായി നടത്തപ്പെട്ടു.

**6. പെന്തക്കുസ്താ തിരുനാൾ ആചരണം**

പെന്തക്കുസ്താ തിരുനാൾ ദിനത്തിൽ റീജണിലെ വിവിധ ഇടവകകളിൽ കുഞ്ഞുങ്ങൾ ആദ്യാക്ഷരം കുറിച്ചു. കോവിഡിന്റെ പ്രത്യേക സാഹചര്യത്തിലും നിരവധി മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളുമായി ആദ്യാക്ഷരം കുറിക്കാനെത്തി.

**7. പ്രെസ്ബിത്തേരിയം**

ജൂൺ 2-ാം തീയതി ഗുജറാത്ത് റീജണൽ പ്രെസ്ബിത്തേരിയം ഓൺലൈനായി നടത്തപ്പെട്ടു. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് സമ്മേളനത്തിൽ സന്നിഹിതനായിരുന്നു. ഗുജറാത്ത് റീജൺ വികാരി ജനറാൾ മോൺ. ഡോ ജോസഫ് കൊല്ലംപറമ്പിൽ പ്രസ്തുത സമ്മേളനത്തിന് നേതൃത്വം നൽകി.

**8. പ്രവർത്തനവർഷ ഉദ്ഘാടനം**

മരിയൻ മാതൃവേദിയുടെ പ്രവർത്തന വർഷം മെയ് 14-ാം തീയതിയും സാന്തോം യൂത്ത് മൂവ്മെന്റിന്റെ പ്രവർത്തന വർഷം മെയ് 30-ാം തീയതിയും വിശ്വാസപരിശീലനത്തിന്റെ പ്രവർത്തനവർഷം ജൂൺ 20-ാം തീയതിയും ഉദ്ഘാടനം ചെയ്യപ്പെട്ടു.

**9. ഭക്ഷണവിതരണം**

മണിനഗർ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഇടവകയുടെ ആഭിമുഖ്യത്തിൽ എല്ലാ ശനി, ഞായർ ദിവസങ്ങളിലും ഒരു നേരത്തെ ഭക്ഷണത്തിനായി അലയുന്നവർക്ക് ഭക്ഷണം എത്തിച്ചു കൊടുക്കുന്നു. വികാരി റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു.

**10. ഹരിതം 2021**

SYM ആനന്ദ് - കരംസാദിന്റെ ആഭിമുഖ്യത്തിൽ World Environment Day യോടനുബന്ധിച്ച് ഹരിതം 2021 നടത്തപ്പെട്ടു. ഭവനങ്ങൾ മികച്ച രീതിയിൽ ഹരിതാഭമാക്കിത്തീർത്ത കുടുംബങ്ങൾക്ക് സമ്മാനങ്ങൾ നൽകി.

**11. കൈക്കാരന്മാരുടെയും പള്ളിയോഗാംഗങ്ങളുടെയും തിരഞ്ഞെടുപ്പ്**

ഗുജറാത്ത് റീജണിലെ എല്ലാ ഇടവകകളിലും കോവിഡിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ വർഷം നടത്തുവാൻ സാധിക്കാതെ പോയ കൈക്കാരന്മാരുടെയും പള്ളിയോഗാംഗങ്ങളുടെയും തിരഞ്ഞെടുപ്പ് ജൂൺ 20 നു മുമ്പായി നടത്തപ്പെട്ടു.

**ബഹു. ജോസഫ് കൊല്ലംപറമ്പിൽ** (വികാരി ജനറാൾ)

---

# മിഷൻലീഗ് വാർത്തകൾ

---

**പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖാപ്രകാശനവും**

ഈ വർഷത്തെ ചെറുപുഷ്പ മിഷൻലീഗ് രൂപതാതല പ്രവർത്തനോദ്ഘാടനം 2021 ജൂലൈ 3 ശനിയാഴ്ച രാവിലെ 7.15 ന് പാലാ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് നടക്കും. പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം നിർവ്വഹിക്കുകയും പ്രവർത്തനവർഷത്തെ മാർഗ്ഗരേഖ പ്രകാശനം നടത്തുകയും ചെയ്യും.

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ കഴിഞ്ഞ മാസത്തെ എക്സിക്യൂട്ടീവ് യോഗം 2021 ജൂൺ 6 ഞായറാഴ്ച രാവിലെ 11 മണിക്ക് ഓൺലൈനായി നടന്നു. രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ വയലിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം വരുംമാസങ്ങളിലെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തു. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിനു മാങ്കൂട്ടം സംഘടനയുടെ ജൂബിലി ആഘോഷങ്ങളെക്കുറിച്ച് യോഗത്തിൽ സംസാരിച്ചു.

**പഠനവിഷയം**

"ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ്" എന്നതാണ് സംഘടനയുടെ ഈ വർഷത്തെ പഠനവിഷയം.

**സെക്രട്ടറിയേറ്റ് യോഗങ്ങൾ**

സംഘടനയുടെ കഴിഞ്ഞ മാസത്തെ സെക്രട്ടറിയേറ്റ് യോഗങ്ങൾ ജൂൺ 6,17 തീയതികളിൽ നടന്നു.

**ആലോചനായോഗം**

ചെറുപുഷ്പ മിഷൻലീഗ് സംഘടനയുടെ പ്ലാറ്റിനം ജൂബിലി ആഘോഷത്തെക്കുറിച്ച് ചർച്ചചെയ്യുന്നതിനായി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളുടെ ഒരു ആലോചനായോഗം ജൂൺ 9 ന് ഓൺലൈനായി നടത്തി. ജൂബിലി വർഷത്തിൽ സംഘടനയുടെ വിവിധ തലങ്ങളിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെപ്പറ്റി അംഗങ്ങൾ സംസാരിച്ചു.

**സംസ്ഥാന മാനേജിംഗ് കമ്മിറ്റി**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന മാനേജിംഗ് കമ്മിറ്റി 2021 ജൂൺ 3 ന് ഓൺലൈനായി നടത്തി. വൈകുന്നേരം മൂന്നു മണിക്ക് ആരംഭിച്ച മാനേജിംഗ് കമ്മിറ്റിയിൽ രൂപതാ ഭാരവാഹികൾ പങ്കെടുത്തു.

**കുഞ്ഞുമിഷനറി മാസിക**

കോവിഡ് 19-ന്റെ പശ്ചാത്തലത്തിലുള്ള നിയന്ത്രണങ്ങൾ നിലനില്ക്കുന്ന സാഹചര്യത്തിൽ കുഞ്ഞുമിഷനറി മാസിക PDF രൂപത്തിൽ വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും WhatsApp ഗ്രൂപ്പുകളിൽ ലഭ്യമാക്കി വരുന്നു. ഇത് എല്ലാ കുട്ടികളിലേക്കും എത്തിച്ച് വായിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ശാഖകളുടെ നേതൃത്വത്തിൽ ചെയ്തുവരുന്നു. കൂടാതെ, ഈ വർഷത്തെ കുഞ്ഞുമിഷനറി മാസികയെ അടിസ്ഥാനമാക്കി വിവിധതലങ്ങളിൽ ക്വിസ് മത്സരങ്ങളും നടത്തുന്നതാണ്.

**ആദരാഞ്ജലികൾ**

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകനേതാവ് ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേലിന്റെ (കുഞ്ഞേട്ടന്റെ) ഭാര്യ തെയ്യാമ്മ അബ്രാഹത്തിന്റെയും സംഘടനയുടെ മുൻ സംസ്ഥാന, രൂപത ഭാരവാഹിയായിരുന്ന ശ്രീ. ജോർജ് കൊല്ലപ്പള്ളിയുടെയും നിര്യാണത്തിൽ രൂപതാ സമിതി അനുശോചനം രേഖപ്പെടുത്തി.

**പ്ലാറ്റിനം ജൂബിലി എംബ്ലം നിർമ്മാണമത്സരം**

ചെറുപുഷ്പമിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് സംസ്ഥാനതലത്തിൽ ഒരു എംബ്ലം നിർമ്മാണ മത്സരം നടത്തുകയാണ്. ഇതിന്റെ ഭാഗമായി പാലാ രൂപതയിലെ ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങളിൽനിന്നുള്ള രചനകൾ ക്ഷണിക്കുന്നു.

**മത്സരനിബന്ധനകൾ**

1. എംബ്ലത്തിന്റെ വലിപ്പം 10 cm x 10 cm ഉള്ള സമചതുരത്തിലോ 10 cm വ്യാസമുള്ള വൃത്താകൃതിയിലോ ആകാം.
2. താഴെ പറയുന്നവ നിർബന്ധമായും എംബ്ലത്തിൽ ഉൾപ്പെടുത്തണം.
   a. Cherupushpa Mission League
   b. '75'
   c. Platinum Jubilee
   d. പഠനവിഷയം (ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ്)
   e. പതാകയിലെ ചുവപ്പും മഞ്ഞയും നിറങ്ങൾ
3. മിഷൻ ലീഗിന്റെ മദ്ധ്യസ്ഥരുടെ ചിത്രങ്ങൾ ഉൾക്കൊള്ളിക്കേണ്ടതില്ല.
4. എംബ്ലം ഡിജിറ്റൽ ഫോർമാറ്റിൽ ആണ് തയ്യാറാക്കേണ്ടത്. വരച്ച് അയയ്ക്കുന്ന എൻട്രികൾ മത്സരത്തിൽ പരിഗണിക്കുന്നതല്ല.
5. എല്ലാ എൻട്രികളും ജൂലൈ 10 ശനിയാഴ്ചയ്ക്കുമുമ്പ് cmlpalai@gmail.com എന്ന email ഐഡിയിലേക്കോ 9447766926 എന്ന WhatsApp നമ്പരിലേയ്ക്കോ അയയ്ക്കുക. എംബ്ലത്തോടൊപ്പം അയയ്ക്കുന്നയാളുടെ പേരും വീട്ടുപേരും രേഖപ്പെടുത്തിയ ശാഖാ ഡയറക്ടറുടെ സാക്ഷ്യപത്രംകൂടി സമർപ്പിക്കേണ്ടതാണ്. ലഭിക്കുന്ന എൻട്രികളിൽ രൂപതാതലത്തിൽ ഏറ്റവും മികച്ച മൂന്ന് എംബ്ലത്തിന് ക്യാഷ് അവാർഡ് ഉണ്ടായിരിക്കും. കൂടാതെ ആദ്യ രണ്ട് സ്ഥാനങ്ങൾ നേടുന്ന എൻട്രികൾ സംസ്ഥാനതല മത്സരത്തിനായി നൽകുന്നതുമാണ്.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**1. യാത്രയയപ്പു സമ്മേളനം**

കഴിഞ്ഞ 6 മാസക്കാലം കെ.സി.എസ്.എൽ ന്റെ റീജന്റായി സേവനമനുഷ്ഠിച്ച ബ്രദർ ജോൺ കുന്നുംപുറത്തിന് ഡയറക്ടർ ഫാ. ജീമോൻ പനച്ചിക്കൽ കരോട്ടിന്റെ അദ്ധ്യക്ഷതയിൽ യാത്രയയപ്പ് നൽകി. ദൈവശാസ്ത്രപഠനത്തിനായി പോകുന്ന ബ്രദറിന് എല്ലാവിധ യാത്രാമംഗളങ്ങളും പ്രാർത്ഥനാശംസകളും നേർന്നു.

**2. സ്വാഗതം**

ഏപ്രിൽ 12 ന് കെ.സി.എസ്.എൽ ന്റെ പുതിയ റീജന്റായി ചമതലയേറ്റ ബ്രദർ ക്രിസ്റ്റോ പുള്ളിക്കാട്ടിലിനെ ഡയറക്ടർ ഫാ. ജീമോൻ പനച്ചിക്കൽ കരോട്ട് പൂച്ചെണ്ട് നൽകി സ്വീകരിച്ചു.

**3. ക്രൂശിതനെ ഉത്ഥിതനെ**

കെ. സി. എസ്. എൽ പാലായുടെ ആഭിമുഖ്യത്തിൽ 50 നോമ്പിനോട് അനുബന്ധിച്ച് 'ക്രൂശിതനെ ഉത്ഥിതനെ' എന്ന ഓൺലൈൻ ബൈബിൾ വിചാരങ്ങൾ കുട്ടികൾക്കും മുതിർന്നവർക്കും വീഡിയോരൂപത്തിൽ ഫെബ്രുവരി 15 മുതൽ സോഷ്യൽ മീഡിയായിലൂടെ നൽകിവന്നിരുന്നു. കുട്ടികൾ എത്രത്തോളം മനസ്സിലാക്കി എന്നറിയുന്നതിനായി 50 ദിവസത്തേയും വീഡിയോയെ ആസ്പദമാക്കി 2 തരം മത്സരങ്ങൾ നടത്തിയിരുന്നു. ഓരോ ദിവസത്തെയും ചിന്തകൾ കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ബുക്ക് രൂപത്തിലാക്കുന്നതും ബുക്കിലെഴുതിയിരിക്കുന്ന കാര്യങ്ങൾ മനഃപാഠമാക്കി വീഡിയോ രൂപത്തിൽ അവതരിപ്പിക്കുന്നതുമായിരുന്നു മത്സരങ്ങൾ. 30 ഓളം എൻട്രികൾ ലഭിച്ചു.

**മത്സര വിജയികളുടെ പേരുകൾ**

**ക്രൂശിതനെ ഉത്ഥിതനെ വീഡിയോ മത്സരവിജയികൾ**

ഫസ്റ്റ് - അമലു സോബി സെന്റ്. മേരീസ് എൽ. പി. എസ്, തീക്കോയി
സെക്കന്റ് - റിവാഹ് ജേക്കബ്
സെന്റ് ആന്റണീസ് പബ്ലിക് സ്കൂൾ, ആനക്കൽ &
ജുവൽ ജോസ്, സെന്റ് മേരീസ് എൽ. പി. എസ്, തീക്കോയി
തേർഡ് - മെറിൻ ജിമ്മി, സെന്റ് ജോസഫ്സ് യു.പി.എസ്, കുന്നോന്നി
& അഗസ്റ്റസ് ബിനോയ്
സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്.എസ്, രാമപുരം

**ക്രൂശിതനെ ഉത്ഥിതനെ - ബുക്ക്**

**എച്ച്. എസ്, എച്ച്. എസ്. എസ് വിഭാഗം മത്സരവിജയികൾ**

ഫസ്റ്റ് - ഡയാനാ റോസ് ജിജോ
എൽ. എഫ്. എച്ച്. എസ്, ചെമ്മലമറ്റം,
സെക്കന്റ് - അലോണാ ബിനോയ്
എൽ. എഫ്. എച്ച്. എസ്, ചെമ്മലമറ്റം,
തേർഡ് - റോഷ്നാ റോയ്
എൽ. എഫ്. എച്ച്. എസ്, ചെമ്മലമറ്റം,

**എൽ. പി, യു. പി വിഭാഗം മത്സരവിജയികൾ**

ഫസ്റ്റ് - അൽഫോൻസാ മാത്യൂ
സെന്റ് ജോസഫ് യു. പി. എസ്, കുന്നോന്നി
സെക്കന്റ് - മാനുവൽ ബി. വി
എൽ. എഫ്. എച്ച്. എസ്, ചെമ്മലമറ്റം
തേർഡ് - അൽനാ റോസ് മാത്യു
എൽ. എഫ്. എച്ച്. എസ്, ചെമ്മലമറ്റം

**അമ്മ വഴിയെ - മെയ്മാസ വണക്കം**

മെയ് മാസം ഒന്നാം തീയതി മുതൽ മുപ്പത്തൊന്നാം തീയതി വരെ മാതാവ് പ്രത്യക്ഷപ്പെട്ട സഭ അംഗീകരിച്ച പ്രധാനപ്പെട്ട സ്ഥലങ്ങളെ അടിസ്ഥാന പ്പെടുത്തി മാതാവിനെക്കുറിച്ചുള്ള ചിത്രരൂപത്തിലുള്ള വിവരങ്ങൾ വാട്ട്സ് ആപ്പ് ഗ്രൂപ്പുവഴി കുട്ടികളിലേക്ക് എത്തിച്ചു. കുട്ടികൾക്ക് കൊടുത്ത ചിത്രങ്ങളെ

അടിസ്ഥാനപ്പെടുത്തി അവർ കൂടുതൽ മന:പാഠമാക്കാൻ ഇരുപത്തിയഞ്ചു ദിവസങ്ങളിലായി ക്വിസ് നടത്തുകയും ചെയ്തു.

**കളിയും കാര്യവും – ഓൺലൈൻ ഗെയിം**

കെ. സി. എസ്. എൽ പാലായുടെ ആഭിമുഖ്യത്തിൽ എസ്. എം. വൈ. എം മാൻവെട്ടവും എസ്. എം. വൈ. എം പൂവരണിയും സംയുക്തമായി ഒരുക്കിയ കളിയും കാര്യവും (Family Entertainment Online game competition) തുടർച്ചയായി 25 ദിവസങ്ങൾ പൂർത്തിയാക്കി അവസാനിപ്പിച്ചു. മെയ് 6 മുതൽ 30 വരെയായിരുന്നു മത്സരങ്ങൾ. പ്രായഭേദമെന്യേ ആർക്കും പങ്കെടുക്കാവുന്ന ഈ ഗെയിമിൽ വിജ്ഞാനപ്രദവും വിനോദകരവുമായ കാര്യങ്ങൾ ഒത്തൊരുമിച്ചുള്ള തിനാൽ കുടുംബാംഗങ്ങളൊന്നിച്ചുള്ള മറക്കാനാവാത്ത സുന്ദര നിമിഷമായി പലരും 25 ദിവസങ്ങൾ പൂർത്തിയാക്കിയപ്പോൾ അഭിപ്രായപ്പെട്ടു. 6 റൗണ്ടുകളിലായി ദിവസവും 1300 ഓളം മത്സരാർത്ഥികൾ പങ്കെടുത്തു. 138 വിന്നേർസ്, 138 ലക്കി സ്റ്റാർസ്, 28 സ്റ്റാർസ് കൂടാതെ സ്പെഷ്യൽ ടാസ്കുകളിലും മത്സരാർത്ഥികൾ സമ്മാനാർഹരായി. സമ്മാനാർഹരായവരുടെ ഫോട്ടോ എസ്. എം. വൈ. എം മാൻവെട്ടം എസ്. എം. വൈ. എം പൂവരണിയും ഒഫീഷ്യൽ ഇൻസ്റ്റാഗ്രാം, ഫെയ്സ്ബുക്ക് പേജുകളിൽ ഇടുകയും ചെയ്തു. മത്സരത്തിന്റെ അവസാന ദിവസം മത്സരാർത്ഥികൾ അവരുടെ നല്ല നല്ല അഭിപ്രായങ്ങൾ വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു. കെ. സി. എസ്. എൽ ഡയറക്ടറും പൂവരണി പള്ളി അസി. വികാരിയുമായ ജീമോൻ പനച്ചിക്കൽ കരോട്ട് അച്ചനോടൊപ്പം ഈ ഗെയിം കോമ്പറ്റീഷനു നേതൃത്വം നൽകിയത് മാൻവെട്ടം അസിസ്റ്റന്റ് വികാരി ഫാ. ജെയിംസ് ചൊവ്വേലിക്കുടിയിൽ, അനിമോൾ സാജു, റോജൻ റോബി, അഗസ്റ്റിൻ ജോർജ്, ജോർജ് ജോസഫ്, ജോബിൻസ് ജോണി, സിറിൽ സെബാസ്റ്റ്യൻ, ടിൻസി ബാബു, ജിയ ജിജി, ജിലു ജിജി എന്നിവരടങ്ങുന്ന ഒരു ടീമാണ്.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

മെയ് 23, 30 തീയതികളിലായി ഗൂഗിൾ മീറ്റ് വഴി ഉച്ചകഴിഞ്ഞ് 2 മണിമുതൽ 3 മണിവരെ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. കൊറോണ എന്ന മഹാമാരി നീണ്ടു നിൽക്കുന്ന അവസരത്തിൽ കെ. സി. എസ്. എൽ ന്റെ ആഭിമുഖ്യത്തിൽ സമൂഹത്തിന് ഒരു ചെറിയ സഹായം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി പൾസ് ഓക്സീമീറ്റർ വാങ്ങി നൽകുക എന്നതിനെക്കുറിച്ച് ചർച്ച നടത്തുകയും ഫണ്ട് കണ്ടെത്തുന്നതിനെക്കുറിച്ച് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. അതെതുടർന്ന് പൾസ് ഓക്സീമീറ്റർ വാങ്ങി ഗവൺമെന്റ് ഹോസ്പിറ്റലുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, വൃദ്ധസദനങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യാൻ തീരുമാനിച്ചു. കെ. സി. എസ്. എൽ ഡയറക്ടർ ഫാ. ജീമോൻ പനച്ചിക്കൽ കരോട്ട് ചർച്ചയ്ക്ക് നേതൃത്വം നൽകി. എക്സിക്യൂട്ടിവംഗങ്ങൾ എല്ലാവരും മീറ്റിംഗിൽ പങ്കെടുത്തു.

**ക്ലബ് ഹൗസ് – ലൈവ് ഡെമോ വെബിനാർ**

കെ. സി. എസ്. എൽ പാലായുടെ ആഭിമുഖ്യത്തിൽ എസ്. എം. വൈ. എം പൂവരണി യൂണിറ്റും എസ്. എം. വൈ. എം പാലാ ഫെറോനായും സംയു

ക്തമായി ക്ലബ്ഹൗസ് എന്ന ആപ്ലിക്കേഷനെപ്പറ്റി നടത്തിയ ലൈവ് ഡെമോ വെബിനാർ എല്ലാവരുടെയും ശ്രദ്ധയാകർഷിച്ചു. ജൂൺ 6 ഞായറാഴ്ച രാവിലെ 11 മണി മുതൽ ഗൂഗിൾ മീറ്റിലും യൂട്യൂബിലുമായി നടത്തപ്പെട്ട ഈ വെബിനാർ ഇപ്പോൾ യൂട്യൂബിൽ ഏകദേശം രണ്ടായിരം ആളുകൾ കണ്ട ഒരു വീഡിയോ ആയി മാറിക്കഴിഞ്ഞു.

ഫാദർ ടെക്ക് ക്രൂ നേതൃത്വം കൊടുത്ത ഈ ഓൺലൈൻ പ്രോഗ്രാമിൽ പ്രഗത്ഭരായ നിരവധി സോഷ്യൽ മീഡിയ മോഡറേറ്റർസിനെയാണ് പരിചയപ്പെടാൻ കഴിഞ്ഞത്. ഫാ. ജീമോൻ പനച്ചിക്കൽ കരോട്ട്, സാജൻ പാപ്പച്ചൻ, അജു ഫ്രാൻസിസ്, അഞ്ജന ഫിലിപ്പ്, ആഷ്‌ലി ഫ്രാൻസിസ്, ജെയ്സൺ വർഗീസ്, ജോസ്മി ജെയിംസ് തുടങ്ങിയവർ ഈ ലൈവ് ഡെമോ വെബിനാറിന്റെ ശ്രദ്ധാകേന്ദ്രങ്ങളായി. ഏവർക്കും പ്രയോജനകരമായ ഈ വെബിനാറിന്റെ ലിങ്ക് 'ഫാദർ ടെക്' യുട്യൂബ് ചാനലിൽ ലഭ്യമാണ്.

**സൗജന്യ പൾസ് ഓക്സീമീറ്റർ വിതരണം**

കെ. സി. എസ്. എൽ പാലായുടെ ആഭിമുഖ്യത്തിൽ സൗജന്യ പൾസ് ഓക്സീമീറ്റർ വിതരണം ജൂൺ 11 ന് രാവിലെ 11 മണിക്ക് ബിഷപ്പ് ഹൗസിൽ വച്ച് പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, മുൻസിപ്പൽ ചെയർമാൻ ശ്രീ ആന്റോ പടിഞ്ഞാറേക്കരക്ക് നൽകി നിർവഹിച്ചു. പ്രസ്തുത ചടങ്ങിൽ കെ. സി. എസ്. എൽ പാലാ രൂപത ഡയറക്ടർ ഫാ. ജീമോൻ ജയിംസ് പനച്ചിക്കൽ കരോട്ട് സ്വാഗതവും, മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടന സന്ദേശവും, ശ്രീ ആന്റോ പടിഞ്ഞാറേക്കര ആശംസയും അർപ്പിച്ച് സംസാരിച്ചു. തദവസരത്തിൽ പാലാ ഗവൺമെന്റ് ഹോസ്പിറ്റൽ ആർ. എം. ഒ ഡോ. ഷോളി മാത്യു, ഡോ. അപ്പു അബ്രാഹം, ഡോ. രാജേഷ്, കെ. സി. എസ്. എൽ വൈസ് പ്രസിഡന്റ് ശ്രീ. എബി ജോസ്, ഓർഗനൈസർ ശ്രീ. സജിമോൻ പി. മാത്യു, റീജന്റ് ബ്രദർ ക്രിസ്റ്റോ പുള്ളിക്കാട്ടിൽ എന്നിവർ സന്നിഹിതരായിരുന്നു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ കോട്ടയം ജില്ലയിൽപ്പെട്ട ഗവൺമെന്റ് ഹോസ്പിറ്റലുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, വൃദ്ധസദനങ്ങൾ എന്നിവിടങ്ങളിൽ പൾസ് ഓക്സീമീറ്റർ വിതരണം ചെയ്തു. പൾസ് ഓക്സിമീറ്റർ സൗജന്യമായി നൽകാൻ കെ സി എസ് ൽ സംഘടനയിലെ പൂർവ്വ അംഗങ്ങളും ഇപ്പോളത്തെ എക്സിക്യൂട്ടീവ് അംഗങ്ങളും തയ്യാറായിരുന്നു.

**ഫാ. ജീമോൻ ജെയിംസ് പനച്ചിക്കൽ കരോട്ട്** (ഡയറക്ടർ)

## എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. കോവിഡ് മൃതസംസ്കാരച്ചടങ്ങുകൾ**

എസ്.എം.വൈ.എം. യുവാക്കളുടെ മുഖ്യപങ്കാളിത്തത്തോടെ ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ കോവിഡ് മൃതസംസ്കാരച്ചടങ്ങുകൾ കോവിഡ് സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചു നടത്തി. ഇതോടൊപ്പം സുരക്ഷയുടെ ഭാഗമായ മാസ്കുകൾ, സാനിറ്റൈസർ, പി.പി.ഇ. കിറ്റുകൾ എന്നിവയുടെ വിതരണവും നടത്തി.

ആകെ 170 അടക്കുകളാണ് എസ്.എം.വൈ.എം. യുവാക്കളുടെ നേതൃത്വത്തിൽ ഇതുവരെ നടന്നത്. ഇവയിൽ ഹൈന്ദവസഹോദരങ്ങളുടെയും അനാഥരുടെയും ഇതരക്രൈസ്തവസഭാവിഭാഗങ്ങളുടെയും മൃതസംസ്കാരം ഉൾപ്പെടുന്നു.

**2. കോവിഡ് വാക്സിനേഷൻ സെന്ററിൽ വോളന്റിയർ സർവീസ്**

കോവിഡ് കാലത്ത് സുവിശേഷസാക്ഷ്യമായി പാലാ ഗവൺമെന്റ് സ്കൂളിൽ പ്രവർത്തിക്കുന്ന കോവിഡ് വാക്സിനേഷൻ സെന്ററിൽ രജിസ്ട്രേഷനുവേണ്ടി റിസപ്ഷൻ വോളന്റിയർസായി എസ്.എം.വൈ.എം. യുവതീയുവാക്കൾ പ്രവർത്തിച്ചുവരുന്നു.

**3. രക്തദാനം**

ആവശ്യക്കാർ വിളിക്കുന്നതിനനുസരിച്ച് യുവാക്കൾ രക്തദാനം സജീവമായി നടത്തിവരുന്നു. ഫോൺ : 9400274868, 8078511560.

**4. പി.എസ്.സി. കോച്ചിംഗ്**

എസ്.എം.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ യുവാക്കളെ പി.എസ്.സി. പരീക്ഷയ്ക്ക് ഒരുക്കാനുള്ള ഓൺലൈൻ ക്ലാസുകൾ തുടർന്നുകൊണ്ടിരിക്കുന്നു. പുതിയ അഡ്മിഷനുകൾ സ്വീകരിച്ച് പുതിയ ബാച്ചുകൾ തുടങ്ങാനും പദ്ധതിയിടുന്നു. ഫോൺ. 9400612740.

**5. യൂണിറ്റ് രജിസ്ട്രേഷൻ**

എസ്.എം.വൈ.എം. യൂണിറ്റ് രജിസ്ട്രേഷനുകൾ തുടർന്നുകൊണ്ടിരിക്കുന്നു. ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ ഇതിനോടകം 20 യൂണിറ്റുകൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ഇനി ചെയ്യാനുള്ളവർ എസ്.എം.വൈ.എം. ന്റെ ഷാലോം പാസ്റ്ററൽ സെന്ററിലെ രൂപത ഓഫീസിലെത്തി ചെയ്യേണ്ടതാണ്. ഫോൺ : 9846342478.

**6. നിവേദനപത്രിക സമർപ്പിച്ചു**

കോവിഡുകാലത്ത് പ്ലസ്ടു പ്രാക്ടിക്കൽ പരീക്ഷ നടത്തുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ ബോധ്യപ്പെടുത്തി പരീക്ഷ റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു ബഹു. വിദ്യാഭ്യാസമന്ത്രിക്ക് എസ്.എം.വൈ.എം. രൂപത സമിതി നിവേദനപത്രിക അയച്ചു.

**7. ഷാലോം മീറ്റ്**

കുടുംബവർഷത്തോടനുബന്ധിച്ച് ഷാലോം പാസ്റ്ററൽ സെന്ററിൽ ഏപ്രിൽ 9 വെള്ളിയാഴ്ച എല്ലാ സംഘടനകളും വിളിച്ചുചേർത്തു നടത്തപ്പെട്ട ചർച്ചയിൽ എസ്.എം.വൈ.എം. ഡയറക്ടറും പ്രസിഡന്റും വൈസ് പ്രസിഡന്റും സജീവമായി പങ്കെടുത്തു. വികാരി ജനറാൾ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് പരിപാടിയിൽ അധ്യക്ഷനായിരുന്നു.

**8. യാത്രയയപ്പു മംഗളങ്ങൾ**

പാലാ രൂപത എസ്.എം.വൈ.എം. റീജന്റായി സേവനം ചെയ്ത ബ്രദർ ഡാൻ (സെബാസ്റ്റ്യൻ) കടുപ്പിലിന് സ്നേഹനിർഭരമായ യാത്രാമംഗളങ്ങൾ നല്കി.

**9. സ്വാഗതം**

പാലാ രൂപത എസ്.എം.വൈ.എം. റീജന്റായി നിയമിതനായ ബ്രദർ സേവ്യർ (ജോബിൻ) മുക്കുടിക്കാട്ടിലിനു സ്വീകരണം നല്കി.

**10. രജതജൂബിലി ആഘോഷം**

ഷാലോം പാസ്റ്ററൽ സെന്ററിന്റെ സ്ഥാപനത്തിന്റെ രജതജൂബിലി ഹ്രസ്വമായി 13-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ ആഘോഷിച്ചു. എസ്.എം.വൈ.എം.നെ പ്രതിനിധീകരിച്ച് പ്രസിഡന്റ് അഡ്വ. സാം സണ്ണിയും വൈസ് പ്രസിഡന്റ് സുസ്മിത സ്കറിയയും പങ്കെടുത്തു. ചടങ്ങിൽ എസ്.എം. വൈ.എം. ഡയറക്ടർ കൃതജ്ഞത പ്രകാശിപ്പിച്ചു.

**11. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ സാമ്പത്തിക സാമൂഹിക സർവേ**

കോശി കമ്മീഷനുമുമ്പിൽ സമർപ്പിക്കുവാനായി കെ.സി.ബി.സി നടത്തുന്ന സാമ്പത്തിക സർവേയുമായി ബന്ധപ്പെട്ട മീറ്റിംഗ് ഏപ്രിൽ 15-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ബിഷപ്സ് ഹൗസിൽ നടന്നു. കേരളത്തിലെ ക്രൈസ്തവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതി പഠിച്ച് നിർദ്ദേശങ്ങൾ റിട്ട. ജസ്റ്റിസ് ജെ. ബി. കോശി അധ്യക്ഷനായി നിയമിച്ച കമ്മീഷൻ മുമ്പാകെ സമർപ്പിക്കാനായി കേരള കത്തോലിക്ക സഭയിലെ 32 രൂപതകളിലും നടത്തുന്ന സാമ്പിൾ സർവേയുടെ ചോദ്യാവലി തയ്യാറായി. അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ കുടുംബകൂട്ടായ്മ കോർഡിനേറ്റർ ശ്രീ. തോമസ് വടക്കേലിന് ചോദ്യാവലിയുടെ ആദ്യ കോപ്പി നൽകി പ്രകാശനം ചെയ്തു. സർവേയുടെ നടത്തിപ്പിനായുള്ള 80 യുവാക്കളുടെ ട്രെയിനിംഗ് സെഷനും ഉണ്ടായിരുന്നു.

**12. പാലാ ദേശത്തു നസ്രാണി യൂത്ത് ഫോറം യോഗം**

പാലാ എന്ന പുരാതന നസ്രാണി കേന്ദ്രവുമായി ബന്ധപ്പെട്ടുകിടക്കുന്ന, ടൗണിലും ചുറ്റുമുള്ള സ്ഥലങ്ങളിലെ നസ്രാണിയുവാക്കളുടെ യോഗം എസ്. എം.വൈ.എം. ഓഫീസിൽ ഏപ്രിൽ 17 ശനിയാഴ്ച വൈകിട്ട് 6 ന് നടന്നു. പാലാ രൂപതയിൽ പുരാതനമായ 20 ക്രൈസ്തവകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് നസ്രാണി യുവാക്കളുടെ വാട്സ് ആപ്പ് ഗ്രൂപ്പുകൾ തുടങ്ങിയിരിക്കുന്നു. യോഗങ്ങൾക്കായി ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

**12. എസ്.എം.വൈ.എം. ഇടവകയോഗം**

ഏപ്രിൽ 18 ഞായറാഴ്ച ഇളംതോട്ടം ഇടവകയിൽ യുവതീയുവാക്കൾക്കായി രൂപത ഡയറക്ടർ പരി. കുർബാനയർപ്പിക്കുകയും എ, ബി യൂണിറ്റുകളുടെ സംയുക്ത യോഗത്തിൽ സംബന്ധിച്ച് സംവാദത്തിനു നേതൃത്വം നല്കുകയും ചെയ്തു.

**14. സർവേയ്ക്കു ഒരുക്കമായി കുടുംബകൂട്ടായ്മകൾക്ക് നേതൃത്വം നല്കി**

കോശി കമ്മീഷൻ മുമ്പാകെ സമർപ്പിക്കുവാനായി സഭാതലത്തിൽ ശാസ്ത്രീയമായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന 12 ഇടവകകളിലെ നിശ്ചിത കുടുംബങ്ങളുടെ സർവ്വേയ്ക്കായി രൂപതയിലെ പബ്ലിക് അഫയേഴ്സ് കമ്മിറ്റിയോടും കുടുംബകൂട്ടായ്മ ലീഡേഴ്സിനോടുമൊപ്പം എസ്.എം.വൈ.എം. രൂപത സമിതിയിൽനിന്നും അംഗങ്ങൾ മല്ലികശേരി, ളാലം പഴയപള്ളി, മൂഴൂർ, ജിയോവാലി, മൂന്നിലവ്, അരുവിത്തുറ, ഭരണങ്ങാനം ഇടവകകളിൽ കുടുംബകൂട്ടായ്മകൾക്ക് വിവിധ ദിവസങ്ങളിൽ നേതൃത്വം നല്കി.

**15. വെർചൽ പ്രതിഷേധസമരം**

കോവിഡ് വാക്സിന്റെ വില വർധനവിനെതിരെയും ഓക്സിജന്റെയും

വാക്സിന്റെയും ദൗർലഭ്യത്തിനെതിരെയും പാലാ രൂപതയിലെ എസ്.എം.വൈ.എം. ഫൊറോന പ്രസിഡന്റുമാരോടു ചേർന്ന് വെർച്വൽ പ്രതിഷേധസമരം ഫെയ്സ്ബുക്ക്, ഇൻസ്റ്റാഗ്രാം എന്നീ സാമൂഹികമാധ്യമങ്ങളിൽ ഏപ്രിൽ 25 ന് നടത്തി.

**16. സാമ്പിൾ സർവേ**

മൂഴൂർ, ജിയോവാലി, ളാലം പഴയപള്ളി, മല്ലികശ്ശേരി, അരുവിത്തുറ, ഭരണങ്ങാനം എന്നീ ഇടവകകളിലായി എസ്.എം.വൈ.എം. ലെ യുവജനങ്ങൾ 450 ഓളം കുടുംബങ്ങളുടെ സാമ്പിൾ സർവേ ഏപ്രിൽ 27 ചൊവ്വാഴ്ച നടത്തി. മൂന്നിലവ് ഇടവകയിലെ സർവേ വിവരങ്ങൾ പ്ലാശനാൽ യൂണിറ്റിലെ യുവതീയുവാക്കൾ പൂർത്തീകരിച്ചു.

**17. മാർ യൗസേപ്പിന്റെ വർഷത്തിലെ മെയ്ദിനാചരണം സൗജന്യ തൊഴിൽ പരിശീലനത്തോടെ നടത്തി**

മാർ യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച് പാലാ രൂപത പി.എസ്.ഡബ്ല്യു.എസും എസ്.എം.വൈ.എം.ഉം സംയുക്തമായി സംഘടിപ്പിക്കുന്ന സൗജന്യ തൊഴിൽ പരിശീലനം ആരംഭിച്ചു. പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ഏപ്രിൽ 30 ഉച്ചയ്ക്ക് 2.30 ന് ഉദ്ഘാടനം ചെയ്തു. തൊഴിൽ സാധ്യത ഏറിയ CCTV Camera Installation, Solar System, UPS, Invertor Assembling and Installation, Automation Devicer, Sound System Operation and Servicing, LED Display Wall, Computer Hardware and Networking തുടങ്ങി വിവിധ മേഖലകളിൽ പരിശീലനം നല്കുന്ന Multi Skill Technician Course ആണിത്. കൂടുതൽ വിവരങ്ങൾക്കായി 8281777520 ൽ ബന്ധപ്പെടുക.

**18. കോവിഡ് ടാസ്ക് ഫോഴ്സ്**

ഫൊറോനാതലത്തിലോ ഇടവകതലത്തിലോ പ്രാദേശികമായോ കോവിഡ് ടാസ്ക് ഫോഴ്സ് രൂപീകരിച്ച് യുവാക്കളുടെ നേതൃത്വത്തിലോ പങ്കാളിത്തത്തോടെയോ കോവിഡ് ബാധിച്ചുകഴിയുന്ന കുടുംബങ്ങളിലും കണ്ടയ്ൻമെന്റ് സോണുകളിലുമുള്ള വീടുകളിലും ഭക്ഷണം, മരുന്ന് തുടങ്ങിയവയോ മറ്റ് സഹായങ്ങളോ നല്കുന്നതിന് രൂപത സമിതി ആഹ്വാനം ചെയ്യുന്നു. വിവിധ യൂണിറ്റുകൾ ഇത്തരം കാര്യങ്ങൾ മുന്നിട്ടിറങ്ങി ചെയ്യുന്നതിന് അഭിനന്ദനങ്ങൾ.

**19. രക്തദാന ക്യാമ്പ്**

കോവിഡ് വാക്സിനേഷനുശേഷം ഒരു മാസത്തേയ്ക്ക് രക്തദാനം ചെയ്യാൻ സാധിക്കില്ലാത്തതിനാൽ അക്കാലയളവിൽ രക്തത്തിന്റെ ദൗർലഭ്യം ഉണ്ടാകരുതെന്ന ഉദ്ദേശ്യത്തോടുകൂടി എസ്.എം.വൈ.എം. സംഘടന മാർ സ്ലീവാ മെഡിസിറ്റിയോടോ മറ്റ് ആശുപത്രികളുമായോ സഹകരിച്ച് രക്തദാന ക്യാമ്പയിന് ആഹ്വാനം ചെയ്യുന്നു. ചില യൂണിറ്റുകൾ ചെയ്തുകഴിഞ്ഞു, ബാക്കിയുള്ളവരും ശ്രദ്ധിക്കുമല്ലോ. ചെയ്യുന്നവർക്ക് അഭിനന്ദനങ്ങൾ.

**20. മെയ്മാസ വണക്കം**

എസ്.എം.വൈ.എം. ന്റെ രൂപതസമിതിയുടെ ആഭിമുഖ്യത്തിൽ വിവിധ ഇടവകകളിലെ യൂണിറ്റുകളുമായി സഹകരിച്ച് എല്ലാദിവസവും 7. pm ന് ഓൺലൈ

നായി വണക്കമാസപ്രാർത്ഥന നടത്തി. രൂപത സമിതി ഭാരവാഹികളും ആനിമേറ്റേഴ്സും ഇടവക ഭാരവാഹികളും പ്രാർത്ഥനയിൽ നേതൃത്വം നൽകി.

**21. കെ.സി.വൈ.എം. – എസ്.എം.വൈ.എം. മീറ്റിംഗ്**

കെ.സി.വൈ.എം. സംസ്ഥാന സമിതിയും പാലാ രൂപത എസ്.എം.വൈ.എം. നേതൃത്വവുമായുള്ള ഓൺലൈൻ മീറ്റിംഗ് മെയ് 13 വ്യാഴാഴ്ച നടന്നു. അംഗങ്ങൾ പരസ്പരം പരിചയപ്പെടുകയും പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

**22. പബ്ലിക് അഫേഴ്സ് കമ്മീഷൻ മീറ്റിംഗ്**

സീറോമലബാർ സഭയുടെ പബ്ലിക് അഫേഴ്സ് കമ്മീഷന്റെ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷനുമായി ബന്ധപ്പെട്ട മെയ് 14 ന് നടന്ന ചർച്ചയിൽ രൂപതാ ഡയറക്ടർ പങ്കെടുത്തു.

**23. ART 2021**

കെ.സി.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ രൂപത തലത്തിൽ നല്ല നേതൃത്വത്തെ വളർത്തിയെടുക്കാനും സഭാ - സാമൂഹിക വിഷയങ്ങൾ യുവജനങ്ങളിലേക്ക് എത്തിക്കാനുംവേണ്ടി രൂപതയിലെ റിസോഴ്സ് പേഴ്സൺസിനായി നടത്തപ്പെട്ട Animation of Resource Team ന്റെ ഉദ്ഘാടനം ഓൺലൈൻ സാധ്യതകൾ പ്രയോജനപ്പെടുത്തി മെയ് 16 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 ന് നടന്നു. തുടർന്ന് 18,20 തീയതികളിൽ നടന്ന സെമിനാറുകളിലും ക്ലാസുകളിലും എസ്.എം.വൈ.എം. അംഗങ്ങൾ സജീവമായി പങ്കെടുത്തു.

**24. കാർഷിക സർവകലാശാല ഇന്റർവ്യൂ ട്രെയിനിംഗ്**

യുവാക്കൾക്ക് കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്നതിനും കാർഷിക മേഖലയിലുള്ള അവസരങ്ങളെ പരിചയപ്പെടുത്തുന്നതിനുംവേണ്ടി എസ്.എം.വൈ.എം ന്റെയും പി.എസ്.ഡബ്ല്യൂ.എസിന്റെ സംയുക്തമായ നേതൃത്വത്തിൽ കാർഷിക സർവകലാശാലയിലെ വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകളെപ്പറ്റിയുള്ള ഓറിയന്റേഷൻ ക്ലാസ് മെയ് 20 നു നടന്നു.

**25. ഓൺലൈൻ യൂണിറ്റ് വിസിറ്റ്**

എസ്.എം.വൈ.എം.ന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുവാനും ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാനും രൂപത സമിതിയും വിവിധ യൂണിറ്റുകളുമായി പരിചയപ്പെടുവാനുമായി 'ക്നുശ്താ' എന്ന പേരിലുള്ള ഓൺലൈൻ വിസിറ്റ് ആരംഭിച്ചു. കുടയത്തൂർ, മൂലമറ്റം, എടാട്, കുളമാവ്, എന്നീ യൂണിറ്റുകളിലെ മീറ്റിംഗ് മെയ് മാസത്തിൽ നടന്നു. രൂപത സമിതി അംഗങ്ങളും ആനിമേറ്റേഴ്സും യൂണിറ്റ് അംഗങ്ങളും മീറ്റിംഗിൽ സജീവമായി പങ്കെടുത്തു.

**26. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സഹായിച്ചു.**

ചെല്ലാനം തീരദേശമേഖലയെ സാമ്പത്തികമായി സഹായിക്കാനുള്ള കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ ആഹ്വാനമനുസരിച്ച് എസ്.എം.വൈ.എം. പാലാ രൂപത സഹകരിച്ചു.

**27. സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു.**

കോവിഡ് രണ്ടാം തരംഗത്തിൽ കഷ്ടത അനുഭവിക്കുന്നവർക്ക് സഹായ ഹസ്തവുമായി എസ്.എം.വൈ.എം. മറ്റു സംഘടനയുമായി ചേർന്ന് രൂപതയിലെ

വിവിധ ഗ്രാമപഞ്ചായത്തുകളിലെ കമ്മ്യൂണിറ്റി കിച്ചനിലേക്കും അഗതി മന്ദിരത്തിലും ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്തുവരുന്നു. ഭക്ഷ്യ വസ്തുക്കളുടെ വിതരണോദ്ഘാടനം മാർ ജോസഫ് കല്ലറങ്ങാട്ട് മെയ് 28 വെള്ളിയാഴ്ച നിർവഹിച്ചു.

**28. മാർഗ്ഗാനീസ**

അനുദിന വിശുദ്ധരെ പരിചയപ്പെടുത്തുന്ന ഒരു ലഘുവിവരണം മാർഗ്ഗാനീസ എന്ന പേരിൽ എല്ലാ ദിവസവും വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ യുവാക്കളിൽ എത്തിക്കുന്നു.

**29. കോശി കമ്മീഷനെ സംബന്ധിച്ച സൂം മീറ്റിംഗ്**

കേരള ക്രിസ്റ്റ്യൻ മൈനോരിറ്റിയുടെ അവസ്ഥ, ക്ഷേമപദ്ധതികൾ എന്നിവയെപ്പറ്റി പഠിക്കാൻ ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷനുമായി ബന്ധപ്പെട്ട് രൂപതയിൽ എന്തൊക്കെ ചെയ്യാം എന്നതുമായി ബന്ധപ്പെട്ട് ജൂൺ 4-ാം തീയതി രാവിലെ 10.30 ന് അഭി. പിതാക്കന്മാരുടെയും രൂപതയിലെ വൈദികരുടെയും സമർപ്പിതരുടെയും അല്മായനേതാക്കളുടെയും സൂം മീറ്റ് എസ്.എം.വൈ.എം.ന്റെയും മറ്റ് സംഘടനകളുടെയും പങ്കാളിത്തത്തോടെ നടത്തി. 300 ഓളം വ്യക്തികൾ പങ്കെടുത്തു.

**30. പരിസ്ഥിതിദിനാചരണം**

പരിസ്ഥിതിദിനത്തോടനുബന്ധിച്ച് എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ 'Hug a Tree' എന്ന പേരിൽ ഓൺലൈൻ ഫോട്ടോഗ്രഫി മത്സരം നടത്തി പ്രായഭേദമന്യേ നൂറ്റിയമ്പതോളം ആളുകൾ പങ്കെടുത്തു.

**31. ഫൊറോന യൂത്ത് അസംബ്ലി**

എസ്.എം.വൈ.എം. രൂപത സമിതിയുടെ നേതൃത്വത്തിൽ 17 ഫൊറോനകളിലും ജെ.ബി.കോശി കമ്മീഷനെപ്പറ്റിയും ന്യൂനപക്ഷ അവകാശങ്ങളെപ്പറ്റിയും ബോധ്യപ്പെടുത്തി ഫൊറോന യൂത്ത് അസംബ്ലികൾ വിവിധ ദിവസങ്ങളിൽ ഓൺലൈനായി നടത്തിവരുന്നു. ഫൊറോന സമിതിയംഗങ്ങൾ, യൂണിറ്റ് ഭാരവാഹികൾ, അതാതു ഫൊറോനകളിലെ എസ്.എം. വൈ.എം. അംഗങ്ങളോ അല്ലാത്തവരോ ആയ യുവതീയുവാക്കൾ എന്നിവരാണ് പങ്കെടുക്കുന്നത്.

മുട്ടുചിറ - ജൂൺ 8,11 am; പാലാ, ഇലഞ്ഞി - ജൂൺ 12, 10.00 am; കുറവിലങ്ങാട് - ജൂൺ 12, 2 pm; കോതനല്ലൂർ - ജൂൺ 16, 2 pm; തുടങ്ങനാട്, അരുവിത്തുറ, ഭരണങ്ങാനം - ജൂൺ 19, 1 pm; പ്രവിത്താനം - ജൂൺ 21, 2 pm; രാമപുരം - ജൂൺ 23, 2 pm; പൂഞ്ഞാർ - ജൂൺ 25, 11 am; കൂട്ടിക്കൽ, തീക്കോയി - ജൂൺ 25, 2 pm; മൂലമറ്റം, കടനാട്, കടുത്തുരുത്തി - ജൂൺ 26, 11 am; ചേർപ്പുങ്കൽ - ജൂൺ 26, 2 pm.

17 ഫൊറോനകളിലായി ലഹരിവിരുദ്ധമാസാചരണവുമായി ബന്ധപ്പെട്ട് അഡാർട്ട് പാലായുടെ നേതൃത്വത്തിൽ നടത്തിയ സെമിനാറുകളിൽ രണ്ടായിരത്തോളം യുവാക്കൾ പങ്കെടുത്തു.

**32. കെ.സി.വൈ.എം. സംസ്ഥാന സൂം മീറ്റിംഗ്**

ജൂൺ 9-ാം തീയതി വൈകിട്ട് 7 ന് കോശി കമ്മീഷനെ കുറിച്ചുള്ള കാര്യ

ങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാന സമിതി സംഘടിപ്പിച്ച വെബിനാറിൽ രൂപത സമിതിയും വിവിധ യുവാക്കളും പങ്കെടുത്തു.

**33. ലഹരി വിമുക്ത യുവത - ലഹരിവിരുദ്ധ മാസം**

ജൂൺ 26 ലഹരിവിരുദ്ധദിനം പ്രമാണിച്ച് ജൂൺ മാസം ലഹരി വിമുക്ത യുവത എന്ന ലക്ഷ്യത്തോടെ യുവാക്കൾക്കായി അഡാർട്ടുമായി സഹകരിച്ച് വെബിനാർ നടത്തിവരുന്നു. 17 ഫൊറോനകളിലും സംഘടിപ്പിക്കുന്ന ക്ലാസുകൾ അഡാർട്ട് ഡയറക്ടർ ഫാ. ജോസഫ് മരുതൂക്കിൽ, ബഹു. സെബാസ്റ്റ്യൻ സാർ എന്നിവർ നയിക്കുന്നു. 26-ാം തീയതി കോട്ടയം ജില്ലാ തലത്തിൽ വിപുലമായ രീതിയിൽ ലഹരിവിരുദ്ധദിനം ആചരിക്കുന്നു.

**34. ഗുഡ് സമരിറ്റൻ കോവിഡ് ടാസ്ക് ഫോഴ്സ് ലീഡേഴ്സിന് ഐഡി കാർഡ്**

പാലാ രൂപത എസ്.എം.വൈ.എം. മറ്റു സംഘടനകളുമായി ചേർന്നു രൂപീകരിച്ച ഗുഡ് സമരിറ്റൻ ടാസ്ക് ഫോഴ്സ് ഫൊറോന ലീഡേഴ്സിന് തിരിച്ചറിയൽ കാർഡ് വിതരണം ജൂൺ 14-ാം തീയതി തിങ്കളാഴ്ച ബിഷപ്സ് ഹൗസിൽ വച്ച് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. അതിനോടനുബന്ധിച്ച് രൂപതയിലെ കെയർ ഹോമുകളിലേക്ക് മെഡിക്കൽ കിറ്റ് വിതരണവും അണുനശീകരണത്തിനായുള്ള ഫോഗിംഗ് മെഷീനിന്റെ ഉദ്ഘാടനവും നടത്തി.

**35. സഹായഹസ്തവുമായി എസ്.എം.വൈ.എം. അംഗങ്ങൾ**

എടാട് ഇടവകാതിർത്തിയിൽപെട്ട ആവശ്യക്കാരിലേക്ക് ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടുന്ന 60 കിറ്റുകൾ ഇടവകയിലെ എസ്.എം.വൈ.എം. യുവജനങ്ങൾ ജൂൺ 20 തിങ്കളാഴ്ച വിതരണം ചെയ്തു. കുറവിലങ്ങാട്, മോനിപ്പിള്ളി, കാട്ടാമ്പാക്ക്, മരങ്ങോലി, ഇലഞ്ഞി, വേദഗിരി, ഏന്തയാർ, തുടങ്ങനാട്, ളാലം ന്യൂ, ളാലം ഓൾഡ്, തീക്കോയി, മണലുങ്കൽ, മുട്ടുചിറ, മരങ്ങാട്ടുപിള്ളി എന്നീ യൂണിറ്റുകളേയും വ്യക്തിപരമായ സഹായിച്ചവരെയും പ്രത്യേകം നന്ദിയോടെ ഓർക്കുന്നു.

**36. കോവിഡ് കാലത്ത് കരുതലോടെ എസ്.എം.വൈ.എം.ഉം ജീസസ് യൂത്തും**

അൽഫോൻസാപുരം ഇടവകാതിർത്തിയിൽപെട്ട കോവിഡ് രോഗബാധയാൽ വിഷമിക്കുന്ന നാല് സെന്റ് കോളനിയിലെ അമ്പതോളം കുടുംബങ്ങൾക്ക് പതിനൊന്ന് പലചരക്കുസാധനങ്ങൾ ഉൾപ്പെടുന്ന കിറ്റുകൾ എസ്.എം.വൈ.എം.ന്റെയും ജീസസ് യൂത്തിന്റെയും നേതൃത്വത്തിൽ വിതരണം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ എന്നിവർ ചേർന്ന് എസ്.എം.വൈ.എം. പ്രസിഡന്റിൽനിന്നും ഇടവകവികാരി എസ്.എം.വൈ.എം. രൂപത ഡയറക്ടർ ജീസസ് യൂത്ത് പ്രതിനിധികൾ എന്നിവരുടെ സാന്നിധ്യത്തിൽ ഏറ്റുവാങ്ങുന്നു.

**37. അന്താരാഷ്ട്ര ലഹരിവിരുദ്ധദിനാചരണം**

ജൂൺ 26 അന്താരാഷ്ട്ര ലഹരിവിരുദ്ധദിനത്തോടനുബന്ധിച്ച് കോട്ടയം ജില്ല സാമൂഹിക നീതി വകുപ്പും അഡാർട്ടും രൂപത എസ്.എം.വൈ.എം. യുവാക്കൾക്കായി വെബിനാർ നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, അഡീഷണൽ ഡിസ്ട്രിക് മജിസ്ട്രേറ്റ്, അഡാർട്ട് പാലാ ഡയറക്ടർ എന്നിവർ മീറ്റിംഗിൽ സംസാരിച്ചു. തുടർന്ന് ശ്രീ വി.സി. സെബാസ്റ്റ്യൻ ലഹരിവിരുദ്ധ സെമിനാറും നടത്തി.

## നടക്കാനിരിക്കുന്നവ

**1. കായികമത്സരം**

യുവജനങ്ങൾക്ക് ആവേശമായി എസ്.എം.വൈ.എം. പാലാ രൂപത ഈ വർഷം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടു കായികമത്സരങ്ങൾ നടത്താൻ ആഗ്രഹിക്കുന്നു. സെവൻസ് ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൺ എന്നിവയാണ് ഇനങ്ങൾ. രൂപത കേന്ദ്രത്തിൽ ഔദ്യോഗികമായി രജിസ്റ്റർ ചെയ്യുന്നവരെയാണ് പരിഗണിക്കുന്നത്. കൂടുതൽ വിവരങ്ങൾക്കായി 9400249925 എന്ന നമ്പരിൽ ബന്ധപ്പെടുക. കോവിഡ് നിയന്ത്രണങ്ങൾ അനുസരിച്ച് മത്സരതീയതികളും സ്ഥലങ്ങളും ഫൊറോനതലത്തിൽ ക്രമീകരിക്കേണ്ടതാണ്.

**2. കരിയർ ഗൈഡൻസ് വെബിനാർ**

ചൂണ്ടച്ചേരി എഞ്ചിനിയറിംഗ് കോളജുമായി സഹകരിച്ച് പത്താംക്ലാസ് പാസ്സായതുമുതലുള്ള യുവതീയുവാക്കൾക്ക് കരിയർ ഓറിയന്റേഷൻ പ്രോഗ്രാം

## അടിയന്തരമായി ശ്രദ്ധിക്കേണ്ടത്

കോശി കമ്മീഷനുമുമ്പിൽ കേരള ക്രൈസ്തവരുടെ വിഷമങ്ങളും ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള നിർദേശങ്ങളും അടങ്ങുന്ന നിവേദനങ്ങൾ എല്ലാ ഫൊറോനകളും യൂണിറ്റുകളും നിർബന്ധമായും പൊതുവായും അയക്കണം.കൂടാതെ ഫൊറോന - യൂണിറ്റ് ഭാരവാഹികളും മറ്റ് അംഗങ്ങളും വിവിധ ആവശ്യങ്ങൾ പ്രത്യേകമായി ഉന്നയിച്ചുകൊണ്ട് പരമാവധി നിവേദനങ്ങൾ അയയ്ക്കണം. ഇതിനായി നേരിട്ടോ ഓൺലൈനിലോ എല്ലാ ഫൊറോനകളുടെയും യൂണിറ്റുകളുടെയും എക്സിക്യൂട്ടീവ് മീറ്റിംഗുകളും പൊതുമീറ്റിംഗും സംഘടിപ്പിക്കുകയും ചർച്ചകൾ നടത്തുകയും പരമാവധി നിവേദനങ്ങൾ അയക്കുന്നകാര്യം ഉറപ്പാക്കുകയും ചെയ്യണം. ഫൊറോനകളിലും ഇടവകകളിലും മറ്റുള്ളവരെയും ഇതിനുള്ള സാങ്കേതിക സഹായങ്ങൾ നല്കി യുവാക്കൾ പ്രോത്സാഹിപ്പിക്കണം.

**ഫാ. സിറിൽ തോമസ് തയ്യിൽ** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. സോണൽ അസംബ്ലി**

ജീസസ് യൂത്തിന്റെ രൂപതാതല സമ്മേളനം ഏപ്രിൽ 11 ന് പാലാ സെന്റ് തോമസ് ബി.എഡ്. കോളജിൽ നടന്നു. ജോർജുകുട്ടി ആഗസ്തി (കാഞ്ഞിരപ്പള്ളി) മുഖ്യക്ലാസ് നയിച്ചു. തുടർന്നു നടന്ന തിരഞ്ഞെടുപ്പിൽ ഫാമിലി ടീം കോർഡിനേറ്റേഴ്സായി മാത്യു എം. കുര്യാക്കോസ് & ആഷ്‌ലി മാത്യു എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. സോണൽ കൗൺസിൽ കോർഡിനേറ്ററായി അമലാ ട്രീസാ ജെയിംസ്, അസി. കോർഡിനേറ്റർ ജോമോൻ ജോൺ എന്നിവരെ തിരഞ്ഞെടുത്തു. ജസ്റ്റിൻ ജോസഫ്, ജോഗേഷ് ജോബി, സുബിൻ, ലൂക്കോസ്, ചാൾസ് ടോമി, സിബിൻ തോമസ്, ഷിബ്രീസ് സെബാസ്റ്റ്യൻ, ഷാലു സുബാഷ്, ദീപ്തി ജെയിംസ്, ക്ലിജോ കണിയാംപടി എന്നിവരാണ് മറ്റ് അംഗങ്ങൾ. സി. ലിസ് മരിയ സി.എം.സി. ആനിമേറ്ററായും ബിലാസ് ജോസഫ്, സുനു സാജ് എന്നിവർ എൽഡേഴ്സായും നിയോഗിക്കപ്പെട്ടു.

**2. ഫാമിലി മീറ്റിംഗ്**

പുതിയ ഫാമിലി ടീമിന്റെ ആദ്യസമ്മേളനം ഏപ്രിൽ 22 ന് ഓൺലൈനായി നടന്നു. മാത്യു എം. കുര്യാക്കോസ് ആഷ്‌ലി മാത്യു, ബിലാസ് ജോസഫ് എന്നിവർ നേതൃത്വം നല്കി.

**3. ഓൺലൈൻ സോണൽ കൗൺസിൽ**

ആദ്യത്തെ സോണൽ കൗൺസിൽ സമ്മേളനം ഏപ്രിൽ 25 ന് ഓൺലൈനായി നടന്നു. ഫാ. കുര്യൻ മറ്റം, അമല മരിയ, ജോമോൻ ജോൺ എന്നിവർ നേതൃത്വം നല്കി. മിനിസ്ട്രികളുടെ പുതിയ കോർഡിനേറ്റർമാരെ നിയോഗിച്ചു.

**4. ഓൺലൈൻ ആരാധന**

പുതിയ സോണൽ കൗൺസിലിന്റെ നേതൃത്വത്തിൽ ഏപ്രിൽ 24 ന് രണ്ടു മണിക്കൂർ നേരത്തെ ദിവ്യകാരുണ്യ ആരാധന നടന്നു. ഫാ. കുര്യൻ മറ്റം വചനവ്യാഖ്യാനം നല്കി.

**5. ബൈബിൾ വിതരണം**

ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ രൂപതയിലെ മുഴുവൻ സ്കൂളുകളിൽ നിന്നും എസ്.എസ്.എൽ.സി., പ്ലസ്ടു ക്ലാസുകൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കായി പുതിയനിയമ ബൈബിൾ സൗജന്യമായി വിതരണം ചെയ്യപ്പെട്ടു. 7000 ത്തിലധികം ബൈബിൾ വിതരണം ചെയ്തു. മോൺ. ജോസഫ് മലേപ്പറമ്പിൽ, ഫാ. ബർക്കുമാൻസ് കുന്നുംപുറം, ഫാ. കുര്യൻ മറ്റം, ഫാ. സിറിയക് തയ്യിൽ, പ്രൊഫ. കെ.വി. ജോൺ എന്നിവർ നേതൃത്വം നല്കി. ഫാ. കുര്യൻ മറ്റം, പാലാ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ മാത്യു എം. കുര്യാക്കോസിന് ആദ്യകോപ്പികൾ നല്കിക്കൊണ്ട് ഉദ്ഘാടനം ചെയ്തു.

**6. കാമ്പസ് ക്യാമ്പ്**

രൂപതയിലെ കോളജുകളിലെ വിദ്യാർത്ഥികൾക്കായി നാലു ദിവസത്തെ ട്രെയിനിംഗ് പ്രോഗ്രാം (CLTP) ഏപ്രിൽ 9,10,11,12 തീയതികളിൽ മുത്തോലി സെന്റ് ജോസഫ് റ്റി.റ്റി.ഐ. സ്കൂളിൽ നടന്നു. ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ, സി. ലിസ് മരിയ, ചാക്കോച്ചൻ ഞാവള്ളി, അഡ്വ. അരുൺ ജോർജുകുട്ടി ാഗസ്തി, ഫാ. സൈമൺ OFM Cap., അഡ്വ. ജോബി എന്നിവർ ക്ലാസുകൾ നയിച്ചു.

**7. ഹൗസ് ഹോൾഡ് സമ്മേളനം**

ഹൗസ്ഹോൾഡുകളുടെ പൊതുസമ്മേളനം ഓൺലൈനായി ഏപ്രിൽ 30 ന് ഓൺലൈനായി നടത്തപ്പെട്ടു. ഫാ. കുര്യൻ മറ്റം, അമല മരിയ, ജോമോൻ ജോസ് എന്നിവർ നേതൃത്വം നല്കി.

**8. മംഗളവാർത്താധ്യാനം**

ജീസസ് യൂത്ത് എയ്ഞ്ചൽസ് ആർമിയുടെ നേതൃത്വത്തിൽ മെയ് 7 മുതൽ 14 വരെ ഗർഭിണികൾക്കും അവരുടെ ജീവിതപങ്കാളികൾക്കും കുഞ്ഞുങ്ങളെ സ്വീകരിക്കാൻ ഒരുങ്ങുന്ന ദമ്പതികൾക്കും വേണ്ടിയുള്ള മംഗളവാർത്താധ്യാനം ഓൺലൈനായി നടക്കും. ഫാ. ജോർജ് മുളങ്ങാട്ടിൽ, ഫാ. തോമസ് കോഴിമല, ഫാ. കുര്യൻ മറ്റം, ഡോ. ഷിന്റോ, ഡോ. ശാന്തി, ശശി ഇമ്മാനുവൽ എന്നിവർ ക്ലാസുകൾ നയിക്കും.

**9. കാൽനട മലകയറ്റം**

ദുഃഖവെള്ളിയാഴ്ച ദിവസം ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ 20 ഓളം യുവാക്കൾ അരുവിത്തുറ പള്ളിയിൽനിന്ന് വാഗമൺ കുരിശുമലവരെ കാൽനടയായി പോയി കുരിശിന്റെ വഴിയും അനുബന്ധ ശുശ്രൂഷകളും നടത്തി.

**മെയ് – ജൂൺ**

**1. മംഗളവാർത്താധ്യാനം**

ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിലുള്ള മംഗളവാർത്താധ്യാനം ഓൺലൈനായി മെയ് 7 മുതൽ 13 വരെ നടന്നു. ഫാ. കുര്യൻ മറ്റം, ഫാ. ജോർജ് മുളങ്ങാട്ടിൽ, ഫാ. തോമസ് കോഴിമല, ഡോ. ഷിന്റോ, ഡോ. ശാന്തി, ജോസ് മാത്യു, ജോർജുകുട്ടി ഓടയ്ക്കൽ എന്നിവർ ക്ലാസുകൾ നയിച്ചു. വിവിധ രാജ്യങ്ങളിൽനിന്നായി നൂറിലധികം കമ്പനികൾ പങ്കെടുത്തു.

**2. പന്തക്കുസ്താചരണ സമർപ്പണം**

മെയ് 23 ന് ഓൺലൈനായി പന്തക്കുസ്താതിരുനാൾ ആചരിച്ചു. ഫാ. കുര്യൻ മറ്റം, ശശി ഇമ്മാനുവൽ എന്നിവർ വചനസന്ദേശം നല്കി. ഒപ്പം ജീസസ് യൂത്തിന്റെ വാർഷികസമർപ്പണ / പുനഃസമർപ്പണശുശ്രൂഷകളും നടന്നു. 500 ലധികംപേർ ഓൺലൈൻ പ്ലാറ്റ്ഫോമിൽ സമർപ്പണം നടത്തി.

**3. മീഡിയ ട്രെയിനിംഗ്**

പാലാ ജൂസസ് യൂത്തിനുവേണ്ടി മെയ് 26 മുതൽ മീഡിയ ട്രെയിനിംഗ് ആരംഭിച്ചു. ആദ്യ ബാച്ചിൽ 40 ലധികം പേർ പങ്കെടുത്തു.

**4. ദമ്പതീധ്യാനം**

ദമ്പതികളുടെ രണ്ടാമത്തെ മംഗളവാർത്താധ്യാനം മെയ് 2 മുതൽ 27 വരെ ഓൺലൈനായി നടന്നു. ഫാ. കുര്യൻ മറ്റം, ജോസ് മാത്യു, ടോണി, ജോസ്കുട്ടി ജേക്കബ്, ഡോ. ജോസ് മാത്യു എന്നിവർ നേതൃത്വം നല്കി.

**5. മിനിസ്ട്രി അഭിഷേകം**

വിവിധ മിനിസ്ട്രികളിൽ പെട്ടവരുടെ അഭിഷേകശുശ്രൂഷ ഓൺലൈനായി മെയ് 29,30 തീയതികളിൽ നടന്നു. ഫാ. കുര്യൻ മറ്റം, അമല ട്രീസാ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**6. സമ്മർദ ദൂരീകരണ വെബിനാർ**

ഇന്നു യുവജനങ്ങളുടെയിടയിൽ വർദ്ധിച്ചുവരുന്ന മാനസികസമ്മർദങ്ങൾ ഇല്ലാതാക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചു പ്രഗല്ഭ മനഃശാസ്ത്രവിദഗ്ധരായ ടിന്റു സോണി (എറണാകുളം) വെബിനാറിൽ ജൂൺ 1 ന് ക്ലാസുകൾ നയിച്ചു. 250ലധികം പേർ പങ്കെടുത്തു.

**7. ബ്ലഡ് ഡൊണേഷൻ**

പാലാ ബ്ലഡ് ഫോറവുമായി സഹകരിച്ച് ജീസസ് അരുവിത്തുറ പള്ളിയിൽ വച്ചു നടത്തിയ ബ്ലഡ് ഡൊണേഷൻ ക്യാമ്പ് ജൂൺ 2 ന് ഫാ. കുര്യൻ മറ്റം ഉദ്ഘാടനം ചെയ്തു. ഫാ. കുര്യൻ മറ്റം, ഫാ. സ്കറിയ മേനാംപറമ്പിൽ, ഷിബു തെക്കേമറ്റം, അനില ട്രീസ, ജോമോൻ ജോസഫ്, ജനമൈത്രി പോലീസ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

**8. പൊതിച്ചോർ വിതരണം**

പാലാ സന്മനസ് കൂട്ടായ്മ, ജനമൈത്രി പോലീസ് എന്നീ പ്രസ്ഥാനങ്ങളോടു സഹകരിച്ച് ജീസസ് പാലാ ടൗണിന്റെ വിവിധ ഭാഗങ്ങളിൽ ജൂൺ 16 ന് പൊതിച്ചോർ വിതരണം നടത്തി. 38 ദിവസം നീണ്ടുനിന്ന പൊതിച്ചോർ വിതരണ സംരംഭത്തിന്റെ സമാപനമായിരുന്നു.

**9. നഴ്സിംഗ് വിദ്യാർത്ഥികളുടെ ധ്യാനം – മരിയൻ സെന്റർ**

പാലാ മിഷൻ സെന്റർ നഴ്സിംഗ് വിദ്യാർത്ഥികളുടെയും സ്റ്റാഫ് അംഗങ്ങളുടെയും ചതുർദിനധ്യാനം ജൂൺ 16 മുതൽ 19 വരെ ഫയർ ഓൺ മരിയൻ (FOM) എന്ന പേരിൽ നടന്നു. ഫാ. കുര്യൻ മറ്റം, ഫാ. ജസ്റ്റിൻ പനച്ചിക്കൽ, ഫാ. സരീഷ് കപ്പൂച്ചിൻ, ശശി ഇമ്മാനുവേൽ, അനിത ജോജി, അജിത് സി. കുഞ്ഞുമോൻ, അമല ട്രീസ, ജോമോൻ, സി. ആൻ ഫെലിക്സ്, സി. ലിൻസി എന്നിവർ നേതൃത്വം നല്കി.

**10. നല്ല അയല്ക്കാരൻ പ്രോജക്ട്**

ജീസസ് യൂത്തിന്റെ 'നല്ല അയല്ക്കാരൻ' പ്രോജക്ടിന്റെ ഭാഗമായി മെയ്, ജൂൺ മാസങ്ങളിൽ 160 കുടുംബങ്ങളെയും അഗതി മന്ദിരങ്ങളെയും 100 ൽപരം കോവിഡ് രോഗികളെയും സഹായിച്ചു. രൂപത കോവിഡ് ടാസ്ക് ഫോഴ്സിനോടും എസ്.എം.വൈ.എം.നോടും ചേർത്ത് ജീസസ് യൂത്ത് അംഗങ്ങൾ കോവിഡ് മൃതസംസ്കാരങ്ങളിലും പങ്കെടുത്തു. കൂടാതെ വിദ്യാർത്ഥികൾക്ക് ഫോണുകളും നോട്ടുബുക്കുകളും സമ്മാനിച്ചു.

**11. കിറ്റ് വിതരണം – ചക്കിക്കാവ്**

ചക്കിക്കാവ് ഇടവകയിൽ ജൂൺ മാസത്തിൽ 160ലധികം കുടുംബങ്ങളിൽ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തു. ജസ്റ്റിൻ പൂഞ്ഞാർ, അമലട്രീസ, ജോമോൻ ജോസഫ് എന്നിവർ നേതൃത്വം നല്കി.

**12. മദ്ധ്യസ്ഥ പ്രാർത്ഥന**

കോവിഡ് മഹാമാരിക്ക് എതിരേയും 'നല്ല അയല്ക്കാരൻ' പ്രോജക്ടിനു വേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥന എല്ലാദിവസവും നടത്തപ്പെടുന്നു.

**13. മാരത്തൺ ബൈബിൾ വായന**

ജീസസ് യൂത്ത് അംഗങ്ങൾ ജൂൺ 6 ന് രാവിലെ 6 മുതൽ വൈകിട്ട് 7 വരെ ഒരു അഖണ്ഡ ബൈബിൾ പാരായണം ജീസസ് യൂത്ത് നടത്തി. ഫാ. കുര്യൻ മറ്റം, അമല ട്രീസ, ജോമോൻ ജോസഫ്, ദീപ്തി ജയിംസ് എന്നിവർ നേതൃത്വം നല്കി.

**5. കോശി കമ്മീഷൻ മീറ്റിംഗ്**

ജെ.ബി. കോശി കമ്മീഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കുന്നതിനും നടപ്പാക്കുന്നതിനുംവേണ്ടി ഒരു ഓൺലൈൻ സെമിനാർ ജൂൺ 16 ന് നടന്നു. ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ, അഡ്വ. സാം ഓടയ്ക്കൽ എന്നിവർ നേതൃത്വം നല്കി.

**15. ഡിജിറ്റൽ മാഗസിൻ – രാമപുരം കോളജ്**

രാമപുരം മാർ ആഗസ്തിനോസ് കോളജിലെ ജീസസ് യൂത്ത് പ്രവർത്തകരുടെ നൂതനസംരംഭമായി ADRIEL ഡിജിറ്റൽ മാഗസിൻ ജൂൺ 13 ന് മാർ

റാഫേൽ തട്ടിൽ പ്രകാശനം ചെയ്തു. ഫാ. ജോർജ് ജോസഫ് ഞാറക്കുന്നേൽ, ഫാ. ജോസ് ആലഞ്ചേരി, പ്രിൻസിപ്പൽ ജോയി ജേക്കബ്, ഫാ. കുര്യൻ മറ്റം എന്നിവർ പ്രസംഗിച്ചു.

**16. ജയിൽ സന്ദർശനം**

ജൂൺ 18 ന് ജീസസ് യൂത്ത്, ജീസസ് ഫ്രറ്റേണിറ്റിയുമായി സഹകരിച്ച് പാലാ സബ് ജയിൽ സന്ദർശനം നടത്തുകയും പായും ക്യാരംസ് ബോർഡ് തുടങ്ങിയ ഉപകരങ്ങളും വിതരണം ചെയ്തു. ഫാ. ജോസഫ് നരിതൂക്കിൽ, സി. ലിസ് മരിയ സി.എം.സി, അമല ട്രീസ, ജോമോൻ ജോസഫ് എന്നിവർ നേതൃത്വം നല്കി.

**17. ജീവിതദർശന വെബിനാർ - സെന്റ് തോമസ് കോളജ്**

പാലാ സെന്റ് തോമസ് കോളജിലെ ഡിഗ്രി, പി.ജി. വിദ്യാർത്ഥികൾക്കു വേണ്ടി ജീവിതദർശന വെബിനാർ ജൂൺ 26,27 ദിവസങ്ങളിൽ നടന്നു. റവ.ഡോ. ജയിംസ് മംഗലം (പ്രിൻസിപ്പൽ) ഉദ്ഘാടനം ചെയ്തു. ഫാ. ജിൻസ് ചീങ്കല്ലേൽ, ടിന്റു സോണി, ശശി ഇമ്മാനുവൽ എന്നിവർ സെഷൻസ് നയിച്ചു. ഡോ. സണ്ണി കുര്യാക്കോസ്, ഫാ. ജോസഫ് പള്ളക്കൽ, സി. ആൻ മാത്യു എസ്.എം., ഫാ. കുര്യൻ മറ്റം, ആൽവിൻ എന്നിവർ നേതൃത്വം നൽകി.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡയറക്ടേഴ്സ്)

# കുടുംബക്കൂട്ടായ്മ

2/4/2021 പാലാ മെത്രാസനമന്ദിരത്തിലെ കോൺഫറൻസ് ഹാളിൽ കുടുംബ ക്കൂട്ടായ്മ, മാതൃവേദി, SMYM സംഘടനകളുടെ രൂപതാ ഭാരവാഹികളുടെ യോഗം നടത്തപ്പെട്ടു. പെരി. ബഹു. വികാരി ജനറാൾ സെബാസ്റ്റ്യൻ വേത്താനത്ത് അദ്ധ്യക്ഷത വഹിച്ചു. രൂപതയിൽ പ്രവർത്തിക്കുന്ന വിവിധ ശുശ്രൂഷകളുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്ന് ബഹു. വേത്താനത്ത് അച്ചൻ ഉദ്ബോധിപ്പിച്ചു. ദീപിക ദിനപത്രത്തിന്റെ സർക്കുലേഷൻ വർദ്ധിപ്പിക്കുവാൻ എല്ലാവരും കൂട്ടായി പരിശ്രമിക്കണമെന്ന് ബഹു. വികാരി ജനറാൾ ഓർമ്മിപ്പിച്ചു. വി. യൗസേഫ് പിതാവിന്റെ വർഷത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഇടവക ദൈവാലങ്ങളിൽ പ്രത്യേക സെമിനാറുകളും പ്രാർത്ഥനകളും നടത്തുവാൻ ഉദ്ദേശിക്കുന്നതായി അറിയിച്ചു. യോഗത്തിൽ കുടുംബക്കൂട്ടായ്മ രൂപതാ ഡയറക്ടർ ബഹു. ഫാ.വിൻസെന്റ് മൂങ്ങാമാക്കൽ, കോ-ഓർഡിനേറ്റർ ശ്രീ. തോമസ് വടക്കേൽ, സെക്രട്ടറി ശ്രീ. ജോണി വേലംകുന്നേൽ എന്നിവർ കുടുംബക്കൂട്ടായ്മ അനുഭവങ്ങൾ പങ്കുവച്ചു.

8/4/2021 വ്യാഴാഴ്ച്ച രാവിലെ 10 മണിക്ക് രൂപതയിലെ വിവിധ ശുശ്രൂഷകളുടെ നേതൃയോഗം ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. പെരി. ബഹു. വികാരി ജനറാൾ ഫാ. സെബാസ്റ്റ്യൻ വേത്തനത്ത് യോഗത്തിന് അദ്ധ്യക്ഷം വഹിച്ചു.

എല്ലാ ഡിപ്പാർട്ടുമെന്റുകളും പരസ്പരം സഹകരിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത യോഗത്തിൽ ഊന്നിപ്പറഞ്ഞു.

തുടർന്ന് ഓരോ ശുശ്രൂഷകളുടെയും ബഹു. ഡയറക്ടർ അച്ചന്മാർ അവരവരുടെ മേഖലകളിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന ആക്ഷൻ പ്ലാൻ അവതരിപ്പിച്ചു. കുടുംബക്കൂട്ടായ്മയുടെ ബഹു. ഡയറക്ടർ ഫാ. വിൻസെന്റ് മുങ്ങാമാക്കൽ കുടുംബക്കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. രൂപതാ കോ-ഓർഡിനേറ്റർ ശ്രീ. തോമസ് വടക്കേൽ സെക്രട്ടറി ശ്രീ. ജോണി വേലംകുന്നേൽ എന്നിവർ കൂട്ടായ്മ കാര്യങ്ങൾ സംസാരിച്ചു.

16/4/2021 ൽ പാലാ മെത്രാസന മന്ദിരത്തിൽ വച്ച് നടത്തപ്പെട്ട J.B. കോശി കമ്മീഷനുമായി ബന്ധപ്പെട്ടുള്ള സാമ്പിൾ സർവേ വർക്ക് ഷോപ്പിൽ കുടുംബക്കൂട്ടായ്മ ഡയറക്ടർ ബഹു. വിൻസെന്റ് മുങ്ങാമാക്കൽ അച്ചനും രൂപതാ സമതി, റിസോഴ്സ് ടീം അംഗങ്ങളും പങ്കെടുത്തു.

ഏപ്രിൽ 19 മുതൽ 25 വരെ ദിവസങ്ങളിൽ സാമ്പിൾ സർവേ നടക്കുന്ന ഇടവകളിൽ ബഹു.അച്ചന്മാരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ക്ലാസുകളിൽ കുടുംബ കൂട്ടായ്മ ഭാരവാഹികൾ പങ്കെടുത്തു.

27/04/2021 ൽ വിവിധ ഇടവകളിൽ നടത്തിയ സാമ്പിൾ സർവേയിൽ കൂട്ടായ്മ ഭാരവാഹികളുടെ സേവനം ഉണ്ടായിരുന്നു.

14/05/2021: കുടുംബക്കൂട്ടായ്മ രൂപത സമിതിയുടെ കോർ കമ്മറ്റി മീറ്റിംഗ് ഓൺലൈനായി നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ബഹു. ഫാ. വിൻസന്റ് മൂങ്ങാമാക്കൽ കോവിഡ് കാലത്ത് കൂട്ടായ്മജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു സംസാരിച്ചു. കോവിഡിൽനിന്നു മോചനം ലഭിച്ചശേഷം ഇടവകകളിൽ കൂട്ടായ്മ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനെപ്പറ്റി യോഗം ചർച്ച ചെയ്തു.

4/06/2021: രൂപതാകേന്ദ്രത്തിൽനിന്ന് സംഘടിപ്പിച്ച ജെ.ബി. കോശി കമ്മീഷനെക്കുറിച്ചുള്ള സൂം മീറ്റിംഗിൽ ബഹു. രൂപതാ ഡയറക്ടറച്ചനും മറ്റു രൂപതാ ഭാരവാഹികളും പങ്കെടുത്തു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ആമുഖസന്ദേശത്തിൽ ന്യൂനപക്ഷ സംവരണമല്ല, ന്യൂനപക്ഷ അവകാശമാണ് (Minority rights) യഥാർത്ഥ പ്രശ്നമെന്ന് ഓർമ്മിപ്പിച്ചു. ഇത് constitution നൽകുന്ന aboslute right ആണ്. ക്രൈസ്തവരുടെ വിവിധ മേഖലകളിലെ പിന്നാക്കാവസ്ഥ ചൂണ്ടിക്കാട്ടിയും ദളിത് ക്രൈസ്തവരുടെ ഉന്നമനത്തിന് പ്രത്യേക പരിഗണനൽകിക്കൊണ്ടും ഇടവകകളിൽനിന്നും പരമാവധി പരാതികൾ കമ്മീഷന് സമർപ്പിക്കുവാൻ അഭിവന്ദ്യ പിതാവ് ഉദ്ബോധിപ്പിച്ചു. കുടുംബക്കൂട്ടായ്മകൾക്ക് ഈ കാര്യത്തിൽ പ്രധാന റോളാണ് ഉള്ളതെന്ന് അഭിവന്ദ്യ പിതാവ് സൂചിപ്പിച്ചു. മീറ്റിൽ സംസാരിച്ച മാർ. ജേക്കബ് മുരിക്കൻ പിതാവ് സംഘടനകൾക്കും സിസ്റ്റേഴ്സിനും വ്യക്തികൾക്കും പരാതികൾ സമർപ്പിക്കാൻ പറ്റുമെന്നും പരാതിയുടെ ഒരു കോപ്പി രൂപത ഓഫീസിൽ ഏൽപ്പിക്കണമെന്നും ഓർമ്മിപ്പിച്ചു.

തുടർന്ന് രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ സാജു സെബാസ്റ്റ്യൻ ക്ലാസ് എടുത്തു. കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിനെക്കുറിച്ചും നമ്മുടെ പിന്നാക്കാവസ്ഥയുള്ള വിവിധ മേഖലകളെക്കുറിച്ചും പരാതികൾ എഴുതി അയയ്ക്കേണ്ട മോഡലിനെപ്പറ്റിയും വിശദമായി പ്രതിപാദിച്ചു.

കുടുംബക്കൂട്ടായ്മ രൂപതാ ഡയറക്ടർ ബഹു. ഫാ. വിൻസെൻറ് മൂങ്ങാമാക്കലും ശ്രീ. K.K. ജോസ് സാറും യോഗത്തിൽ സംസാരിച്ചു.

6/06/2021: കുടുംബക്കൂട്ടായ്മ രൂപതാ കോർകമ്മറ്റി ബഹു. വിൻസൻറ് മുങ്ങാമാക്കൽ അച്ചന്റെ നേതൃത്വത്തിൽ ഓൺലൈൻ മീറ്റിംഗ് നടത്തി. ജെ. കമ്മീഷൻ, ഫൊറോനാ, ഇടവക തലങ്ങളിൽ പരമാവധി പരാതികൾ സമർപ്പിക്കുന്നതിനെപ്പറ്റി ചർച്ച ചെയ്തു. താമസിയാതെ ഫൊറോനാ, ഇടവക പ്രതിനിധികളുടെ ഓൺലൈൻ മീറ്റിംഗ് വിളിച്ചു കൂട്ടുവാൻ തീരുമാനിച്ചു.

11/06/2021: കുടുംബക്കൂട്ടായ്മ രൂപതാ കൗൺസിലിന്റെയും റിസോഴ്സസ് ടീമിന്റെയും സംയുക്തയോഗം 9.00 p.m. ന് ഗൂഗിൾ മീറ്റിൽ നടത്തി. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ സാജു സെബാസ്റ്റ്യൻ ജെസ്റ്റിസ് ജെ. ബി. കോശി കമ്മീഷനെക്കുറിച്ച് വിശദമായി ക്ലാസെടുത്തു.

14/06/2021: രൂപതാ പിതൃവേദി സംഘടിപ്പിച്ച ഓൺലൈൻസൂം മീറ്റിങ്ങിൽ കുടുംബകൂട്ടായ്മ രൂപത ഭാരവാഹികൾ പങ്കെടുത്തു. റിട്ട. പ്രൊഫസർ T.T. മൈക്കിൾ സാർ കോശി കമ്മീഷനെപ്പറ്റി ക്ലാസ് എടുത്തു.

18/06/2021: കുടുംബക്കൂട്ടായ്മ രൂപത കോർകമ്മിറ്റി ഗൂഗിൾ മീറ്റിൽ ഒത്തുകൂടൽ നടത്തി. ഫൊറോന ഭാരവാഹികളുടെയും ഇടവക പ്രതിനിധികളുടെയും ഓൺലൈൻ മീറ്റിംഗ് 26/06/2021 ശനിയാഴ്ച വൈകിട്ട് 4.00 ന് കൂടുവാൻ നിശ്ചയിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. വിവാഹ ഒരുക്ക കോഴ്സ്

### 1. സർട്ടിഫിക്കറ്റ്

**ഏപ്രിൽ മാസത്തെ ഓൺലൈൻ** വിവാഹ ഒരുക്ക കോഴ്സിൽ 247 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

### 2. രജിസ്ട്രേഷൻ

2021 മെയ് മാസത്തെ ഓൺലൈൻ കോഴ്സിലേക്ക് രജിസ്ട്രേഷൻ തുടരുന്നു. ഓൺലൈൻ മാര്യേജ് കോഴ്സ് 2021 ജൂൺ 30 വരെ വിവാഹം നടത്തുന്ന വിവാഹാർത്ഥികളെ ഉദ്ദേശിച്ചുള്ളതാണ്.

### 3. കുടുംബവർഷപദ്ധതി

കുടുംബവർഷത്തോടനുബന്ധിച്ച് ഷലോം പാസ്റ്ററൽ സെന്ററിൽ പ്രവർത്തിക്കുന്ന വ്യത്യസ്ത ഡിപ്പാർട്ട്മെന്റുകളുടെ ഡയറക്ടുമാരുടെയും ഭാരവാഹികളുടെയും സംയുക്തസമ്മേളനം ഏപ്രിൽ 9 ന് രാവിലെ 10 മണിക്ക് ഷലോം ഹാളിൽ കൂടുകയുണ്ടായി. വികാരി ജനറാൾ വെരി. റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, ഷലോം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ എന്നിവർ നേതൃത്വം നല്കി. കുടുംബവർഷത്തിൽ രൂപതാതലത്തിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടത്തുന്ന വിവിധ പരിപാടികളെയും പദ്ധതികളെയും കുറിച്ച് ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ വിഷയാവതരണം നടത്തി.

**4. ഷലോം ജൂബിലി**

ഷലോം പാസ്റ്ററൽ സെന്ററിന്റെ രജതജൂബിലി ആഘോഷങ്ങൾ ഏപ്രിൽ 13-ാം തീയതി നടത്തപ്പെട്ടു. പ്രസ്തുത സമ്മേളനത്തിലും ആഘോഷപരിപാടി കളിലും ഡയറക്ടറും സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു.

**B. പിതൃവേദി**

**1. നിയമാവലി പരിഷ്കരണം**

പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പിതൃവേദി എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി. ഡയറക്ടർ റവ.ഡോ. ജോസ് കുറ്റിയാങ്കൽ അച്ചന്റെ നേതൃത്വ ത്തിൽ പിതൃവേദി നിയമാവലി പൂർത്തിയാക്കി.

**2. കൂടല്ലൂർ തീർത്ഥാടനചടങ്ങ്**

മാർ യൗസേപ്പിന്റെ വർഷത്തിൽ കൂടല്ലൂർ സെന്റ് ജോസഫ് പള്ളി തീർത്ഥാടന കേന്ദ്രമായി ഉയർത്തിയ ചടങ്ങിൽ രൂപത ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാങ്കൽ സംബന്ധിച്ചു.

**C. മാതൃവേദി**

**1. യോഗം**

മാതൃവേദി രൂപതസമിതിയുടെ യോഗം ഓൺലൈനായി മാർച്ച് 27-ാം തീയതി രാവിലെ 10 മണി മുതൽ നടത്തപ്പെട്ടു .

**2. ഏകദിന സെമിനാർ**

മാതൃവേദി രൂപത സമിതിയുടെ നേതൃത്വത്തിൽ ഏപ്രിൽ 15-ാം തീയതി ചൂണ്ടച്ചേരി എൻജിനീയറിംഗ് കോളേജിൽ വച്ച് ഏകദിന സെമിനാർ നടത്തി. വിവിധ മേഖലകളിൽനിന്നുമായി 60 പേർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. ഗൃഹോപകരണങ്ങൾ ചെലവു കുറച്ച് കാര്യക്ഷമമായി എങ്ങനെ ഉപയോഗിക്കാ മെന്ന് പ്രൊഫസർ പി.വി വർക്കി ക്ലാസ്സെടുത്തു. ഉച്ചകഴിഞ്ഞ് ഹോട്ടൽ മാനേജ മെന്റ് കോളേജിൽ വച്ച് വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ നല്കപ്പെട്ടു.

**D. പ്രോലൈഫ്**

**1. വല്യച്ചൻമലയിലേക്കു തീർത്ഥാടനം**

പാലാ രൂപത പ്രോലൈഫ് സമിതിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 25-ാം തീയതി അരുവിത്തുറ വല്യച്ചൻ മലയിലേക്ക് തീർത്ഥാടനം നടന്നു. രൂപത ഡയ റക്ടർ റവ.ഡോ. ജോസ് കുറ്റിയാങ്കൽ, രൂപത പ്രസിഡന്റ് ശ്രീ. മാത്യു എം കുര്യാ ക്കോസ്, സെക്രട്ടറി ഡോ. ഫെലിക്സ്, ആനിമേറ്റർ സി. മേരി ജോർജ് എഫ്. സി.സി തുടങ്ങിയവർ നേതൃത്വം നല്കി.

**E. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളു ടെയും മാട്രിമണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയ

ലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക മാട്രിമോണിയലിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരെഞ്ഞടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182, 04822 200065 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. ഡയറക്ടേഴ്സ് മീറ്റിങ്**

സീറോ മലബാർ മാട്രിമണിയിലെ വിവിധ രൂപത ഡയറക്ടർമാരുടെ യോഗം മാർച്ച് 29-ാം തീയതി വൈകുന്നേരം 5 മണി മുതൽ 7 മണിവരെ ഓൺലൈനായി നടത്തപ്പെട്ടു. ഡയറക്ടർ റവ.ഡോ. ജോസ് കുറ്റിയാങ്കൽ സംബന്ധിച്ചു. ഏപ്രിൽ മാസം 7-ാം തീയതി മുതൽ മെയ് 7 വരെ മെഗാ ഓഫർ നല്കുന്നതിനെ സംബന്ധിച്ച് തീരുമാനമെടുത്തു

**F. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴിയായി നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി **വെള്ളിയാമറ്റം, ഇടമറ്റം, സ്ലീവാപുരം, തുരുത്തിപ്പള്ളി, അറക്കുളം, മുത്തോലപുരം, പൈക, നീറന്താനം** ഇടവകകളിലെ കത്തോലിക്ക പെൺകുട്ടികൾക്ക് വിവാഹസഹായം നൽകി.

**May**

**A. വിവാഹ ഒരുക്ക കോഴ്സ്**

**1. സർട്ടിഫിക്കറ്റ്**

**മെയ്, ജൂൺ മാസത്തെ ഓൺലൈൻ** വിവാഹ ഒരുക്ക കോഴ്സിൽ 305 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

2021 ജൂലൈ മാസത്തെ ഓൺലൈൻ കോഴ്സിലേക്ക് രജിസ്ട്രേഷൻ തുടരുന്നു. ഓൺലൈൻ മാര്യേജ് കോഴ്സ് 2021 ജൂലൈ 30 വരെ വിവാഹം നടത്തുന്ന വിവാഹാർത്ഥികളെ ഉദ്ദേശിച്ചുള്ളതാണ്.

**3. 'Webinar'**

മെയ് മാസം 29-ാം തീയതി "കോവിഡ് രോഗബാധയും പ്രതിരോധ മാർഗ്ഗങ്ങളും" എന്ന വിഷയത്തിൽ Webinar സംഘടിപ്പിച്ചു. Zoom Platform -ൽ നടത്തിയ വെബിനാറിൽ ബാംഗ്ലൂർ St. Johns Medical College-se Community Medicine വിഭാഗത്തിന്റെ Dr. Christy Maria Abin MD വിഷയാവതരണം നടത്തുകയും സംശയങ്ങൾക്ക് ഉത്തരം നല്കുകയും ചെയ്തു. 248 പേര് പ്രസ്തുത ണലയശിമൃ ൽ സംബന്ധിച്ചു.

**4. ഭക്ഷണവിതരണം**

ജൂൺ മാസം 14,15 തീയതികളിൽ പാലാ നഗരത്തിലുള്ള അശരണരായ ആളുകൾക്ക് ഭക്ഷണവിതരണം നടത്തുന്നതിനുള്ള തുക സംഭാവനയായി നല്കി. സൻമനസ്സ് കൂട്ടായ്മ ജനമൈത്രി പോലീസുമായി സഹകരിച്ചാണ് പ്രസ്തുത പരിപാടി നടത്തിയത്.

**5. അനുശോചനം**

ജൂൺ 18-ാം തീയതി ഫാമിലി അപ്പോസ്തലേറ്റിന്റെ മുൻ ഡയറക്ടർ റവ. ഫാ. ജോൺസൺ പുള്ളീറ്റിന്റെ പിതാവിന്റെ നിര്യാണത്തിൽ അനുശോചനം അറിയിക്കുകയും ബഹുമാനപ്പെട്ട ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ മൃതദേഹ ത്തിങ്കൽ പ്രാർത്ഥന നടത്തുകയും ചെയ്തു.

**6. ആതുരാലയസന്ദർശനം**

ജൂൺ 19-ാം തീയതി മാനസികസംഘർഷങ്ങളിൽ വേദനയനുഭവിക്കുന്ന സഹോദരങ്ങളുടെ ഭവനമായ പൈകട ആതുരാലയം ഡയറക്ടർ റവ.ഡോ. ജോസ് കുറ്റിയാങ്കൽ സന്ദർശിക്കുകയും സാമ്പത്തികസഹായം നല്കുകയും ചെയ്തു.

**7. ദിനാചരണം**

ജൂലൈ മാസത്തിലെ അവസാന ഞായർ മുതിർന്നവരുടെ ദിനം (World day for Grand Parents and Elderly People) ആയി ആചരിക്കുവാനുള്ള ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഹ്വാനമനുസരിച്ച് പാലാ രൂപത ഫാമിലി അപ്പോ സ്തലേറ്റ് മൂന്ന് ദിവസത്തെ Webinar സംഘടിപ്പിക്കുന്നു. അതോടൊപ്പം മുതിർന്ന വരെ ആദരിക്കുന്നതിന്റെ ഭാഗമായി പ്രത്യേക പരിപാടികളും സംഘടിപ്പിക്കുന്നു.

## B. പിതൃവേദി

**1. ബോധവത്കരണക്ലാസ്സ്**

കേരളത്തിലെ ക്രിസ്ത്യാനികളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ പഠി ക്കുന്നതിനായി കേരള സർക്കാർ നിയമിച്ചിരിക്കുന്ന ജസ്റ്റിസ് (റിട്ട.) ജെ.ബി. കോശി കമ്മീഷന് സമർപ്പിക്കേണ്ട നിർദ്ദേശങ്ങളെപ്പറ്റി പിതൃവേദി അംഗങ്ങളെ ബോധവ ത്കരിക്കുന്നതിനായി ജൂൺ മാസം 14-ാം തീയതി വെബിനാർ സംഘടിപ്പിച്ചു. കുറവിലങ്ങാട് ദേവമാത കോളേജ് റിട്ട. പ്രഫസർ ഡോ. റ്റി.റ്റി. മൈക്കിൾ വിഷ യാവതരണം നടത്തി. പിതൃവേദിയുടെ യൂണിറ്റ്, മേഖല പ്രസിഡന്റുമാരും രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും സംബന്ധിച്ചു.

**2. പിതൃദിനം**

ജൂൺ 20-ാം തീയതി ഞായറാഴ്ച പിതൃദിനം ആചരിച്ചു. പിതൃദിന ത്തിന്റെ സന്ദേശം ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിലെ റവ. ഫാ. തോമസ് മണ്ണൂർ നല്കി.

## C. മാതൃവേദി

**1. ഭക്ഷണവിതരണം**

ജൂൺ 6-ാം തീയതി മാതൃവേദി പൈങ്കുളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന ഭക്ഷണവിതരണത്തിൽ രൂപത ഡയറക്ടർ റവ. ഡോ. ജോസ് കുറ്റിയാ ങ്കൽ സംബന്ധിച്ചു.

**2. അനുശോചനം**

മാതൃവേദി വയല യൂണിറ്റിന്റെ സജീവപ്രവർത്തകയായ ഇടയ്ക്കരിത്തട ത്തിൽ ലീലാമ്മയുടെ പുത്രി ഷിൻസി സൗദിയിലുണ്ടായ വാഹനാപകടത്തിൽ മരണമടഞ്ഞു. ജൂൺ 14-ാം തീയതി മൃതസംസ്കാരത്തിൽ രൂപതസമിതി അംഗ ങ്ങൾ പങ്കെടുത്ത് അനുശോചനവും പ്രാർത്ഥനയും നേർന്നു.

**3. ബോധവത്കരണക്ലാസ്സ്**

കേരളത്തിലെ ക്രിസ്ത്യാനികളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ പഠിക്കുന്നതിനായി കേരള സർക്കാർ നിയമിച്ചിരിക്കുന്ന ജസ്റ്റിസ് (റിട്ട.) ജെ.ബി. കോശി കമ്മീഷന് സമർപ്പിക്കേണ്ട നിർദ്ദേശങ്ങളെപ്പറ്റി മാതൃവേദി അംഗങ്ങളെ ബോധവത്കരിക്കുന്നതിനായി ജൂൺ മാസം 10-ാം തീയതി Webinar സംഘടിപ്പിച്ചു. കുറവിലങ്ങാട് ദേവമാത കോളേജ് റിട്ട. പ്രഫസർ ഡോ. റ്റി.റ്റി. മൈക്കിൾ വിഷയാവതരണം നടത്തി. മാതൃവേദിയുടെ യൂണിറ്റ്, മേഖല പ്രസിഡന്റുമാരും രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും സംബന്ധിച്ചു.

**4. ക്വിസ്**

ജൂൺ മാസം 13-ാം തീയതി ഞായറാഴ്ച പരിശുദ്ധ കുർബാനയെക്കുറിച്ച് ഓൺലൈൻ ക്വിസ് "പ്രശ്നോത്തരി" സംഘടിപ്പിച്ചു. വിജയികൾക്ക് അഭിനന്ദനങ്ങൾ നേരുകയും ചെയ്തു.

**D. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമേണിയൽ സേവനവിഭാഗമായ സീറോ മലബാർ പാലാ മാട്രിമണി സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക മാട്രിമോണിയലിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182, 04822 200065 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. സ്റ്റാഫ് മീറ്റിങ്**

മെയ് 14-ാം തീയതി വൈകുന്നേരം 3 മണി മുതൽ 4.30 വരെ സീറോ മലബാർ മാട്രിമണി നെറ്റ് വർക്കിലെ എല്ലാ സ്റ്റാഫ് അംഗങ്ങൾക്കുമായി സൂം മീറ്റിങ് നടത്തി. സൈറ്റിൽ വരുത്തിയിരിക്കുന്ന ചില മാറ്റങ്ങൾ അറിയിക്കുകയും അഭിപ്രായങ്ങൾ പരസ്പരം പങ്കുവെയ്ക്കുകയും മറ്റു കാര്യങ്ങൾ വിവരിക്കുകയും ചെയ്തു.

**3. ഡയറക്ടേഴ്സ് മീറ്റിങ്**

സീറോ മലബാർ മാട്രിമണിയിലെ വിവിധ രൂപത ഡയറക്ടർമാരുടെ യോഗം ജൂൺ 15-ാം തീയതി വൈകുന്നേരം 5 മണി മുതൽ 7 മണിവരെ ഓൺലൈനായി നടത്തപ്പെട്ടു. ഡയറക്ടർ റവ.ഡോ. ജോസ് കുറ്റിയാങ്കൽ സംബന്ധിച്ച് പ്രവർത്തനങ്ങൾ പരസ്പരം ചർച്ച ചെയ്യുകയും മാട്രിമണി കൂടുതൽ മികച്ചതാക്കാൻ സാധിക്കുന്ന കാര്യങ്ങളെക്കുറിച്ചു വിശകലനം നടത്തുകയും ചെയ്തു.

**F. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതി

യായ മംഗല്യനിധിവഴിയായി ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി **മീനച്ചിൽ (2), വെള്ളികുളം,പാലാ കത്തീഡ്രൽ, ചേർപ്പുങ്കൽ** ഇടവകകളിലെ പെൺകുട്ടികൾക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

# എ.കെ.സി.സി.

## നേതൃത്വപരിശീലന ക്യാമ്പ്

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ ഏകദിന നേതൃത്വ പരിശീലനക്യാമ്പ് 2021 ഏപ്രിൽ 14 ന് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

രൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികൾക്കായി സംഘടിപ്പിച്ച ക്യാമ്പിൽ 'സമുദായം നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. റ്റി.സി. തങ്കച്ചൻ സെമിനാർ നയിച്ചു. വിവിധ പ്രതിസന്ധികളെ അതിജീവിക്കുവാൻ സമുദായം നടത്തേണ്ട തയ്യാറെടുപ്പുകളെക്കുറിച്ച് ഗ്രൂപ്പ് തിരിച്ചുള്ള ചർച്ചകൾ നടത്തി. 'കത്തോലിക്കാ കോൺഗ്രസ് ഇന്നലെ, ഇന്ന്, നാളെ' എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീ സാജു അലക്സ് സെമിനാർ നയിച്ചു. കത്തോലിക്കാ കോൺഗ്രസ് ഭാവിപദ്ധതികളെക്കുറിച്ചുള്ള ചർച്ചകളും അവലോകനങ്ങളും നയരൂപീകരണവും നടത്തി.

മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് മുഖ്യപ്രഭാഷണം നടത്തിയ യോഗത്തിൽ രൂപത പ്രസിഡന്റ് ഇമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, രാജീവ് കൊച്ചുപറമ്പിൽ, ജോയി കെ. മാത്യു, സാബു പൂണ്ടികുളം എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. വൈകിട്ട് 9 മണിക്ക് ക്യാമ്പ് സമാപിച്ചു.

**ഫൊറോന സമ്മേളനങ്ങൾ**

കത്തോലിക്ക കോൺഗ്രസിന്റെ വിവിധ ഫൊറോന സമ്മേളനങ്ങൾ ഇക്കാലയളവിൽ നടത്തപ്പെട്ടു.

പാലാ ഫൊറോന സമ്മേളനം ജോസ് അമ്പാട്ടിന്റെ അധ്യക്ഷതയിൽ റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ ഉദ്ഘാടനം ചെയ്തു.

ഭരണങ്ങാനം ഫൊറോന സമ്മേളനം സെബാസ്റ്റ്യൻ കുന്നപ്പള്ളിയുടെ അധ്യക്ഷതയിൽ ഫാ. അഗസ്റ്റ്യൻ തെരുവത്ത് ഉദ്ഘാടനം ചെയ്തു.

പ്രവിത്താനം ഫൊറോന സമ്മേളനം ജോയി കളപ്പുരയ്ക്കലിന്റെ അധ്യക്ഷതയിൽ റവ.ഫാ. ജോർജ് വഞ്ചിപ്പുര ഉദ്ഘാടനം ചെയ്തു.

മുട്ടുചിറ ഫൊറോന സമ്മേളനം തോമസ് അരുകുഴുപ്പിന്റെ അധ്യക്ഷതയിൽ ഫാ. ജോസഫ് ഇടത്തുപറമ്പിൽ ഉദ്ഘാടനം ചെയ്തു.

ചേർപ്പുങ്കൽ ഫൊറോന സമ്മേളനം ലൂക്കോസ് തെക്കേകരോട്ടിന്റെ അധ്യ

ക്ഷതയിൽ ചേർന്ന സമ്മേളനം ഫാ. ജോസഫ് പാനാമ്പുഴ ഉദ്ഘാടനം ചെയ്തു.

**തീക്കോയിൽ ഫൊറോന സമ്മേളനവും അവാർഡുദാനവും**

കത്തോലിക്ക കോൺഗ്രസ് കോൺഗ്രസ് തീക്കോയി ഫൊറോന സമ്മേളനവും അവാർഡുദാനവും ഫൊറോനവികാരി റവ.ഫാ. തോമസ് മേനാച്ചേരി ഉദ്ഘാടനം ചെയ്തു. ഫൊറോനയിലെ എല്ലാ യൂണിറ്റുകളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത സമ്മേളനത്തിൽ എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് അവാർഡ് നൽകി ആദരിച്ചു. ഫൊറോന പ്രസിഡന്റ് സാന്റോ സി. പുല്ലാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ രൂപതാപ്രസിഡന്റ് ഇമ്മാനുവൽ നിധീരി മുഖ്യപ്രഭാഷണം നിർവഹിച്ചു. രൂപത ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം, സെക്രട്ടറി പയസ് കവളംമാക്കൽ, നോബി കാടൻകാവിൽ എന്നിവർ പ്രസംഗിച്ചു.

**ഓൺലൈൻ പ്രസംഗമത്സരം**

മാർ യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച് കത്തോലിക്കാ കോൺഗ്രസ് മൂലമറ്റം ഫൊറോന സമിതിയുടെ ആഭിമുഖ്യത്തിൽ 'വിശുദ്ധ യൗസേപ്പ്' പിതാവ് കുടുംബങ്ങൾക്ക് മാർഗദർശി എന്ന വിഷയത്തെ ആസ്പദമാക്കി ഓൺലൈൻ പ്രസംഗമത്സരം സംഘടിപ്പിക്കുന്നു. മെയ് 10 നാണ് മത്സരം, അജിൽ പനച്ചിക്കൽ, ഫ്രാൻസിസ് കരിമ്പാനി, റോയി ജെ. കല്ലറങ്ങാട്ട് എന്നിവർ നേതൃത്വം നൽകുന്നു.

**മെയ് – ജൂൺ വാർത്തകൾ**

**103-ാം ജന്മദിന ആഘോഷം**

കത്തോലിക്ക കോൺഗ്രസിന്റെ 103-ാം ജന്മദിനാഘോഷം രാമപുരം സെന്റ് അഗസ്റ്റിൻസ് പള്ളിയിൽ പതാക ഉയർത്തി അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ രൂപത ഡയറക്ടർ ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ബ്രദർ എമ്മാനുവേൽ നിധീരി, രാജീവ് ജോസഫ്, സാജു അലക്സ്, എം.എം. ജേക്കബ്, ജോൺസൺ വീട്ടിയാങ്കൽ, ജോബിൻ പുതിയിടത്തുചാലിൽ, സജി മിറ്റത്താനി, ജോസ് വട്ടുകുളം എന്നിവർ പങ്കെടുത്തു.

**രൂപത എക്സിക്യൂട്ടീവ്**

19-5-2021 ൽ രൂപത എക്സിക്യൂട്ടീവ് ഗൂഗിൾ മീറ്റിൽ സമ്മേളിച്ചു. കോവിഡുമായി ബന്ധപ്പെടുള്ള കോവിഡ് ആക്ഷൻ ഫോഴ്സിന്റെ രൂപീകരണം സംബന്ധിച്ചും കോവിഡ് മൂലം മരണമടഞ്ഞവർക്കും ദുരിതമനുഭവിക്കുന്നവർക്കുംവേണ്ടി മെയ് 21 വെള്ളിയാഴ്ച ഒരു മണിക്കൂർ ആരാധന നടത്തുന്നതിനും തീരുമാനിച്ചു. എമ്മാനുവേൽ നിധീരി യോഗത്തിൽ അധ്യക്ഷത വഹിച്ചു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോൺസൺ വീട്ടിയാങ്കൽ, ജോയി കെ. മാത്യു, സി. എം. ജോർജ്, ആൻസമ്മ സാബു, ജോസ് വട്ടുകുളം എന്നിവർ സംസാരിച്ചു.

**പ്രാർത്ഥനാദിനം**

21-5-2021 വെള്ളിയാഴ്ച പ്രാർത്ഥനാദിനമായി ആചരിച്ചു. അന്നേദിവസം 3 മണി മുതൽ രാമപുരം സെന്റ് അഗസ്റ്റിൻസ് പള്ളിയിൽ രൂപത ഡയറക്ടർ ഡോ. ജോർജ് ഞാറക്കുന്നേലിന്റെ നേതൃത്വത്തിൽ 1 മണിക്കൂർ ആരാധന നടത്തി.

**ജനറൽ ബോഡി മീറ്റിംഗ്**

24-5-2021 ൽ രൂപത ജനറൽ ബോഡി ഗൂഗിൾമീറ്റിംഗിൽ നടത്തി. പ്രകൃതി ക്ഷോഭംകൊണ്ട് നഷ്ടംവന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നമെന്നുള്ള പ്രമേയം സാജു അലക്സ് അവതരിപ്പിച്ചു. ഗ്ലോബൽ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട രാജീവ് ജോസഫ് കൊച്ചുപറമ്പിലിനെ യോഗം അഭിനന്ദി ക്കുകയും ആശംസകൾ നേരുകയും ചെയ്തു. മാർസ്ലീവാ മെഡിസിറ്റിയിൽ നിയ മിതനായ രൂപത വൈസ് പ്രസിഡന്റ് ജോയി കെ. മാത്യു കണിപറമ്പിലിനെ യോഗം അഭിനന്ദിച്ചു. ഇമ്മാനുവേൽ നിധീരി അധ്യക്ഷത വഹിച്ചു. ജോർജ് വർഗീസ് ഞാറക്കുന്നേൽ, എം.എം. ജേക്കബ്, പയസ് കവളംമാക്കൽ, ജോൺസൺ വീട്ടിയാങ്കൽ, ജോസ് വട്ടുകുളം എന്നിവർ സംസാരിച്ചു.

**കോവിഡ് അവലോകനയോഗം**

30-5-2021 ൽ കോവിഡ് പ്രവർത്തനങ്ങളുടെ അവലോകനയോഗം രൂപത പ്രസിഡന്റ് എമ്മാനുവേൽ നിധീരിയുടെ നേതൃത്വത്തിൽ കൂടി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് യോഗം ഉദ്ഘാടനം ചെയ്തു. വേദന അനുഭവി ക്കുന്നവരുടെ കണ്ണീരൊപ്പുകയാണ് കത്തോലിക്ക സംഘടനാംഗങ്ങൾ ചെയ്യുന്ന തെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എല്ലാ ഫൊറോന പ്രസിഡന്റുമാരും അവരവ രുടെ ഫൊറോനയിൽ ചെയ്ത കാര്യങ്ങളുടെ സംക്ഷിപ്ത വിവരണം നടത്തി. ഫൊറോന ഭാരവാഹികളായ നിധീഷ് നിധീരി, ജെയ്സൺ, ജോബിൻ പുതിയിട ത്തുചാലിൽ, രാജേഷ് പാറയിൽ, ലൂക്കോസ് ജോസഫ്, സെബാസ്റ്റ്യൻ കുന്നപ്പ ള്ളിൽ, രാജു നെടുമറ്റം, സി.എം. ജോസഫ്, സന്തോഷ് നടൂപ്പറമ്പിൽ, ജെയിംസ് കുറ്റികോട്ടയിൽ, സാന്റോ പുല്ലാട്ട്, ഫ്രാൻസിസ് കരിമ്പാനി, സണ്ണി മാന്തറ, സാബു പൂണ്ടിക്കുളം, ജോയി കെ. തോമസ്, റ്റി.ഡി. ജോർജ്, ജിസ്മോൻ, ബിനു ജോസഫ് എന്നിവർ അവലോകനം നടത്തി. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോൺസൺ വീട്ടിയാങ്കൽ, ജോസ് വട്ടുകുളം, എം.എം. ജേക്കബ്, സാജു അലക്സ് എന്നിവർ സംസാരിച്ചു.

**കോശി കമ്മീഷൻ റിപ്പോർട്ട്**

13-6-2021 ൽ കോശി കമ്മീഷൻ നിവേദനം കൊടുക്കുന്നതിനെപ്പറ്റിയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതിന് ജനറൽ ബോഡി യോഗം കൂടി. സമ്മേ ളനം മോൺ സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു. എല്ലാ യൂണിറ്റു കളും കഴിയുന്നത്ര വ്യക്തികളും ഫൊറോന തലത്തിലും രൂപതാ തലത്തിലും നിവേദനം കൊടുക്കണമെന്ന് യോഗം തീരുമാനിച്ചു. മൈനോരിററി സ്കോളർഷി പ്പിനെക്കുറിച്ച് ജോസഫ് സെബാസ്റ്റ്യൻ പരുന്തിയിലും പച്ചക്കറി മത്സരത്തെപ്പറ്റി റ്റോമി കണ്ണീറ്റുമ്യാലിലും കോശി കമ്മീഷൻ സീറ്റിംഗിനെപ്പറ്റി അഡ്വ. ജോൺസൺ വീട്ടിയാങ്കലും സംസാരിച്ചു. എമ്മാനുവേൽ നിധീരി യോഗത്തിൽ അധ്യക്ഷത വഹിച്ചു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, എം.എം. ജേക്കബ്, ജോയി കെ. മാത്യു, ജോസ് വട്ടുകുളം എന്നിവർ സംസാരിച്ചു.

**പൾസോക്സി മീറ്റർ വിതരണോദ്ഘാടനം**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിക്ക് എസ്.എം.സി. ദുബായ്, കത്തോലിക്ക കോൺഗ്രസ് യു.എ.ഇ. എന്നിവർ ചേർന്നു നൽകിയ പൾബോക്സി

മീറ്ററുകളുടെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ബിഷപ്സ് ഹൗസിൽ വച്ചു നടത്തി. ഗ്ലോബൽ പ്രസിഡന്റ് ശ്രീ ബിജു പറയന്നിലം അധ്യക്ഷത വഹിച്ചു. ഗ്ലോബൽ ഡയറക്ടർ ഫാ. ജിയോ കടവി, റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഗ്ലോബൽ സെക്രട്ടറി രാജീവ് ജോസഫ് കൊച്ചുപറമ്പിൽ, എമ്മാനുവേൽ നിധീരി, രഞ്ജിത്ത് യു.എ.ഇ. എന്നിവർ സംസാരിച്ചു. പാലാ രൂപതയ്ക്കുള്ള പൾസോക്സി മീറ്ററുകൾ അഭിവന്ദ്യ പിതാവിൽനിന്നും രൂപതാ ഭാരവാഹികൾ ഏറ്റുവാങ്ങി.

**ഫൊറോന സമ്മേളനങ്ങൾ**

ഇലഞ്ഞി ഫൊറോന മീറ്റിംഗ് പ്രസിഡന്റ് ജയിംസ് കുറ്റിക്കോട്ടയിലിന്റെ അധ്യക്ഷതയിൽ ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് എമ്മാനുവേൽ നിധീരി സംബന്ധിച്ചു.

കടുത്തുരുത്തി ഫൊറോന മീറ്റിംഗ് പ്രസിഡന്റ് സന്തോഷ് നടുപ്പറമ്പിലിന്റെ അധ്യക്ഷതയിൽ കൂടി. ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി സംബന്ധിച്ചു. ചടങ്ങിൽ പൾസോക്സി മീറ്റർ വിതരണം ചെയ്തു.

കോതനല്ലൂർ ഫൊറോന മീറ്റിംഗ് പ്രസിഡന്റ് സി.ജെ. ജോസഫിന്റെ അധ്യക്ഷതയിൽ ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ പടിക്കൽകുഴുപ്പിൽ ഉദ്ഘാടനം ചെയ്തു. സി.എം. ജോർജ്, റ്റോമി കണ്ണീറ്റുമ്യാലിൽ, ജോസ് വട്ടുകുളം എന്നിവർ സംബന്ധിച്ചു. പൾബോക്സി മീറ്ററുകൾ വിതരണം ചെയ്തു.

മുട്ടുചിറ ഫൊറോന മീറ്റിംഗ് പ്രസിഡന്റ് ശ്രീ. തോമസ് അരുകുഴുപ്പിന്റെ അധ്യക്ഷതയിൽ ഡയറക്ടർ റവ.ഫാ. ജോസഫ് ഇടത്തുംപറമ്പിൽ ഉദ്ഘാടനം ചെയ്തു. ശ്രീ രാജു നെടുമറ്റം, രാജു അരുകുഴുപ്പിൽ, ജോസ് വട്ടുകുളം എന്നിവർ സംസാരിച്ചു. പൾസോക്സി മീറ്ററുകൾ വിതരണം ചെയ്തു.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**അഗ്രോ ഇൻഡസ്ട്രിയൽ പാർക്ക് കാർഷിക വിവരശേഖരണ ഫോറം**

പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ പാലായിൽ ആരംഭിക്കുന്ന നിർദിഷ്ട അഗ്രോ ഇൻഡസ്ട്രിയൽ പാർക്കിന്റെ രൂപരേഖ തയ്യാറാക്കുന്നതിനായി ആവശ്യമായ വിവരങ്ങൾ ശേഖരിക്കുവാനും കാർഷിക വിവരശേഖരണ ഫോറം എല്ലാ ഇടവകകളും പൂരിപ്പിച്ചുതരേണ്ടതാണ്. റബ്ബർകൃഷി ഒഴികെയുള്ള കാർഷികവിളകൾ/ഉത്പന്നങ്ങളുടെ ഇടവക/ത്രിതല ലഭ്യതയും അളവുകളുമാണ് ഇതിൽ പൂരിപ്പിക്കേണ്ടത്. ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഓരോ പ്രാർത്ഥനാകൂട്ടായ്മയിൽനിന്നും രണ്ടിൽ കുറയാത്ത കർഷകപ്രതിനിധികൾ സ്വാശ്രയസംഘം/കർഷകദള ഫെഡറേഷൻ/ഫാർമേഴ്സ് ക്ലബ് ഭാരവാഹികൾ എന്നിവർ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ഇടവകതലത്തിൽ യോഗം ചേർന്ന് ഈ ഫോറം പൂരിപ്പിച്ച് ഷാലോമിലുള്ള പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**2. പച്ചക്കറിത്തൈ വിതരണം**

വരുന്ന ഓണക്കാലത്ത് നമ്മുടെ വീടുകളിൽ പച്ചക്കറിയുടെ ലഭ്യത ഉറപ്പു വരുത്തുകയെന്ന ലക്ഷ്യത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി മഴക്കാലത്ത് കൃഷി ചെയ്യാവുന്ന ഇനത്തിൽപെട്ട പച്ചക്കറിത്തൈകൾ വിതരണം ചെയ്യുന്നു. ചീനി, വെണ്ട, മത്തൻ, കുക്കുമ്പർ, പടവലം, വള്ളിപ്പയർ, കുറ്റിപ്പയർ, തക്കാളി, ചീര, വഴുതിന തുടങ്ങിയ ഇനത്തിൽപെട്ട പച്ചക്കറിത്തൈകൾ വിതരണം ചെയ്യുന്നു. മെയ് 5 മുതൽ പാലാ അഗ്രിമാ കർഷക ഓപ്പൺ മാർക്കറ്റിൽ നിന്നു വിതരണം ആരംഭിക്കും. ഗ്രോബാഗ്, ജൈവവളങ്ങൾ, കീടനാശിനികൾ എന്നിവ അഗ്രിമ ഓപ്പൺ മാർക്കറ്റിൽനിന്നു വിതരണം ചെയ്തുവരുന്നു.

**തെങ്ങിൻതൈവിതരണം**

കുറ്റ്യാടി, കേരശ്രീ, ഗംഗാബോണ്ടം, മലയൻപച്ച, ഡി&റ്റി, പതിനെട്ടാം പട്ട തുടങ്ങിയ ഇനത്തിൽപ്പെട്ട മികച്ചയിനം തെങ്ങിൻതൈകൾ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ച് വിതരണം ചെയ്തുവരുന്നു.

**4. ഫലവൃക്ഷത്തൈ വിതരണം**

പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽനിന്ന് വിവിധയിനത്തിൽപെട്ട ഫലവൃക്ഷത്തൈകളുടെ വിതരണം ആരംഭിച്ചു. മീറ്റർ വരിക്ക, തേൻവരിക്ക, വിയറ്റ്നാം സൂപ്പർ ഏർലി, ഗം ലെസ്സ്, സിന്ദൂര വരിക്ക തുടങ്ങിയ ഇനത്തിൽപെട്ട പ്ലാവുകൾ, തായ്‌ലന്റ് ചാമ്പ, തായ്‌ലന്റ് മാവ്, തായ്‌ലന്റ് പേര, ഓൾ സീസൺ മാവ്, റമ്പൂട്ടാൻ, അവാക്കോട, മുട്ടിപ്പഴം, നാരകം തുടങ്ങിയ ഗുണമേന്മയുള്ള തൈകൾ പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽനിന്നു വിതരണം ചെയ്തു വരുന്നു.

**23 ലക്ഷം രൂപ ധനസഹായം വിതരണം ചെയ്തു.**

സേവ് എ ഫാമിലി പ്ലാന്റ് കുടുംബോദ്ധാരണ പദ്ധതിപ്രകാരം രൂപതയിലെ 270 കുടുംബാംഗങ്ങൾക്കായി 2386000 രൂപയുടെ ധനം സഹായം കഴിഞ്ഞ സാമ്പത്തിക വർഷം വിതരണം ചെയ്തു. വിദ്യാഭ്യാസം, നവസംരംഭങ്ങൾ തുടങ്ങുക, ഭവനനിർമാണം തുടങ്ങിയ കുടുംബങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്ന ആവശ്യങ്ങൾക്കാണ് ധനസഹായം നല്കിയത്.

**6. 4.5 ലക്ഷം രൂപാ ഭിന്നശേഷി ക്ഷേമപദ്ധതികൾക്ക് വിതരണം ചെയ്തു.**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ഭിന്നശേഷി ക്ഷേമപദ്ധതിപ്രകാരം വിദ്യാഭ്യാസം, ചികിത്സ എന്നീ ആവശ്യങ്ങൾക്കായി കഴിഞ്ഞ പ്രവർത്തനവർഷം നാലരലക്ഷം രൂപായുടെ ധനസഹായം വിതരണം ചെയ്തു.

**7. അഗ്രിമ ഇക്കോഷോപ്പ്**

പാലാ സെന്റ് തോമസ് പ്രസിനു സമീപമുള്ള അഗ്രിമ ഇക്കോഷോപ്പിൽ കോറോണ പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി മാക്സുകൾ, സാനിറ്റൈസർ, സോപ്പ്, ലോഷൻ തുടങ്ങിയവ ലഭ്യമാണ്. കൂടാതെ അരിപ്പൊടി, മുളകുപൊടി, ഈന്തങ്ങാപ്പൊടി, മല്ലിപ്പൊടി തുടങ്ങിയ പൊടി ഐറ്റംസ് സ്പൈസസ് ഐറ്റങ്ങൾ, ചെറുതേൻ, വൻതേൻ തേനുത്പന്നങ്ങൾ തുടങ്ങിയ സാധനങ്ങൾ വിവിധ വർണങ്ങളിലുള്ള ചെടിചട്ടികൾ തുടങ്ങിയവ ലഭിക്കുന്നതാണ്.

**ജലജീവൻ പദ്ധതി**

കേന്ദ്രസംസ്ഥാന സർക്കാരുകൾ ഗ്രാമപഞ്ചായത്തുകളിൽ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടപ്പിലാക്കുന്നു ജീവൻ മിഷൻ പദ്ധതിയുടെ നിർവഹണ സഹായസംഘടനയായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയെ തിരഞ്ഞെടുത്തു. കോട്ടയം ജില്ലയിലെ കടുത്തുരുത്തി, മുത്തോലി, ഭരണങ്ങാനം, കരൂർ, കൊഴുവനാൽ, കടനാട്, മീനച്ചിൽ, അകലക്കുന്നം, തിടനാട്, തലപ്പലം എന്നീ പത്തു പഞ്ചായത്തുകളിലാണ് പി.എസ്.ഡബ്ല്യു.എസ്. നെ നിയോഗിച്ചിരിക്കുന്നത്. കേരളത്തിലെ ഏറ്റവും കൂടുതൽ പഞ്ചായത്തുകളിൽ ജലജീവൻ പദ്ധതി നടപ്പിലാക്കുന്ന നിർവഹണ ഏജൻസിയും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയാണ്.

**മെയ് – ജൂൺ വാർത്തകൾ**

**1. ആദരാഞ്ജലികൾ**

കോതനല്ലൂർ സോണൽ കോർഡിനേറ്റർ സേവ് എ ഫാമിലി പ്രോഗ്രാം ആനിമേറ്റർ എന്നീ നിലകളിൽ സേവനം ചെയ്ത ശ്രീമതി ബീനാ കുഞ്ഞുമോൻ വലിയപ്ലാക്കിയിൽ 20–5–2021 ന് നിര്യാതയായി. ആകസ്മിക വേർപാടിൽ പി.എസ്.ഡബ്ല്യു.എസ്. കുടുംബാംഗങ്ങൾ, അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്ത് പ്രാർത്ഥിച്ചു.

**2. അഗ്രിമ മാർക്കറ്റിൽ പച്ചക്കറിതൈ ഫലവൃക്ഷത്തൈ വിതരണം**

വിവിധയിനം തെങ്ങുതൈകൾ പച്ചക്കറിത്തൈകൾ, മുട്ടക്കോഴികൾ, മത്സ്യകുഞ്ഞുങ്ങൾ, തീറ്റകൾ, പ്ലാസ്റ്റിക്, സിമന്റ് ചെടിച്ചട്ടികൾ, മാസ്കുകൾ, സാനിറ്റൈസർ ഗ്രോബാഗുകൾ, കർഷകർ ഉത്പാദിപ്പിക്കുന്ന തേൻ, കുടംപുളി, കാപ്പിപ്പൊടി, കൂവപ്പൊടി, കറിപൗഡറുകൾ അഗ്രിമയിൽ വിതരണം തുടരുന്നു.

**3. കോവിഡ് പ്രതിരോധന പരിപാടികൾ**

സ്വാശ്രയസംഘങ്ങളുമായി സഹകരിച്ച് ഹോമിയോ മരുന്നുകൾ വിതരണം നടത്തി.

**4. ഭക്ഷ്യകിറ്റ്, ധനസഹായം വിതരണം**

കോവിഡ് പ്രതിരോധനത്തിന്റെ ഭാഗമായി മറ്റു സംഘടനകളുമായി സഹകരിച്ച് അകലക്കുന്നം, കൊഴുവനാൽ, കരൂർ പഞ്ചായത്തുകളിലെ കമ്മ്യൂണിറ്റി കിച്ചണിലേക്ക് ഭക്ഷ്യകിറ്റുകളുടെ വിതരണോദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു. കൂടാതെ മരിയസദനം ബോയ്സ് ടൗൺ, കെയർ ഹോം എന്നിവിടങ്ങളിൽ ഭക്ഷ്യകിറ്റുവിതരണം നടത്തി.

**5. കെയർ ഹോമുകൾക്ക് സൗജന്യ മെഡിക്കൽ കിറ്റ്**

പൾബോക്സി മീറ്റർ, തെർമോ മീറ്റർ, മാസ്ക് തുടങ്ങി അഞ്ചിനങ്ങൾ അടങ്ങിയ മെഡിക്കൽ കിറ്റുകളുടെ വിതരണം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് രൂപത കേന്ദ്രത്തിൽ നിർവഹിച്ചു.

**6. സൗജന്യ കശുമാവിൻതൈ വിതരണ രജിസ്ട്രേഷൻ**

അത്യുല്പാദനശേഷിയുള്ള കശുമാവിൻത്തൈകൾ സൗജന്യമായി നല്കുന്നതിന് അഗ്രിമ മാർക്കറ്റിൽ രജിസ്ട്രേഷൻ ആരംഭിച്ചു. വേണ്ടവർ കരം അടച്ച

രസീത്, ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ കോപ്പികളുമായി ഓഫീസ് നമ്പറിലേക്ക് വിളിക്കുക. ഫോൺ : 9074556724.

**7. കേരശ്രീ തെങ്ങിൻതൈ വിതരണം ആരംഭിച്ചു.**

മികച്ച കായ്ഫലം നല്കി മാധ്യമശ്രദ്ധ നേടിയ കേരശ്രീ തെങ്ങിൻതൈകളുടെ രൂപതാതല വിതരണോദ്ഘാടനം മാണി സി. കാപ്പൻ എം.എൽ.എ. നിർവഹിച്ചു. അഗ്രിമ കാർഷിക നേഴ്സറിയിൽ നടന്ന മീറ്റിംഗിൽ വികാരി ജനറാൾ മോൺ സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷം വഹിച്ചു.

**8. ജലജീവൻ മിഷൻ**

സർക്കാരിന്റെ ഓരോ വീട്ടിലും വാട്ടർ കണക്ഷൻ നല്കുന്ന പദ്ധതിയിൽ പത്തു പഞ്ചായത്തുകളിലെ സപ്പോർട്ടിംഗ് ഏജൻസികളുടെ ചുമതല ഏറ്റെടുത്ത് പ്രവർത്തനം തുടങ്ങി.

**9. കോവിഡ് സൗജന്യ ഫോഗിംങ് സർവീസ്**

പി.എസ്.ഡബ്ല്യു.എസ്. + എസ്.എം.വൈ.എം. ഗുഡ് സമരിറ്റൻ ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ പള്ളികൾ, സ്കൂളുകൾ, വീടുകൾ, സ്ഥാപനങ്ങൾ അണുവിമുക്ത ഫോഗിംഗ് സർവ്വീസ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു ആവശ്യമുള്ളവർ മെഷീൻ സൗകര്യം വാടക രഹിതമായി നല്കുന്നു. മിഷൻ സ്വന്തമായി വേണ്ടവർക്ക് ഫോൺ : 9074556724.

**10. കാരിത്താസ് ഇൻഡ്യാ കോവിഡ് ടെലി കൗൺസിലിംഗ്**

കോവിഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് സംശയനിവാരണ സഹായി ഓഫീസ് മെയ് 12 ശാലോം പാസ്റ്ററൽ സെന്ററിൽ തുറന്നു. ശ്രീ മെർലി ജെയ്മഡ് (റിട്ട. വ്യുമൺ ചൈൽഡ് ഡവലപ്മെന്റ് ഓഫീസ്) നേതൃത്വം നല്കുന്നു.

**10. കാരിത്താസ് ഇൻഡ്യയും പി.എസ്.ഡബ്ല്യു.എസും ചേർന്ന് സൗജന്യ മെഡിക്കൽ കിറ്റ് വിതരണം**

പി.എസ്.ഡബ്ല്യു.എസ്. ഇലഞ്ഞി ഫൊറോനയിലെ പത്ത് ഇടവകകളെ കേന്ദ്രീകരിച്ച് സൗജന്യ മെഡിക്കൽ കിറ്റുകൾ വിതരണം നടത്തി. പത്ത് ഇടവകകളിലെ സന്നദ്ധ പ്രവർത്തകർ അത് ഏറ്റുവാങ്ങി. ഈ പദ്ധതിയുടെ ഉദ്ഘാടനം ഇലഞ്ഞി സോൺ രക്ഷാധികാരി റവ.ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേൽ നിർവഹിച്ചു. സോണൽ ഡയറക്ടർ റവ.ഫാ. ഫ്രാൻസിസ് ഇടത്തിനാൽ ആശംസകൾ അറിയിച്ചു. റാപ്പിഡ് റെസ്പോൺസ് ടീം കോർഡിനേറ്റർ ശ്രീ ജെയ്സൺ ടി.ജെ. ബോധവത്ക്കരണം നടത്തി. പ്രോജക്ട് ഓഫീസ് ശ്രീ ലിറ്റി സന്തോഷം സംസാരിച്ചു.

**12. കാരിത്താസ് ഇൻഡ്യാ ആശാകരിണം പ്രോജക്ട് കവർ ചിത്രരചനാമത്സരം**

ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് കാൻസറും പരിസ്ഥിതിയും എന്ന വിഷയത്തെ അടിസ്ഥാനമാക്കി വിദ്യാർത്ഥികളുടെയിടയിൽ കളർചിത്രരചനാമത്സരം വെൽചൽ ഫ്ളാറ്റ് ഫോമുകൾ സംഘടിപ്പിച്ചു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

പ്രിയ ബഹു. അച്ചാ, സുഹൃത്തേ,

കോവിഡ് 19-ന്റെ രണ്ടാംതരംഗം നമ്മുടെ സമൂഹത്തെ അതിരൂക്ഷമായി ബാധിച്ചിരിക്കുകയാണല്ലോ. ഈ സാഹചര്യത്തിൽ കെസിബിസി എസ്.സി/ എസ്.ടി/ ബി.സി കമ്മീഷന്റെ നേതൃത്വം വഹിക്കുന്ന പിതാക്കന്മാരും ഡി.സി.എം.എസ് രൂപത ഡയറക്ടർമാരും സംസ്ഥാന കമ്മിറ്റിയും കൗൺസിലും അടിയന്തിരമായി ഓൺലൈൻ യോഗങ്ങൾ ചേർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

1. നിലവിലുള്ള ഡി.സി.എം.എസ് സംസ്ഥാനകമ്മിറ്റിയുടെയും കൗൺസിലിന്റെയും പ്രവർത്തന കാലാവധി 6 മാസത്തേക്ക് നീട്ടിയിരിക്കുന്നു. പുതിയ രൂപതാസമിതികൾ 2021 സെപ്റ്റംബർ മാസത്തിനുള്ളിൽ രൂപീകരിക്കുകയും ഒക്ടോബറിൽ സംസ്ഥാന തെരഞ്ഞെടുപ്പു നടത്തുകയും ചെയ്യുന്നതാണ്. ഇടവക/ ഫൊറോനാ/രൂപതാ സമിതികൾ പുതുതായി തെരെഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെങ്കിൽ രൂപതാദ്ധ്യക്ഷന്റെ അംഗീകാരത്തോടെ അവർക്ക് പ്രവർത്തിക്കാവുന്നതാണ്.

2. കോവിഡ് 19 ബാധിച്ച് കഷ്ടത അനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളെ സഹായിക്കാനുള്ള പദ്ധതികൾ എല്ലാ രൂപതകളിലും ഉണ്ടാകണം. രണ്ടാം തരംഗത്തിൽ (2021 ഏപ്രിൽ 1 മുതൽ ) കോവിഡ് ബാധിച്ചു ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന ദളിത് ക്രൈസ്തവകുടുംബങ്ങളെ സഹായിക്കാൻ കെസിബിസി എസ്.സി/എസ്.ടി/ ബി.സി. കമ്മീഷൻ ആകെ 3 ലക്ഷം രൂപ അനുവദിക്കുകയാണ്. ഒരു കുടുംബത്തിന് കമ്മീഷൻ നൽകുന്ന സഹായം 3000 രൂപയാണ്. അർഹതയുള്ളവർ ചികിത്സാരേഖകളുടെ പകർപ്പ്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ സഹിതം നൽകുന്ന അപേക്ഷ രൂപത ഡയറക്ടർ സാക്ഷ്യപ്പെടുത്തി സംസ്ഥാന ഡയറക്ടർക്കു 2021 ജൂലൈ മാസം 31നു മുൻപ് നൽകേണ്ടതാണ്. അംഗീകരിക്കപ്പെടുന്ന അപേക്ഷകരുടെ അക്കൗണ്ടിലേക്ക് നിശ്ചിത തുക കെസിബിസി കമ്മീഷൻ നിക്ഷേപിക്കുന്നതാണ്.

3. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിച്ചു റിപ്പോർട്ട് നൽകുന്നതിനു കേരള സർക്കാർ ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ടല്ലോ. പ്രസ്തുത കമ്മീഷൻ മെയ് മാസത്തിൽ വിവര ശേഖരണത്തിനുള്ള മീറ്റിംഗുകൾ നടത്തുകയാണ്. പ്രസ്തുത കമ്മീഷന് മുൻപിൽ അവതരിപ്പിക്കുന്നതിനു ആവശ്യമായ വിവരങ്ങൾ ഡി.സി.എം.എസ് ശേഖരിക്കുകയാണ്. കൃത്യമായ വിവരങ്ങൾ ശേഖരിച്ചു ഡി.സി.എം.എസ് പാലാ രൂപതാ ഓഫീസിലേക്ക് ഇമെയിൽ വഴിയോ നേരിട്ടോ ഏൽപ്പിക്കേണ്ടതാണ്

**രൂപത അറിയിപ്പുകൾ**

1. ഡി.സി.എം.എസ് സംസ്ഥാന സമിതിയുടെ തീരുമാന പ്രകാരം ഡി.സി.എം.എസ് സംസ്ഥാന, രൂപതാ , മേഖല, യൂണിറ്റ് സമിതികളുടെ പ്രവർത്തന കാലാവധി 6 മാസത്തേക്ക് നീട്ടിയിരിക്കുകയാണ്.

2 യൂണിറ്റ് തെരഞ്ഞടുപ്പ് : യൂണിറ്റ് തെരഞ്ഞടുപ്പ് പുതുതായി തെരഞ്ഞെടുപ്പ് നടത്താത്ത ഇടവകകളിൽ/ യൂണിറ്റുകളിൽ തെരഞ്ഞെടുപ്പ് നടത്തി അംഗങ്ങളുടെ ലിസ്റ്റ്, ഭാരവാഹികളുടെയും കമ്മറ്റിയംഗങ്ങളുടേയും ലിസ്റ്റ്, അംഗത്വഫീസ് (5 രൂപ) യൂണിറ്റ് വിഹിതം (1.50) കഴിച്ചുള്ള തുക 3.50 രജി. ഫീസ് പുതിയത് 25 രൂപ എന്നിവ സഹിതം ഇടവക വികാരിയച്ചന്റെ സാക്ഷിപ്പോടുകൂടി 2021 ജൂലൈ 31 വൈകുന്നേരം 5 മണിക്ക് മുൻപ് ഡി.സി.എം.എസ് രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

3. മേഖല തെരഞ്ഞെടുപ്പ് : മേഖല തെരഞ്ഞെടുപ്പ് പൂർത്തീകരിച്ച് മേഖല ഡയറക്ടറുടെ / ഫൊറോന വികാരിയുടെ സാക്ഷിപ്പോടുകൂടിയ ലിസ്റ്റ് 2021 ആഗസ്റ്റ് 31 വൈകുന്നേരം 5 മണിക്ക് മുൻപ് ഡി.സി.എം.എസ് രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

4. രൂപതാ തെരഞ്ഞെടുപ്പ് : രൂപതാ തെരഞ്ഞെടുപ്പ് 2021 സെപ്റ്റംബർ മാസം അവസാനം നടത്തുന്നതാണ്. യൂണിറ്റ്, മേഖല, രൂപത തെരഞ്ഞെടുപ്പുകൾ ഡി.സി.എം.എസ് നിയമാവലി അനുസരിച്ച് നടത്തുന്നതായിരിക്കും സർക്കുലർ 22/2/2021 കാണുക.

5. യൂണിറ്റ് തെരഞ്ഞെടുപ്പ് നടക്കുന്ന വിവരം രേഖാമൂലം രൂപതാ എക്സിക്യൂട്ടീവ് കമ്മറ്റിയെ അറിയിക്കേണ്ടതാണ്.

6. കുടിശ്ശികയുള്ള അംഗങ്ങൾക്ക് തെരഞ്ഞെടുപ്പിൽ വോട്ടവകാശവും സ്ഥാനാർത്ഥിത്വവും ഉണ്ടായിരിക്കുന്നതല്ല.

7. യൂണിറ്റുകളും മേഖല സമിതികളും കഴിഞ്ഞ കാലത്തെ (2018-2021 മാർച്ച് 31 വരെ) പ്രവർത്തന റിപ്പോർട്ട്, കണക്ക്, കുടുംബസർവ്വേ പൂരിപ്പിച്ച ഫോറം, പുതിയ ഭാരവാഹികളുടെയും കമ്മറ്റിയംഗങ്ങളുടെയും ലിസ്റ്റ് എന്നിവ ബഹു. വികാരിയച്ചന്റെ സാക്ഷിപ്പ് സഹിതം രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

8. യൂണിറ്റ്, മേഖല സമിതികളുടെ റിപ്പോർട്ട് ബുക്ക്, കണക്ക് ബുക്ക് എന്നിവ രൂപത ഓഫീസിൽ സമർപ്പിച്ച് സീൽ ചെയ്യിപ്പിക്കേണ്ടതാണ്.

9. എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി എന്നിവ പഠിക്കുന്നവരും കോഴ്സ് പൂർത്തിയാക്കിയവരുമായ ദളിത് കത്തോലിക്കാ കുട്ടികൾക്ക് ഫീസ് സൗജന്യത്തോടുകൂടി സിവിൽ സർവ്വീസ് കോച്ചിംങ്, എൻട്രൻസ് കോച്ചിംങ് എന്നിവയ്ക്ക് ചേരാവുന്നതാണ് താത്പര്യം ഉള്ളവർ 2021 മെയ് 15 നകം ഡി.സി.എം.എസ് രൂപത ഓഫീസിൽ പേര് നൽകേണ്ടതാണ്.

10. കെസിബിസി എസ്.സി/എസ്.ടി/ ബി.സി. കമ്മീഷന്റെ നിർദേശപ്രകാരം കോശി കമ്മീഷനു മുമ്പാകെ ദളിത് കത്തോലിക്കരുടെ വിവരങ്ങൾ സമർപ്പിക്കുന്നതിനായുള്ള വിവര ശേഖരണ ഫോറം രൂപത ഓഫീസിൽനിന്നും ലഭ്യമാണ്. യൂണിറ്റ് ഭാരവാഹികൾ രൂപത ഓഫീസിൽനിന്നും ഫോറം വാങ്ങി വിവരങ്ങൾ രേഖപ്പെടുത്തി മെയ് 15 നകം രൂപത ഓഫീസിൽ തിരികെ ഏൽപ്പിക്കേണ്ടതാണ്.

11. യൂണിറ്റ് ഇല്ലാത്ത ഇടവകകളിൽ ഡി.സി.എം.എസ് യൂണിറ്റ് രൂപീകരിക്കാൻ വേണ്ട അവസരം ബഹു.വികാരിയച്ചന്മാർ ഒരുക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

**മെയ് – ജൂൺ വാർത്തകൾ**

1. നിലവിലുള്ള ഡി.സി.എം.എസ് സംസ്ഥാനകമ്മിറ്റിയുടെയും കൗൺസിലിന്റെയും പ്രവർത്തന കാലാവധി 6 മാസത്തേക്ക് നീട്ടിയിരിക്കുന്നു. പുതിയ രൂപതാസമിതികൾ 2021 സെപ്റ്റംബർ മാസത്തിനുള്ളിൽ രൂപീകരിക്കുകയും ഒക്ടോബറിൽ സംസ്ഥാന തെരഞ്ഞെടുപ്പു നടത്തുകയും ചെയ്യുന്നതാണ്. ഇടവക/ ഫൊറോനാ/രൂപതാ സമിതികൾ പുതുതായി തെരെഞ്ഞെടുക്കപ്പെട്ടിട്ടുങ്കിൽ രൂപതാദ്ധ്യക്ഷന്റെ അംഗീകാരത്തോടെ അവർക്ക് പ്രവർത്തിക്കാവുന്നതാണ്.

2. കോവിഡ് 19 ബാധിച്ച് കഷ്ടത അനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളെ സഹായിക്കാനുള്ള പദ്ധതികൾ എല്ലാ രൂപതകളിലും ഉണ്ടാകണം. രണ്ടാം തരംഗത്തിൽ (2021 ഏപ്രിൽ 1 മുതൽ) കോവിഡ് ബാധിച്ചു ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന ദളിത് ക്രൈസ്തവ കുടുംബങ്ങളെ സഹായിക്കാൻ കെസിബിസി എസ്.സി/എസ്.ടി/ ബി.സി. കമ്മീഷൻ ആകെ 3 ലക്ഷം രൂപ അനുവദിക്കുകയാണ്. ഒരു കുടുംബത്തിന് കമ്മീഷൻ നൽകുന്ന സഹായം 3000 രൂപയാണ്. അർഹതയുള്ളവർ ചികിത്സാ രേഖകളുടെ പകർപ്പ്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ സഹിതം നൽകുന്ന അപേക്ഷ രൂപത ഡയറക്ടർ സാക്ഷ്യപ്പെടുത്തി സംസ്ഥാന ഡയറക്ടർക്കു 2021 ജൂലൈ മാസം 31നു മുൻപ് നൽകേണ്ടതാണ്. അംഗീകരിക്കപ്പെടുന്ന അപേക്ഷകരുടെ അക്കൗണ്ടിലേക്ക് നിശ്ചിത തുക കെസിബിസി കമ്മീഷൻ നിക്ഷേപിക്കുന്നതാണ്.

3. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിച്ചു റിപ്പോർട്ട് നൽകുന്നതിനു കേരള സർക്കാർ ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ടല്ലോ. പ്രസ്തുത കമ്മീഷൻ മെയ് മാസത്തിൽ വിവര ശേഖരണത്തിനുള്ള മീറ്റിംഗുകൾ നടത്തുകയാണ്. പ്രസ്തുത കമ്മീഷന് മുൻപിൽ അവതരിപ്പിക്കുന്നതിനു ആവശ്യമായ വിവരങ്ങൾ ഡി.സി.എം.എസ് ശേഖരിക്കുകയാണ്. കൃത്യമായ വിവരങ്ങൾ ശേഖരിച്ചു ഡി.സി.എം.എസ് പാലാ രൂപതാ ഓഫീസിലേയ്ക്ക് ഇമെയിൽ വഴിയോ നേരിട്ടോ ഏൽപ്പിക്കേണ്ടതാണ്

**രൂപത അറിയിപ്പുകൾ**

1. ഡി.സി.എം.എസ് സംസ്ഥാനസമിതിയുടെ തീരുമാന പ്രകാരം നിലവിലുള്ള ഡി.സി.എം.എസ് സംസ്ഥാന, രൂപതാ, മേഖല, യൂണിറ്റ് സമിതികളുടെ പ്രവർത്തന കാലാവധി 6 മാസത്തേയ്ക്ക് നീട്ടിയിരിക്കുകയാണ്.

2. യൂണിറ്റ് തെരഞ്ഞടുപ്പ് : യൂണിറ്റ് തെരഞ്ഞടുപ്പ് പുതുതായി തെരഞ്ഞെടുപ്പ് നടത്താത്ത ഇടവകകളിൽ/ യൂണിറ്റുകളിൽ തെരഞ്ഞെടുപ്പ് നടത്തി അംഗങ്ങളുടെ ലിസ്റ്റ്, ഭാരവാഹികളുടെയും കമ്മറ്റിയംഗങ്ങളുടേയും ലിസ്റ്റ്, അംഗത്വഫീസ് (5 രൂപ) യൂണിറ്റ് വിഹിതം (1.50) കഴിച്ചുള്ള തുക 3.50 രജി.ഫീസ് 25 രൂപ എന്നിവ സഹിതം ഇടവക വികാരിയച്ചന്റെ സാക്ഷിപ്പോടുകൂടി 2021 ജൂലൈ 31 വൈകുന്നേരം 5 മണിക്ക് മുൻപ് ഡി.സി.എം.എസ് രൂപതാ ഓഫീസിൽ ഏൽപ്പിക്കേ താണ്.

3. മേഖല തെരഞ്ഞെടുപ്പ് : മേഖല തെരഞ്ഞെടുപ്പ് നടക്കുന്ന സ്ഥലം, തീയതി, സമയം എന്നിവ രൂപതാ കേന്ദ്രത്തിൽനിന്നും മേഖലാ കൗൺസിൽ അംഗങ്ങളെ അറിയിക്കുന്നതായിരിക്കും. മേഖലതെരഞ്ഞെടുപ്പ് പൂർത്തീകരിച്ച് മേഖല

ഡയറക്ടറുടെ / ഫൊറോന വികാരിയുടെ സാക്ഷിപ്പോടുകൂടിയ ലിസ്റ്റ് 2021 ആഗസ്റ്റ് 31 വൈകുന്നേരം 5 മണിക്ക് മുൻപ് ഡി.സി.എം.എസ് രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

4. രൂപതാ തെരഞ്ഞെടുപ്പ് : രൂപതാ തെരഞ്ഞെടുപ്പ് 2021 സെപ്റ്റംബർ മാസം അവസാനം നടത്തുന്നതാണ്. യൂണിറ്റ്, മേഖല,രൂപത തെരഞ്ഞെടുപ്പുകൾ ഡി.സി.എം.എസ് നിയമാവലി അനുസരിച്ച് നടത്തുന്നതായിരിക്കും സർക്കുലർ 22/2/2021 കാണുക.

5. യൂണിറ്റ് തെരഞ്ഞെടുപ്പ് നടക്കുന്ന വിവരം രേഖാമൂലം രൂപതാ എക ്സിക്യൂട്ടീവ് കമ്മറ്റിയെ അറിയിക്കേണ്ടതാണ്.

6. കുടിശ്ശിഖയുള്ള അംഗങ്ങൾക്ക് തെരഞ്ഞെടുപ്പിൽ വോട്ടവകാശവും സ്ഥാനാർത്ഥിത്വവും ഉണ്ടായിരിക്കുന്നതല്ല.

7. യൂണിറ്റുകളും മേഖല സമിതികളും കഴിഞ്ഞ കാലത്തെ (2018-2021 മാർച്ച് 31 വരെ) പ്രവർത്തന റിപ്പോർട്ട്, കണക്ക്, കുടുംബസർവ്വേ പൂരിപ്പിച്ച ഫോറം, പുതിയ ഭാരവാഹികളുടെയും കമ്മറ്റിയംഗങ്ങളുടെയും ലിസ്റ്റ്, തെരഞ്ഞെടുപ്പ് റിപ്പോർട്ട് എന്നിവ ബഹു. വികാരിയച്ചന്റെ സാക്ഷിപ്പ് സഹിതം രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

8. യൂണിറ്റ്, മേഖല സമിതികളുടെ റിപ്പോർട്ട് ബുക്ക്, കണക്ക് ബുക്ക് എന്നിവ രൂപത ഓഫീസിൽ സമർപ്പിച്ച് സീൽ ചെയ്യിപ്പിക്കേണ്ടതാണ്.

9. എസ്.എസ്.എൽ.സി, പ്ലസ്ടു, ഡിഗ്രി എന്നിവ പഠിക്കുന്നവരും കോഴ്സ് പൂർത്തിയാക്കിയവരുമായ ദളിത് കത്തോലിക്കാ കുട്ടികൾക്ക് ഫീസ് സൗജന്യത്തോടുകൂടി സിവിൽ സർവ്വീസ് കോച്ചിംങ്, എൻട്രൻസ് കോച്ചിംങ് എന്നിവയ്ക്ക് ചേരാവുന്നതാണ് താത്പര്യമുള്ളവർ 2021 ജൂലൈ 15 നകം ഡി.സി.എം.എസ് രൂപത ഓഫീസിൽ പേര് നൽകേണ്ടതാണ്.

10. കെസിബിസി എസ്.സി/എസ്.ടി/ബി.സി. കമ്മീഷന്റെ നിർദ്ധേശപ്രകാരം ജസ്റ്റീസ് ജെ.ബി കോശി കമ്മീഷനു മുമ്പാകെ ദളിത് കത്തോലിക്കരുടെ വിവരങ്ങൾ സമർപ്പിക്കുന്നതിനായുള്ള വിവരശേഖരണഫോറം രൂപത ഓഫീസിൽനിന്നും ലഭ്യമാണ്.യൂണിറ്റ് ഭാരവാഹികൾ രൂപത ഓഫീസിൽനിന്നും ഫോറം വാങ്ങി വിവരങ്ങൾ രേഖപ്പെടുത്തി ജൂലൈ 15 നകം രൂപത ഓഫീസിൽ തിരികെ ഏൽപ്പിക്കേണ്ടതാണ്.

11. യൂണിറ്റ് ഇല്ലാത്ത ഇടവകകളിൽ ഡി.സി.എം.എസ് യൂണിറ്റ് രൂപീകരിക്കാൻ വേണ്ട അവസരം ബഹു.വികാരിയച്ചന്മാർ ഒരുക്കി തരണമെന്ന് അഭ്യർത്ഥിക്കുന്നു.

**രൂപതാ സ്കോളർഷിപ്പ്**

1. 2020-2021 വാർഷികപരീക്ഷയിൽ എസ്.എസ്.എൽ.സി, പ്ലസ്സ് ടു, ഡിഗ്രി, പിജി, ഉപരിപഠന തൊഴിലധിഷ്ഠിത കോഴ്സുകൾ, പ്ലസ്സ്ടു മതപഠനം എന്നിവയ്ക്ക് 60% ത്തിലധികം മാർക്ക് ലഭിച്ച വിദ്യാർത്ഥികൾ അപേക്ഷ ഫോറം പൂരിപ്പിച്ച് മാർക്ക് ലിസ്റ്റ് കോപ്പി സഹിതം ആഗസ്റ്റ് 31

**3. കലാനിധി**

കലാകായിക പരിശീലനം നടത്തുന്ന ദലിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് ഡി.സി.എം.എസ് സംഘടനയിൽ നിന്ന് പഠന സഹായങ്ങൾ നൽകുന്നതാണ്. അർഹരായ വിദ്യാർത്ഥികൾ അപേക്ഷഫാറം പൂരിപ്പിച്ച് ഡി.സി.എം.എസ് രൂപതാ ഓഫീസിൽ 2021 ജൂലൈ 31 നകം നൽകേ താണ്.

NB : അപേക്ഷഫോം ഡി.സി.എം.എസ് രൂപതാ ഓഫീസിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ഇടവക വികാരി/ യൂണിറ്റ് ഡയറക്ടർ , യൂണിറ്റ് പ്രസിഡന്റ്/ സെക്രട്ടറി എന്നിവരുടെ സാക്ഷിപ്പോടുകൂടി 2021 ജൂലൈ 31-ാം തീയതി 5 PM നു മുൻപായി ഡി.സി.എം.എസ് പാലാ രൂപതാ കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.

4. കേരളത്തിലെ ക്രൈസ്തവ ന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാൻ നിയമിക്കപ്പെട്ട ജസ്റ്റിസ് ജെ. ബി കോശി കമ്മീഷനിൽ, ദലിത് ക്രൈസ്തവ സമൂഹത്തിന്റെ പിന്നോക്കാവസ്ഥയെക്കുറിച്ചുള്ള ഒരു വ്യക്തമായ പഠനറിപ്പോർട്ട് സമർപ്പിക്കുന്നതിനായി KCBC SC /ST / BC കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് താല്പര്യം അറിയിച്ചിരിക്കുന്നു. അഭിവന്ദ്യ ജേക്കബ് മുരിക്കൻ പിതാവിന്റെ നിർദ്ദേശാനുസരണം ഉഇങ്ങട പാലാ രൂപത ദലിത് കത്തോലിക്ക വിവരശേഖരണം നടത്തുന്നു. കോവിഡ് -19 യുടെ പശ്ചാത്തലത്തിൽ ഭവനസന്ദർശനം അപ്രാപ്യമാകയാൽ മൊബൈൽ ആപ്ലിക്കേഷൻ വഴി ഗൂഗിൾ ഫോം ഉപയോഗിച്ചായിരിക്കും പ്രസ്തുത സർവ്വേ നടത്തുന്നത്.

**ഗൂഗിൾ ഫോം ഉപയോഗിച്ച് സർവ്വേ ചെയ്യുന്ന വിധം താഴെ പറയുന്ന രീതിയിൽ ക്രമീകരിക്കാം.**

1. ഓരോ ഇടവകയുടെ മുഴുവൻ ഡേറ്റായും ഒരു ഇടവകയുടെ mail ഐഡിയിൽ നിന്നോ വ്യക്തിയുടെ (President/secratary) മെയിൽ ഐഡി ഉപയോഗിച്ചോ പൂരിപ്പിച്ച് അയക്കാം. ചെറിയ കുടുംബാംഗങ്ങളുള്ള ഇടവകയിൽ ഈ പറഞ്ഞ രീതിയിൽ കാര്യങ്ങൾ ക്രമീകരിക്കാം.

2. താരതമ്യേന വലിയ അംഗസംഖ്യ ഉള്ള ഇടവകകളിൽ മൂന്നോ നാലോ വാർഡുകളായി തിരിച്ച് ഓരോ പ്രത്യേകം ലിങ്ക് നൽകി അവരുടെ വ്യക്തിഗത വിവരങ്ങൾ ശേഖരിക്കാം. ശേഷം അവ ഒരുമിച്ച് ശേഖരിച്ച് ഇടവകയുടെ പൊതു ഡാറ്റ ലഭിക്കും.

ഇങ്ങനെ ലഭിക്കുന്ന ഡാറ്റ പൊതു ഡാറ്റയോട് കൂട്ടി ചേർക്കാവുന്നതും ആണ്.

**ഗൂഗിൾ ഫോമിൽ ഡാറ്റ ശേഖരിക്കുമ്പോൾ വേണ്ടകാര്യങ്ങൾ**

1. ഒരു mail id ഉണ്ടാവണം. Mail id ഇല്ലാതെയും ഡാറ്റ ചെയ്യാം എന്ന സൗകര്യം ഉണ്ടെങ്കിലും ചെയ്യുന്ന ഡാറ്റ സോഴ്സ് തിരിച്ചറിയാൻ വേണ്ടി mail id നിർബന്ധം ആക്കേണ്ടിവരും.

2.സ്മാർട്ട് ഫോൺ/ കമ്പ്യൂട്ടർ സൗകര്യം. ഇപ്പോൾ എല്ലാ പള്ളികളിലും ലഭ്യമാണ് എന്നുള്ള കാര്യം എല്ലാവർക്കും അറിവുള്ളതാണല്ലോ. അത് ഇല്ലെങ്കിലും വ്യക്തിപരമായും ഡാറ്റ ചെയ്യാൻ സാധിക്കും. ഒരാളുടെ മെയിൽ ഐഡി വഴി ഒന്നിൽ കൂടുതൽ ഡേറ്റ സ്വീകരിക്കുന്ന ഓപ്ഷൻ നൽകുന്നതാണ്. ഈ സർവ്വേയുടെ ലിങ്ക് താഴെ ചേർത്തിരിക്കുന്നു. 2021 മെയ് 15ന് മുൻപ് പ്രസ്തുത

സർവ്വേ പൂർത്തീകരിച്ച് നല്കുന്നതിന് എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. https://forms.gle/dfvicWPLhh9qATYH9 ഈ സർവ്വേ പ്രവർത്തനത്തിൽ കൂടുതൽ വിശദീകരണവും, സംശയ നിവാരണവും ആവശ്യമെങ്കിൽ നിങ്ങൾക്ക് ബന്ധപ്പെടാനുള്ള നമ്പർ, ഫാ.ജോസ് വടക്കേക്കുറ്റ്. 9446200345,ജോണി പരമല 9961053301, ജോഷ്വ റ്റി. ജോസഫ് 8606883104,അഞ്ജലി ബേബി 9061285881

5. ഉന്നത വിദ്യാഭ്യാസം നടത്തിവരുന്ന കുട്ടികൾക്ക് പഠന സഹായം, പലിശ രഹിത പഠന വായ്പ എന്നിവ നൽകുന്നു.

കൊറോണയോടനുബന്ധിച്ചു ദളിത് സമൂഹം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ ഉന്നത വിദ്യാഭ്യാസം നേടിവരുന്ന കുട്ടികളുടെ പഠനത്തിനുള്ള ഫീസ് അടയ്ക്കുവാൻ ബുദ്ധിമുട്ടുന്ന കുടുംബങ്ങളുടെ വിവരങ്ങൾ (കുട്ടിയുടെ പേര് , പഠിക്കുന്ന കോഴ്സ്, ഈ വർഷം അടയ്ക്കേണ്ട ഫീസ് ) ഓഫീസിൽ അതാതു ഇടവക വികാരിയുടെ ഒപ്പോടുകൂടിയ അപേക്ഷയായി നൽകിയാൽ സാദ്ധ്യമായ സഹായങ്ങൾ രൂപത ഓഫീസിൽനിന്നും നൽകുന്നതാണ്.

6. കഴിഞ്ഞ അദ്ധ്യയന വർഷത്തിൽ (2020 21) X, XI ,XII ക്ലാസുകളിൽ പഠനം പൂർത്തിയാക്കിയ ദലിത് കത്തോലിക്ക കുട്ടികൾക്ക് മെഡിക്കൽ, എൻജിനീയറിങ്, എൻട്രൻസ് കോച്ചിംഗ് ക്ലാസ്സിലും സിവിൽ സർവീസ് കോച്ചിംഗ് ക്ലാസ്സിലും പങ്കെടുക്കുവാൻ താല്പര്യമുണ്ടെങ്കിൽ ഫീസ് സൗജന്യത്തോടെ പഠിക്കുവാൻ ബ്രില്യൻറ് കോച്ചിംഗ് സെന്ററിലും സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിലും അവസരമുണ്ട്. അതുപോലെ. പ്ലസ് ടു കഴിഞ്ഞ് നഴ്സിംഗ് പഠിക്കുവാൻ (GNM, BSc) താല്പര്യമുള്ള കുട്ടികൾക്ക് കുറഞ്ഞ ഫീസിൽ കേരളത്തിനകത്തും, കേരളത്തിന് പുറത്തും പഠിക്കുവാൻ അവസരമുണ്ട്. താല്പര്യമുള്ള കുട്ടികളുടെ പേര് വിവരം ഫോൺ നമ്പർ സഹിതം ഉജ്ജൈന്ന രൂപത ഓഫീസിലേക്ക് (Whats app Number - 9446200345) ജൂലൈ 15 നകം അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു

**വിദ്യാർത്ഥികൾക്ക് പഠനത്തിനായി മൊബൈൽ ഫോൺ – പലിശ രഹിത വായ്പ**

കോവിഡ് 19 മഹാമാരിയെ തുടർന്ന് സംസ്ഥാനത്ത് വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് ഓൺലൈൻ വഴി പഠനം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുന്നതിനാൽ ഇത്തരം സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് ടി സൗകര്യം ലഭ്യമാക്കുന്നതിലേയ്ക്കായി മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴി പലിശരഹിത വായ്പ അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി ഒരു ഗുണഭോക്താവിന് പരമാവധി 10000 രൂപ വരെ പലിശ രഹിത വായ്പയായി നൽകാവുന്നതാണ്.

2. ടി പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു സഹകരണ സ്ഥാപനത്തിന് പരമാവധി 500000 രൂപ വരെ വായ്പ നൽകാവുന്നതാണ്.

3. അതാതു സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട സ്കൂൾ അധികാരികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി വായ്പ നൽകാവുന്നതാണ്.

4. ടി വായ്പ പരമാവധി 24 മാസത്തെ തുല്യ ഗഡുക്കളായി തിരിച്ചടക്കേണ്ടതാണ്.

5. ടി പദ്ധതി മുഖാന്തിരം വായ്പ അനുവദിക്കുനന്ത് ജൂൺ 25 ,2021 മുതൽ ജൂലൈ 31 2021 വരെ ആയിരിക്കും

6. ടി പദ്ധതി മുഖാന്തിരം വായ്പ ലഭിച്ചിട്ടുള്ള ഗുണഭോക്താക്കൾ ഖണ്ഡിക (4) കാലയളവിൽ വിദ്യാർത്ഥിയോ, രക്ഷകർത്താവോ വാങ്ങിയ മൊബൈൽ ഫോണിന്റെ ബില്ലിന്റെ പകർപ്പ് വായ്പ അനുവദിച്ച സ്ഥാപനത്തിൽ ഹാജരാക്കേ താണ്.

7. ടി വായ്പ കാലാവധിക്കുശേഷം ബാക്കി നിൽക്കുന്ന തുകയ്ക്ക് പരമാവധി 8% പലിശ ഈടാക്കാവുന്നതാണ്.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**നന്ദി**

കെയർ ഹോംസ് പാലാ രൂപത ഓഫീസിൽ ആറു മാസം ബ്രദർ റീജന്റ് ആയി സേവനം ചെയ്ത ശേഷം ദൈവശാസ്ത്രപഠനത്തിനായി പോകുന്ന ബ്രദർ സെബാസ്റ്റ്യൻ (ജിൻസ്) പെട്ടപ്പുഴയ്ക്ക് യാത്രയയപ്പു നൽകി.

**സ്വാഗതം**

കെയർ ഹോംസ് പാലാ രൂപത ഓഫീസിലേക്ക് റീജൻസിക്കായി നിയമത നായിരിക്കുന്ന ബ്രദർ അബ്രാഹം (ക്രിസ്റ്റോ) പുള്ളിക്കാട്ടിലിനെ സ്വാഗതം ചെയ്തു.

**1. മീറ്റിങ്ങിൽ പങ്കെടുത്തു**

കെ.സി.ബി.സി, ജെ.പി.ഡി കമ്മീഷന്റെ മീറ്റിങ്ങിൽ പങ്കെടുത്തു

**2. മെഡിക്കൽ കിറ്റ് നൽകി**

കാരിത്താസ് ഇന്ത്യ - പി.എസ്.ഡബ്ല്യൂ.എസ്. എന്നിവയുടെ സംയുക്ത നേതൃത്വത്തിൽ അഗതി മന്ദിരങ്ങളിലും സൈക്കോ-സോഷ്യൽ റിഹാബിലിറ്റേഷൻ സെന്ററിലും മെഡിക്കൽ കിറ്റ് നൽകി.

**3. കോശി കമ്മീഷൻ**

കോശി കമ്മീഷനു കെയർ ഹോംസ് നൽകേണ്ട അപേക്ഷകളുടെ കരടു രൂപം തയാറാക്കാൻ മീറ്റിങ്ങ് നടന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**നന്ദി**

കെ.എൽ.എം പാലാ രൂപത ഓഫീസിൽ ആറു മാസം ബ്രദർ റീജന്റായി സേവനം ചെയ്ത ശേഷം ദൈവശാസ്ത്രപഠനത്തിനായി പോകുന്ന ബ്രദർ സെബാസ്റ്റ്യൻ (ജിൻസ്) പെട്ടപ്പുഴയ്ക്ക് യാത്രയയപ്പു നൽകി.

**സ്വാഗതം**

കെ.എൽ.എം പാലാ രൂപത ഓഫീസിലേക്ക് റീജൻസിയ്ക്കായി നിയമത നായിരിക്കുന്ന ബ്രദർ അബ്രാഹം (ക്രിസ്റ്റോ) പുള്ളിക്കാട്ടിലിനെ സ്വാഗതം ചെയ്തു.

**പരിശീലന ക്ലാസ്**

ഇടവകകളിൽ വിവിധ ക്ഷേമനിധിയിൽ ചേർക്കുന്നതിനായി കുടുംബ കൂട്ടായ്മ റിസ്സോഴ്സ് ടീമിന് ഒന്നാം ഘട്ടം പരിശീലനത്തിനുശേഷം രണ്ടാം ഘട്ട പരിശീലനവും നല്കി.

**വിവിധ ക്ഷേമനിധികളിലേക്കുള്ള രജിസ്ട്രേഷൻ തുടരുന്നു**

അംഗങ്ങളെ ക്ഷേമനിധിയിൽ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു.

**അപകട ഇൻഷ്വറൻസ് പരിരക്ഷ**

ഒരു അപകടത്തിന്റെ ഫലമായി ഒരു വ്യക്തിക്ക് മരണമോ, ശാരീരിക വൈക ല്യങ്ങളോ, അപകടം നടന്ന് 12 മാസത്തിനുള്ളിൽ സ്ഥിരീകരിക്കുകയാണെങ്കിൽ താഴെ പറയുന്ന രീതിയിൽ നഷ്ടപരിഹാരം ലഭിക്കുന്നതാണ്.

പ്രായപരിധി : 5 വയസ്സു മുതൽ 80 വയസ്സു വരെ (18 വയസ്സിനു താഴെയുള്ള കുട്ടികളെ അവരുടെ മാതാപിതാക്കൾ ഈ പോളിസിയിൽ ചേരുന്നുണ്ടെങ്കിൽ മാത്രം ചേർക്കാവുന്നതാണ്).

| ഇൻഷ്വറൻസ് പരിരക്ഷാ സഹായം | തുക |
|---|---|
| മരണം | 4 ലക്ഷം |
| പെർമനെന്റ് ടോട്ടൽ ഡിസബിലിറ്റി (PTD) | 4 ലക്ഷം |
| പെർമനെന്റ് പാർഷ്യൽ ഡിസെബിലിറ്റി (PPD) | പോളിസി ഷെഡ്യൂൾ പ്രകാരം |
| അപകട ചികിത്സാസഹായം | 1 ലക്ഷം |

**നോട്ട്: PPD പരിരക്ഷാസഹായം 70 വയസ്സുവരയേ ലഭിക്കുകയുള്ളൂ.**

**പെർമനെന്റ് ടോട്ടൽ ഡിസബിലിറ്റി (PTD)**

**അപകടം മൂലം താഴെ പറയുന്ന രീതിയിൽ ഒരു വ്യക്തിക്ക് വൈകല്യം സംഭ വിച്ചാൽ 4 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.**

- രണ്ടു കണ്ണുകളുടെ കാഴ്ചശക്തി നഷ്ടപ്പെടുക (അല്ലെങ്കിൽ)
- രണ്ടു കയ്യോ/രണ്ടു കാലോ നഷ്ടപ്പെടുക (അല്ലെങ്കിൽ)
- ഒരു കയ്യും ഒരു കാലും നഷ്ടപ്പെടുക (അല്ലെങ്കിൽ)
- ഒരു കണ്ണിന്റെ കാഴ്ചശക്തിയും, ഒരു കയ്യോ കാലോ നഷ്ടപ്പെടുക (അല്ലെങ്കിൽ)
- അപകടംമൂലം ഒരു വ്യക്തിക്ക് ജോലിയിൽ തുടരുന്നതിനു സാധ്യമല്ലാതെവരുന്ന ഒരവസ്ഥ ഉദാ: പക്ഷാഘാതം, കോമ തുടങ്ങിയവ.

**താഴെ പറയുന്ന വൈകല്യങ്ങൾക്ക് പരിരക്ഷ തുകയുടെ 50% ലഭിക്കുന്നതാണ്.**

- ഒരു കണ്ണിന്റെ കാഴ്ചശക്തി നഷ്ടപ്പെടുക (അല്ലെങ്കിൽ)
- ഒരു കാലോ/ഒരു കയ്യോ നഷ്ടപ്പെടുക

**പെർമനെന്റ് പാർഷ്യൽ ഡിസെബിലിറ്റി (PPD)**

അപകടം മൂലം ഭാഗികമായി അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ ഇൻഷ്വർ ചെയ്ത വ്യക്തിക്ക്, *പോളിസി ഡോക്യുമെന്റുപ്രകാരമുള്ള* തുക ലഭിക്കുന്നതാണ്.

ഉദാ: വിരൽ മുറിഞ്ഞ് പോവുക, കേൾവി ശക്തിപോവുക etc.

**അപകട ചികിത്സാസഹായം**

അപകടംമൂലമുള്ള ആശുപത്രിച്ചെലവുകൾക്ക് ഒരു ലക്ഷം രൂപവരെ ചികിത്സാസഹായം ലഭിക്കുന്നു **(24 മണിക്കൂർ ആശുപത്രി ചികിത്സ ആവശ്യമില്ലാത്ത അവസരങ്ങളിലും ചികിത്സാസഹായം ലഭിക്കുന്നു).**

**മറ്റുള്ള സഹായങ്ങൾ**

വിദ്യാഭ്യാസ ഗ്രാന്റ്: അപകടമരണം ഉണ്ടായ വ്യക്തിയുടെ മക്കൾക്ക് വിദ്യാഭ്യാസ ഗ്രാന്റ് ആയ 25000/- രൂപ (1 കുട്ടി) അല്ലെങ്കിൽ 50000/- രൂപ (2 കുട്ടി) വരെയും ലഭിക്കുന്നതായിരിക്കും. (കുട്ടികളുടെ പരമാവധി പ്രായം 25 വയസ്സ്).

**ഗതാഗത ചെലവുകൾ:** അപകടമരണം ഇൻഷ്വർ ചെയ്ത വ്യക്തിയുടെ താമസ സ്ഥലത്ത് അല്ലെങ്കിൽ യാത്രാചെലവുകൾക്കായി പരമാവധി 8000/- രൂപ വരെ ധനസഹായം ലഭിക്കുന്നതാണ്.

**ശ്രദ്ധിക്കുക:** ഡിസബിലിറ്റി സർട്ടിഫിക്കറ്റ് ഗവൺമെന്റ് മെഡിക്കൽ ബോർഡിനു മാത്രമേ ഇഷ്യു ചെയ്യാനുള്ള അധികാരം ഉള്ളു. അതുകൊണ്ട് ഈ സർട്ടിഫിക്കറ്റിനു മാത്രമെ അംഗവൈകല്യം സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരം ഉള്ളൂ.

* വാർഷിക വരിസംഖ്യ - 300 (എല്ലാ വർഷവും)

* പ്രോസ്സസിംഗ് ചാർജ് (ആദ്യ തവണ മാത്രം)

**ആവശ്യമുള്ള രേഖകൾ**: ഒരു ഫോട്ടോ, ആധാർ കാർഡ് കോപ്പി (ജനനത്തീയതി പൂർണ്ണമായുള്ളത്) അല്ലെങ്കിൽ ജനനത്തീയതി പൂർണ്ണമായുള്ള മറ്റേതെങ്കിലും തിരിച്ചറിയൽ രേഖകളുടെ ഒന്നിന്റെ കോപ്പി).

**വിശദവിവരങ്ങൾക്ക്: പാലാ ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം. ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക. Mob: 8304981275 (O), 9400661492 (P)**

**1. അപകട ഇൻഷ്വറൻസ് പോളിസി ആരംഭിച്ചു**

വർഷം 300 രൂപ അടച്ച് വ്യക്തിപര അപകട ഇൻഷ്വറൻസ് പോളിസി കെ. എൽ.എം. ആരംഭിച്ചു.

**2. കർഷകക്ഷേമ പദ്ധതി**

മാസം 5000 രൂപ പെൻഷൻ ലഭിക്കന്ന കർഷകക്ഷേമ പെൻഷൻ പദ്ധതി ജൂൺ 15ന് ആരംഭിക്കുന്നു. കർഷക ക്ഷേമനിധി ബോർഡും സാധ്യതകളും ഇന്ത്യയിൽ കർഷക ക്ഷേമത്തിനായും അവർക്കു പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായും കേരളത്തിൽ മാത്രമാണ് ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

**ആരാണ് കർഷകൻ?**

സ്വന്തമായോ വാക്കാൽ പാട്ടത്തിനോ സർക്കാർ പാട്ടഭൂമിയിലോ കൃഷി ചെയ്യുന്നവർ. 5 സെന്റ് മുതൽ 15 ഏക്കർ വരെയുള്ള ഭൂമിയിൽ കൃഷി ചെയ്യുന്ന

വർ. എന്നാൽ റബർ, കാപ്പി, തെയില, ഏലം എന്നീ തോട്ട വിളകളുടെ കാര്യത്തിൽ പരിധി 7.5 ഏക്കർ ആണ്. കൃഷി പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർ. പ്രതിവർഷം 5 ലക്ഷം രൂപയിൽ കവിയാത്ത വരുമാനമുള്ളവർ. മൂന്ന് വർഷത്തിൽ കുറയാതെ കൃഷി ചെയ്യുന്നവർ. ഇവർക്ക് ക്ഷേമനിധിയിൽ അംഗങ്ങളാകാം.

**ഏതെല്ലാം കൃഷികൾ?**

നെൽകൃഷി, ഉദ്യാനകൃഷി, കന്നുകാലി വളർത്തൽ (ക്ഷീര കർഷകർ), ഫലവൃക്ഷങ്ങൾ, പച്ചക്കറി, വാഴ, ഇഞ്ചി, കപ്പ അടക്കമുള്ള കിഴങ്ങുവർഗങ്ങൾ, പുല്ലും തീറ്റപ്പുല്ലും, വൃക്ഷങ്ങൾ നട്ടുവളർത്തൽ (ഭൂമിയിലുള്ള ഏതുതരം കൃഷിയും), മത്സ്യം, അലങ്കാരമത്സ്യം, ചിപ്പി, കക്ക, തേനീച്ച, പട്ടുനൂൽ പുഴു, കോഴി, താറാവ്, ആട്കൃഷിയുൾപ്പടെ എല്ലാം.

**അംഗത്വം**

18 മുതൽ 55 വരെ വയസ്സുള്ള ഏതൊരു കർഷകനും അംഗമായി രജിസ്റ്റർ ചെയ്യാം. ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് 100 രൂപ അടയ്ക്കണം. ഇതിലേക്ക് പ്രതിമാസം 250 രൂപ സർക്കാർ വിഹിതമായി വരും. അർധ വാർഷികമായോ വർഷത്തിൽ ഒരിക്കലോ സൗകര്യം പോലെ അടയ്ക്കാം. കൂടുതൽ തുകയും അടയ്ക്കാവുന്നതാണ്.

**എന്നുമുതൽ ചേരാം?**

ഈ വർഷം ആദ്യംതന്നെ അംഗങ്ങളെ ചേർക്കാനായിരുന്നു തീരുമാനം. എന്നാൽ കോവിഡിന്റെ പശ്ചാത്തലത്തിലാണ് നീണ്ടത്. ജൂൺ 15ന് രജിസ്ട്രേഷൻ ആരംഭിക്കും. ഓൺലൈൻ വഴിയായിരിക്കും രജിസ്ട്രേഷൻ. ഏതെങ്കിലും തിരിച്ചറിയൽ രേഖ ഇതിനായി ഉപയോഗിക്കാം. ബോർഡിന്റെ വെബ് പോർട്ടൽ, വെബ്സൈറ്റ് എന്നിവ വഴിയാണ് അപേക്ഷ നൽകേണ്ടത്. ഇതിന് അക്ഷയകേന്ദ്രങ്ങളെ ആശ്രയിക്കാം.

അപേക്ഷകളിൽ കാലതാമസമില്ലാതെ തീരുമാനമെടുക്കും. വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവർ ആവശ്യമായ പരിശോധനകൾ നടത്തി വിവരങ്ങൾ ശരിയാണെന്നു കണ്ടെത്തിക്കഴിഞ്ഞാൽ അംഗത്വം ലഭിക്കുന്നവർക്ക് അംഗത്വ കാർഡ് നൽകും.

**ആനുകൂല്യങ്ങൾ**

അംഗമാകുന്ന കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ, മക്കളുടെ വിദ്യാഭ്യാസ സഹായം, പെൺമക്കൾക്ക് വിവാഹസഹായം എന്നിവ ലഭിക്കും. 60 വയസ്സ് പൂർത്തിയാകുന്നവർക്ക് മാസം തോറും 5000 രൂപ പെൻഷൻ നൽകാനാണ് നിലവിലെ തീരുമാനം. ഭാവിയിൽ അതു വർധിക്കും. ഇപ്പോൾ ലഭിക്കുന്ന കർഷക പെൻഷനും ഇനിമുതൽ നൽകുന്നത് ബോർഡായിരിക്കും. 30 ലക്ഷം അംഗങ്ങളെ ചേർക്കുകയാണ് ലക്ഷ്യം. 20 ലക്ഷമാണ് ഇപ്പോഴത്തെ ലക്ഷ്യം. കൃഷിയിൽ നിന്ന് അകന്നുപോയ യുവജനങ്ങളെ തിരികെ എത്തിക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്. വളരെ പ്രയോജനപ്രദമായ ഈ പദ്ധതി കർഷകർ പ്രയോജനപ്പെടുത്തണം.

**3.മറ്റ് ക്ഷേമപെൻഷനുകൾ**

നിർമാണത്തൊഴിലാളി ക്ഷേമനിധി

അസംഘടിത തൊഴിലാളി ക്ഷേമനിധി

കർഷകത്തൊഴിലാളി ക്ഷേമനിധി

മോട്ടോർ തൊഴിലാളി ക്ഷേമനിധി

പ്രവാസി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. **വിശദവിവരങ്ങൾക്ക്: പാലാ ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം. ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക. Mob: 8304981275 (O), 9400661492 (P).**

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ജൂൺ**

**1. ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് മത്സരം 2021 ഡിസംബർ മാസത്തിൽ നടക്കും. പഠനഭാഗങ്ങളിൽ മാറ്റമില്ല. രജിസ്ട്രേഷൻ ഒക്ടോബർ മാസത്തിൽ നടത്താവുന്നതാണ്.

**2. ലോഗോസ് പഠനസഹായി**

ലോഗോസ് പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**3. കെറിയാന**

ഒരു വർഷംകൊണ്ട് ബൈബിളിൽ വായിച്ചു തീർക്കുവാൻ സഹായിക്കുന്ന കെറിയാനയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**4.** കെ.സി.ബി.സി തലത്തിൽ സംഘടിപ്പിക്കുന്ന ഏതാനും മത്സരങ്ങൾകൂടി അറിയിക്കുന്നു.

**5. വചനസർഗ്ഗപ്രതിഭാ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു.**

ദീർഘകാലം കെസിബിസി ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർഥം ഏർപ്പെടുത്തിയിരിക്കുന്ന വചനസർഗപ്രതിഭാ പുരസ്കാരത്തിന് 2021 -ലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയാണു പുരസ്കാരം എർപ്പെടുത്തിയിരിക്കുന്നത്. 25000 രൂപ ക്യാഷ് അവാർഡും പ്രശംസാ
ഫലകവുമാണ് പുരസ്കാരം

**6. ബൈബിൾ വിജ്ഞാനീയത്തിൽ മലയാളഭാഷയിൽ പുസ്തകരൂപത്തിൽ**

പ്രസിദ്ധീകൃതമായ രചനകളാണ് 2021-ലെ പുരസ്കാരത്തിന് പരിഗണിക്കപ്പെടുന്നത്. ബൈബിൾ പഠനമേഖലയിൽ വ്യകതിയോ സംരംഭമാ പ്രസ്ഥാനമോ 2016 മുതൽ പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ സമർപ്പിക്കാവുന്നതാണ്.

പുസ്തകത്തിന്റെ 3 കോപ്പികൾ വീതം സമർപ്പിക്കേണ്ടതാണ്. വിശുദ്ധ ഗ്രന്ഥത്തോടു പുലർത്തുന്ന നീതി, സൃഷ്ടിയുടെ മൗലികത, ക്രിയാത്മകത എന്നിവയായിരിക്കും അവാർഡിനുള്ള മാനദണ്ഡങ്ങൾ. ജാതിമതഭേദമന്യേ ആരും അവാർഡിനു പരിഗണിക്കപ്പെടും.

**7. 2021 സെപ്റ്റംബർ 30ന് മുമ്പ് സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ**

സൊസൈറ്റി, പി.ഒ.സി., പാലാരിവട്ടം, വെണ്ണല പി.ഒ., കൊച്ചി – 682 028 എന്ന വിലാസത്തിലാണ് എൻട്രികൾ സമർപ്പിക്കേണ്ടത്. ഫോൺ നമ്പർ: 0484 21091191 വിശദവിവരങ്ങളും അപേക്ഷാഫോറവും ബൈബിൾ സൊസൈറ്റി വെബ്സൈറ്റിൽ (www.keralabiblesociety.com) ലഭ്യമാണ്.

**8. കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ – 2021**

ലേഖനം, കവിത, കഥ, ഏകാങ്കനാടകം എന്നീ ഇനങ്ങളിലാണ് മത്സരം. ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ് 'പൊതുവിഷയം കൊറോണക്കാലത്തെ അതിജീവനവും വിശുദ്ധഗ്രന്ഥവും (ഉപകാരപ്രദമായ ഏതാനും വചനഭാഗങ്ങൾ ഹെബ്രാ 13:8: ഫിലി 4:6–7:2 കോറി 4:16 – 18; നിയ 31.6; ഏശ 43,19, ജറെ. 29.11; ജോബ് 18:20; എശ 61:3. ദാനി 3:27–28: ഹെബ്ര 3.17)

ലേഖനമത്സരം അല്മായർ, സെമിനാരിവിദ്യാർഥികൾ, സന്ന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും. ലേഖനം 10 പേജിലും പ്രിന്റ് 6 പേജ് ചെറുകഥ 6 പേജിലും പ്രിന്റ് 3 പേജ്) കവിത 60 വരികളിലും കവിയരുത്. എകാങ്കം 30 മിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം, കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും എല്പ്പിച്ചിട്ടുള്ളതോ ആയിരിക്കരുത്.

രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻ ചെയ്തിരിക്കണം. മത്സരത്തിനയയ്ക്കുന്ന കൃതികളൊടൊപ്പം വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും 30 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/ DD | Bank transfer to KCBC Bible Commission Ac. No. 0423053000006271, IFSC SIBL0000423, SWIFT: SOININ55, South Indian Bank, Vennala branch) അയയ്ക്കാണ് ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് യാഥാക്രമം 2000 രൂപ 1500 രൂപ. 1000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ബൈബിളും നല്കുന്നതാണ്. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നല്കുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിന് അയയ്ക്കുന്നതിനുമുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2021 ഒക്ടോബർ 1 ആണ്.

കൃതികൾ അയയ്ക്കേണ്ട വിലാസം സെകട്ടറി, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ, പി.സി, പാലാരിവട്ടം, വെണ്ണല പി.ഒ., കൊച്ചി – 682028.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന – കത്തീഡ്രൽ പള്ളിയിൽ**

ഏപ്രിൽ മാസം 2,9,16,23,30 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 വരെ വി. കുർബാന, ആരാധന, ജപമാല തുടങ്ങിയവയോടുകൂടി നടത്തപ്പെട്ടു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ സോണൽ കരിസ്മാറ്റിക് അംഗങ്ങൾ, ഇവാഞ്ചലൈസേഷൻ അംഗങ്ങൾ നേതൃത്വം നല്കി.

**2. മദ്ധ്യസ്ഥപ്രാർത്ഥന – ഷാലോം**

ഏപ്രിൽ മാസം 5,7, 12, 14, 19, 21, 26, 28 എന്നീ ദിവസങ്ങളിൽ രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 വരെ ഷാലോമിൽ വച്ച് നടത്തപ്പെട്ടു. സഭയ്ക്കും രൂപതയുടെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും മാദ്ധ്യസ്ഥ്യം പ്രാർത്ഥിച്ചു ശ്രീ മാത്തുക്കുട്ടി താന്നിക്കൽ, തോമസ് നിരപ്പിൽ, OT ജോർജ് തുടങ്ങിയവർ നേതൃത്വം നല്കി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. സോണൽ സേവനസമിതി സമ്മേളനം**

സോണൽ സേവനസമിതി സമ്മേളനം ഏപ്രിൽ 13-ാം തീയതി കരിസ്മാറ്റിക് പാല ഓഫീസിൽ വെച്ച് നടത്തപ്പെട്ടു. മിനിസ്ട്രികൾക്ക് ചുമതല വഹിക്കുന്ന സേവനസമിതി അംഗങ്ങൾ തങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകളെക്കുറിച്ചും, LSS ട്രെയിനിങ് മോണിറ്ററിങ് ക്രമീകരണങ്ങളെക്കുറിച്ച്, ഓൺലൈനിൽ നല്ല രീതിയിൽ നടത്തുന്ന പ്രാർത്ഥനാശുശ്രൂഷകളെക്കുറിച്ചും, ഇടവക പ്രാർത്ഥനാക്കൂട്ടായ്മകൾ പുനരാരംഭിച്ചതിനെക്കുറിച്ചും പങ്കുവെച്ചു. റവ.ഫാ. വിൻസെന്റ് മുങ്ങാമാക്കൽ സേവനസമിതി സമ്മേളനത്തിന് നേതൃത്വം നൽകി. പന്തക്കുസ്താതിരുനാൾ ഒരുക്കമായി പത്തു ദിവസത്തെ ഒരുക്ക പ്രാർത്ഥന നടത്തുവാൻ നിശ്ചയിച്ചു. തൂവാനിസ മിനിസ്ട്രിയുടെ ഈ കൂട്ടായ്മ അടുത്തമാസം നടത്തുവാൻ നിശ്ചയിച്ചു. മറ്റ് ചർച്ചകൾക്കും തീരുമാനങ്ങൾക്കുശേഷം സേവനസമിതി സമ്മേളനം സമാപന ആശീർവാദ പ്രാർത്ഥനയോടെ സമാപിച്ചു.

**2. സ്കൂൾ ഓഫ് ലീഡർഷിപ്പ്**

കേരള കരിസ്മാറ്റിക് മുന്നേറ്റത്തിന് അടുത്ത നേതൃത്വനിരയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2020 ഏപ്രിലിൽ ആരംഭം കുറിച്ച ട്രെയിനിങ് പ്രോഗ്രാം ഏപ്രിൽ മാസത്തിലും ഓൺലൈനായി നടത്തപ്പെട്ടു. ഇതുവരെ 31 ക്ലാസുകൾ നടത്തി. നമ്മുടെ രൂപതയിൽ നിന്ന് 15 പേർ പങ്കെടുത്തുകൊണ്ടിരിക്കുന്നു.

3. L.S.S (Life in Sprit Seminar)

കരിസ്മാറ്റിക് നവീകരണത്തിന് അടിസ്ഥാനം പരിശുദ്ധാത്മാവിലുള്ള ജ്ഞാനസ്നാന അനുഭവമാണെന്നു മനസ്സിലാക്കിക്കൊണ്ട് ഈ അനുഭവത്തിൽ

വളരാൻ സഹായകമായ വിവിധ മോഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് L.S.S. നമ്മുടെ രൂപത സോണിൽനിന്ന് 108 ഓളം പേർ ഈ ട്രെയിനിങ് പ്രോഗ്രാമിൽ ഓൺലൈനായി പങ്കെടുത്തു കൊണ്ടിരിക്കുന്നു. വ്യത്യസ്തമായ വിഷയങ്ങളിലൂടെ ആഴമേറിയ ദൈവാനുഭവത്തിലേക്ക് നയിക്കാൻ ഈ പ്രോഗ്രാം അംഗങ്ങളെ സഹായിച്ചുകൊണ്ടിരിക്കുന്നു. ഇടവക പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങളുടെ സമഗ്രമായ വളർച്ച ഇതിലൂടെ സാധ്യമാകുന്നു. LSS സെൻട്രൽ മോണിറ്ററിങ് ടീം PALA സോണൽ മോണിറ്ററിങ് ടീം മായി ഓൺലൈൻ ട്രെയിങ് പ്രോഗ്രാംസ് നിശ്ചയിച്ചു. മെൻറ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാം ഏപ്രിൽ മാസത്തോടെ പൂർത്തിയായി. തിരഞ്ഞെടുക്കപ്പെട്ട 20 പേർ 18 സബ്സോൺ കേന്ദ്രീകരിച്ച് LSS കൂട്ടായ്മകൾ നടത്തിവരുന്നു.

**4. കാരിസ് യൂത്ത് കോൺഫ്രൻസ്**

'യുവജന പ്രേക്ഷിതത്വത്തിൽ മുതിർന്നവർ അവിടെ ഒപ്പം അനുയാത്ര ചെയ്യുന്നവരും അനുധാവനം ചെയ്യുന്നവരും ആകണം' എന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം അനുസരിച്ച് കരിസ്മാറ്റിക് നവീകരണരംഗത്ത് ഇടവക തലത്തിൽ പ്രവർത്തിക്കുന്ന യുവജനങ്ങളുടെയും നവീകരണ ആഭിമുഖ്യം ഉള്ളവരുടെയും ഒത്തുചേരലാണ് കാരിസ് യൂത്ത് കോൺഫ്രൻസ്. ആയിരം പേർ ഇപ്പോൾ ഓൺലൈൻ ആയി ഈ ഗ്രൂപ്പിൽ പങ്കാളികളാണ്. ബൈബിൾ പകർത്തി എഴുതുക, വചനം പങ്കുവെക്കുക, വെള്ളിയാഴ്ചകളിൽ ഉപവസിക്കുക തുടങ്ങിയ പ്രവർത്തനത്തിലൂടെ യുവജനങ്ങൾ കൂട്ടായ്മയിൽ പങ്കാളികളാകുന്നു. KCCRST യുടെ യുവജന ഞായറാഴ്ച പ്രാർത്ഥന ശുശ്രൂഷയിൽ 80 പേർ പങ്കെടുക്കുന്നു ഡയറക്ടർ റവ. ഫാ. വിൻസെന്റ് മുങ്ങാമാക്കലും, കാരിസ് യൂത്ത് കോഡിനേറ്റർ ലിൻസിമോൾ സജി കുരിശുംമൂട്ടിലും ഇതിന് നേതൃത്വം നൽകുന്നു.

**5. ക്രിസ്റ്റീൻ മിനിസ്റ്ററി കൂട്ടായ്മ**

കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ക്രിസ്റ്റീൻ, സേവനസമിതി അംഗങ്ങളുടെ മീറ്റിംഗ് 2 പ്രാവശ്യം ഓൺലൈനായി നടത്തി.എല്ലാ ശനിയാഴ്ചകളിലും11മാ മുതൽ 12 വരെ സർവീസ് ടീം കുട്ടികൾക്കായി മധ്യസ്ഥ പ്രാർത്ഥന നടത്തുന്നു. രണ്ടാം ശനിയാഴ്ചയും നാലാം ശനിയാഴ്ചയും 3 മണി മുതൽ നാലു മണി വരെ കുട്ടികൾക്കായി ഓൺലൈൻ പ്രാർഥനാ ശുശ്രൂഷകൾ നടത്തുന്നു നൂറോളം കുട്ടികൾ പങ്കെടുക്കുന്നുണ്ട്. അമ്മമാർക്കും ഏറ്റവും പ്രയോജനം ചെയ്യുന്ന വിധത്തിൽ ശുശ്രൂഷകൾ പ്രവൃത്തിപഥത്തിൽ എത്തിക്കാൻ മറിയം മിഖായേൽ റെശ് സൈന്യം എന്ന വാട്സ്ആപ്പ് ഗ്രൂപ്പ് നടത്തിവരുന്നു. ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, അനിമേറ്റർ റവ.ഫാ. ജോർജ് കൊട്ടാരം, മിനിസ്റ്ററി കോർഡിനേറ്റർ ബിയ ജോജറ്റ് നേതൃത്വം നൽകി.

**6. പ്രാർത്ഥനാ കൂട്ടായ്മകൾ**

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇടവകകളിൽ ഒരുമിച്ചുക്കൂടി പ്രാർത്ഥിക്കാൻസാധിക്കാത്തതിനാലും കൊറോണ വൈറസ് വ്യാപനം രൂക്ഷമാകുന്ന സഹ്യചാര്യവും ഉള്ളതിനാൽ കർത്തൃസന്നിധിയിൽ കരുണയ്ക്കായി കരങ്ങൾ ഉയർത്തികൊണ്ട് എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞു 2 മണി മുതൽ 4 വരെ ഓൺലൈനിൽ അനേകരുടെ പങ്കാളിത്തത്തോടെ വിവിധ

പ്രാർത്ഥനശുശ്രുഷകൾ നടത്തപ്പെടുന്നു. വചനശുശ്രൂഷകൾക്ക് നേതൃത്വം നൽകിയവർ ഏപ്രിൽ 4 ന് ബ്രദർ ഒ.എം. പ്രകാശ് ശാലോം പെരുവണ്ണാമുഴി, 11 ന് ബ്രദർ ഇടുക്കി തങ്കച്ചൻ, 18 ന് ബ്രദർ രവി തോമസ്, രാമപുരം 25 ന് സി. മഹിമ എം.എസ്.റ്റി. എന്നിവർ വചനം പങ്കുവെക്കുകയും ശുശ്രൂഷകൾ നയിക്കുകയും ചെയ്തു. രൂപത സോണൽ സേവനസമിതി ഇതിനു നേതൃത്വം നൽകി വരുന്നു.

**2021 മെയ്, ജൂൺ മാസം**

**സോണൽ സേവനസമിതി സമ്മേളനം**

സോണൽ സേവന സമിതി സമ്മേളനങ്ങൾ മെയ് 1 ഉം 31 ഉം ജൂൺ 20 ഉം തീയതികളിൽ ഓൺലൈനിൽ നടത്തപ്പെട്ടു മിനിസ്ട്രികൾക്ക് ചുമതല വഹിക്കുന്ന സേവന സമിതി അംഗങ്ങൾ തങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകളെക്കുറിച്ചും, LSS ട്രെയിനിങ് മോണിറ്ററിങ് ക്രമീകരണങ്ങളെകുറിച്ചുള്ള ഓൺലൈനിൽ നല്ല രീതിയിൽ നടത്തുന്ന പ്രാർത്ഥനാ ശുശ്രൂഷകളെക്കുറിച്ചും, ശിഷ്യത്ത കോഴ്സ് ശുശ്രൂഷയെക്കുറിച്ചും, പന്തക്കുസ്ത തിരുനാൾ ആചരണം, ഇടവക പ്രാർത്ഥനാക്കൂട്ടായ്മകൾ പുനരാരംഭിച്ചതിനെക്കുറിച്ചും പങ്കുവെച്ചു. ഡയറക്ടർ റവ.ഫാ. വിൻസെന്റ് മുങ്ങാമാക്കൽ സേവനസമിതി സമ്മേളനത്തിന് നേതൃത്വം നൽകി. മറ്റ് ചർച്ചകൾക്കും തീരുമാനങ്ങൾക്ക് ശേഷം സേവന സമിതി സമ്മേളനം സമാപനാശീർവാദ പ്രാർത്ഥനയോടെ സമാപിച്ചു.

**2. സ്കൂൾ ഓഫ് ലീഡർഷിപ്പ്**

കേരള കരിസ്മാറ്റിക് മുന്നേറ്റത്തിന് അടുത്ത നേതൃത്വനിരയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2020 ഏപ്രിലിൽ ആരംഭം കുറച്ച ട്രെയിനിങ് പ്രോഗ്രാം മെയ് മാസം ഓൺലൈനായി നടത്തപ്പെട്ടു. ഇതുവരെ 32 ക്ലാസുകൾ നടത്തി. നമ്മുടെ രൂപതയിൽനിന്ന് 15 പേർ പങ്കെടുത്തു കൊണ്ടിരിക്കുന്നു.

**3 L.S.S (Life in Sprit Seminar)**

കരിസ്മാറ്റിക് നവീകരണത്തിന് അടിസ്ഥാനം പരിശുദ്ധാത്മാവിലുള്ള ജ്ഞാനസ്നാന അനുഭവമാണെന്നു മനസ്സിലാക്കിക്കൊണ്ട് ഈ അനുഭവത്തിൽ വളരാൻ സഹായകമായ വിവിധ മോഡ്യൂളുകൾ ഉൾക്കൊള്ളുന്നതാണ് എൽ.എസ്.എസ്.

നമ്മുടെ രൂപത സോണിൽനിന്ന് 101 പേർ ഈ ട്രെയിനിങ് പ്രോഗ്രാം വിജയകരമായി പൂർത്തീകരിച്ചു. വൈദികരും സിസ്റ്റേഴ്സും ഈ ഗ്രൂപ്പിൽ ഉണ്ടായിരുന്നു. മൂന്നാമത് ബാച്ച് ഓൺലൈനായി നടത്തുവാൻ വേണ്ട രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു. ജൂൺ 26 ന് അനവധി സിസ്റ്റേഴ്സ് ഉൾപ്പെട്ട ബാച്ചും ആരംഭിച്ചു.

ഏഴ് ആഴ്ചത്തെ ധ്യാനം /ധ്യാനപരിശീലനം. ആഴ്ചയിൽ രണ്ടു ദിവസം രണ്ടു മണിക്കൂർ വീതവും. കൂടാതെ എല്ലാദിവസവും തങ്ങൾക്ക് സൗകര്യപ്രദമായ സമയത്ത് അരമണിക്കൂർ ഓരോരുത്തർക്കും. സൗകര്യപ്രദമായ സ്ഥലത്തിരുന്ന് ഗൂഗിൾ മീറ്റിൽ ഓൺലൈനായി നടത്തുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കുന്നു എന്നതാണ് ഇതിന്റെ സവിശേഷത.

ആത്മാവിലുള്ള ജീവിതത്തിൽ എല്ലാവരും ഒരു ഹൃദയവും ഒരു ആത്മാവുമായി ഒരുക്കുവാനുള്ള ഏഴാഴ്ച ശുശ്രൂഷകൾ. പ്രാർത്ഥിച്ചു ഉണരാൻ

— വചനം പഠിച്ചു വളരാൻ — പ്രഘോഷിച്ചുയരാൻ — സ്വജീവിതംകൊണ്ട് യേശുവിനെ സാക്ഷ്യപ്പെടുത്താൻ ഓരോരുത്തരെയും സഹായിക്കുന്നു. വ്യത്യസ്തമായ വിഷയങ്ങളിലൂടെ ആഴമേറിയ ദൈവാനുഭവത്തിലേക്കു നയിക്കാൻ ഈ പ്രോഗ്രാം എല്ലാവരെയും സഹായിച്ചുകൊണ്ടിരിക്കുന്നു. കുട്ടികൾ, യുവജനങ്ങൾ, ഇടവക പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ സമഗ്രമായ ആത്മീയ വളർച്ച ഇതിലൂടെ സാധ്യമാകുന്നു. തെരഞ്ഞെടുക്കപ്പെട്ട 20 പേർ 18 സബ് സോൺ കേന്ദ്രീകരിച്ച് എൽ.എസ്.എസ്. കൂട്ടായ്മകൾ നടത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

**4. കാരിസ് യൂത്ത് കോൺഫ്രൻസ്**

യുവജന പ്രേക്ഷിതത്വത്തിൽ മുതിർന്നവർ അവിടെ ഒപ്പം അനുയാത്ര ചെയ്യുന്നവരും അനുധാവനം ചെയ്യുന്നവരും ആകണം എന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനം അനുസരിച്ച് കരിസ്മാറ്റിക് നവീകരണരംഗത്ത് ഇടവക തലത്തിൽ പ്രവർത്തിക്കുന്ന യുവജനങ്ങളുടെയും നവീകരണ ആഭിമുഖ്യം ഉള്ളവരുടെയും ഒത്തുചേരലാണ് കാരിസ് യൂത്ത് കോൺഫ്രൻസ്. ആയിരം പേർ ഇപ്പോൾ ഓൺലൈൻ ആയി ഈ ഗ്രൂപ്പിൽ പങ്കാളികളാണ്. ബൈബിൾ പകർത്തി എഴുതുക, വചനം പങ്കുവെക്കുക, വെള്ളിയാഴ്ചകളിൽ ഉപവസിക്കുക തുടങ്ങിയ പ്രവർത്തനത്തിലൂടെ യുവജനങ്ങൾ കൂട്ടായ്മയിൽ പങ്കാളികളാകുന്നു. KCCRST യുടെ യുവജന ഞായറാഴ്ച പ്രാർത്ഥന ശുശ്രൂഷയിൽ 80 പേർ പങ്കെടുക്കുന്നു ഡയറക്ടർ റവ. ഫാ. വിൻസെന്റ് മുങ്ങാമാക്കലും, കാരിസ് യൂത്ത് കോഡിനേറ്റർ ലിൻസിമോൾ സജി കുരിശുംമൂട്ടിലും ഇതിന് നേതൃത്വം നൽകുന്നു.

**5 ക്രിസ്റ്റീൻ മിനിസ്റ്ററി കൂട്ടായ്മ**

കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ക്രിസ്റ്റീൻ, സേവന സമിതി അംഗങ്ങളുടെ മീറ്റിംഗ് 2 പ്രാവശ്യം ഓൺലൈനായി നടത്തി. എല്ലാ ശനിയാഴ്ചകളിലും രാവിലെ 11 മുതൽ 12 വരെ സർവീസ് ടീം കുട്ടികൾക്കായി മധ്യസ്ഥപ്രാർത്ഥന നടത്തുന്നു. രണ്ടാം ശനിയാഴ്ചയും നാലാം ശനിയാഴ്ചയും 3 മണി മുതൽ നാലുമണി വരെ കുട്ടികൾക്കായി ഓൺലൈൻ പ്രാർഥനാ ശുശ്രൂഷകൾ നടത്തുന്നു നൂറോളം കുട്ടികൾ പങ്കെടുക്കുന്നുണ്ട്. അമ്മമാർക്കും ഏറ്റവും പ്രയോജനം ചെയ്യുന്നവിധത്തിൽ ശുശ്രൂഷകൾ പ്രവൃത്തിപഥത്തിൽ എത്തിക്കാൻ മറിയം മിഖായേൽ റെഗ് സൈന്യം എന്ന വാട്സ്ആപ്പ് ഗ്രൂപ്പ് നടത്തിവരുന്നു. ഡയറക്ടർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, അനിമേറ്റർ റവ.ഫാ. ജോർജ് കൊട്ടാരം, മിനിസ്റ്ററി കോർഡിനേറ്റർ ബിയ ജോജറ്റ് നേതൃത്വം നൽകി.

**6. പ്രാർത്ഥനാ കൂട്ടായ്മകൾ**

കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ ഇടവകകളിൽ ഒരുമിച്ചുക്കൂടി പ്രാർത്ഥിക്കാൻ സാധിക്കാത്തതിനാലും കൊറോണ വൈറസ് വ്യാപനം രൂക്ഷമാകുന്ന സഹ്യചാര്യവും ഉള്ളതിനാൽ കർത്തൃസന്നിധിയിൽ കരുണയ്ക്കായി കരങ്ങൾ ഉയർത്തികൊണ്ട് എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞു 1 മണി മുതൽ 4 വരെ ഓൺലൈനിൽ അനേകരുടെ പങ്കാളിത്തത്തോടെ വിവിധ പ്രാർത്ഥന ശുശ്രുഷകൾ' നടത്തപ്പെടുന്നു.

വചന ശുശ്രൂഷകൾക്ക് നേതൃത്വം നൽകിയവർ മെയ് 2 ന് Bro. രവി തോമസ്, രാമപുരം, 9 ന് റവ.ഫാ. ജോർജ് കൊട്ടാരത്തിൽ 30 ന് റവ. ഫാ. പോൾ വടക്കുംമുറി, ജൂൺ 6 ന് ബ്രദർ മാർട്ടിൻ ന്യൂനസ് കൊച്ചി 13 ന് റവ. ഫാ. റോബർട്ട് ചവറനാനിക്കൽ VC, 20 ന് സി. എൽസി കോക്കാട്ട് CHF ഇരിങ്ങാലക്കുട, 27 ന് ബ്രദർ ഔതച്ചൻ പനച്ചിക്കൽകാരോട്ട്, കൂടല്ലൂർ എന്നിവരാണ് വചനം പങ്കുവെക്കുകയും ശുശ്രൂഷകൾ നയിക്കുകയും ചെയ്തത്. രൂപത സോണൽ സേവനസമിതി ഇതിനു നേതൃത്വം നൽകി വരുന്നു. കൂടാതെ മെയ് രണ്ടാം തീയതി മുതൽ തുടർച്ചയായി എല്ലാദിവസവും നാളിതുവരെ രാവിലെ 7.30ന് ആരംഭിച്ച് വൈകിട്ട് 6.30 വരെ തുടർച്ചയായ പ്രാർത്ഥനാ ശുശ്രൂഷകൾ ഭവനങ്ങളിൽ ആയിരുന്നു കൊണ്ട് 200 ഓളം പേർ റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ മൂങ്ങാമാക്കലച്ചന്റെ നേതൃത്വത്തിൽ നടത്തുന്നു.

**7. പന്തക്കുസ്താ തിരുനാൾ ആചരണവും സഭയുടെ ഉദ്ഘാടന വാർഷികവും**

പന്തക്കുസ്താ തിരുനാൾ ശുശ്രൂഷകൾ മെയ് 14 വെള്ളിയാഴ്ച മുതൽ 23 ഞായറാഴ്ച വരെ നടത്തപ്പെട്ടു. മെയ് 14 മുതൽ 22 വരെ എല്ലാ ദിവസവും 2 മണി മുതൽ 4 മണി വരെ വചന ജപമാല, സ്തുതി ആരാധന, കരുണ കൊന്ത, പരിശുദ്ധാത്മ നൊവേനയും ചൊല്ലി കാഴ്ചവെച്ചു.

ആമുഖ സന്ദേശം റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കലും വചന സന്ദേശം റവ.ഫാ. തോമസ് വാഴചാരിക്കലും, (ഡയറക്ടർ മൗണ്ട് നെബോ ധ്യാനകേന്ദ്രം വാഗമൺ) എല്ലാ ദിവസവും നല്കി. 23 ന് ഞായറാഴ്ച രാവിലെ 9.30 മുതൽ 1 മണി വരെ ശുശ്രൂഷകൾ നടത്തപ്പെട്ടു. റവ.ഫാ. തോമസ് വാഴചാരിക്കൽ മുഖ്യസന്ദേശം നൽകി ശുശ്രൂഷകൾ നയിച്ചു. റവ.ഫാ. വിൻസെന്റ് മുങ്ങാംമാക്കൽ, സോണൽ സേവനസമിതി അംഗങ്ങൾ എന്നിവർ മറ്റു ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഓൺലൈനായി യൂട്യൂബ് ചാനലിൽ ശുശ്രൂഷകൾ ലഭ്യമായിരുന്നു. 5500 ലധികം പേർ ശുശ്രൂഷകൽ പങ്കെടുത്തു.

**8. സാമ്പത്തികസഹായം**

രൂക്ഷമായിക്കൊണ്ടിരിക്കുന്ന കോവിഡ് –19 മൂലം സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കരിസ്മാറ്റിക് ശുശ്രൂഷകർക്കു 50000 രൂപയുടെ സാമ്പത്തികസഹായവും മറ്റു ചിലർക്ക് മരുന്നും ഭവനങ്ങളിൽ എത്തിച്ചു നൽകുകയുണ്ടായി. സോണൽ സേവന സമിതി അംഗം മാത്തുക്കുട്ടി താന്നിക്കൽ ഇതിന് നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

കൊറോണാ ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ, ദൈവശക്തി വ്യാപരിക്കുന്നു എന്ന പേരിൽ ദിവസേന ഒരു മണിക്കൂർ ദൈർഘ്യമുള്ള സെഷനുകളോടെ യൂട്യൂബ് വഴി 2020 ഏപ്രിൽ പതിനാലാം തിയതി ആരംഭിച്ച ഓൺലൈൻ

ധ്യാനം 30-40 മിനിറ്റിന്റെ സെഷനുകളായി തുടർന്നുകൊണ്ടിരിക്കുന്നു. അതോടൊപ്പം, ഈ ഓൺലൈൻ ധ്യാനത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട പ്രത്യേക ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾ മാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, Mount Nebo Short Videos എന്ന യൂട്യൂബ് ചാനലിലും പ്രക്ഷേപണം ചെയ്യുന്നു. ധ്യാനകേന്ദ്രത്തിന്റെ mountnebo.online എന്ന വെബ്സൈറ്റിൽ പ്രസ്തുത പരിപാടികൾ ലഭ്യമാണ്; രണ്ടു പരിപാടികളുടെയും ലിങ്കുകൾ ചുവടെ ചേർക്കുന്നു:
Online Retreat:
https://www.youtube.com/
playlist?list=PLKZ57M4kVz4ePgWpKzwzFFUXIxfCUihk8
Mount Nebo Short Videos: https://www.youtube.com/
results?search_query=mount+nebo+short+videos

ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ എന്ന ലഘുപുസ്തകപരമ്പരയുടെ നാല് പുതിയ പുസ്തകങ്ങൾകൂടി പ്രസിദ്ധീകരിച്ചു: പുസ്തകം 25 - ഭവനത്തിന്റെ ആത്മീയനിറവ് വർദ്ധിപ്പിക്കാം; പുസ്തകം 26 - സാത്താനെ ജയിക്കുന്നതിന്റെ ആനന്ദം- ഫ്രാൻസിസ് പാപ്പാ; പുസ്തകം 27 - വ്യക്തതയോടെ പൊരുതാം; പുസ്തകം 28 - ദുഷ്ടൻ അവനെ തൊടുകയില്ല. പുസ്തകത്തിന്റെ കോപ്പികൾ പാലാ സെന്റ് തോമസ് ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. പുസ്തകങ്ങൾ വരിസംഖ്യയടച്ച് എല്ലാ മാസവും പോസ്റ്റുവഴി അയച്ചുകിട്ടുവാനാഗ്രഹിക്കുന്നവർ 9947114491 എന്ന നമ്പരിൽ ബന്ധപ്പെടുക.

മാർച്ച് 27 മുതൽ, എല്ലാ രണ്ടാം ശനിയാഴ്ചകളിലും മാസാവസാന ശനിയാഴ്ചകളിലും രാവിലെ 9 മണി മുതൽ 10 വരെ മദ്ധ്യസ്ഥപ്രാർത്ഥന, തുടർന്ന് 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ വിശുദ്ധ കുർബാന, ദൈവവചന പ്രഘോഷണം, ആരാധന, വിടുതൽശുശ്രൂഷ, അഭിഷേകപ്രാർത്ഥന എന്നിവയോടുകൂടിയ അർദ്ധദിന ശുശ്രൂഷകൾ ആരംഭിച്ചു. അതനുസരിച്ച്, ഏപ്രിൽ 10, 24 തിയതികളിൽ ശുശ്രൂഷകൾ നടത്തപ്പെട്ടു. കോവിഡിന്റെ ഇപ്പോൾ നൽകപ്പെട്ടിരിക്കുന്ന പുതിയ നിബന്ധനകൾ അനുസരിച്ച്, തുടർന്നുള്ള അവസരങ്ങളിൽ ആളുകൾ വാഗമണ്ണിൽ വന്നു സംബന്ധിക്കുന്നത് ഒഴിവാക്കി, യൂറ്റൂബിലൂടെയുള്ള ലൈവ് സ്ട്രീമിംഗ് വഴിയായിരിക്കും ശുശ്രൂഷ നടത്തപ്പെടുന്നത്. പ്രസ്തുത പരിപാടിയുടെ ലിങ്ക് താഴെച്ചേർക്കുന്നു:
https://www.youtube.com/
results?search_query=MOUNT+NEBO+HALF+DAY+RETREAT

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**നന്ദി**

ഡി.എഫ്.സി പാലാ രൂപത ഓഫീസിൽ ആറു മാസം ബ്രദർ റീജന്റ് ആയി സേവനം ചെയ്ത ശേഷം ദൈവശാസ്ത്ര പഠനത്തിനായി പോകുന്ന ബ്രദർ സെബാസ്റ്റ്യൻ (ജിൻസ്) പെട്ടപ്പുഴയ്ക്ക് യാത്രയയപ്പു നൽകി.

**സ്വാഗതം**

ഡി.എഫ്.സി പാലാ രൂപത ഓഫീസിലേക്ക് റീജൻസിയ്ക്കായി നിയമത നായിരിക്കുന്ന ബ്രദർ അബ്രാഹം (ക്രിസ്റ്റോ) പുള്ളിക്കാട്ടിലിനെ സ്വാഗതം ചെയ്തു.

**ഫൊറോന വിസിറ്റ്**

ചേർപ്പുങ്കൽ, പാലാ കത്തീഡ്രൽ, പ്രവിത്താനം, തീക്കോയി, അരുവിത്തുറ, കുറവിലങ്ങാട്, കടുത്തുരുത്തി, ഇലഞ്ഞി എന്നീ ഇടവകകളിലെ ബഹു. വൈദി കരുമായി ദീപികയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ദീപിക ഇൻചാർജ് വികാരി ജനറാൾ ഫാ. സെബാസ്റ്റ്യൻ വേത്താനത്ത്, ദീപിക രൂപത കോ- ഓർഡിനേറ്റർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം എന്നിവർ ചർച്ച നടത്തി.

**ഫാമിലി ഹെൽത്ത്കാർഡ്**

മാർസ്ലീവാ മെഡിസിറ്റി ചേർപ്പുങ്കൽ, മരിയൻ മെഡിക്കൽ സെന്റർ പാലാ, ഹോളി ഗോസ്റ്റ് ഹോസ്പിറ്റൽ മുട്ടിചിറ എന്നിവിടങ്ങളിൽ ഫാമിലി ഹെൽത്ത് കാർഡിന്റെ ആനുകൂല്യങ്ങൾ ആരംഭിച്ചു.

**ഫൊറോന ഭാരവാഹികളുടെ മീറ്റിംഗ് നടത്തി**

**palavisionlive.com Launch ചെയ്തു**

പാലാ വിഷനിലേക്ക് വാർത്തകൾ കൊടുക്കുന്നതിനായി മെസ്സേജുകൾ ഫോണിൽ ടൈപ്പ് ചെയ്ത് ഫോട്ടോ ഉൾപ്പെടെ ഈ നമ്പറിലേക്ക് വാട്ടസ്ആപ് വഴി അയയ്ക്കുക - 9605661249, 9400661492

**1. മീറ്റിങ്ങിൽ പങ്കെടുത്തു**

സംസ്ഥാന സമിതിയുടെ സൂം മീറ്റിങ്ങിൽ പങ്കെടുത്തു.

**2. രൂപത സമിതി മീറ്റിങ്ങ്**

രൂപത സമിതി മീറ്റിങ്ങ് ഓൺലൈനായി നടത്തി.

**3. സർകുലേഷൻ മാനേജർമാരുടെ മീറ്റിങ്ങ്**

രൂപത അതിർത്തിയിൽ വരുന്ന ദീപിക സർകുലേഷൻ മാനേജർമാരുടെ മീറ്റിങ്ങ് നടന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**1. എക്സിക്യൂട്ടീവ് മീറ്റിംഗ്**

മെയ് 7-ാം തീയതി വെള്ളിയാഴ്ച രാവിലെ 11 ന് രൂപതാ എക്സിക്യൂട്ടീവ് ഫോണിംഗിലൂടെ നടത്തി. കോവിഡ് വ്യാപനത്തിന്റെ ദുരിതങ്ങളെക്കുറിച്ചും കർഷ കർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും ചർച്ച നടത്തി. കോവിഡ് സഹായങ്ങൾ നൽകുന്ന ഇടവകതല പ്രവൃത്തനങ്ങളിൽ സഹകരിക്കണമെന്ന് യോഗം ഓർമ പ്പെടുത്തി. കോവിഡ് ലോക്ഡൗൺ മാറുന്ന മുറക്ക് മീറ്റിംഗ് കൂടുവാൻ തീരുമാ നിച്ചു.

**2. കർദിനാൾ ആലഞ്ചേരി പിതാവിന്റെ നേതൃത്വത്തിൽ സൂം മീറ്റിംഗ്**

കെ.സി.ബി.സി. യുടെ ആഭിമുഖ്യത്തിൽ കെ.എസ്.എസ്. എഫ്., ഇൻഫാം, കെ.എൽ.എം. എന്നിവയുടെ നേതാക്കളെയും അഭിവന്ദ്യ പിതാക്കന്മാരെയും പങ്കെ

ടുപ്പിച്ചുകൊണ്ട് ജൂൺ 10-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30 മുതൽ സൂം മീറ്റിംഗ് നടത്തുകയുണ്ടായി. കർഷക ക്ഷേമനിധി ബോർഡും സാധ്യതകളും എന്ന വിഷയത്തെ സംബന്ധിച്ച് ക്ലാസും ചർച്ചകളും നടത്തി. ഇതിലേക്കായി കെ.സി.ബി.സി. തലത്തിൽ നേതൃത്വം നല്കുവാൻ ഒരു കമ്മറ്റിയെയും രൂപീകരിച്ചു. കർഷകരെ ക്ഷേമനിധി ബോർഡിൽ പങ്കാളികളാക്കാൻ പ്രോത്സാഹിപ്പിക്കുവാൻ ഇൻഫാം മുൻകൈയെടുക്കണമെന്ന് ദേശീയ നേതൃത്വം ആവശ്യപ്പെട്ടു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. മാനേജർ)

# Received Heavenly Reward



# ആദരാഞ്ജലികൾ



## റവ. ഫാ. മാത്യു ഇല്ലിമൂട്ടിൽ (1937–2021)

ഇല്ലിമൂട്ടിൽ പരേതനായ ജോസഫിന്റെയും ബ്രജിത്തായുടെയും കനിഷ്ഠപുത്രനായ മാത്യു 1937 മെയ് 20-ാം തീയതി പയസ് മൗണ്ട് ഇടവകയിൽ ഭൂജാതനായി. മുണ്ടാങ്കൽ, കുറുമണ്ണ് സെന്റ് ജോൺസ്, മേലുകാവ് സി.എം.എസ്. എന്നിവിടങ്ങളിൽ പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കി. 1956 ൽ പാലാ രൂപത മൈനർ സെമിനാരിയിൽ ചേർന്നു. ആലുവ കാർമ്മൽഗിരി സെമിനാരിയിൽ തത്ത്വശാസ്ത്രപഠനവും മംഗലപുഴ അപ്പസ്തോലിക് സെമിനാരിയിൽ ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി. 1964 ഡിസംബർ 1-ാം തീയതി ബോംബെ അന്തർദ്ദേശീയ ദിവ്യകാരുണ്യ കോൺഗ്രസിൽ വച്ച്, പാലാ രൂപത മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നു തിരുപ്പട്ടം സ്വീകരിച്ചു.

കടപ്ലാമറ്റം, തിടനാട്, ചെമ്മലമറ്റം, മുട്ടുചിറ എന്നീ സ്ഥലങ്ങളിൽ സഹവികാരിയായും കൈപ്പള്ളി, കുറിഞ്ഞി, ഉരുളികുന്നം, മേരിലാന്റ്, മരങ്ങോലി, നരിയങ്ങാനം, കാക്കൂർ, നീലൂർ, മുളക്കുളം, ജിയോവാലി എന്നിവിടങ്ങളിൽ വികാരിയായും സേവനം ചെയ്തിട്ടുണ്ട്. സജീവ വൈദികകർമത്തിൽനിന്നു വിരമിച്ചതിനുശേഷം മുത്തോലപുരം, ചെമ്പ്ളാവ് പള്ളികളിൽ സഹവികാരിക്കു തുല്യസേവനം ചെയ്തിട്ടുണ്ട്.

സുറിയാനിഭാഷയിൽ പണ്ഡിതനായിരുന്ന ബഹു. മാത്യു അച്ചൻ, ദൈവം കനിഞ്ഞു നല്കിയ സ്വരമാധുരിയിൽ അനേകരെ ദൈവസ്നേഹത്തിലേക്ക് അടുപ്പിച്ചു. 2021 മാർച്ച് 29 ന് തന്നെ ഏല്പിച്ച ശുശ്രൂഷകളെല്ലാം പൂർത്തിയാക്കി നിത്യസമ്മാനത്തിനായി അച്ചൻ വിളിക്കപ്പെട്ടു. 2021 മാർച്ച് 31 ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെയും മാർ ജേക്കബ് മുരിക്കൻ പിതാവിന്റെയും പാലക്കാട് സഹായമെത്രാൻ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന്റെയും കാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിക്കുകയും പയസ് മൗണ്ട് ഇടവക സിമിത്തേരിയിൽ മൃതദേഹം സംസ്കരിക്കുകയും ചെയ്തു.



## റവ.സി. ഇലക്റ്റാ മേരി ഓലിക്കൽ എഫ്.സി.സി.

പാലാ രൂപതയിൽ ഭരണങ്ങാനം ഇടവകയിൽ ദൈവവിളികളാൽ സമ്പന്നമായ ഓലിക്കൽ കുടുംബത്തിൽ ശ്രീ. ചാണ്ടി – അന്നമ്മ ദമ്പതികളുടെ 11 മക്കളിൽ സീമന്തപുത്രിയായി 15-02-1935ൽ പെണ്ണമ്മ എന്ന ഓമനപ്പേരിൽ വിളിക്കപ്പെടുന്ന സി. ഇലക്റ്റാമേരി ഭൂജാതയായി. 1952ൽ എസ്.എസ്.എൽ.സി. പാസ്സായശേഷം ഭരണങ്ങാനം ക്ലാരമഠത്തിൽ അർത്ഥിനിയായി ചേർന്നു. 24-05-1954 ൽ സഭാവസ്ത്രം സ്വീകരിച്ച ഇലക്റ്റാ മേരിയമ്മ 29.05.1955ൽ ആദ്യവ്രതവും 29.05.958ൽ നിത്യവ്രതവും അനുഷ്ഠിച്ച് നാഥന്റെ സ്വന്തമായി ത്തീർന്നു.

1952 മുതൽ അധ്യാപനവൃത്തിയിൽ ഏർപ്പെട്ടിരുന്ന ഇലക്റ്റാമേരിയമ്മ തന്റെ ശിഷ്യഗണങ്ങളെ ബൗദ്ധികമായ വിജ്ഞാനത്തോടൊപ്പം ദൈവസ്നേഹത്തിന്റെ ബാലപാഠങ്ങളും പഠിപ്പിച്ചു. സെന്റ് ലിറ്റിൽ ത്രേസ്യാസ് എൽ.പി.സ്കൂളിൽ നിന്ന് ആരംഭിച്ച തന്റെ അധ്യാപന ശുശ്രൂഷ തുടർന്ന് അമ്പാറനിരപ്പേൽ, അരുവിത്തുറ, പെരിങ്ങളം, മലയിഞ്ചിപ്പാറ, ചെമ്മലമറ്റം എന്നീ സ്കൂളുകളിൽ പൂർത്തിയാക്കി 1990 ൽ സർവീസിൽ നിന്നും വിരമിച്ചു.

ഭരണങ്ങാനം, അമ്പാറനിരപ്പേൽ, അരുവിത്തുറ ഹോസ്റ്റൽ, പെരിങ്ങളം, മലയിഞ്ചിപ്പാറ, ചെമ്മലമറ്റം, വിമലഗിരി, കൂട്ടിക്കൽ, ആലുവ, ഇടമറ്റം എന്നീ ഭവനങ്ങളിൽ താമസിച്ചു ഇലക്ട്രോ മേരിയമ്മ സുപ്പീരിയർ അസിസ്റ്റന്റ് സുപ്പീരിയർ, പോസ്റ്റുലന്റ് മിസ്ട്രസ്, മെസ് മാനേജർ, ട്രഷറർ, ഹോസ്റ്റൽ വാർഡൻ, കൗൺസിലർ, കമ്മ്യൂണിറ്റി സിസ്റ്റർ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. 5 സുപ്പീരിയറായി ശുശ്രൂഷ ചെയ്ത ഇലക്റ്റാമേരിയമ്മ അധികാര 10 സേവനമായി കരുതി സമൂഹാംഗങ്ങൾക്ക് ഏറെ കരുതലും പരിഗണനയും നല്കിയ നല്ല ഒരമ്മ തന്നെയായിരുന്നു. പക്വതയാർന്ന സന്യാസജീവിതത്തിന്റെ ഉടമയായി തീർന്നുകൊണ്ടു പോസ്റ്റുലൻറ് മിസ്ട്രസ് എന്ന തന്റെ ദൗത്യം ഏറെ ആത്മാർത്ഥതയോടും ഉത്തരവാദിത്വത്തോടും കൂടി നിർവഹിച്ചു. മതബോധന രംഗത്ത് ഏറെനാൾ ശുശ്രൂഷചെയ്ത ഇലക്റ്റാമേരിയമ്മ ക്രൈസ്തവ ജീവിതത്തിന്റെ അന്ത:സത്തയെന്തെന്ന് കുട്ടികൾക്ക് ബോധ്യപ്പെടുത്തി കൊടുത്തു. പരിക്കുകൾ പരിഗണിക്കാതെ കർത്താവിനുവേണ്ടി ഓടുക എന്ന മോട്ടോ ജീവിതത്തിൽ സ്വീകരിച്ച ഇലക്റ്റാമേരിയമ്മ മണവാളനു വേണ്ടി സദാ കർമ്മനിരതരായിരുന്നു. തികഞ്ഞ – ആദ്ധ്യാത്മികത അധികാരികളോടുള്ള വിധേയത്വം, കഠിനാധ്വാനം, ലളിതജീവിതം, നിയമാനുഷ്ഠാനങ്ങളിലുള്ള താൽപര്യം, കൂട്ടക്രമത്തിലുള്ള സജീവഭാഗഭാഗിത്വം, എന്നീ ഗുണങ്ങളും അമ്മയിൽ വിളങ്ങി പ്രശോഭിച്ചിരുന്നു. 67 വർഷത്തോളം നീണ്ടുനിന്ന തന്റെ സന്യാസസമർപ്പണം അർത്ഥവത്തായി പൂർത്തിയാക്കിയ ഫ്രാൻസിസ്കൻ ബഹു. ഇലക്റ്റാമേരിയമ്മ ചൈതന്യം പ്രാവർത്തികമാക്കാമെന്ന് സഹോദരങ്ങളായ ഞങ്ങൾക്ക് കാണിച്ചുതന്നു. എങ്ങനെ ജീവിതത്തിൽ തവണ വാർദ്ധക്യസഹജമായ രോഗത്തിന്റെ അസ്വസ്ഥതകളെ ബുദ്ധിമുട്ടുകളും ക്ഷമയോടെ സഹിച്ചുകൊണ്ടിരുന്ന അമ്മയുടെ ആരോഗ്യം

മോശമായിക്കൊണ്ടിരുന്നു. ഏതാനും ദിവസങ്ങളായി ക്ഷീണം വർധിച്ചതിന്റെ തുടർന്ന് 24.05.2021 7.15 pm ന് സ്വസഹോദരൻ ഫാ. തോമസ് ഓലിക്കൽ ബഹു. ഇലക്റ്റാ മേരിയമ്മയ്ക്ക് രോഗിലേപനം നല്കി. തുടർന്ന് ശാന്തയായി കിടന്ന അമ്മ 9.00 ുന് സമൂഹാംഗങ്ങൾ പ്രാർത്ഥനാനിര തരായി നോക്കി നിക്കേ തന്റെ ആത്മാവിനെ ദിവ്യമണവാളൻറ സന്നിധിയിൽ അർപ്പിച്ചു. ഏകദേശം 10.30 pm നോടുകൂടി മൃതദേഹം മേരിഗിരി ഹോസ്പിറ്റൽ മോർച്ചറിയിൽ വയ്ക്കുകയും 26.05.2021 9.00 am ന് മൃതദേഹം കാക്കോളി മഠത്തിൽ കൊണ്ടുവരികയും എല്ലാ വരും ബഹു. ഇലക്റ്റാമേരിയമ്മയ്ക്കുവേണ്ടി പ്രാർത്ഥന അർപ്പിക്കുകയും ചെയ്തു. ബഹു. ഇലക്റ്റാമേരിയമ്മയുടെ സഹോദരന്മാരായ ബഹു. ഫാ. അലക്സാണണ്ടർ ഓലിക്കൽ, ബഹു. ഫാ. തോമസ് ഓലിക്കൽ എന്നിവരുടെ പ്രധാനകാർമ്മി കത്വത്തിൽ വി.കുർബാനയോടെ മൃതസംസ്കാരശുശ്രൂഷ ആരംഭിച്ചു. സ്വസഹോ ദരൻ ബഹു. ഫാ. അലക്സാണ്ടർ ഓലിക്കൽ ദിവ്യബലിമദ്ധ്യേ ഇലക്റ്റാമേരി യമ്മയെ അനുസ്മരിച്ച് ചരമപ്രസംഗം നടത്തി. വി. കുർബാനയ്ക്ക് ശേഷമുള്ള ഭവനത്തിലെ കർമ്മങ്ങൾക്ക് പാലാരൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ നേതൃത്വം നൽകുകയും അമ്മയെ അനുസ്മരിച്ചു സംസാരി ക്കുകയും ചെയ്തു. തുടർന്ന് മൃതദേഹം ഭരണങ്ങാനം പള്ളിയിലേയ്ക്ക് സംവഹി ക്കപ്പെട്ടു. പള്ളിയിലെ കർമ്മങ്ങൾക്ക് പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നേതൃത്വം നൽകുകയും ഹൃദയസ്പർശിയായ അനു സ്മരണപ്രസംഗം നടത്തുകയും ചെയ്തു. ഏകദേശം 12.30 pm ന് ബഹു. ഇലക ്റ്റാമേരിയമ്മയുടെ മൃതദേഹം ഭരണങ്ങാനം ഫൊറോന പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. യേശുക്രിസ്തുവിന്റെ നല്ല പടയാളിയെപ്പോലെ മരണംവരെ ജീവിച്ച ഇലക്റ്റാമേരിയമ്മയെ ദിവ്യനാഥൻ മഹത്വത്തിന്റെ കീരിടം അണിയിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.



## റവ. സി. അനില കളരിപ്പറമ്പിൽ എഫ്.സി.സി.

പാലാ രൂപതയിൽ ഭരണങ്ങാനം ഇടവകയിൽ ദൈവ വിളികളാൽ സമ്പന്നമായ കളരിപ്പറമ്പിൽ കുടുംബത്തിൽ ശ്രീ മാണി - ഏലി സന്താനമായി 20-10-1935 ൽ റോസമ്മ എന്നു വിളിക്കപ്പെടുന്ന സി അനില ദമ്പതികളുടെ എട്ടു മക്കളിൽ ആറാമത്തെ ഭൂജാതയായി. 27-10-1935 ൽ മാമ്മോദീസ സ്വീക രിച്ചു. പാസ്സായശേഷം ഭരണങ്ങാനം ക്ലാരമഠത്തിൽ അർത്ഥിനി യായി ചേർന്നു. 1956-1956 ൽ എസ്.എസ്.എൽ.സി. 57 കാലഘട്ടങ്ങളിൽ പോസ്റ്റു ലൻസി കഴിഞ്ഞ് സഭാവസ്ത്രം സ്വീകരിച്ചു. നോവിഷ്യറ്റിനുശേഷം 1958 ൽ ആദ്യ വ്രതവും 1961 ൽ നിത്യവ്രതവും അനുഷ്ഠിച്ച് നാഥനു സ്വന്തമായിത്തീർന്നു.

1963 മുതൽ കൊഴുവനാൽ ഹോസ്പിറ്റലിൽ ജോലി ചെയ്തു കൊണ്ടിരുന്ന അനിലാമ്മ 1970 ൽ നേഴ്സിങ്ങ് പഠനത്തിനായി ജർമ്മനിയ്ക്ക് പോയി. 1975 ൽ പഠനം പൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തിയ അനിലാമ്മ പാല - ഭരണങ്ങാനം പ്രാവിൻസിന്റെ വിഭജനം വരെ മരിയൻ മെഡിക്കൽ സെന്ററിൽ

സേവനം അനുഷ്ഠിച്ചുപോന്നു. തന്റെ ജീവിതത്തിന്റെ സിംഹഭാഗവും ആതുര ശുശ്രൂഷാരംഗത്ത് ആയിരുന്ന അനിലാമ്മ മരിയൻ മെഡിക്കൽ സെന്ററിൽ 14 വർഷവും ജർമ്മനിയിൽ 13 വർഷവും ഇറ്റലിയിൽ 7വർഷവും ശുശ്രൂഷചെയ്തു കൊണ്ട് ഏല്പ്പിക്കപ്പെട്ട ജോലികൾ സന്തോഷത്തോടെയും നല്ല മനസ്സോടെയും വിശ്വസ്തതയോടെയും പൂർത്തിയാക്കി.

താൻ ശുശ്രൂഷിക്കുന്ന രോഗികളിൽ ദൈവത്തെ കണ്ടുകൊണ്ട് സന്തോഷത്തോടെയും നേഹത്തോടെയും അവരെ പരിചരിച്ച് സന്തോഷ പരിപ്പി ക്കുന്നതിൽ പ്രത്യേക നൈപുണ്യം അനിലാമ്മയ്ക്ക് ഉണ്ടായിരുന്നു. ദൈവത്തെ സ്നേഹിക്കുക, സഹോദരങ്ങളെ സേവിക്കുക എന്ന തന്റെ മൊട്ടോ അക്ഷരാർ ത്ഥത്തിൽ പ്രാവർത്തികമാക്കിയ അനിലാമ്മ കൊഴുവനാൽ, അമ്പാറനിരപ്പേൽ, അരുണാപുരം, ജർമ്മനി, മഠങ്ങളിൽ സേവനം ഇറ്റലി, പ്രാവിൻഷ്യൽ ഹൗസ്, ഭരണങ്ങാനം എന്നീ അനുഷ്ഠിച്ചിട്ടുണ്ട്. കഠിനാദ്ധ്വാനം, ലളിതജീവിതം, കൂട്ടക്രമ ത്തിലെ സജീവമായ ഭാഗഭാഗിത്വം, സഹോദരങ്ങളോടുള്ള പരിഗണന, അധികാരി കളോടുള്ള വിധേയത്വം എന്നിവയെല്ലാം അനിലാമ്മയിൽ അലിഞ്ഞുചേർന്നിരുന്ന സ്വഭാവം ഭരണങ്ങാനം അൽഫോൻസാ സവിശേഷതകളായിരുന്നു. ഭരണങ്ങാനം അൽഫോൻസാ ജ്യോതി പ്രോവിന്സിന്റെ ബാലാരിഷ്ടതകളിൽ സഭയ്ക്കുവേണ്ടി അ ഏറ്റെടുത്ത ത്യാഗവും കഠിനാദ്ധ്വാനവും വളരെ വലുതാണ്.

ആരോഗ്യപരമായ കാരണങ്ങളാൽ 2008ൽ വിദേശത്തുനിന്നും തിരിച്ചെത്തിയ അനിലാമ്മ ബൈപാസ് സർജറിയ്ക്ക് വിധേയയാവുകയും 2012 വരെ പ്രാവിൻഷ്യൽ ഹൗസിൽ വിശ്രമജീവിതം നയിക്കുകയും ചെയ്തു. 2012 ൽ ഭരണങ്ങാനം മഠത്തിലേയ്ക്ക് സ്ഥലംമാറി വന്ന് അനിലാമ്മ രോഗീശുശ്രുഷിയെന്ന തന്റെ ആത്മാർത്ഥയോടെയും ദൗത്യം ഏറ്റം ഭംഗിയായും നിർവഹിച്ചുപോന്നു. തുടർന്ന് അനാരോഗ്യം മൂലം മുഴുവന് സമയവും പ്രാർത്ഥനയ്ക്കായി മാറ്റിവെച്ചു. മുൻ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. മരിയ ഫ്രാൻസീസ്, സ്വർഗ്ഗീയ സമ്മാനത്തിനായി വിളിക്കപ്പെട്ട റവ. സി. ഗ്രെയ്സ് എന്നിവർ അനിലാമ്മയുടെ സഹോദരിമാരാണ്. ഇവരുടെ പാത പിന്തുടർന്ന മറ്റ് ഏഴു സഹോദരിമാർകൂടി എഫ്.സി.സിയ്ക്ക് ദാനമായി ലഭിച്ചു.

തന്റെ പേഴ്സണൽ റിക്കോർഡിൽ അനിലാമ്മ കുറിച്ചുവെച്ച സന്ദേശമിതാണ്. 'നാമെല്ലാവരും നമ്മുടെ ചെറിയഭാഗം ചെയ്തുതീർത്തിട്ട് കടന്നുപോകാനുള്ള ദൈവത്തിന്റെ ഉപകരണങ്ങളാണ്. ഇന്ന് ഞാനുണ്ട്. നാളെ കാണുമോയെന്ന് അറിഞ്ഞുകൂടാ. എന്നാൽ പറ്റുന്നത് മറ്റുള്ളവർക്ക് ചെയ്തു കൊടുക്കുക.' രോഗത്തിന്റെ അസ്വസ്ഥതകളല്ലാം സന്തോഷപൂർവം സഹിച്ചു കൊണ്ടിരുന്ന അനിലാമ്മയ്ക്ക് 7-4-2021 ൽ ക്ഷീണം വർദ്ധിച്ചതിനെ തുടർന്ന് ഭരണങ്ങാനം പള്ളി അസി. വികാരി ബഹു. ജോസഫ് പുരയിടത്തിലാട്ടേൽ അച്ചനിൽനിന്നും രോഗീലേപനം സ്വീകരിച്ചു. 29-04-2021 30 am ന് ക്ഷീണം കൂടിവന്നതിനാൽ ഭരണങ്ങാനം പള്ളി വികാരി ബഹു.അഗസ്റ്റിൻ തെരുവത്തച്ചൻ വന്ന് അനിലാമ്മയ്ക്കു വേണ്ടി പ്രാർത്ഥിച്ചു. 4 pm ന് ഏകദേശം സഹോദര ങ്ങളെല്ലാം പ്രാർത്ഥനനിരതരായി നോക്കിനിൽക്കേ അനിലാമ്മയുടെ പാവനാ ത്മാവ് സ്വർഗ്ഗീയ ഗേഹത്തിലേയ്ക്ക് യാത്രയായി.

പിറ്റേന്ന് 30-4-2021 വെള്ളി രാവിലെ 10 am ന് ഭരണങ്ങാനം ഫൊറോന പള്ളി വികാരി റവ. ഫാ. അഗസ്റ്റിൻ തെരുവത്ത്, ഭരണങ്ങാനം അസ്സീസി ആശ്രമ സുപ്പീരിയർ റവ. ഫാ. മാത്യു മുളങ്ങാശ്ശേരിൽ സഹപാഠിയും ഭരണങ്ങാനം അൽഫോൻസ ഷ്രൈൻസ്പിരിച്ചൽ ഡയറക്ടറുമായ ബഹു. എബ്രാഹം കണിയാം പടിക്കൽ എന്നിവരുടെ കാർമ്മികത്വത്തിൽ മഠം ചാപ്പലിലെ ദിവ്യബലിയോടെ മൃതസംസ്കാരശുശ്രൂഷ ആരംഭിച്ചു. റവ.ഫാ മാത്യു മുളങ്ങാശ്ശേരിൽ അനുസ്മരണപ്രസംഗം നടത്തി. ഇടവക ദൈവാലയത്തിലെ കർമ്മങ്ങൾക്ക് പാലാരൂപതാ വികാരി ജനറാൾ റവ.ഫാ. ജോസഫ് തടത്തിൽ നേതൃത്വം നല്കി. കോവിഡ് കാലമായതിനാൽ 20 പേര് മാത്രമേ പള്ളിയിലെ കർമ്മങ്ങളിൽ സംബന്ധിച്ചുള്ളൂ. ഏകദേശം 12.30 തോടുകൂടി മൃതദേഹം ഭരണങ്ങാനം ഫൊറോന പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. സ്നേഹസമ്പന്നനായ ദൈവം അനിലാമ്മയെ നീതിയുടെ കിരീടം അണിയിക്കുമാറാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## APRIL 2021

| | | |
|---|---|---|
| 01 | 06.30 am | കത്തീഡ്രലിൽ പെസഹായുടെ തിരുകർമ്മങ്ങളിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 02.45 pm | പാലാ ളാലം പുത്തൻപള്ളി ഇടവകയിൽ വെട്ടത്ത് ശ്രീമതി ബിനു ബ്രിട്ടോയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 07.30 pm | അരമനയിൽ പെസഹാ അപ്പം മുറിക്കൽ ശുശ്രൂഷയിൽ സംബന്ധിച്ചു. |
| 02 | 08.00 am | കത്തീഡ്രലിൽ പീഡാനുഭവതിരുകർമ്മങ്ങളിൽ സംബന്ധിച്ചു. |
| | 02.30 pm | ളാലം പഴയപള്ളിയിൽ പാനവായനയ്ക്ക് നേതൃത്വം വഹിച്ചു. |
| | 03.30 pm | അരമനയിൽ പാനവായനയ്ക്ക് നേതൃത്വം നല്കി. |
| 04 | 03.00 am | അരുവിത്തുറ ഇടവകയിൽ ഈസ്റ്റർ തിരുക്കർമ്മങ്ങളിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 05 | 10.30 am | മുട്ടം ജയിൽ സന്ദർശിച്ചു. |
| | 03.00 pm | തീക്കോയി ഇടവകയിൽ എഫ്.സി.സിയുടെ നേതൃത്വത്തിൽ പണികഴിപ്പിച്ച ഡി.സി.എം.ആർ ബോർഡിംഗ് സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചെരിപ്പും പുതുതായി പണിതീർത്ത ഭവനത്തിന്റെ വെഞ്ചെരിപ്പും നിർവഹിച്ചു. |
| 06 | 03.30 pm | ചേർപ്പുങ്കൽ മെഡിസിറ്റി മീറ്റിംഗിൽ നേതൃത്വം നല്കി. |
| 07 | 12.30 pm | ഭരണങ്ങാനം ദീപ്തി ഭവനിൽ ബഹു. ജോൺ നാട്ടുനിലത്ത് എം.എസ്.ടിയുടെ വേർപാടിൽ പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 05.30 pm | തിടനാട് ഇടവക സെന്റ് ജോസഫ് വർഷത്തോടനു ബന്ധിച്ച് തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുകയും അതോടൊപ്പമുള്ള റംശാ പ്രാർത്ഥനയിൽ മുഖ്യ കാർമികത്വം വഹിക്കുകയും ചെയ്തു. |
| 08 | 02.00 pm | കോതമംഗലം രൂപത ഉടുമ്പന്നൂർ ഇടവകയിൽ മുഞ്ഞ നാട്ട് സിറിയക് മാത്യുവിന്റെ (അരമന ഓഫീസ് സ്റ്റാഫ് സി. സൽമ്മ സി.എം.സി യുടെ സഹോദരൻ) മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യ കാർമികത്വം നൽകി. |
| | 06.00 pm | മാർ അപ്രേം സെമിനാരി സന്ദർശിച്ച് റംശാ പ്രാർത്ഥനയിൽ സംബന്ധിക്കുകയും വൈദികവി ദ്യാർത്ഥികളോടു സംസാരിക്കുകയും ചെയ്തു. |
| 10 | 11.00 am | കയ്യൂർ ഇടവകയിൽ മാമ്മോദീസ പരികർമ്മം ചെയ്തു. |
| | 07.30 pm | അരമനയിൽ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപ റമ്പിൽ പിതാവിന്റെ 95-ാം പിറന്നാൾ ദിനാഘോഷ ത്തിന് നേതൃത്വം നല്കി. |
| 11 | 02.00 pm | വേഴങ്ങാനം ഇടവകയിൽ കാര്യങ്കൽ ചുമ്മാർ സാറിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിലെ തിരുക്കർമങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| | 05.00 pm | മുട്ടുചിറ ഇടവകയുടെ നവീകരിച്ച കുരിശുപള്ളി വെഞ്ചെരിച്ചു. |
| 12 | 10.30 am | ചേന്നാട് ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 13 | 02.30 pm | ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ശാലോം പാസ്റ്റ റൽ സെന്ററിന്റെ 25-ാം ജൂബിലി ആഘോഷത്തിനു നേതൃത്വം നല്കി. |
| 14 | 09.45 am | കോതമംഗലം രൂപത വെട്ടിമറ്റം ഇടവകയിൽ ബഹു. ജോസഫ് പാമ്പാറയച്ചന്റെ സഹോദരി ചെറുകു ന്നേൽ റോസമ്മ മത്തായിയുടെ വേർപാടിൽ ഭവന ത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.30 am | ഭരണങ്ങാനത്ത് കപ്പൂച്ചിൻ ആശ്രമത്തിൽ ബഹു. ഫാ. ജൂലിയസ് പൂമരം കപ്പൂച്ചിന്റെ മൃതസംസ്കാരശുശ്രൂ ഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| | 05.30 pm | കൂടല്ലൂർ ഇടവക സെന്റ് ജോസഫ് വർഷത്തോടനുബന്ധിച്ച് തീർത്ഥാടനകേന്ദ്രമാക്കി പ്രഖ്യാപിക്കുകയും പുറത്തു നമസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു. |
| 15 | 11.45 am | ഭരണങ്ങാനം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 16 | 1130 am | ഭരണങ്ങാനം ദീപ്തി ആശ്രമത്തിൽ ബഹു. മറ്റത്തിലച്ചന്റെ സംസ്കാരശുശ്രൂഷകളിൽ സംബന്ധിച്ചു. |
| 17 | 09.00 am | കൊഴുവനാൽ ഇടവകയിൽ ബഹു. സെബാസ്റ്റ്യൻ ചെറുകരകുന്നേലച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 11.30 am | കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| 18 | 04.00 pm | കാക്കൂർ ഇടവക സെന്റ് ജോസഫ് വർഷത്തോടനനുബന്ധിച്ച് തീർത്ഥാടനകേന്ദ്രമാക്കി പ്രഖ്യാപിച്ചുകൊണ്ടു വി. കുർബാനയർപ്പിച്ചു. |
| 19 | 06.00 pm | ചേർപ്പുങ്കൽ മെഡിസിറ്റിയിൽ പണിതീർത്ത ബ്ലോക്കിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| 20 | 06.00 pm | വിതയത്തിൽ സാറിന്റെ വേർപാടിനോട് അനുബന്ധിച്ച് നടത്തിയ ഓൺലൈൻ അനുസ്മരണച്ചടങ്ങിൽ സംബന്ധിച്ചു. |
| 21 | 11.30  am | ഇലപ്പിള്ളി ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 22 | 11.00 am | നെല്ലിയാനിയിൽ എസ്.എ.ബി.എസ്. കോൺഗ്രിഗേഷനിലെ വെസ്റ്റീഷൻ തിരുകർമ്മങ്ങൾക്കു നേതൃത്വം നല്കി. |
| | 06.00 pm | അരുവിത്തുറ ഇടവകയിൽ പുറത്തു നമസ്കാരത്തിന് മുഖ്യകാർമികത്വം വഹിച്ചു. |
| 23 | 10.00 am | അരുവിത്തുറ ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് സുറിയാനി കുർബാന അർപ്പിച്ചു. |
| 24 | 11.00 am | കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| | 11.45 am | കത്തീഡ്രലിൽ ചെറിയപള്ളിയിൽ വിവാഹം ആശീർവദിച്ചു. |

| | | |
|---|---|---|
| | 04.00 pm | അമനകര സി.എം.ഐ. ആശ്രമത്തിൽ ബഹു. ജോർജ് കനീഷ്യസ് കച്ചിറമറ്റത്തിലച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| 26 | 10.00 am | ഓൺലൈൻ സങ്കീർത്തന മീറ്റിംഗിൽ സംബന്ധിച്ചു. |
| 28 | 10.30 am | തിടനാട് ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 29 | 10.30 am | എസ്. എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ വെസ്റ്റിഷ്യൻ & ഫൈനൽ പ്രൊഫഷൻ തിരുകർമ്മങ്ങൾക്കു മുഖ്യ കാർമികത്വം നല്കി. |
| | 03.00 pm | ചേർപ്പുങ്കൽ മെഡിസിറ്റി മീറ്റിംഗിൽ സംബന്ധിച്ചു. |
| 30 | 07.00 pm | രാമപുരം ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |
| | 09.00 am | രാമപുരം ഇടവകയിൽ ഹോം പാലയോട് ബന്ധപ്പെട്ടു രണ്ടു ഭവനങ്ങൾ വെഞ്ചെരിച്ചു. |
| **MAY 2021** | | |
| 01 | 09.15 am | പൂവക്കുളം ഇടവകയിൽ ഷോയ്ൻസ്റ്റാർട്ട് സഭാംഗമായ ഡീ. ജോസഫ് കിഴക്കേതിലിന് പൗരോഹിത്യപട്ടം നല്കി. |
| | 11.00 am | കാട്ടാമ്പാക്ക് ഇടവകയിൽ വലിയപ്ലാക്കിൽ ബീനാ കുഞ്ഞുമോന്റെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 06 | 10.45 am | ചേർപ്പുങ്കൽ ഇടവകയിൽ ബഹുമാനപ്പെട്ട ജോസ് പൂവത്തുങ്കലച്ചന്റെ പിതാവ് ശ്രീ മത്തായി മാണിയുടെ വേർപാടിൽ ദൈവാലയത്തിലെ സംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| | 03.00 pm | അരമനയിൽവച്ച് ഓൺലൈൻ സങ്കീർത്തനമീറ്റിംഗിൽ സംബന്ധിച്ചു. |
| 09 | 12.30 pm | ഭരണങ്ങാനം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 12 | 10.45 am | എസ്.വി.ഡി. സഭാംഗങ്ങളായ ചെമ്പിളാവ് ഇടവകാംഗം ഡീ. ഡൊമിനിക് സാവിയോ വരിക്കക്കുഴിയിലിനും മൂലമറ്റം ഇടവകാംഗമായ ഡീ. ജോർജ് മച്ചിയാനിക്കലിനും പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വച്ച് പൗരോഹിത്യപട്ടം നല്കി. |

| | | |
|---|---|---|
| 13 | 03.00 pm | അരമനയിൽവച്ച് ഓൺലൈൻ അനാഫൊറ മീറ്റിംഗിൽ സംബന്ധിച്ചു. |
| 14 | 11.00 am | ജെ.ബി. കോശി കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 15 | 11.30 am | കൂടല്ലൂർ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 21 | 05.00 pm | അഭിവന്ദ്യ പിതാക്കന്മാരുടെ ഓൺലൈൻ മാസധ്യാനത്തിൽ പങ്കെടുത്തു. |
| 23 | 09.00 am | കൊഴുവനാൽ ഇടവകയിൽ ബഹു. എബ്രാഹം തലവയലിലച്ചന്റെ മാതാവ് ശ്രീമതി മേരിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 24 | 02.30 pm | ഇളംതോട്ടം ഇടവകയിൽ വരിക്കമാക്കൽ ശ്രീമതി അന്നമ്മ കുര്യന്റെ നിര്യാണത്തിൽ ദൈവാലയത്തിലെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 26 | 10.30 am | ഫാമിലി കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 11.30 am | ഭരണങ്ങാനം ഇടവകയിൽ ബഹു. ഓലിക്കൽ അച്ചന്മാരുടെ സഹോദരി സി. ഇലക്റ്റാമേരി എഫ്.സി.സിയുടെ മൃതസംസ്കാരശുശ്രൂഷയുടെ കർമങ്ങൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 27 | 10.00 am | അൽഫോൻസാ കോളജ് പ്രിൻസിപ്പലിന്റെ വിരമിക്കലുമായി ബന്ധപ്പെട്ട നടത്തിയ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 11.00 am | മൈനർ സെമിനാരിയിൽ വച്ച് രൂപത ശെമ്മാശന്മാർക്ക് പൗരോഹിത്യവസ്ത്രം ആശീർവദിച്ചു നല്കി. |
| | 01.30 pm | ചെമ്മലമറ്റം ഇടവകയിൽ പല്ലാട്ടുകുന്നേൽ കുഞ്ഞേട്ടന്റെ ഭാര്യ ശ്രീമതി തെയ്യാമ്മയുടെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 04.00 pm | മെഡിസിറ്റിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 28 | 12.15 pm | അരമനയിൽ വച്ച് പി.എസ്.ഡബ്ല്യു.എസ്. ന്റെയും എസ്.എം.വൈ.എം. ന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ച കോവിഡ് സഹായഹസ്തം പരിപാടി ഉദ്ഘാടനം ചെയ്തു. |
| 29 | 05.00 pm | കെ.സി.ബി.സി കമ്മീഷന്റെ നേതൃത്വത്തിലുള്ള ഇന്റർറിലീജിയസ് ഡയലോഗ്, എക്യുമെനിക്കൽ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 30 | 03.00 pm | എ.കെ.സി.സി.യുടെ നേതൃത്വത്തിൽ നടത്തിയ കിറ്റ് വിതരണം ഓൺലൈൻ മീറ്റിംഗ് വഴി ഉദ്ഘാടനം ചെയ്തു. |
| **JUNE 2021** | | |
| 1-3 | 05.00 pm | കെ.സി.ബി.സി മീറ്റിംഗിൽ ഓൺലൈനായി സംബന്ധിച്ചു. |
| 4 | 10.30 am | ജെ.ബി. കോശി കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 5 | 01.30 pm | അരമനയിൽവച്ച് പി.എസ്.ഡബ്ല്യു.എസ്.ന്റെ നേതൃത്വത്തിൽ പരിസ്ഥിതിദിനത്തോടനുബന്ധിച്ച് ഫലവൃക്ഷത്തൈകൾ പാലാ ഡി.വൈ.എസ്.പി. ഓഫീസിലേക്ക് കൈമാറ്റം ചെയ്യുന്ന പരിപാടിയിൽ സംബന്ധിച്ചു. |
| | 02.00 pm | മെഡിസിറ്റി മീറ്റിംഗിൽ സംബന്ധിച്ചു. |
| 7 | 10.00 am | ഓൺലൈൻ സങ്കീർത്തന മീറ്റിംഗിൽ സംബന്ധിച്ചു. |
| 9 | 10.30 am | ദീപിക അപ്പക്സ് ബോഡി ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 12.30 pm | മാർ അപ്രേമിന്റെ തിരുനാളിനോടനുബന്ധിച്ച് മാർ അപ്രേം പ്രീസ്റ്റ് ഹോമിലെ വല്യച്ചന്മാരെ സന്ദർശിച്ചു. |
| 10 | 10.30 am | കെ.സി.ബി.സി ഇൻഫാമിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കർഷക സമ്മേളനം ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 11 | 11.00 am | കെ.സി.എസ്.എൽ. ന്റെ നേതൃത്വത്തിൽ നടത്തിയ പൾസ് ഓക്സിമീറ്റർ വിതരണോദ്ഘാടനം നിർവഹിച്ചു. |

| | | |
|---|---|---|
| | 03.00 pm | അരമനയിൽ വച്ച് സിവിൽ സർവീസ് മീറ്റിംഗിന് നേതൃത്വം നല്കി. |
| 12 | 02.00 pm | മെഡിസിറ്റി മീറ്റിംഗിൽ സംബന്ധിച്ചു. |
| 14 | 11.00 am | കൂടല്ലൂർ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 12.30 pm | അരമനയിൽവച്ച് പി.എസ്ഡബ്ല്യു.എസ്., എസ്.എം. വൈ.എം., കെയർ ഹോംസ് എന്നിവയുടെ നേതൃത്വത്തിൽ നടത്തിയ ഫോഗിംഗ് മെഷിൻ, സമരിറ്റൻ ഫോഴ്സ് ബാഡ്ജ്, കിറ്റ് വിതരണം എന്നിവയുടെ ഉദ്ഘാടനം നിർവഹിച്ചു. |
| | 01.45 pm | വയല ഇടവകയിൽ എടച്ചേരിത്തടത്തിൽ ശ്രീമതി ഷിൻസി ഫിലിപ്പിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് നേതൃത്വം നല്കി. |
| | 03.00 pm | അരമനയിൽ വച്ച് ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 15 | 03.00 pm | ഓൺലൈൻ ഇന്റർ റിലീജിയസ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 17 | 03.00 pm | അരമനയിൽവച്ച് രൂപതയുടെ നവീകരിച്ച വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു. |
| 18 | 11.00 am | ദീപിക ഓൺലൈൻ അപ്പക്സ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | മൂഴൂർ ഇടവകയിൽ ബഹു. ജോൺസൺ പുള്ളീറ്റച്ചന്റെ പിതാവ് അഡ്വ. പി.കെ. ജോസഫിന്റെ വേർപാടിൽ ഭവനത്തിലെ ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| | 04.00 pm | അരമനയിൽ വച്ച് എ.കെ.സി.സി. ഗ്ലോബൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ ക്രമീകരിച്ച വിവിധ രൂപതകളിലേക്കുള്ള പൾസ് ഓക്സീമീറ്ററിന്റെ വിതരണോദ്ഘാടനം നിർവഹിച്ചു. |
| 20 | 10.00 am | വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ക്രമീകരിച്ച് സൺഡേ സ്കൂൾ ഹെഡ്മാസ്റ്റേഴ്സിന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 21 | 11.00 am | കാക്കൂർ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |

| | | |
|---|---|---|
| | 02.00 pm | പൂവരണി ഇടവകയിൽ ബഹു. ഇമ്മാനുവേൽ പാറേക്കാട്ട് അച്ചന്റെ മാതാവ് ശ്രീമതി അന്നക്കുട്ടി ജോസഫിന്റെ വേർപാടിൽ ഭവനത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| | 03.00 pm | പാലാ എസ്.എം.എസ്. ജനറലേറ്റിൽ ആദ്യ ബാച്ച് സിസ്റ്റേഴ്സിന്റെ സുവർണജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചു. |
| 22 | 10.00 am | അനാഫൊറ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 23 | 10.30 am | കമ്മീഷൻസിന്റെ കോർഡിനേറ്റർ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 24 | 10.30 am | കോട്ടയത്ത് ദീപികയുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.30 pm | അരമനയിൽ വച്ച് സെന്റ് തോമസ് കോളജ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 25 | 04.00 pm | അനാഫൊറ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 28 | 02.00 pm | വിളക്കുമാടം ഇടവകയിൽ കള്ളിവയലിൽ മൈക്കിളിന്റെ വേർപാടിൽ ഭവനത്തിലെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 29 | 03.00 pm | മെഡിസിറ്റി മീറ്റിംഗിൽ സംബന്ധിച്ചു. |
| 30 | 08.15 am | അരമനയിൽ വച്ച്, കോവിഡ് ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്കുവേണ്ടിയുള്ള ഭക്ഷ്യധാന്യക്കിറ്റിന്റെ വിതരണോദ്ഘാടനം ചെയ്തു. |
| | 05.00 pm | അരമനയിൽവച്ച് പിതാക്കന്മാരുടെ ഓൺലൈൻ മാസധ്യാനത്തിൽ സംബന്ധിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## APRIL 2021

| | | |
|---|---|---|
| 01 | 07.00 am | കത്തീഡ്രലിൽ പെസഹാവ്യാഴാഴ്ചയിലെ തിരുക്കർമ്മങ്ങളിൽ കാർമ്മികത്വം വഹിച്ചു. |
| | 03.30 pm | അരമനയിൽ പാനവായന ശുശ്രൂഷയിൽ സംബന്ധിച്ചു. |
| | 10.00 am | പാലാ ളാലം പുത്തൻപള്ളി ഇടവകയിൽ വെട്ടത്ത് ശ്രീമതി ബീന ബ്രിട്ടോയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 07.30 pm | അരമനയിൽ പെസഹാ അപ്പം മുറിക്കൽ ശുശ്രൂഷയിൽ സംബന്ധിച്ചു. |
| 02 | 08.00 am | പാലാ കത്തീഡ്രലിൽ ദുഃഖവെള്ളിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 03 | 12.00 noon | പുലിയന്നൂർ സെറാഫിക് മഠത്തിൽ ബഹു. സി. ബെർട്ടില്ല തോട്ടപ്പിള്ളിൽ എഫ്.സി.സി.യുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 04 | 03.00 am | പാലാ കത്തീഡ്രലിൽ ഉയിർപ്പുതിരുക്കർമങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| 05 | 07.15 am | മുട്ടുചിറ ഹോളിഗോസ്റ്റ് മിഷൻ ഹോസ്പിറ്റലിൽ വെഞ്ചരിപ്പ് കർമ്മം നടത്തി. |
| | 09.30 am | മോനിപ്പള്ളി റോസ്ഭവൻ മഠത്തിൽ ബഹു. സി. വിക്ടർ മേക്കാട്ടുകുന്നേൽ എസ്.എ.ബി.എസ്. ന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | ളാലം പുത്തൻപള്ളിയിൽ പ്രാരംഭകൂദാശകൾ പരികർമം ചെയ്തു. |
| | 05.30 pm | പാലാ കത്തീഡ്രലിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |

| | | |
|---|---|---|
| 06 | 07.15 am | ബി.എഡ്. കോളജിൽ സമ്മതിദാനാവകാശം രേഖപ്പെടുത്തി. |
| | 01.00 pm | പാലാ കത്തീഡ്രലിൽ വെട്ടുകാട്ടിൽ ബേബിച്ചന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 7 | 9.30 am | കോതമംഗലം രൂപത, കുണിഞ്ഞി ഇടവകയിൽ ബഹു. ജോൺ നാട്ടുനിലത്ത് എം.എസ്.റ്റിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 03.00 pm | കിഴതടിയൂർ പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| 8 | 09.45 am | കോതമംഗലം രൂപത ഉടുമ്പന്നൂർ ഇടവകയിൽ മുഞ്ഞനാട്ട് സിറിയക് മാത്യുവിന്റെ (അരമന ഓഫീസ് സ്റ്റാഫ് സി. സൽമ്മ സി.എം.സി. യുടെ സഹോദരൻ) നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.30 am | ചക്കാമ്പുഴ ഇടവകയിൽ ശ്രീ എബ്രാഹം കാരക്കുന്നേലിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 08.00 pm | അരമനയിൽ ബഹു. സെബാസ്റ്റ്യൻ പുഴക്കരയച്ചന് നൽകിയ സെന്റോഫ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 9 | 10.00 am | പാലയ്ക്കാട്ടുമല എസ്.എം.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് രജത-സുവർണജൂബിലി ആഘോഷിക്കുന്ന ബഹു. സിസ്റ്റേഴ്സിന് പരി. കുർബാനയർപ്പിച്ച് വചനസന്ദേശം നല്കി. |
| | 06.00 pm | മാർ അപ്രേം സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളുമായി ആശയവിനിമയം നടത്തി. |
| 10 | 10.30 am | കോട്ടയം ലൂർദ് ഫൊറോനാ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| | 07.30 pm | അരമനയിൽ അഭിവന്ദ്യ ജോസഫ് പള്ളിക്കപറമ്പിൽ പിതാവിന്റെ 95-ാം പിറന്നാൾ ദിനാഘോഷങ്ങളിൽ സംബന്ധിച്ചു. |
| | 02.00 pm | പാലായിൽ പുതുതായി ഉദ്ഘാടനം ചെയ്യപ്പെട്ട MEDCITY IELTS കോച്ചിംഗ് സെന്റർ സന്ദർശിച്ചു. |

| | | |
|---|---|---|
| | 04.00 pm | മേലുകാവുമറ്റം ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നല്കി. |
| 11 | 06.45 am | കവീക്കുന്ന് ഇടവകയിൽ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യസ്വീകരണത്തിനു വി. കുർബാനയർപ്പിച്ച് വചനസന്ദേശം നല്കി. |
| 12 | 09.15 am | കുറവിലങ്ങാട് ആർച്ച് ഡീക്കൻ ഫൊറോന ദൈവാലയത്തിൽ ബഹു. ഡീ. ജോസഫ് കുണ്ടാപറമ്പത്ത് ആർ.സി.ജെയ്ക്ക് പൗരോഹിത്യപട്ടം നല്കി ആശീർവദിച്ചു. |
| | 12.00 noon | ഐങ്കൊമ്പ് പള്ളിയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 02.00 pm | കത്തീഡ്രൽ സെന്റ് തോമസ് റ്റി.റ്റി.ഐ.യിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 13 | 02.30 pm | ശാലോം പാസ്റ്ററൽ സെന്ററിന്റെ രജതജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. |
| | 06.00 pm | ഭരണങ്ങാനം അസീസി ആശ്രമത്തിൽ ബഹു. ഫാ. ജൂലിയസ് പൂമരം കപ്പൂച്ചിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 14 | 11.00 am | കോട്ടയത്ത് ഡി.സി.എം.എസിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.00 pm | കാഞ്ഞിരമറ്റം പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 05.30 pm | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എ.കെ.സി.സി. യുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 15 | 9.30 am | കുറവിലങ്ങാട് ആർച്ച് ഡീക്കൻ ഫൊറോന ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| | 02.30 pm | അരമനയിൽ കോശി കമ്മീഷൻ സർവേ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.00 pm | ചിറ്റാർ പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| 16 | 02.00 pm | അറക്കുളം സെന്റ് തോമസ് യു.പി. സ്കൂളിലെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. |
| 17 | 08.45 am | കൊഴുവനാൽ ഇടവകയിൽ ബഹു. സെബാസ്റ്റ്യൻ ചെറുകരകുന്നേലച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം നൽകി. |

| | | |
|---|---|---|
| | 12.00 noon | മേരിലാന്റ് പള്ളിയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 03.00 pm | ചേർപ്പുങ്കൽ ഫൊറോന ദൈവാലയത്തിൽ പ്രാരംഭ കൂദാശകൾ പരികർമ്മം ചെയ്തു. |
| 18 | 11.45 am | കോതമംഗലം രൂപത മാറിക ഫൊറോന ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| 19 | 10.30 am | രാമപുരം ഫൊറോന ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| | 05.00 pm | ചേർപ്പുങ്കൽ മെഡിസിറ്റി ആശുപത്രിയുടെ പണി തീർത്ത പുതിയ ബ്ലോക്കിന്റെ വെഞ്ചരിപ്പുകർമത്തിൽ സംബന്ധിച്ചു. |
| 21 | 08.15 am | ഭരണങ്ങാനം ഫൊറോന ദൈവാലയത്തിൽ കുരുവൻപ്ലാക്കൽ ശ്രീമതി മേരിക്കുട്ടി മൈക്കിളിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 22 | 10.30 am | പാലാ മരിയൻ മെഡിക്കൽ സെന്ററിൽ പുതുതായി സംവിധാനം ചെയ്ത എ.റ്റി.എം. കൗണ്ടർ വെഞ്ചരിച്ചു. |
| | 01.00 pm | ഇടമറുക് പള്ളിയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| 24 | 10.30 am | നെല്ലിയാനി ആരാധനാമഠത്തിൽ വച്ച് സുവർണജൂബിലി ആഘോഷിക്കുന്ന സന്ന്യാസിനികൾക്കായി പരി. കുർബാനയർപ്പിച്ചു വചനസന്ദേശം നല്കി. |
| | 03.00 pm | എറണാകുളം – അങ്കമാലി അതിരൂപത കളമശ്ശേരി ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 25 | 05.00 pm | കത്തീഡ്രലിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| 26 | 08.30 am | കിഴതടിയൂർ ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണചടങ്ങിൽ വി. കുർബാനയർപ്പിച്ചു വചനസന്ദേശം നല്കി. |
| | 11.00 am | കത്തീഡ്രലിൽ വിവാഹം ആശീർവദിച്ചു. |
| 28 | 11.00 am | നെല്ലിയാനി ആരാധനാമഠത്തിൽ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന സന്ന്യാസിക്കായി വി. കുർബാനയർപ്പിച്ചു വചനസന്ദേശം നല്കി. |

| | | |
|---|---|---|
| 29 | 11.00 am | കടുത്തുരുത്തി ഫൊറോന ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| | 12.00 noon | കടുത്തുരുത്തി ഫൊറോന പാറക്കാലായിൽ റോസമ്മയുടെ (ബഹു. സൈറസ് വേലംപറമ്പിലച്ചന്റെ സഹോദരി) നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 07.00 pm | കാട്ടാമ്പാക്ക് ഇടവക വലിയപ്ലാക്കിൽ ശ്രീമതി ബീന കുഞ്ഞുമോന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| **MAY 2021** | | |
| 01 | 10.00 am | അരുവിത്തുറ ഫൊറോന ദൈവാലയത്തിൽ എട്ടാമിടത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നല്കി. |
| 03 | 09.15 am | പൂവരണി പള്ളിയിൽ ഡീ. ജോസഫ് പഴേപറമ്പിൽ സി.എം.എഫിന് പൗരോഹിത്യപട്ടം നൽകി ആശീർവദിച്ചു. |
| | 05.30 pm | ഇടമറ്റം ഇടവകയിൽ ഗ്രോട്ടോ വെഞ്ചരിച്ചു. |
| 05 | 10.30 am | വാകക്കാട് ഇടവകയിൽ ചുങ്കപ്പുര ശ്രീമതി അച്ചാമ്മ ജോസഫിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 12.30 pm | കത്തീഡ്രലിൽ ശ്രീമതി തങ്കമ്മ ജോസഫ് എടേട്ടിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 06 | 10.00 am | ചേർപ്പുങ്കൽ ഫൊറോന ദൈവാലയത്തിൽ ബഹു. ജോസ് പൂവത്തുങ്കലച്ചന്റെ പിതാവ് ശ്രീ മത്തായി മാണിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം നൽകി. |
| 07 | 09.30 am | നമ്പ്യാകുളം ഇടവകയിൽ ശ്രീമതി ഏലിക്കുട്ടി തോമസ് ഇട്ടൻകുളങ്ങരയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 04.00 pm | കുറുമണ്ണ് പള്ളിയിൽ വിവാഹം ആശീർവദിച്ചു. |

| | | |
|---|---|---|
| 08 | 12.30 pm | കത്തീഡ്രലിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| 09 | 02.30 pm | ഇളംതോട്ടം ഇടവകയിൽ പുത്തൻപുരയ്ക്കൽ ശ്രീമതി അന്നമ്മ വർക്കിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 15 | 09.30 am | മുണ്ടാങ്കൽ ഇടവകയിൽ പൂവേലിൽ ശ്രീ പി.ഡി. മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം നൽകി. |
| | 11.00 am | നീലൂർ പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 02.30 pm | അറക്കുളം പുത്തൻപള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| 16 | 12.30 pm | ഭരണങ്ങാനം ഫൊറോന ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| 17 | 09.00 am | ഭരണങ്ങാനം ഫൊറോന പള്ളിയിൽ കണ്ടത്തിൽ ശ്രീ ഡോ. കെ.എ. ചാക്കോയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 20 | 09.00 am | അയ്യമ്പാറ ഇടവകയിൽ നെല്ലിയേക്കുന്നേൽ ശ്രീമതി ഏലിക്കുട്ടിയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.00 am | കാറ്റിലും പേമാരിയിലും നാശനഷ്ടമുണ്ടായ വാഗമൺ കുരിശുമല ആശ്രമം സന്ദർശിച്ചു. |
| 21 | 05.30 pm | അഭിവന്ദ്യ പിതാക്കന്മാരുടെ മാസധ്യാനത്തിൽ ഓൺലൈനായി പങ്കെടുത്തു. |
| 22 | 02.00 pm | പാളയം ഇടവകയിൽ പെരികലംതറപ്പേൽ ശ്രീ സ്കറിയ മാത്യുവിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | മുണ്ടാങ്കൽ ഇടവകയിൽ കാനാട്ട് ശ്രീ പാപ്പച്ചായിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം നല്കി. |

| | | |
|---|---|---|
| 23 | 09.00 am | കൊഴുവനാൽ ഇടവകയിൽ ബഹു. എബ്രാഹം തല വയലിലച്ചന്റെ മാതാവ് ശ്രീമതി മേരിയുടെ മൃത സംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമ്മി കത്വം വഹിച്ചു. |
| | 10.00 am | എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസ് വാഴേമഠത്തിൽ വച്ച് ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ ശ്രാദ്ധ ത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. |
| 24 | 06.00 am | പാലാ സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി. |
| | 11.00 am | കൂടല്ലൂർ ഇടവകയിൽ വെഞ്ചരിപ്പുകർമ്മം നടത്തി. |
| | 02.30 pm | ഇളംതോട്ടം ഇടവകയിൽ വരിക്കമാക്കൽ ശ്രീമതി അന്നമ്മ കുര്യന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 25 | 10.30 am | നീലൂർ ഇടവകയിൽ പൂവത്തുങ്കൽ ശ്രീമതി മറിയ ക്കുട്ടിയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 26 | 11.00 am | ഭരണങ്ങാനം ഫൊറോനപള്ളിയിൽ ബഹു. ഓലിക്ക ലച്ചന്മാരുടെ സഹോദരി സി. ഇലക്റ്റാമേരി എഫ്. സി.സി.യുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാ ലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 27 | 10.00 am | പാലാ അൽഫോൻസാ കോളജിൽനിന്നു വിരമിക്കു ന്നവർക്കുള്ള സെന്റ് ഓഫ് മീറ്റിംഗിൽ ഓൺലൈ നായി പങ്കെടുത്തു. |
| | 03.30 pm | ചെമ്മലമറ്റം ഇടവകയിൽ പല്ലാട്ടുകുന്നേൽ ശ്രീമതി തെയ്യാമ്മയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| 28 | 10.00 am | നീലൂർ ഇടവകയിൽ കുരീക്കുന്നേൽ ശ്രീ കെ.വി. ജോസഫിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 30 | 10.30 am | ചെറുപുഷ്പമിഷൻ ലീഗിന്റെ സംസ്ഥാനതല മീറ്റിംഗിൽ ഓൺലൈനായി സംബന്ധിച്ചു. |
| 31 | 03.30 pm | അരുണാപുരം പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| **JUNE 2021** | | |
| 01 | 02.30 pm | മുട്ടുചിറ ഫൊറോനപ്പള്ളിയിൽ കൊല്ലപ്പള്ളി ശ്രീ വക്കച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം നല്കി. |
| 01-03 | 05.00 pm | കെ.സി.ബി.സി മൺസൂൺ മീറ്റിംഗിൽ ഓൺലൈനായി സംബന്ധിച്ചു. |
| 04 | 10.30 am | കോശി കമ്മീഷന്റെ മീറ്റിംഗിൽ ഓൺലൈനായി പങ്കെടുത്തു. |
| | 01.15 pm | ചക്കാമ്പുഴ ഇടവകയിൽ താന്നിക്കൽ ശ്രീമതി കത്രീനയുടെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 05 | 01.30 pm | അരമനയിൽവച്ച് പി.എസ്.ഡബ്ല്യു.എസ്.ന്റെ നേതൃത്വത്തിൽ പരിസ്ഥിതിദിനത്തോടനുബന്ധിച്ച് ഫലവൃക്ഷത്തൈകൾ പാലാ ഡി.വൈ.എസ്.പി. ഓഫീസിലേക്ക് കൈമാറ്റം ചെയ്യുന്ന പരിപാടിയിൽ സംബന്ധിച്ചു. |
| 07 | 12.30 pm | ജിയോവാലി ഇടവകയിൽ തച്ചാംപുറത്ത് ശ്രീ അഗസ്റ്റിൻ ജോസഫിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 10 | 10.00 am | ചേർപ്പുങ്കൽ കോലടി പാപ്പച്ചൻ ചേട്ടന്റെ അനുസ്മരണാർത്ഥം ഏർപ്പെടുത്തിയ ഡയാലിസിസ് കിറ്റുകളുടെ വിതരണോദ്ഘാടനം നടത്തി. |
| | 10.30 am | പ്രവിത്താനം ഫൊറോനയിൽ പഞ്ഞിക്കുന്നേൽ ശ്രീ അനീഷ് അഗസ്റ്റിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 08.00 pm | ഈശോയുടെ തിരുഹൃദയത്തിരുന്നാളിനോടനുബന്ധിച്ച് അരമനയിലെ വെഞ്ചരിപ്പു പ്രാർത്ഥനയിൽ പങ്കുചേർന്നു. |
| 11 | 01.00 pm | കളത്തൂർ ഇടവകയിൽ വല്ലൂർ ശ്രീ വി.ടി. ജോസഫിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 12 | 08.30 am | ഭരണങ്ങാനം ഫൊറോനയിൽ പുഴക്കര ശ്രീ ജോമോന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 09.30 am | നീലൂർ ഇടവകയിൽ കൊട്ടാരംകുന്നേൽ ശ്രീ പാപ്പച്ചന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | കുറവിലങ്ങാട് മർത്ത്മറിയം ആർച്ചു ഡീക്കൻ ഫൊറോന ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| | 12.45 pm | അരുവിത്തുറ ഫൊറോന ദൈവാലയത്തിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| 14 | 12.15 pm | വയലാ ഇടവകയിൽ ഏടച്ചേരിത്തടത്തിൽ ശ്രീമതി ഷിൻസി ഫിലിപ്പിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 17 | 10.30 am | ഭരണങ്ങാനം ഡി.എസ്.റ്റി. ജനറലേറ്റിൽവച്ച് നവസന്ന്യാസിനികളുടെ പ്രഥമവ്രതവാഗ്ദാനം നടത്തി. സന്ന്യാസവസ്ത്ര സ്വീകരണകർമങ്ങൾക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| 18 | 08.00 am | ഇളംതോട്ടംപള്ളിയിൽ വി. കുർബാനയർപ്പിച്ചു. |
| | 03.30 pm | മൂഴൂർ പള്ളിയിൽ ബഹു. ജോൺസൺ പുള്ളീറ്റച്ചന്റെ പിതാവ് അഡ്വ. പി.കെ. ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം നൽകി. |
| 19 | 08.30 am | മണലുങ്കൽ പള്ളിയിൽ വി. കുർബാനയർപ്പിച്ചു. |
| | 04.30 pm | ചേർപ്പുങ്കൽ ഫൊറോന ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |

| | | |
|---|---|---|
| 21 | 10.30 am | സ്ലീവാപുരം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 02.30 pm | പൂവരണി പള്ളിയിൽ ബഹു. എമ്മാനുവേൽ പാറേക്കാട്ടച്ചന്റെ മാതാവ് ശ്രീമതി അന്നക്കുട്ടി ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം നൽകി. |
| 22 | 10.00 am | പാലാ എസ്.എം.എസ്. ജനറലേറ്റിൽ വച്ച് നവസന്ന്യാസിനികളുടെ പ്രഥമവ്രതവാഗ്ദാനത്തിലും സന്ന്യാസവസ്ത്രസ്വീകരണകർമ്മത്തിലും മുഖ്യകാർമികത്വം വഹിച്ചു. |
| 23 | 09.15 am | മാവടിപ്പള്ളിയിൽ ഡീ. ജോർജ് കുരുവൻമാക്കൽ സി.എം.എഫിന് പൗരോഹിത്യപട്ടം നൽകി ആശീർവദിച്ചു. |
| 24 | 11.00 am | ഉരുളികുന്നം പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 05.30 pm | അരമനയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 26 | 06.30 am | മദ്യവർജിതസമിതിയുടെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| 27 | 03.00 pm | ഡി.സി.എം.എസ്.ന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 06.30 pm | ചങ്ങനാശേരി ചെത്തിപ്പുഴ ഇടവകയിൽ പുല്ലുകാട്ട് ശ്രീമതി എൽസമ്മ മാത്യുവിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 28 | 12.00 noon | വിളക്കുമാടം ഇടവകയിൽ കള്ളിവയലിൽ ശ്രീ. മൈക്കിളിന്റെ നിര്യാണത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | പാലാ മാർ അപ്രേം പ്രീസ്റ്റ് ഹോം സന്ദർശിച്ച് സ്നേഹാന്വേഷണങ്ങൾ നടത്തി. |
| 29 | 03.00 pm | ചേർപ്പുങ്കൽ മെഡിസിറ്റിയിലെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 30 | 08.15 am | അരമനയിൽ വച്ച് കോവിഡ് ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്കുവേണ്ടിയുള്ള ഭക്ഷ്യധാന്യക്കിറ്റിന്റെ വിതരണോദ്ഘാടനത്തിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 11.00 am | അരമനയിൽ വച്ച് മഹാത്മാഗാന്ധി നാഷണൽ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഐറീഷ് മലയാളികളുടെ സഹകരണത്തോടെ സംഘടിപ്പിച്ച സൗജന്യ ഡയാലിസിസ് കിറ്റുവിതരണോദ്ഘാടനം നിർവഹിച്ചു. |
| | 05.00 pm | അഭിവന്ദ്യ പിതാക്കന്മാരുടെ മാസധ്യാനത്തിൽ ഓൺലൈനായി സംബന്ധിച്ചു. |



പരിസ്ഥിതിദിനത്തോടനുബന്ധിച്ച് PSWS-ന്റെ നേതൃത്വത്തിൽ പാലാ DYSP ഓഫീസിലേക്ക്
നൽകുന്ന ഫലവൃക്ഷത്തൈകളുടെ വിതരണോദ്ഘാടനം അഭിവന്ദ്യ പിതാക്കന്മാർ നിർവഹിക്കുന്നു.



എ.കെ.സി.സി. ഗ്ലോബൽ കമ്മറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പൾസ് ഓക്സീമീറ്ററിന്റെ
വിതരണോദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവ്വഹിക്കുന്നു.



PSWS, SMYM, Care Homes എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഫോഗിങ്ങ്
മെഷീൻ, സമരിറ്റൻ ബാഡ്ജ്, ഭക്ഷ്യധാന്യക്കിറ്റ് എന്നിവയുടെ വിതരണോദ്ഘാടനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.

MAY, JUNE, JULY
2021

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

# മാർ യൗസേപ്പ്
## രൂപത തീർത്ഥാടന ദൈവാലയ പ്രഖ്യാപനങ്ങൾ



കൂടല്ലൂർ ഇടവക ദൈവാലയം



തിടനാട് ഇടവക ദൈവാലയം



കാക്കൂർ ഇടവക ദൈവാലയം

Printed at St. Thomas Press, Palai and Published by Fr. John Edettu